# പൗരസ്ത്യ സഭാപിതാക്കന്മാർ

ഡോ.ലൂയീസ് മൂലവീട്ടിൽ (എഡിറ്റർ)

www.malankaralibrary.com

# പൗരസ്ത്യ സഭാപിതാക്കന്മാർ

## ഡോ. ലൂയീസ് മൂലവീട്ടിൽ O.I.C.

(എഡിററർ)

**Oriental Institute of Religious Studies**
**St. Thomas Ap. Seminary, Vadavathoor**
**Kottayam - 686010, Kerala, India.**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

*Nihil Obstat:*

**Very Rev. Fr. Jacob O. I. C.**
Superior General.

*Imprimatur:*

**✠ Most Rev. Dr. Benedict Mar Gregorios,**
Archbishop of Trivandrum.

www.malankaralibrary.com

രചയിതാക്കൾ:

ഡോ. ലൂയിസ് മൂലവീട്ടിൽ ഒ. ഐ. സി.

റവ. ദേവസി പന്തല്ലൂക്കാരൻ

റവ. ജോൺ. എൽ. പുന്നോലിൽ

www.malankaralibrary.com

Malayalam

# PAURASTYA-SABHA-PITHAKKANMAR

(A Study on the Oriental Fathers)

Editor:
Rev. Dr. Louis Moolaveetil O. I. C.
St. Thomas Ap. Seminary, Vadavathoor,
Kottayam - 686 010.

First Published: March 1980

Printed at: Good Shepherd Press, Kottayam.

Price: Rs. 8.00

Copyright to the Editor

Published and available at:

1) Oriental Institute of Religious Studies,
St. Thomas Ap. Seminary, Vadavathoor,
Kottayam - 10.

2) Bethany Asram,
Kalathipady, Kottayam - 10.

www.malankaralibrary.com

# ഉള്ളടക്കം


മുഖവുര 9

ആമുഖം 11

അദ്ധ്യായം ഒന്നു്

**അപ്പസ്തോല പിതാക്കന്മാരും അപ്പസ്തോലിക രേഖകളും** 17-32

A. അപ്പസ്തോല പിതാക്കന്മാർ 17–28. 1) റോമിലെ വി. ക്ലെമൻറ് 19, 2) അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് 21, 3) സ്മിർണായിലെ വി. പോളിക്കാപ്പ് 25, 4) ഹിയറാപ്പോളീസിലെ പപ്പിയാസ് 27, B. അപ്പസ്തോലിക രേഖകൾ 28–32. 1) ഡിഡാക്കേ 28, 2) ബർണബാസിൻെറ ലേഖനം 29, 3) ഡയഗ്നീററസിനുള്ള ലേഖനം 30, 4) ഹേർമസിലെ ഇടയൻ 31.

അദ്ധ്യായം രണ്ടു്

**വിശ്വാസസംരക്ഷകർ** 33-42

1) കഡ്രാത്തസ് 34, 2) ആതൻസിലെ അരിസ്റ്റീദസ് 35, 3) ആതൻസിലെ അത്തനാഗോറസ് 36, 4) രക്തസാക്ഷിയായ ജസ്റ്റിൻ 37, 5) സിറിയാക്കാരനായ താസിയാൻ 40, 6) അന്ത്യോക്യായിലെ തെയോഫിലസ് 40.

അദ്ധ്യായം മൂന്നു്

**ആദിമക്രിസ്തീയ മതാദ്ധ്യാപനാലയങ്ങൾ** 43-95

A. അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയം 44–66. 1) പന്തേനസ് 45, 2) അലക്സാണ്ഡ്രിയായിലെ വി. ക്ലെമൻറ് 46, 3) ഒരി


www.malankaralibrary.com

ജൻ 48–55. ഒരിജന്റെ മിത്രങ്ങളും ശത്രുക്കളും: 1) ജൂലിയസ് ആഫ്രിക്കാനൂസ് 55, 2) കേസറിയായിലെ പാംഫീലിയൂസ് 57 3) ഗ്രിഗരി തൗമാത്തുർഗ്ഗൂസ് 58, 1) ഒളിമ്പസിലെ മെത്തോഡിയൂസ് 60, 2) അലക്സാണ്ഡ്രിയായിലെ പത്രോസ് 62, 3) അന്ത്യോക്യായിലെ എവുസ്താത്തിയൂസ് 64.

B. അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം 66-95, സവിശേഷതകൾ 67, വിവിധഘട്ടങ്ങൾ 68, 1) സാമോസാട്ടായിലെ ലൂസിയൻ 68, 2) അന്ത്യോക്യായിലെ എവുസ്താത്തിയൂസ് 69, 3) ഡൊറോത്തേവൂസ് 69, 4) താർസൂസിലെ ദിയദോർ 69, 5) ഫ്ളാവിയൻ 70 6) വിശുദ്ധ ജോൺ ക്രിസോസ്റ്റോം 71–89: പ്രധാന കൃതികൾ 77, പ്രബോധനങ്ങൾ 84, 7) മൊപ്സുവെസ്ത്യായിലെ തെയദോർ 86, 8) സൈറസിലെ തെയൊദോറെറ്റ് 89.

## അദ്ധ്യായം നാല്

## ആദിമസഭാചരിത്രകാരന്മാർ 96-108

1) കേസറിയായിലെ എവുസേബിയൂസ് മുഖ്യകൃതികൾ: a) ചരിത്രപരമായ കൃതികൾ98, b) വി.സൈദ്ധാന്തിക ഗ്രന്ഥങ്ങൾ100, c) വി. ഗ്രന്ഥം സംബന്ധിച്ച കൃതികൾ 101, d) വിശ്വാസസംരക്ഷണാർത്ഥമുള്ള കൃതികൾ 101, e) പ്രഭാഷണങ്ങൾ 103, f) എഴുത്തുകൾ 194, 2) സോക്രട്ടീസ് 104: മുഖ്യകൃതി 105, സവിശേഷതകൾ 105, 3) സോസൊമൻ 106–108: മുഖ്യകൃതി 107; സവിശേഷതകൾ 107, 4) സൈറസിലെ തെയൊദോറെറ്റ് 108.

www.malankaralibrary.com

അദ്ധ്യായം അഞ്ചു്

**സഭാപിതാക്കന്മാരുടെ സുവർണ്ണകാലം 109-150**

പൊതുവായ സവിശേഷതകൾ 111. 1) അലക്സാണ്ഡ്രിയായിലെ അലക്സാണ്ടർ 112, 2) വി. അത്തനാസിയൂസ് 114, 3) അന്ത്യോക്യായിലെ എവുസ്റ്റാത്തിയൂസ് 124, 4) ജറുസലേമിലെ സിറിൽ 124, 5) എപ്പിഫാനിയൂസ് 130, 6) അലക്സാണ്ഡ്രിയായിലെ വി. സിറിൽ 131, കപ്പദോസിയൻ പിതാക്കന്മാർ 132: 1) മഹാനായ വി. ബേസിൽ 134, 2) നീസ്സായിലെ വിശുദ്ധ ഗ്രിഗരി 138, 3) വിശുദ്ധ ഗ്രിഗരി നസിയാൻസൻ 144.

അദ്ധ്യായം ആറു്

**സുറിയാനി സഭാപിതാക്കന്മാർ 151-171**

1) താസിയൻ 152, 2) ബാർദെയ്സൻ 153, 3) അഫ്രാത്തസ് 155, 4) മാർ അപ്രേം 157, പ്രധാന കൃതികൾ 159, പ്രബോധനങ്ങൾ 160, 5) മാർ ഇസഹാക് 164, 6) എദേസായിലെ റാബുള്ളാ 164, 7) ബാലായ് 165, 8) ഈബാസ് 166, 9) ശെമഓൻ ദെസ്തൂനി 167, 10) സാറൂഗിലെ വിശുദ്ധ യാക്കോബ് 167, 11) നിസിബിസിലെ നർസായി 169, 12) മാബുക്കിലെ ഫിലേക്സേനസ് 170.

അദ്ധ്യായം ഏഴു്

**സഭാപിതാക്കന്മാരുടെ കാലത്തെ പാഷണ്ഡതകൾ 172-211**

I) യഹൂദ പാഷണ്ഡതകൾ 172–174: a) എബിയോണൈറ്റ്സ് b) സെറിന്തൂസ് c) എൽക്കസൈറ്റ്സ് II, യവന പാഷണ്ഡതകൾ 174–180: a) മൊൺടാനിസം b) ജ്ഞാ

www.malankaralibrary.com

നവാദം c) മോഡലിസം d) മാർസിയോണി സം. പാഷണ്ഡതകൾക്കെതിരെ പൊരുതിയവർ, i ഹെഗെസിപ്പസ് 181–182, ii ലയോൺസിലെ ഇറനേവൂസ് 182-184, III പരിശുദ്ധ ത്രിത്വം സംബന്ധിച്ച പാഷണ്ഡതകൾ 184–187, a) മൊണാർക്കിയനിസം b) സബോർഡിനേഷനിസം c) മാസിഡോണിയനിസം, IV ക്രിസ്തു ഭാഷ്യം സംബന്ധിച്ചുണ്ടായ പാഷണ്ഡതകൾ 187–193, a) ആര്യനിസം b) അപ്പൊള്ളിനാരിസം c) നെസ്തോറിയനിസം, അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ 193–199, d) ഏകസ്വഭാവവാദം 199–200, എവുത്തിക്കസ് 200–201, ബിസാൻറിയത്തിലെ ലയോൺസിയുസ് 201–203, e) ഏകമാനസവാദം 203–205, 1) സോഫ്രോണിയുസ് 205–206, 2) മാക്സിമുസ് ദ കൺഫസ്സർ 206–211.

അദ്ധ്യായം എട്ട്

**വിശുദ്ധ ജോൺ ഡാമസിൻ** 212-221

a) മുഖ്യ കൃതികൾ 214–216, b) മുഖ്യ പ്രബോധനങ്ങൾ, പരിശുദ്ധ ത്രിത്വം, ക്രിസ്തുവിജ്ഞാനീയം 217, മരിയവിജ്ഞാനീയം 218, സഭയും കൂദാശകളും 219, ആദ്ധ്യാത്മികോപദേശങ്ങൾ 220.

വിഷയസൂചിക 222

Selected Bibliography 232

www.malankaralibrary.com

# മുഖവുര

ക്രൈസ്തവ സഭാചരിത്രത്തിൽ സാരമായ പങ്കു വഹിച്ചിട്ടുള്ളവരാണ് സഭാപിതാക്കന്മാർ. ആദിമസഭയുടെ വളർച്ചക്കും നിലനിൽപ്പിനും യഥാർത്ഥകാരണഭൂതർ അവരാണ്. സഭാപിതാക്കന്മാരുടെ ജീവിതരീതിയും പ്രബോധനങ്ങളും ആദിമ ക്രിസ്ത്യാനികൾക്ക് മാർഗ്ഗദീപങ്ങളായിരുന്നു. ക്രിസ്തീയ തത്വങ്ങൾ ശാസ്ത്രീയമായും വ്യവസ്ഥാപിതമായും അവതരിപ്പിച്ച് സഭയുടെ നേർക്കുണ്ടായിരുന്ന യഹൂദ സമീപനത്തേയും വിജാതിയരുടെ തെററായ മനോഭാവത്തേയും തിരുത്തുന്നതിന് ഇക്കൂട്ടർ അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. സഭാപിതാക്കന്മാരുടെ കൃതികൾ അമൂല്യനിധികളായി സഭ ഇന്നു് കാത്തു സൂക്ഷിച്ചു വരുന്നു.

ദൈവശാസ്ത്ര പണ്ഡിതന്മാരും പ്രഗത്ഭരായ മററനേകരും പാശ്ചാത്യ പൌരസ്ത്യഭേദമെന്യേ സഭാപിതാക്കന്മാരെപ്പററിയും അവരുടെ പ്രബോധനങ്ങളെക്കുറിച്ചും വളരെയധികം പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. പിതാക്കന്മാരുടെ ചൈതന്യവും സന്ദേശവും ശരിയായി മനസ്സിലാക്കി ദൈവജനത്തെ ക്രൈസ്തവ വിജ്ഞാനീയത്തിലും ആദ്ധ്യാത്മികതയിലും കാലത്തിനൊത്തു് നവീകരിക്കുക എന്നുള്ളതാണ് പ്രസ്തുത പഠനത്തിന്റെ ലക്ഷ്യം. കേരളസഭയും ഈ ലക്ഷ്യ സാദ്ധ്യത്തിന് പ്രതിജ്ഞാബദ്ധയാണ്. പൌരസ്ത്യ പിതാക്കന്മാരേക്കുറിച്ചുള്ള ഈ പഠനം ആ രീതിയിലുള്ള ഒരു കാൽവയ്പു മാത്രമാണ്.

പൌരസ്ത്യ സഭകളേയും പിതാക്കന്മാരേയും കുറിച്ചുള്ള പഠനത്തിന്റെ ആവശ്യകത പല മാർപ്പാപ്പാമാരും കാലാകാലങ്ങളിൽ അവരുടെ ലേഖനങ്ങളും പ്രസംഗങ്ങളും വഴി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സഭാ നവീകരണത്തിന് വലിയ സ്വാധീനം ചെലുത്തിയിട്ടുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിവിധ പ്രമാണരേഖകളിലും ഇതു് ആവ

www.malankaralibrary.com

ത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് ഉത്തമോദാഹരണമാണ് ദൈവാവിഷ്ക്കരണം സംബന്ധിച്ച പ്രമാണരേഖയിലെ 23–ാം വകുപ്പ്. അതിൽ പൗരസ്ത്യസഭാപിതാക്കന്മാരുടെ കൃതികളെപ്പററിയും പൂജ്യമായ ആരാധനാക്രമങ്ങളെക്കുറിച്ചും പഠിച്ചറിയുവാൻ ദൈവശാസ്ത്രജ്ഞന്മാരെ സഭ ആഹ്വാനം ചെയ്യുന്നു. പ്രസ്തുത ആഹ്വാനമാണ് ഈ ഗ്രന്ഥരൂപീകരണത്തിന് പ്രേരിപ്പിച്ചിട്ടുള്ളത്.

ഈ ഗ്രന്ഥം അതിൽ തന്നെ സമ്പൂർണ്ണമാണെന്നോ കുററമററതാണെന്നോ അഭിമാനിക്കുകയോ അവകാശപ്പെടുകയോ ചെയ്യുന്നില്ല. എങ്കിലുംഅതിനായി കഴിയുംവിധം പരിശ്രമിച്ചിട്ടുണ്ടെന്ന് ആത്മാർത്ഥതയോടെ പറയുവാൻ സാധിക്കും. ഈ പ്രയത്നത്തിന് എന്നോടൊത്ത് സഹകരിച്ച റവ. ദേവസി പന്തല്ലൂക്കാരൻ, റവ. ജോൺ പുന്നോലിൽ എന്നിവരേയും ഇതിൻെറ പ്രസിദ്ധീകരണച്ചുമതല ഏറെറടുത്ത ഓറിയൻറൽ ഇൻസ്റ്റിട്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ് ഭാരവാഹികളോടും സ്നേഹം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിൻെറ കയ്യെഴുത്തു പ്രതി വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഭാഷ തിരുത്തുകയും ചെയ്ത എല്ലാവരേയും കൃതജ്ഞതയോടെ സ്മരിക്കുന്നു. പരിശുദ്ധപിതാക്കന്മാരുടെ ക്രിസ്ത്വാനുഭവത്തിലേക്കും ആദ്ധ്യാത്മിക ചൈതന്യത്തിലേക്കും അല്പമെങ്കിലും കടന്നു ചെല്ലുവാൻ ഈ കൃതി അനുവാചകരെ സഹായിക്കട്ടെ.

**ഡോ. ലൂയിസ് മൂലവീട്ടിൽ ഒ. ഐ. സി.**

വടവാതൂർ,
മാർച്ച് 1, 1980

www.malankaralibrary.com

# ആമുഖം

നൂററാണ്ടുകളുടെ പ്രതീക്ഷയായിരുന്ന ലോകരക്ഷകൻ സമയത്തിൻെറ പൂർണ്ണതയിൽ ഭൂമിയിൽ ജാതനായി. ദൈവത്തിൽ നിന്നും പാപംമൂലം അകന്നുപോയ മനുഷ്യനെ ദൈവവുമായി രമ്യപ്പെടുത്തുക എന്നുള്ളതായിരുന്നു ക്രിസ്തുവിൻെറ ദൗത്യം. അതിനായി പുതിയൊരു സന്ദേശവും ജീവിതരീതിയും അവിടുന്നു ലോകത്തിനു പ്രദാനം ചെയ്തു; മാത്രമല്ല അതു സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിച്ചുതരികയും ചെയ്തു. താൻ ലോകത്തിനു നല്കിയ പ്രകാശധാര അണയാതെ എന്നെന്നും കാത്തുസൂക്ഷിച്ച് അതു ലോകത്തിനു മുഴുവൻ നല്കുന്നതിനുവേണ്ടിയാണ് സഭയെ ക്രിസ്തു സ്ഥാപിച്ചത്. ആ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനായി യത്നിച്ചുകൊണ്ടിരിക്കുന്ന സഭയിൽ കാലാകാലങ്ങളിൽ അവൾക്കെതിരായി വീശിയ കൊടുങ്കാററുകൾ നിഷ്പ്രഭമായിപ്പോയി. ദൈവത്തിൻെറ പ്രത്യേകമായ പരിപാലനയാൽ ഇന്നു രണ്ടായിരം വർഷങ്ങൾതന്നെ അവൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ആധുനികമെന്നു നാം വിളിക്കുന്ന ഈ നൂററാണ്ടിൽ ജീവിക്കുന്ന ഒരു വ്യക്തി സഭയുടെ ആദിമഘട്ടങ്ങളെപ്പററി അറിയുന്നതിനും ചിന്തിക്കുന്നതിനുമായി ഇറങ്ങിപ്പുറപ്പെട്ടാൽ അദ്ദേഹത്തിൻെറ സജീവ പരിഗണനയ്ക്കു വിഷയമായി വരുക സഭാപിതാക്കന്മാരാണ്. കാരണം, സഭാചരിത്രത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുള്ളവർ അവരാണ്. ആദ്യനൂററാണ്ടുകളിലെ സഭയുടെ വളർച്ചയ്ക്കും, വിശ്വാസജീവിതത്തിനും രൂപവും ഭാവവും അവർ നല്കി. മത്മകരുടെയും, സൈദ്ധാന്തികവും വിശ്വാസപരവുമായ പ്രശ്നങ്ങളുടെയും പ്രതിബന്ധങ്ങളുടെയും ഇടയിൽനിന്നു സഭാശിശുവിനെ രക്ഷിച്ചു സത്യവിശ്വാസം ഉയർത്തിക്കാട്ടുന്നതിൽ അക്ഷീണയത്നം ചെയ്ത ധീരസേനാനികൾ തന്നെയാണ് സഭാപിതാക്കന്മാർ. അവരുടെ കൃതികളും പ്രവർത്തനങ്ങളും ഈ വിധചിന്തകളാണ് നമ്മിൽ ഉണർത്തിവിടുന്നത്. ക്രൈ

www.malankaralibrary.com

സ്തവവിശ്വാസം കുറെ തത്വസംഹിതകൾ മാത്രമല്ല എന്നും അതൊരു പ്രത്യേക ജീവിതരീതിതന്നെയാണെന്നും അവരുടെ മഹനീയമായ ജീവിതം നമുക്കു കാണിച്ചുതരികയാണു്. ആധുനികരണത്തിൻെറ പേരിൽ ഇന്നവതരിപ്പിക്കപ്പെടുന്ന പല കാര്യങ്ങളും നൂററാണ്ടുകൾക്കുമുമ്പ് സഭാപിതാക്കന്മാരുടെ തൂലികയിൽനിന്നും അടന്നുവീഴുകയും അവരുടെ ജീവിതദർശനത്തിലൂടെ കാണിച്ചു തരികയും ചെയ്തിട്ടുള്ളതാണെന്ന വാസ്തവം പിതാക്കന്മാരുടെ ചരിത്രത്തിലേയ്ക്കു് തിരിഞ്ഞുനോക്കുന്നവക്കു മാത്രമേ മനസ്സിലാക്കുവാൻ സാധിക്കു. എങ്കിൽ ഇന്നു ജീവിക്കുന്ന ക്രൈസ്തവ വിശ്വാസികളുടെ സജീവപരിഗണനയും പഠനവും സഭാപിതാക്കന്മാരെ സംബന്ധിച്ചുണ്ടാകേണ്ടിയിരിക്കുന്നു.

'പിതാവു്' എന്നപ്രയോഗം സാധാരണയായി ജനിപ്പിക്കുന്ന ആൾ, ജനയിതാവ്, സംരക്ഷകൻ തുടങ്ങിയ അത്ഥങ്ങളിലാണു് ഉപയോഗിക്കാറുള്ളതു്. എന്നാൽ ബൈബിളിൽ അല്പംകൂടി വ്യാപകമായ അത്ഥത്തിൽ പ്രസ്തുതപദം ഉപയോഗിച്ചിട്ടുണ്ടു്. സവ്വലോകസ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തെ പിതാവു് എന്നാണു് പലപ്പോഴും വിളിച്ചിരിക്കുന്നതു്. പഴയനിയമത്തിൽ ഗോത്രനേതാക്കളും സമുദായ ശ്രേഷ്ഠന്മാരും പിതാക്കന്മാർ എന്ന നാമധേയത്തിലാണു് അറിയപ്പെടുക. അബ്രാഹം (ഉൽപത്തി 16:15 21;3) ഇസഹാക്കു് (ഉല്പത്തി 25:26) യാക്കോബ് (29;32–35;35;22–27;38;18) തുടങ്ങിയവർ ചില ഉദാഹരണങ്ങൾ മാത്രമാണു്. പുതിയനിയമത്തിൽ 'ആദ്ധ്യാത്മികജീവിതത്തിലേക്കു ജനിപ്പിക്കുന്നവൻ' അതായതു് ക്രിസ്തുവിൽ ജനിപ്പിക്കുന്നവൻ (1 കൊറി. 4:13–16) എന്ന അത്ഥത്തിലാണു് പിതാവ് എന്ന പദം ഉപയോഗിച്ചിരിക്കുന്നതു്. സഭാചരിത്രത്തിലേക്കു കടന്നാൽ പ്രാദേശികസഭയുടെ തലവന്മാരായിരുന്ന മെത്രാന്മാരെ പിതാക്കന്മാരെന്നു വിളിച്ചിരുന്നതായിക്കാണാം.

www.malankaralibrary.com

## സഭാപിതാക്കന്മാർ

സഭയുടെ ആധികാരികമായ പാരമ്പര്യത്തിന്നു സാക്ഷ്യം വഹിച്ച വ്യക്തികളാണ് സഭാപിതാക്കന്മാരെന്നു നാം പറഞ്ഞുവല്ലോ. ഈ മഹോന്നത നാമം നല്കുവാൻ തുടങ്ങിയതു് നാലാം നൂററാണ്ടുമുതലാണ്. ആദ്യ നൂററാണ്ടുകളിൽ ക്രൈസ്തവ്രതതപസംഹിതകളെയും വിശുദ്ധ രഹസ്യങ്ങളെയുംപററി എഴുതുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതരായ സഭാദ്ധ്യക്ഷന്മാരെയാണ് വ്യാപകാർത്ഥത്തിൽ സഭാപിതാക്കന്മാർ എന്ന പേരുകൊണ്ടു നമ്മൾ മനസ്സിലാക്കേണ്ടതു്. അതും ഒന്നുമുതൽ എട്ടുവരെ നൂററാണ്ടുകളിൽ ജീവിച്ചിരുന്നവർക്കു മാത്രമേ ഈ നാമധേയം നല്കിയിട്ടുമുള്ളു. കാരണം, ഈ കാലഘട്ടങ്ങളിലാണല്ലോ ശിശുപ്രായമായിരുന്ന സഭയെ പ്രതിബന്ധങ്ങളിൽ നിന്നും, വിഷമപരിതഃസ്ഥിതികളിൽനിന്നും പരിരക്ഷിച്ച് ഒരു നല്ല അടിസ്ഥാനം ഉറപ്പിച്ചതു്. അതിനുവേണ്ട ഊററമായ പിന്തുണയും, സേവനവും നല്കിയവർ സഭാപിതാക്കന്മാർ തന്നെയാണ്. പ്രധാനമായും നാലു സവിശേഷതകളാണ് സഭാപിതാക്കന്മാരായി ബഹുമാനിക്കപ്പെടുന്നവരിൽനിന്നും സഭ പ്രതീക്ഷിക്കുന്നതു്.

1) സത്യവിശ്വാസം:— ക്രിസ്തുവിലും അവിടുത്തെ പ്രബോധനങ്ങളിലും അവിടുന്നു സ്ഥാപിച്ച സഭയുടെ ഔദ്യോഗിക പഠനങ്ങളിലും യഥാർത്ഥവിശ്വാസവും ബോദ്ധ്യവും നിലനിർത്തുന്നയാളായിരിക്കണം സഭാപിതാവായി ഗണിക്കപ്പെടേണ്ട വ്യക്തി.

2) വിശുദ്ധി:—പരിശുദ്ധമായ ജീവിതത്തിലൂടെ മററുള്ളവർക്കു മാതൃക നല്കി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നവരായിരിക്കണം സഭാപിതാക്കന്മാർ. ചുരുക്കത്തിൽ ഒരു വിശുദ്ധനായിരിക്കണം സഭാപിതാവ്.

3 പ്രാചീനത (Antiquity):- സഭയുടെ ആദ്യകാലഘട്ടങ്ങളിൽ ജീവിക്കുകയും തങ്ങളുടെ പ്രബോധനങ്ങളിലൂടെയും, ഗ്രന്ഥങ്ങളിലൂടെയും സഭയെ സമ്പന്നമാക്കിത്തീർക്കുകയും ചെയ്തവരെ മാത്രമേ സഭാ പിതാക്കന്മാർ എന്ന പേരിൽ അറിയപ്പെടുകയുള്ളു. പ്രാചീനതയുടെ കാര്യത്തിൽ അഭി

www.malankaralibrary.com

പ്രായവ്യത്യാസങ്ങരം ഇല്ലാതില്ല. പൗരസ്ത്യർ, ഏ. ഡി. 750—ൽ മരിച്ച ജോൺ ഡമഷീൻ (John Damascene) വരെയുള്ളവരെ സഭാപിതാക്കന്മാരുടെ പട്ടികയിൽ പെടുത്തുമ്പോരം പാശ്ചാത്യർ ഏ. ഡി. 636—ൽ മരിച്ച ഇസിഡോർ (Isidore of Seville) വരെയുള്ളവരെ മാത്രമെ സഭാപിതാക്കന്മാരായി പരിഗണിക്കാറുള്ള.

4) സഭയുടെ ഔദ്യോഗികാംഗീകാരവും സ്ഥിരീകരണവും: സഭയുടെ ഔദ്യോഗികാംഗീകാരവും സ്ഥിരീകരണവും മറെറാരു ഘടകമാണ്. എന്നാൽ മുൻപറഞ്ഞ സവിശേഷതകളെല്ലാം ഒത്തിണങ്ങിയിട്ടില്ലെങ്കിലും മററു ചില വ്യക്തികളെക്കൂടി സ്ഥൂലാത്ഥത്തിൽ സഭാപിതാക്കന്മാർ എന്ന നാമധേയത്തിൽതന്നെ ഉരംപ്പെടുത്തുന്നുണ്ട്. അവരെയും പൗരസ്ത്യസഭാപിതാക്കന്മാരെപ്പററിയുള്ള നമ്മുടെ ഈ പഠനത്തിൽ ഉരംക്കൊള്ളിക്കുന്നതാണ്.

## പൗരസ്ത്യസഭയും പിതാക്കന്മാരും

പൗരസ്ത്യപാശ്ചാത്യ സംജ്ഞകരം റോമൻ സാമ്രാജ്യവിഭജനവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഡയക്ലീഷ്യൻ ചക്രവത്തി വിസ്തൃതമായ റോമൻ സാമ്രാജ്യം ഭരണസൗകര്യത്തിനായി ഇല്ലിറിക്കം (Illiricum), ഓറിയൻസ് (Oriens), ഗാള്ളിക്കം (Gallicum), ഇത്താലിയ (Italia), എന്നീ നാലു പ്രവിശ്യകളായി തിരിച്ചു. എന്നാൽ ഏ. ഡി. 395—ൽ തിയഡോഷ്യസ് ചക്രവത്തിയുടെ (379—395) മരണാനന്തരം അദ്ദേഹത്തിൻെറ പിൻഗാമികരം റോമൻ സാമ്രാജ്യത്തെ രണ്ടായി തിരിച്ച് ഇല്ലിരിക്കം, ഓറിയൻസ് എന്നീ പ്രവിശ്യകരം പൗരസ്ത്യ സാമ്രാജ്യത്തിലും ഗാള്ളിക്കം ഇത്താലിയ എന്നീ പ്രവിശ്യകരം പാശ്ചാത്യ സാമ്രാജ്യത്തിലും ഉരംപ്പെടുത്തി ഭരണം തുടങ്ങി. അങ്ങനെയാണ് പാശ്ചാത്യപൗരസ്ത്യപേരുകരം ഉടലെടുത്തത്. പൗരസ്ത്യറോമൻസാമ്രാജ്യത്തിലും ഇതര പൗരസ്ത്യരാജ്യങ്ങളിലും കാലക്രമേണ പല പ്രാദേശിക സഭകരം രൂപമെടുക്കുകയും അങ്ങനെ പൗരസ്ത്യറോമാസാമ്രാജ്യത്തിലെയോ ഇതര പൗരസ്ത്യരാജ്യങ്ങളിലെയോ, പ്രത്യേക വിധത്തിൽ അവയോടു ബന്ധപ്പെട്ടതോ ആയ

www.malankaralibrary.com

സഭകളെയെല്ലാംകൂടി 'പൗരസ്ത്യസഭകൾ' എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുമ്പോൾ പാശ്ചാത്യ സാമ്രാജ്യത്തിലെ സഭയെ 'പാശ്ചാത്യസഭ' അല്ലെങ്കിൽ 'ലത്തീൻ സഭ' എന്ന പേരിൽഅറിയപ്പെടുന്നു.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പൗരസ്ത്യദേശത്തിനു വളരെയേറെ പ്രാധാന്യമുണ്ട്. ക്രിസ്തുവിനു ജന്മം നൽകുന്നതിനും അവിടുത്തെ ദിവ്യപ്രബോധനങ്ങൾ നേരിട്ടു ശ്രവിക്കുന്നതിനും ക്രൈസ്തവസഭയ്ക്കു തുടക്കം കുറിക്കുന്നതിനുതന്നെയും ഭാഗ്യം സിദ്ധിച്ചതു പൗരസ്ത്യദേശത്തിനാണ്. സഭയിലെ പ്രഥമ അപ്പസ്തോലന്മാരും സഭാശിശുവിനെ വളർത്തിയെടുക്കുന്നതിൽ വളരെയേറെ പണിപ്പെട്ട മറ്റു പിതാക്കന്മാരും പൗരസ്ത്യർ തന്നെയായിരുന്നു. ക്രിസ്തുവിനെയും ആദിമ സഭയുടെ ഹൃദയത്തുടിപ്പുകളേയും പറ്റിയുള്ള ഒരു യഥാർത്ഥ വീക്ഷണം—ജ്ഞാനം— നമുക്കു കിട്ടുന്നതു് ആ പിതാക്കന്മാരിൽക്കൂടിയാണ്, ക്രിസ്തുജീവൻ അനുഭവിച്ച് അതിന്റെ മാധുര്യം ആസ്വദിച്ച ഈ പൂർവ്വപിതാക്കന്മാരോട്, പ്രത്യേകമായ ഒരടുപ്പം ഉണ്ടായിരിക്കേണ്ടതു്സഭാജീവിതത്തിന് അത്യന്താപേക്ഷിതമാണ് അതുതന്നെയാണ് ഈ പഠനത്തിന്റെ പ്രാധാന്യതയും.

ഈ പഠനത്തിനു നമ്മെ പ്രേരിപ്പിക്കുന്ന പ്രധാന കാരണങ്ങൾ താഴെ ചേർക്കുന്നു.

a) പൗരസ്ത്യപിതാക്കന്മാർ സത്യവചനത്തിന്റെയും വിശുദ്ധ പാരമ്പര്യങ്ങളുടെയും സജീവ സാക്ഷികളാണ്– ആദിമസഭയുടെ ജിഹ്വകളാണ് — ഹൃദയത്തുടിപ്പുകളാണ്.

b) സഭ അവരുടെ ആദർശങ്ങളും പാരമ്പര്യങ്ങളും എന്നെന്നും തുടർന്നു പോന്നിരുന്നു എന്നതിന് വ്യക്തമായ തെളിവാണ് അവരുടെ ജീവിതം.

c) വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമായിരുന്ന അവരുടെ ആദ്ധ്യാത്മികജീവിതം നമുക്ക് ഉത്തമമാതൃകകളാണ്.

d) വെളിപ്പെടുത്തപ്പെട്ട നിത്യസത്യങ്ങളെപ്പറ്റി വിശദമായ പഠനം നടത്തുന്ന ദൈവശാസ്ത്രപഠിതാ

www.malankaralibrary.com

ക്കാംക്ക് സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥവ്യാഖ്യാനങ്ങരം വളരെയേറെ സഹായകമാണ്.

e) സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലുള്ള പരിജ്ഞാനം ഉത്തമക്രൈസ്തവവിശ്വാസം എന്താണെന്ന് മനസ്സിലാക്കുന്നതിനുപയുക്തമാണ്. ഇതു ശരിയായ ക്രൈസ്തവ ഐക്യത്തിനു വഴി തെളിയിക്കുന്നതിനു സഹായകവുമായിരിക്കും. എങ്കിൽ ക്രൈസ്തവഐക്യത്തിനായി സജീവശ്രമങ്ങരം വിവിധമേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൗരസ്ത്യ പിതാക്കന്മാരെപ്പററി ശരിയായി പഠിക്കാൻ നാം അതീവ ശ്രദ്ധാലുക്കളാകേണ്ടിയിരിക്കുന്നു.

സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിനുപകരിക്കുന്ന പല ചരിത്രകാരന്മാരെപ്പററിയും രേഖകളെപ്പററിയും നമുക്കറിവുണ്ട്. അതിൽ പ്രഥമവും പ്രധാനവുമായ ഒന്നാണ് ക്രിസ്തുവർഷം 290 നും 339 നും ഇടയിൽ ജീവിച്ചിരുന്ന എവുസേബിയൂസിൻെറ (Eusebius of Caesarea) 'സഭാചരിത്രം' (Historia Ecclesiastica) സോസൊമൻ (Sozomen) മറെറാരു വഴികാട്ടിയാണ്. 305 മുതൽ 438 വരെയുള്ള സഭാചരിത്രമാണ് ഒൻപതു പുസ്തകങ്ങളായി ഇദ്ദേഹം എഴുതിയിരിക്കുന്നത്. സഭാചരിത്രം തുടന്നു എഴുതിയവരാണ് ബൈസൻറയിൻ (Byzantine) സഭാചരിത്രകാരനായ സോക്രട്ടീസ് (Socrates), അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞനും സഭാപിതാവുമായ തെയോദൊറേററ് (Theodoret of Cyrus) സോക്രട്ടീസ് ഏഴു പുസ്തകങ്ങളിലായി 305 മുതൽ 439 വരെയുള്ള സഭാചരിത്രവും, തെയോദൊറേററ് 323 മുതൽ 428 വരെയുള്ള കാലഘട്ടങ്ങളിലെ ചരിത്രവും രേഖപ്പെടുത്തിയിരിക്കുന്നു ഇവരെക്കൂടാതെ വി. ജറോം (342–420) മാർസേയിലെ ജന്നാദിയൂസ് (Gennadius of Marseilles), സെവില്ലിലെ ഇസിഡോർ (Isidore of Seville), ടൊളേദോയിലെ വി. ഇൽഡഫോൺസൂ് (+667), തുടങ്ങിയവരുടെ ചരിത്രഗ്രന്ഥങ്ങളും സഭാപിതാക്കന്മാരെപ്പററിയുള്ള പഠനത്തിനുള്ള ഉറവിടങ്ങളാണ്.



www.malankaralibrary.com

അദ്ധ്യായം ഒന്ന്

# അപ്പസ്തോലപിതാക്കന്മാരും അപ്പസ്തോലിക രേഖകളും

## A. അപ്പസ്തോല പിതാക്കന്മാർ

പൗരസ്ത്യ പിതാക്കന്മാരെക്കുറിച്ചുള്ള ഈ പഠനത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നവരാണ് അപ്പസ്തോലപിതാക്കന്മാർ. ഒരു നവീന ആശയവുമായി പ്രത്യക്ഷപ്പെട്ട ക്രൈസ്തവസഭയുടെ നിലനില്പിനും സുസ്ഥിതിക്കുംവേണ്ടി തൂലികയുമായി രംഗപ്രവേശംചെയ്ത വ്യക്തികളാണവർ. ആദിമക്രൈസ്തവസഭയുടെ വളർച്ചയ്ക്കും വിശ്വാസസ്ഥിരതയ്ക്കും ശ്ലീഹന്മാരുടെ അടുത്ത പിൻഗാമികൾ എന്ന നിലയ്ക്ക് ഇവർ വഹിച്ച പങ്ക് നിർണ്ണായകമാണ്. ക്രൈസ്തവരെ ക്രിസ്തുഭക്തിയിൽ പ്രബുദ്ധരാക്കാൻ പ്രയത്നിച്ച ആ പിതാക്കന്മാരെപ്പററിയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

യുഗങ്ങളുടെ പ്രതീക്ഷയായ ക്രിസ്തു പുതിയ ഇസ്രായേലായ ക്രിസ്തുമതത്തിന് രൂപം കൊടുത്തത് പലസ്തീനായിലായിരുന്നല്ലോ. എന്നാൽ അതിന്റെ വികാസപരിണാമത്തിൽ ക്രിസ്തുമതം ഗ്രീക്ക്, റോമൻ നാടുകളിലേയ്ക്കും ക്രമേണ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. ക്രിസ്തുവിന്റെ ജീവിതത്തിനു സാക്ഷികളായ അപ്പസ്തോലന്മാരുടെ തീക്ഷ്ണതയേറിയ പ്രവർത്തനങ്ങളായിരുന്നു ക്രിസ്തുസഭയെ ലോകാതിർത്തിവരെയും എത്തിച്ചത്. നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരായ ഈ അപ്പസ്തോലന്മാർക്കുശേഷം സുവിശേഷപ്രഘോഷണം മുഖേന അപ്പസ്തോലപാരമ്പര്യത്തെ നിലനിർത്തിയവരാണ് അപ്പസ്തോലപിതാക്കന്മാർ. ആരംഭത്തിൽ ഇവരെ അപ്പസ്തോലികർ (Apostolic Men) എന്നു വിളിച്ചിരുന്നു. അപ്പസ്തോലന്മാരെ നേരിട്ട് അറിഞ്ഞിരുന്നതുകൊണ്ടോ, അവരുടെ പഠനങ്ങളെ ആധാരമാക്കി കൃതികൾ രചിച്ചിട്ടുള്ളതുകൊണ്ടോ ആവാം, ഈ പേ

www.malankaralibrary.com

രിൽ ഇവർ അറിയപ്പെടുന്നതു്. ഒന്നാം നൂററാണ്ടിലും രണ്ടാം നൂററാണ്ടിൻെറ പകുതിവരെയുള്ള കാലഘട്ടത്തിലും ജീവിച്ചിരുന്ന പിതാക്കന്മാർ മാത്രമേ ഈ ഗണത്തിൽപ്പെടുന്നുള്ളു. ജെ. ബി. കൊത്തേലിയർ (J. B. Cotelier) ആണു് 1672—ൽ ആദ്യമായി, അപ്പസ്തോല പിതാക്കന്മാർ എന്ന വാക്കു് ഉപയോഗിച്ചതു്.

അപ്പസ്തോലപിതാക്കന്മാർ ഒരു ഏകരൂപ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല. പിന്നെയോ, വിവിധകാലദേശ സംസ്കാരങ്ങളുടെ ചുററുപാടിൽ വളർന്നവരാണവർ. ഇവർ ഒരു പ്രത്യേക സംസ്കാരത്തിൻെറ ഉടമകളായിരുന്നില്ലെങ്കിലും ജനതാമദ്ധ്യത്തിൽ അറിയപ്പെട്ടവരും അംഗീകരിക്കപ്പെട്ടവരുമായിരുന്നു. യഹൂദ—ക്രിസ്തീയ ദൈവശാസ്ത്രങ്ങൾ ഈ പിതാക്കന്മാരെ നന്നായി സ്വാധീനിച്ചിട്ടുണ്ടു്. അവരുടെ കൃതികൾ ഭൂരിഭാഗവും ഗ്രീക്കുഭാഷയിലാണു് വിരചിതമായിരിക്കുന്നതു്. കത്തുകളും ലേഖനങ്ങളുമാണു് ഇവരുടെ കൃതികളിൽ പകുതിയും; ബാക്കി സൈദ്ധാന്തിക പ്രബോധനങ്ങളും. അപ്പസ്തോലപിതാക്കന്മാരുടെ കൃതികൾ യഥാർത്ഥത്തിൽ സുവിശേഷങ്ങളുടെയും ലേഖനങ്ങളുടെയും ഒരു തുടർച്ചയാണു്. ഇവരുടെ കൃതികൾക്കു മററു കാനോനിക കൃതികൾക്കുള്ളിടത്തോളം വ്യക്തതയോ മിഴിവോ ദൈവശാസ്ത്രപരമായ പരിപൂർണ്ണതയോ കാണുന്നില്ലെങ്കിലും പൗരാണികത്വത്തിൽ മററു പല കൃതികളുടെയും മുമ്പിലാണു്. കൂടാതെ, ക്രിസ്തുവിൻെറയും അപ്പസ്തോലന്മാരുടെയും ചെയ്തികളെ ആദിമസഭ എപ്രകാരം പരിഗണിച്ചിരുന്നുവെന്നു് വ്യക്തമാക്കുകയും സഭാനേതൃത്വത്തിൻെറ ക്രമാനുഗതമായ വളർച്ചയെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ദൈവശാസ്ത്രവിജ്ഞാനീയത്തിലെ പ്രധാന വിഷയങ്ങളായ ദൈവത്തിൻെറ ഏകത്വവും ത്രിത്വവും, ക്രിസ്തുവിൻെറ ദൈവത്വവും മനുഷ്യത്വവും, ക്രിസ്തു സ്ഥാപിച്ച സഭ, ആ സഭയുടെ അധികാരം, വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ, സാന്മാർഗ്ഗിക നിയമസംഹിത ഇവകളെപ്പററിയെല്ലാം അപ്പസ്തോലപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ പ്രതി

www.malankaralibrary.com

പാദിച്ചിട്ടുണ്ട്. ഇവയിലെല്ലാം ധാരാളം വി. ഗ്രന്ഥ വാക്യങ്ങഠം സന്ദർഭോചിതമായി ഉദ്ധരിച്ചിട്ടുണ്ട്. ആദിമക്രൈസ്തവ വിശ്വാസികഠം ഈ പിതാക്കന്മാരുടെ കൃതികഠം വി. ഗ്രന്ഥത്തിൻെറ കൈയെഴുത്തുപ്രതികളുടെകൂടെ ചേർക്കുകയും ആരാധനാസമൂഹങ്ങളിൽ വായിക്കുകയും ചെയ്തിരുന്നു.

അപ്പസ്തോലപിതാക്കന്മാരിൽ പ്രധാനികഠം റോമിലെ വി. ക്ലമൻറ്, അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, പോളിക്കാപ്പ്, പപ്പിയാസ്, ഹെർമസ് തുടങ്ങിയവരാണ്. ഡിഡാക്കെ, വി. ക്ലമൻറിൻെറ രണ്ടാം ലേഖനം, അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം തുടങ്ങിയവ അപ്പസ്തോലിക കാലത്തെ പ്രധാനകൃതികളായി അറിയപ്പെടുന്നു.

## 1. റോമിലെ വി. ക്ലമൻറ് (St. Clement of Rome+101)

യഹൂദ പിതാക്കന്മാരിൽനിന്നും ജനിച്ച്, റോമിലുണ്ടായിരുന്ന അപ്പസ്തോലന്മാരുടെ ശിഷ്യനായി വളർന്ന് വേദപ്രചാരവേലയിൽ ഏർപ്പെട്ടിരുന്നു എന്നതിൽ കവിഞ്ഞ് വി. ക്ലമൻറിൻെറ ജീവചരിത്രത്തെപ്പററി വ്യക്തമായ അറിവില്ല. രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. ഇറനേവൂസിൻെറ ഏററവും വിശ്വസനീയമായ ഒരു രേഖയിൽ കാണുന്നത്, വി. ക്ലമൻറ് വി. പത്രോസിൻെറ മൂന്നാമത്തെ പിൻഗാമിയും റോമിൻെറ നാലാമത്തെ മെത്രാനുമായിരുന്നെന്നാണ്.[1] ചരിത്രകാരനായ എവുസേബിയൂസിൻെറ നിഗമനത്തിൽ, വി. ക്ലമൻറിൻെറ സഭാഭരണകാലം എ. ഡി. 92 മുതൽ 101 വരെയാണ്.[2] റോമൻചക്രവർത്തിയായിരുന്ന ട്രാജൻെറ മതപീഡനകാലത്ത് വിശുദ്ധൻ രക്തസാക്ഷിയായി മരണം പ്രാപിച്ചു. റോമിലെ 'സെൻറ്ക്ലമൻറ് ബസലിക്കാ' ഈ വിശുദ്ധൻെറ ഭവനത്തിൻെറ അടിസ്ഥാനത്തിന്മേലാണ് പണിയ

1 Irenaeus, Adversus Haereses 3,3,3.
2 Eusebius, The Ecclesiastical History 3,15,34; 6,3,15.

www.malankaralibrary.com

പ്പെട്ടിരിക്കുന്നതെന്നാണ് പൊതുവെ വിശ്വസിച്ചുവരുന്നത്. നാലാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി റോമാസിംഹാസനം ക്ലമൻറിനെ രക്തസാക്ഷിയായി പേർവിളിച്ചു ബഹുമാനിച്ചു. വി. ക്ലമൻറിൻെറ തിരുനാരം നവംബർ 23–ന് സഭ കൊണ്ടാടുന്നു.

വി. ക്ലമൻറിൻെറ കൃതികരം പലതുണ്ടെങ്കിലും അവയിൽ ഏററവും പ്രധാനപ്പെട്ടതു് അദ്ദേഹം കൊറിന്ത്യക്ക് എഴുതിയ ഒന്നാം ലേഖനമാണ്. റോമാസഭയുടെ നാമത്തിൽ കൊറിന്ത്യൻസഭയ്ക്കെഴുതിയ ആ ലേഖനത്തിൻെറ ആദ്യഭാഗത്തു് ക്രിസ്തീയവിശ്വാസത്തെപ്പററിയും ഉപവി, പരിഹാരം, അനുസരണം, എളിമ എന്നീ സുകൃതങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. തുടർന്നുള്ള ഭാഗം കൊറിന്ത്യൻസഭയ്ക്കു് പ്രത്യേകമായിട്ടുള്ളതാണ്. ആ സഭയിൽ അന്നുണ്ടായിരുന്ന കലഹത്തിനു പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു ആഹ്വാനമായിരുന്നതു്. ആഭ്യന്തരകലഹത്തിൽ അകപ്പെട്ട കൊറിന്ത്യൻ സഭ അതിൽനിന്നും പിന്മാറി സഭാധികാരികരംക്ക കീഴ്പ്പെടുവാൻ വി. ക്ലമൻറു് ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തുവിൽനിന്നുള്ള അധികാരമാണ് അപ്പോസ്തലന്മാർ വഴി സഭാധികാരികരംക്ക കിട്ടിയിരിക്കുന്നതെന്നും അതുകൊണ്ടു സഭാമക്കരം സഭാധികാരികളെ അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നുവെന്നും വിശുദ്ധൻ വ്യക്തമാക്കുന്നു. ആയതിനാൽ സഭയിലെ കലഹക്കാർ എത്രയും വേഗം പശ്ചാത്തപിച്ചു് സഭയുടെ കൂട്ടായ്മയിൽ വന്നുചേരാൻ അനുശാസിക്കയാണദ്ദേഹം.

സഭാവിശ്വാസസംബന്ധമായും ഈ ലേഖനത്തിനു വളരെ പ്രാധാന്യം ഉണ്ടു്. റോമാസഭാനേതൃത്വത്തിൻെറ ഒരു പ്രത്യേക അടയാളമായും ക്രിസ്തുവിനാൽ സ്ഥാപിതമായ പാപ്പാസ്ഥാനത്തിൻെറ ഉറപ്പായും ഈ ലേഖനത്തെ പരിഗണിക്കാവുന്നതാണ്. കൊറിന്ത്യൻസഭയിലെ കലഹങ്ങരം തീക്കുന്നതിനു് റോമിലെ സഭ ഇടപെട്ടതും, റോമാസഭയുടെ തീരുമാനത്തെ കൊറിന്ത്യൻ സഭ സസന്തോഷം സ്വീകരിച്ചതുമെല്ലാം റോമാസഭയുടെ

www.malankaralibrary.com

നേതൃത്വസ്ഥാനത്തെപ്പററി ഇതരസഭയിലുണ്ടായിരുന്ന ധാരണയാണല്ലോ വ്യക്തമാക്കുന്നതു്.

സഭയുടെ പൗരോഹിത്യശ്രേണീഘടന, ഭരണം തുടങ്ങിയവയെപ്പററിയും ഇതിൽ പ്രതിപാദിക്കുന്നുണ്ടു്. അറുപത്തിയഞ്ചു് ചെറിയ അദ്ധ്യായങ്ങളുള്ള ഈ കൃതിയിലെ 42 മുതൽ 44വരെയുള്ള അധ്യായങ്ങളിലെ ഉള്ളടക്കം വളരെ പ്രാധാന്യമർഹിക്കുന്നവയാണു്. അതു മൂന്നു സംഗതികൾ ഉൾക്കൊള്ളുന്നു: ആദിമസഭയിൽ മെത്രാന്മാരെയും വൈദികരെയും അവരുടെ സഹായികളായ ഡീക്കന്മാരെയും ഓരോ സ്ഥലത്തും നിയോഗിച്ചതു് അപ്പസ്തോലന്മാരാണു്. സ്ഥലത്തെ ഒരു മെത്രാന്റെ കാലശേഷം അടുത്തുവരുന്ന മെത്രാനു് അതേ ഭരണാധികാരംതന്നെ കൈമാറുന്നു; ഒരു മെത്രാനെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അദ്ദേഹത്തെ മാററുന്നതിനു ജനങ്ങൾക്കു് അധികാരമില്ല.

ആദിമസഭ ഈ ലേഖനത്തെ വളരെ പൂജ്യമായിപരിഗണിച്ചിരുന്നു. ചില ക്രിസ്തീയപണ്ഡിതന്മാർ ഇതിനെ ദൈവനിവേശിതകൃതിയായും കണക്കാക്കിയിരുന്നു. വി. ഇറനേവൂസും, എവുസേബിയൂസും ഇതിനെ പ്രശംസിക്കുകയും ആദ്യകാലങ്ങളിൽ വിവിധ സഭകളിൽ ഇതു് വായിച്ചിരുന്നതായി സാക്ഷിക്കുകയും ചെയ്യുന്നു. വി. ക്ലമൻറിന്റെ മററു ലേഖനങ്ങളാണു് 'കൊറിന്ത്യക്കെഴുതിയ രണ്ടാം ലേഖനം', 'കന്യകകൾക്കുള്ള ലേഖനങ്ങൾ' തുടങ്ങിയവ. ഇവയെല്ലാം വി. ക്ലമൻറിന്റെ പേരിൽ അറിയപ്പെട്ടുന്നെങ്കിലും അദ്ദേഹവുമായി ഇതിനു് എത്രമാത്രം ബന്ധമുണ്ടെന്നുള്ളതു സ്ഥിരീകരിക്കാത്ത വസ്തുതയാണു്.

## 2. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് (+110)

അപ്പസ്തോലപിതാക്കന്മാരിൽ ഏററവും പ്രധാനിയാണു് അന്ത്യോക്യായിലെ മെത്രാനായിരുന്ന ഇഗ്നേഷ്യസ്. തെയോഫൊറസ് (= ദൈവത്തെ വഹിക്കുന്നവൻ) എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ഇഗ്നേഷ്യസിന്റെ ജീവചരിത്രം സംബന്ധിച്ചും വ്യക്ത

www.malankaralibrary.com

മായ രേഖകളില്ല. ഇഗ്നേഷ്യസ് കാവ്യമതത്തിൽ ജനിക്കുകയും പിന്നീട് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുകയും പത്രോസ്, പൗലോസ്. യോഹന്നാൻ എന്നീ അപ്പസ്തോലന്മാരുടെ ശിഷ്യനായിത്തീരുകയും ചെയ്തെന്ന് വിശ്വസിക്കപ്പെടുന്നു. ഈ ശ്ലീഹന്മാരുടെ നിർദ്ദേശപ്രകാരം ഇഗ്നേഷ്യസിനെ അന്ത്യോക്യായിലെ മൂന്നാമത്തെ മെത്രാനായി നിയമിച്ചുവെന്ന് ക്രിസോസ്റ്റോം, തെയഡോററ് എന്നീ പിതാക്കന്മാരും രേഖപ്പെടുത്തിയിരിക്കുന്നു. റോമൻചക്രവർത്തിയായ ഡോമീഷ്യൻ (എ. ഡി. 81–96) നടത്തിക്കൊണ്ടിരുന്ന ക്രൂരമായ മതമർദ്ദനങ്ങളിൽനിന്നും തൻെറ വിശ്വാസികളെ പരിരക്ഷിക്കാൻ പ്രാർത്ഥന, ഉപവാസം, ദൈവവചനപ്രസംഗം ഇവയിലൂടെ അദ്ദേഹം പരിശ്രമിക്കുകയുണ്ടായി. എന്നാൽ പിന്നീട ചക്രവർത്തിയായി വന്ന ട്രാജൻെറ (98–117) കാലത്തു് മതമർദ്ദനം രൂക്ഷമാവുകയും വി. ഇഗ്നേഷ്യസിനെ മരണത്തിനു് വിധിക്കുകയും ചെയ്തു. അദ്ദേഹത്തെ അന്ത്യോക്യായിൽ നിന്നും റോമിലേയ്ക്കു കൊണ്ടുപോവുകയും എ. ഡി. 110–ൽ വന്യമൃഗങ്ങൾക്ക് ഇരയാക്കിത്തീർക്കുകയും ചെയ്തു. ഈ വിശുദ്ധൻെറ തിരുനാൾ സുറിയാനിസഭ ഒക്ടോബർ 17–നും ഗ്രീക്കുസഭ ഡിസംബർ 20–നും കൊണ്ടാടുന്നു.

ട്രാജൻ ചക്രവർത്തിയുടെ ആജ്ഞാനുസരണം വിശുദ്ധനെ റോമിലേയ്ക്കു കൊണ്ടുപോകവേ പല ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. എഫേസൂസ്, മഗ്നേഷ്യ, ട്രാല്ലസ്, റോമാ, ഫീലാഡെൽഫിയാ, സ്മിർണാ എന്നീ സ്ഥലങ്ങളിലെ ക്രൈസ്തവർക്കും സ്മിർണായിലെ മെത്രാനായിരുന്ന പോളിക്കാർപ്പിനും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസവും സ്നേഹവും, ഇതു രണ്ടുമായിരുന്നു അദ്ദേഹത്തിൻെറ ലേഖനങ്ങളിലെ മുഖ്യ ചർച്ചാവിഷയങ്ങൾ. ആദ്ധ്യാത്മികചൈതന്യം ഉൾക്കൊള്ളുന്നതും എളിമ, സ്നേഹം, സഹനം തുടങ്ങിയ സുകൃതങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതുമായ ഈ ലേഖനങ്ങൾ ജീവിതനവീകരണത്തിന് ഉത്തേജനം നല്കുന്നവയാണ്. വിമർശകർപോലും ഈ ലേഖനങ്ങളുടെ മാഹാത്മ്യത്തേയും

www.malankaralibrary.com

ആശയസംപുഷ്ടിയേയും അവയുടെ പ്രതിപാദനരീതി യേയും അംഗീകരിച്ചിട്ടുള്ളതായി കാണാം. വി. ഇഗ്നേഷ്യസിൻെറ ഈ ലേഖനങ്ങൾ ആദിമ ക്രൈസ്തവവിശ്വാസികളെ ആകർഷിക്കുകയും അവ വിശ്വാസത്തിൽ വളരുവാൻ അവരെ സഹായിക്കുകയും ചെയ്തു. ലേഖനങ്ങളിൽ പ്രകടമായിരിക്കുന്ന വിശുദ്ധൻെറ തീക്ഷ്ണമായ ദൈവസ്നേഹം, ലൗകികവസ്തുക്കളോടുള്ള വിരക്തി, രക്തസാക്ഷിത്വം വരിക്കുന്നതിനുള്ള ആത്മാർത്ഥമായ അഭിലാഷം ഇവ അവർക്ക് വിശ്വാസസംരക്ഷണത്തിനു് ഉത്തേജനം പ്രദാനം ചെയ്തു.[3]

റോമിലേയ്ക്കുള്ള യാത്രാമദ്ധ്യേ വി. ഇഗ്നേഷ്യസിനു് മംഗളങ്ങൾ ആശംസിക്കുന്നതിനു് എല്ലാ സഭകളിൽനിന്നും പ്രതിനിധികളെ അയച്ചിരുന്നു. അതിനാൽ ഓരോ സഭയിലേയ്ക്കുമുള്ള ലേഖനത്തിൽ തൻെറ നേർക്കു് ആ സഭയിലെ വിശ്വാസികൾ പ്രദർശിപ്പിച്ച അനുകമ്പയ്ക്കു് ആദ്യം അദ്ദേഹം നന്ദിപറയുന്നു. തുടർന്നു് ദൈവസ്നേഹത്തിലും വിശുദ്ധിയിലും വളരുന്നതിനും, സഭാധികാരികളെ അനുസരിക്കുന്നതിനും, പാഷണ്ഡതകളിൽനിന്നകന്നു് ക്രിസ്തീയവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതിനും അവരെ ഉപദേശിക്കുന്നു.

സഭാശാസ്ത്രത്തിലെ സുപ്രധാന വിഷയങ്ങളായ മാമോദീസാ, വിവാഹം, പ. മാതാവിൻെറ കന്യാത്വം ഇവയെപ്പററിയെല്ലാം വി. ഇഗ്നേഷ്യസ് തൻെറ ലേഖനത്തിൽ ചർച്ച് ചെയ്യുന്നുണ്ടു്. അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങളിൽ സഭയുടെ ഘടനയേയും അധികാരത്തേയും കുറിച്ചുള്ള പഠനമാണു് ഏററവും വ്യക്തമായി പ്രതിഫലിച്ചുകാണുന്നതു്. സഭയുടെ കൗദാശിക സ്വഭാവത്തേയും മെത്രാൻെറ നേതൃത്വത്തിലുള്ള അതിൻെറ നടത്തിപ്പിനേയും കുറിച്ചു് വിശുദ്ധൻ ഊന്നിപ്പറയുന്നു. മെത്രാൻെറ സ്ഥാനമാഹാത്മ്യത്തേയും ഉത്തരവാദിത്വങ്ങളേയും കുറി

3 Epistle written to the Christians of Rome 1,2,2,1-2;4,1.
4 Epistle written to the Christians of Smyrna 1,1.

www.malankaralibrary.com

ച്ചം അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്, പ്രസ്തുത ലേഖനത്തിലൂടെ. സഭയുടെ വളർച്ചയ്ക്ക് അവിഭാജ്യഘടകമാണ് മെത്രാനെന്നും, വി. കർബാന, മാമോദീസാ തുടങ്ങിയ കൂദാശകൾ സാധുവാകാൻ മെത്രാന്റെ അനുവാദം വേണമെന്നും വിശുദ്ധൻ ഉദ്ബോധിപ്പിക്കുന്നു. "മെത്രാൻ എവിടെയോ, അവിടെയായിരിക്കട്ടെ ആളുകളും എന്തെന്നാൽ അവിടെയാകുന്നു വിശുദ്ധസഭ"[5] എന്ന വിശുദ്ധന്റെ പ്രസ്താവന ഇവിടെ പ്രസ്താവ്യമത്രെ.

അനുദിന ജീവിതവിശുദ്ധീകരണത്തിലൂടെ ക്രൈസ്തവജീവിതം ധന്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വി. ഇഗ്നേഷ്യസ് ഉദ്ബോധനങ്ങൾ നല്കുന്നുണ്ട്. ദുഃഖവും മരണവും വ്യാപകമായിരിക്കുന്ന ഐഹിക ജീവിതത്തിന്റെ നശ്വരതയേയും പാരത്രിക ജീവിതത്തിന്റെ ശാശ്വത സ്വഭാവത്തേയും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അതോടൊപ്പംതന്നെ നാശമില്ലാത്ത സ്വർഗ്ഗീയ ജീവതത്തിനുവേണ്ടി പ്രതീക്ഷാനിർഭരരായി ജീവിക്കുവാൻ വിശുദ്ധൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിനെ അനുകരിക്കുക, ക്രിസ്തുവിലായിരിക്കുക ഇവയാണ് ഈ പ്രതീക്ഷ വളർത്തുവാൻ ഉപയുക്തങ്ങളായ മാർഗ്ഗങ്ങളായി വിശുദ്ധൻ നിർദ്ദേശിക്കുന്നത്.[6]

റോമിലെ സഭയ്ക്കുള്ള തന്റെ ലേഖനത്തിൽ ഒരു പ്രത്യേകകാര്യം വി. ഇഗ്നേഷ്യസ് സൂചിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് തന്റെ രക്തസാക്ഷിത്വമരണം തടസ്സപ്പെടുത്താതിരിക്കണമെന്നും ദൈവത്തിന്റെ ഗോതമ്പുമണിയാണ് താനെന്നും അതു ക്രൂരജന്തുക്കളുടെ പല്ലുകൊണ്ട് പൊടിച്ച് ക്രിസ്തുവിനുവേണ്ടി പരിശുദ്ധ അപ്പമായി തീരണമെന്നതുമായിരുന്നു വിശുദ്ധന്റെ ആഗ്രഹം. ക്രിസ്തുവിനേയും അപ്പസ്തോലന്മാരേയും അനുകരിച്ച് രക്തസാക്ഷിയായി മരിക്കുവാനുള്ള വി. ഇഗ്നേ

---

5 Epistle written to the Christians of Smyrna 8,1-2

6 Epistle written to the Christians of Ephesus 8,2; 9,2; 10,3; 15,3

www.malankaralibrary.com

ഷ്യസിന്റെ ആത്മാർത്ഥമായ ആഗ്രഹമാണ് നാം ഇവിടെ കാണുന്നതു്. ആ ആഗ്രഹം സാധിതമാവുകതന്നെചെയ്തു. അങ്ങനെ ഉപദേശവും പ്രവർത്തനവും ഒത്തിണങ്ങിയ വിശുദ്ധന്റെ ജീവിതം അനേകം അക്രൈസ്തവരെ സഭയിലേയ്ക്കു് ആനയിച്ചു. ക്രൈസ്തവവിശ്വാസം സംരക്ഷിച്ചുകൊണ്ടു്, ആദിമക്രൈസ്തവസമൂഹത്തിനു് ആദ്ധ്യാത്മികചൈതന്യം പകർന്നുകൊണ്ടു് രക്തസാക്ഷിത്വം വരിച്ച വി. ഇഗ്നേഷ്യസിന്റെ ജീവിതമാതൃക ആധുനിക മനുഷ്യനു് വിശ്വാസാധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ പ്രചോദനം നല്കട്ടെ.

## 3. സ്മിർണായിലെ വിശുദ്ധ പോളിക്കാപ്പു്

## (St. Polycarp of Smyrna+155)

ക്രൈസ്തവ വിശ്വാസ സംരക്ഷണത്തിനും വളർച്ചക്കും വേണ്ടി സ്വജീവൻ ബലിയർപ്പിച്ച വീരയോദ്ധാവാണു് സ്മിർണായിലെ വിശുദ്ധ പോളിക്കാപ്പു്. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ സ്നേഹിതനും, വിശുദ്ധ യോഹന്നാന്റെ ശിഷ്യനുമായിരുന്ന ഇദ്ദേഹം ക്രിസ്തുവിനെ നേരിൽ ദർശിക്കുകയും അവിടുത്തെ പ്രബോധനങ്ങൾ ശ്രവിച്ചു് മാനസാന്തരപ്പെടുകയും ചെയ്ത പലരുമായി ഉററബന്ധം പുലർത്തിയിരുന്നു. ചെറുപ്പമായിരിക്കുമ്പോൾ തന്നെ മെത്രാൻ സ്ഥാനത്തേക്കു് അവരോധിക്കപ്പെട്ട[7] പോളിക്കാപ്പു് ഇടയനടുത്ത തന്റെ ചുമതലകൾ നിറവേററുന്നതിൽ അങ്ങേയററം വിശ്വസ്തത പുലർത്തിയിരുന്നതായി ചരിത്രം സാക്ഷിക്കുന്നുണ്ടു്. പാരമ്പര്യങ്ങൾ അഭംഗുരം കാത്തു സൂക്ഷിക്കുന്നതിൽ അതിരററ താല്പര്യമാണു് ഇദ്ദേഹം പ്രദർശിപ്പിച്ചിരുന്നതു്. ആദ്യകാലങ്ങളിൽ പാശ്ചാത്യ പൗരസ്ത്യ സഭകൾ വ്യത്യസ്ത ദിവസങ്ങളിലായിരുന്നു ഉയിർപ്പുതിരുനാൾ ആഘോഷിച്ചു പോന്നിരുന്നതു്. ഈ കാര്യത്തിൽ ഇരുസഭകൾ തമ്മിൽ ഐക്യമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എ.ഡി. 154ൽ അനിച്ചേത്തു

---

7 Euseb., Eccl. Hist. 5,20,5; Iren., Adv. Haer. 3,3,4.

www.malankaralibrary.com

സ് (Anicetus) മാപ്പാപ്പയുമായി റോമിൽ വച്ച് കൂടിക്കാഴ്ചകൾ നടത്തിയെങ്കിലും ഒരന്തിമ തീരുമാനത്തിൽ എത്തിച്ചേരുന്നതിന് ഇരുവക്കും കഴിഞ്ഞില്ല. എ. ഡി. 155ൽ വിശ്വാസ സംരക്ഷണാത്ഥം 86-ാമത്തെ വയസ്സിൽ പോളിക്കാപ്പ് രക്തസാക്ഷിയായി മരിച്ചു. ഇദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള വ്യക്തമായ വിവരണം 'പോളിക്കാപ്പിന്റെ രക്തസാക്ഷിത്വം' (Martyrium Polycarpi) എന്ന രേഖയിൽ നിന്നും നമുക്കു ലഭിക്കുന്നുണ്ട്. ഇതനുസരിച്ച് പോളിക്കാപ്പിനെ അഗ്നികുണ്ഡത്തിലിട്ടു ജീവനോടെ ദഹിപ്പിക്കുന്നതിനാണ് ചക്രവത്തി ആജ്ഞാപിച്ചതെങ്കിലും പട്ടാളക്കാർ കഠാരികൊണ്ടു നിർദ്ദയമായി കുത്തി മുറിവേല്പിച്ചതിനു ശേഷം ചിതയിൽ ഇട്ട് ജീവനോടെ ദഹിപ്പിക്കുകയാണുണ്ടായത്. ഫെബ്രുവരി 23ന് പൗരസ്ത്യ സഭ ഇദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിച്ചു പോരുന്നു. വിശ്വാസ സംരക്ഷണത്തിനും വളച്ച്യക്കും വേണ്ടി രക്തം ചിന്തി വിശുദ്ധ മകുടം പ്രാപിച്ച പോളിക്കാപ്പിന്റെ തണലിൽ വളച്ച് പ്രാപിച്ചു വന്നിട്ടുള്ളതാണ് സ്മിർണായിലെ ഇന്നത്തെ സഭ.

പോളിക്കാപ്പ് പല ലേഖനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും[8] പീലിപ്പോസുകാക്കു വേണ്ടി എഴുതിയ ഒരു ലേഖനത്തെപ്പററി മാത്രമെ നമുക്കറിവുള്ളു. വിശുദ്ധ ഇഗ്നേഷ്യസിൽ നിന്നും ലഭിച്ചിട്ടുള്ള ലേഖനത്തിന്റെ ഒരു പകപ്പ് ആവശ്യപ്പെട്ട പീലിപ്പോസിലെ സഭക്ക് തന്റെ ഒരു ചെറിയ ലേഖനം കൂടി അതോടൊപ്പം ആമുഖമായി ചേത്ത് അവക്ക് അയച്ചു കൊടുത്തു. ക്രൈസ്തവ വിശ്വാസത്തിലും സുകൃത ജീവിതത്തിലും വളരുവാൻ പീലിപ്പോസുകാരെ ആഹ്വാനം ചെയ്യുകയാണ് പ്രസ്തുത ലേഖനത്തിലൂടെ അദ്ദേഹം. വിവാഹിതർ, വിധവകൾ, യുവാക്കൾ, ഡീക്കന്മാർ, സന്യാസികൾ, കന്യകകൾ തുടങ്ങിയവക്കു വേണ്ട സന്മാർഗ്ഗോപദേശങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശുദ്ധ പൗലോസിന്റേയും മററും ലേഖന ഭാഗങ്ങൾ ധാരാളം ഉൾക്കൊള്ളിച്ചിട്ടുള്ള പോളിക്കാപ്പിന്റെ

8 Euseb., Eccl. Hist. 5,20,8.

www.malankaralibrary.com

ലേഖനം വിശുദ്ധ ജറോമിൻെറ കാലത്തു് ഏഷ്യാ മൈനറിലുള്ള ദേവാലയങ്ങളിൽ വായിക്കുക സർവ്വസാധാരണമായിരുന്നു. കൂടാതെ ഈ കൃതിയെ വിശുദ്ധ ഇഗ്നേഷ്യസിൻെറ ലേഖനങ്ങളുടെ വാസ്തവികതയെ സ്ഥാപിക്കുന്നതിനുള്ള ഒരു തെളിവായിട്ടും ആദികാലം മുതൽതന്നെ ഉപയോഗിച്ചു പോരുന്നുണ്ടു് എന്നതും പ്രസ്താവ്യമാണു്.

## 4. ഹിയറാപ്പോളിസിലെ പപ്പിയാസ്

## (Papias of Hierapolis, c. 60–125)

ആദിമസഭയിലെ പ്രഥമ ദിനവൃത്താന്തകനായ (Chronicler) പപ്പിയാസിനെപ്പററി നമുക്കെന്തെങ്കിലും വിവരങ്ങൾ കിട്ടുന്നതു തന്നെ വിശുദ്ധ ഇറനേവൂസിൻെറയും ചരിത്രകാരനായ എവുസേബിയൂസിൻെറയും സാക്ഷ്യങ്ങളിൽ നിന്നാണു്[9]. ഹിയറാപ്പോളിസിലെ മെത്രാനും, പോളിക്കാപ്പിൻെറ ഒരു സുഹൃത്തുമായിരുന്ന ഇദ്ദേഹം വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നെന്നും അല്ലെന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ നിരൂപകന്മാരുടെ ഇടയിലുണ്ടു്. പപ്പിയാസിൻെറ കൃതികളെ സംബന്ധിച്ചിടത്തോളം ഹ്രസ്വമായ സാക്ഷ്യങ്ങൾ മാത്രമെ ഇറനേവൂസും എവുസേബിയൂസും നമുക്കു നല്കുന്നുള്ളു. ഇദ്ദേഹത്തിൻെറ കൃതികളിൽ പ്രാധാന്യമർഹിക്കുന്നതു്, 'നാഥൻെറ പ്രബോധനങ്ങളുടെ വിവരണം' (Explanation of the Sayings of the Lord) എന്ന പേരിൽ എഴുതിയിട്ടുള്ള അഞ്ചു കൃതികളാണു്. സുവിശേഷങ്ങൾക്കു പുറമെ പാരമ്പര്യങ്ങളും അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിട്ടുണ്ടെന്നുള്ളതാണു് ഇതിൻെറ സവിശേഷത. പപ്പിയാസിൻെറ അഭിപ്രായത്തിൽ, സുവിശേഷകനായ മർക്കോസ് ഒരിക്കലെങ്കിലും ക്രിസ്തുവിനെ നേരിൽ കാണുകയോ ശ്രവിക്കുകയോ ചെയ്തിട്ടില്ല. വിശുദ്ധ പത്രോസിൻെറ ഒരു വ്യാഖ്യാതാവു് (Interpreter) മാത്രമായിരുന്നു അദ്ദേഹം; പത്രോസ് ശ്ലീഹായുടെ പ്രസംഗങ്ങളിൽ നിന്നും കേട്ട വിവരങ്ങൾ മാ

9 Iren,, Adv. Haer. 5,33,4; Euseb., Eccl. Hist. 3,39,3-4.

www.malankaralibrary.com

ത്രമാണ് വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിനാധാരം; ക്രിസ്തുവിന്റെ പ്രബോധനങ്ങളേയും പ്രവർത്തനങ്ങളേയുംപ്പററി മത്തായി ശ്ലീഹാ ഹെബ്രായ ഭാഷയിൽ എഴുതിയതു് ഓരോരുത്തരും അവരവരാൽ കഴിയും വിധം വിശദീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അദ്ദേഹം കരുതുന്നു.[10]

## B. അപ്പസ്തോലിക രേഖകൾ

ആദിമസഭയിൽ ദൈവശാസ്ത്രവികസനത്തിനു സഹായകമായിത്തീർന്ന ചുരുക്കം ചില ഗ്രന്ഥങ്ങളാണ് 'അപ്പസ്തോലികരേഖകൾ' എന്ന പേരിൽ അറിയപ്പെടുന്നതു്. വിശ്വാസികളെ പ്രബുദ്ധരാക്കുവാൻ കഴിഞ്ഞിട്ടുള്ള ഈ കൃതികൾക്കു ചരിത്രപരമായി വളരെയേറെ പ്രാധാന്യമുണ്ടു്. ഇതിൽതന്നെ പ്രാമുഖ്യമർഹിക്കുന്നവയാണ് ഡിഡാക്കേ, ബർണബാസിന്റെ ലേഖനം, ഡയനീററസിനുള്ള ലേഖനം, ഹേർമസിലെ ഇടയൻ എന്നിവ.

### 1. ഡിഡാക്കേ (Didache)

ക്രിസ്തീയ ഉപദേശങ്ങളുടെ പ്രാചീനമായ ഒരു സംഹിതയാണ് ഡിഡാക്കേ. ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഈ രേഖയെ 'പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ പ്രബോധനം' (Doctrine of the Twelve Apostles) എന്നും വിളിക്കാറുണ്ടു്. ആദിമക്രിസ്ത്യാനികളുടെ ആന്തരികജീവിതത്തെ വിളിച്ചറിയിക്കുന്ന ഈ കൃതിയെ ആദിമസഭ വിശുദ്ധ ഗ്രന്ഥത്തേപ്പോലെ തന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പുതിയനിയമ സംഹിതകളുമായി വളരെയധികം സാമ്യമുള്ള ഈ പൗരാണിക കൃതിയുടെ ആരംഭകാലത്തെപ്പററി തർക്കമുണ്ടെങ്കിലും 'അപ്പസ്തോല പ്രബോധനത്തിന്റെ' ഇന്നത്തെ പരിഭാഷ വച്ചുനോക്കുമ്പോൾ ഏകദേശം പൗലോസിന്റെ ലേഖനങ്ങൾ രൂപംകൊണ്ട കാലത്തു തന്നെയാണെന്നു കരുതുന്നതിൽ തെററുണ്ടായിരിക്കുകയില്ല. ചുരുക്കത്തിൽ

10 Euseb., Eccl. Hist. 3,39,15-16.

www.malankaralibrary.com

ഡിഡാക്കേയും കാനോനിക കൃതികളും സമകാലികങ്ങ ളാണെന്നു പറയാം. സിറിയായിലോ, പലസ്തീനായി ലോ വച്ചു വിരചിതമായ ഈ ഗ്രന്ഥത്തിൻെറ കർത്താവ് ആരെന്ന് ഇന്നും അറിയപ്പെടാതെ അവശേഷിക്കുന്നു. പതിനാറ് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തെ രണ്ടു ഭാഗങ്ങളായിട്ടാണു തിരിച്ചിരിക്കുന്നത്. ഒന്നു മുതൽ ആറു വരെയുള്ള അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ആദ്യഭാഗ ത്തിൽ 'ജീവിതവും മരണവും' എന്ന രണ്ടു മാർഗ്ഗങ്ങളെ പ്പററി പ്രതിപാദിക്കുന്നു. ഏഴു മുതൽ പതിനാറു വരെയുള്ള രണ്ടാംഭാഗത്തിൽ മാമോദീസാ, ഉപവാസം, പ്രാർത്ഥന, വിശുദ്ധ കുർബാന, ഞായറാഴ്ച, ആചരണം, ഡീക്കന്മാ രേയും മെത്രാന്മാരേയും തെരഞ്ഞെടുക്കുന്നതിനുള്ള നിയമ ങ്ങൾ തുടങ്ങിയവയെപ്പററിയും വിവരിക്കുന്നു. എവു സേബിയൂസ്, അത്തനാസിയൂസ്, റൂഫിനസ് എന്നി വരുടെ അഭിപ്രായത്തിൽ ഡിഡാക്കേ ഒരു അപ്രമാണിക ഗ്രന്ഥമാണ്.[11]

## 2. ബർണബാസിൻെറ ലേഖനം. (Epistle of Bernabas)

ക്രൈസ്തവമതത്തെ മററുള്ളവർക്കു മനസ്സിലാക്കിക്കൊടു ക്കുക എന്ന ഉദ്ദേശത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ളതാണ് ഈ ഭക്തഗ്രന്ഥം. ക്രിസ്തുവർഷം 70നും 120നുമിടക്ക് ഈജി പ്തിൽവച്ചു വിരചിക്കപ്പെട്ടതായി പൊതുവേ കരുതപ്പെട്ടു പോരുന്നു. സ്ഥലകാലങ്ങളെപ്പററി വ്യത്യസ്തമായ അഭി പ്രായങ്ങളും ഇല്ലാതില്ല. ആദ്യകാല സഭാപിതാക്കന്മാ രായ വിശുദ്ധ ക്ലമൻറ്, ഒരിജൻ, എവുസേബിയൂസ്, വി ശുദ്ധ ജറോം തുടങ്ങിയവരുടെ അഭിപ്രായത്തിൽ വിശുദ്ധ പൗലോസിൻെറ സുഹൃത്തായ ബർണബാസ് ആണ് ഈ ഗ്രന്ഥത്തിൻെറ കർത്താവ്. എന്നാൽ ആധുനികചിന്താ ഗതി ഈ അഭിപ്രായത്തോട് അത്ര അനുകൂലമല്ല.

പഴയനിയമഭാഗങ്ങളോടു ലേഖനകർത്താവിന് അപ്പ സ്തോലന്മാരുടേതിൽ നിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാ

11 Euseb., Eccl. Hist. 3,25,4; Athanasius, 39; Rufinus, Commentarius in Symbolum apostolorum 38.

www.malankaralibrary.com

ടാണ് ഉണ്ടായിരുന്നതു്. ഒരുപക്ഷെ, മറെറാരു മതത്തിൽ നിന്നും, ക്രിസ്തുമതത്തിലേക്ക വന്ന വ്യക്തി ആയതുകൊണ്ടാവാം യഹൂദചിന്താഗതിയിൽനിന്നും വ്യത്യസ്തമായ ഒരഭിപ്രായം പഴയനിയമത്തെപ്പററി ഇദ്ദേഹത്തിനുണ്ടായതു്. ലേഖനത്തിൻെറ ആദ്യഭാഗത്തു[12] പഴയനിയമത്തെയും യഹൂദമതത്തെയുംപററി വിവരിക്കുന്നു. ക്രിസ്തുമതത്തിൻെറ ആവിർഭാവത്തോടും ക്രിസ്തുവിൻെറ മരണത്തോടുംകൂടി പഴയനിയമത്തിനും യഹൂദ ആചാരങ്ങൾക്കും യാഹ്‌വെ ജനത്തോടു ചെയ്തിരുന്ന ഉടമ്പടികൾക്കുമെല്ലാം അവസാനം വന്നതായി ഇദ്ദേഹം വിവരിക്കുന്നു. നിലവിലിരുന്ന പഴയനിയമ ആചാരങ്ങൾ ആദ്ധ്യാത്മികമായ കാഴ്ചപ്പാടു കൂടാതെ വെറും ഭൗതികമായ രീതിയിലാണ് യഹൂദന്മാർ മനസ്സിലാക്കിയതെന്നും, അതു തെററാണെന്നും ഇദ്ദേഹം തൻെറ ലേഖനത്തിൽ എടുത്തു പറയുന്നു.[13] ലേഖനത്തിൻെറ രണ്ടാം ഭാഗത്താകട്ടെ[14] ഡിഡാക്കേയിലേതുപോലെതന്നെ ജീവിതത്തിൻെറ രണ്ടു മാർഗ്ഗങ്ങളെപ്പററിയാണ് പ്രതിപാദിക്കുന്നതു്; പ്രകാശത്തിൻെറയും അന്ധകാരത്തിൻെറതുമായമാർഗ്ഗങ്ങൾ. ഇതിൽ ആദ്യമാർഗ്ഗം സ്വീകരിക്കുവാനും രണ്ടാമത്തെ മാർഗ്ഗം തള്ളിക്കളയുവാനും ഇദ്ദേഹം തൻെറ ലേഖനങ്ങളിലൂടെ മനുഷ്യവർഗ്ഗത്തെ ഉപദേശിക്കുന്നു.

## 3. ഡയനീററസിനുള്ള ലേഖനം. (Epistle to Diognetus)

രണ്ടാം നൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടി അക്രൈസ്തവനായ ഡയനീററസ്സിനു് ക്രൈസ്തവ വിശ്വാസ രഹസ്യങ്ങളെ സംബന്ധിച്ചു് എഴുതിയിട്ടുള്ള ഒരു ലേഖനമാണിതു്. ഇതിൻെറ രചയിതാവിനെപ്പററി കൃത്യമായ വിവരങ്ങളൊന്നുംതന്നെ നമുക്കില്ല. ലേഖനകർത്താവു് സ്വയം 'അപ്പസ്തോലന്മാരുടെ ശിഷ്യൻ' എന്നു ലേഖനത്തിൽ സംബോധന ചെയ്യുന്നതുകൊണ്ടാണ് അപ്പസ്തോ

12 Chapters 1-17.
13 9,4; 16,2.
14 Chap. 18-21.

www.malankaralibrary.com

ലികലേഖനങ്ങളുടെ കൂട്ടത്തിൽ ഇതു് ഉൾപ്പെടുത്തിയിട്ടുള്ളതുതന്നെ. ഇറനേവൂസിന്റെയും ഹിപ്പോളിററസിന്റെയും എഴുത്തുകളോടു വളരെ സാമ്യമുള്ള ഈ ലേഖനത്തിന്റെ ഏക കയ്യെഴുത്തുപ്രതിയും 1870—ൽ സ്ട്രാസ്ബർഗ്ഗ് ലൈബ്രറി നശിപ്പിക്കപ്പെട്ടതോടെ നമുക്കു നഷ്ടമായി.

പത്തു അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ലേഖനത്തിന്റെ ആദ്യഭാഗത്തു് ലേഖനകർത്താവു ഡയനീററസിന്റെ സംശയങ്ങൾ എന്തൊക്കെ ആയിരുന്നുവെന്നു മനസ്സിലാക്കാൻ കഴിയത്തക്കവിധത്തിൽ ചില ചോദ്യങ്ങൾക്കു ഉത്തരം നല്കുകയാണു്. നിങ്ങൾ വിശ്വസിക്കുന്ന ദൈവം ആരാണു്? നിങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റെ രഹസ്യമെന്താണു്? പുതിയ അരൂപി എന്തുകൊണ്ടു് ലോകത്തിലേക്കു നേരത്തേ വന്നില്ല? തുടങ്ങിയവ. തുടർന്നു് ഇതരമതങ്ങളിലെ വിഗ്രഹാരാധനയുടെ അപര്യാപ്തത, യഹൂദആരാധനയുടെ പോരായ്മ, ക്രിസ്തുമതത്തിന്റെ മേന്മ, ക്രൈസ്തവനു ലോകവുമായുള്ള ബന്ധം, ക്രൈസ്തവവിശ്വാസത്തിന്റെ ദൈവിക സ്രോതസ്സ്, ദൈവരാജ്യം വൈകുവാനുള്ള കാരണം തുടങ്ങിയവയെപ്പററിയും വിവരിക്കുന്നു. ക്രൈസ്തവനു ലോകവുമായുള്ള ബന്ധത്തെപ്പററി പറയുന്ന ഭാഗം വളരെ ശ്രദ്ധാർഹമാണു്. ആത്മശരീരങ്ങളുടെ ബന്ധത്തോടാണു് ഇതിനെ ഉപമിച്ചിരിക്കുന്നതു്. ആത്മാവു ശരീരത്തിൽ എങ്ങനെ ആയിരിക്കുന്നുവോ അതുപോലെയാണു ക്രൈസ്തവർ ലോകത്തിൽ. ആത്മാവു ശരീരാവയവങ്ങളിലെല്ലാം വ്യാപിച്ചിരിക്കുന്നതുപോലെ ക്രൈസ്തവർ ലോകത്തിൽ ജീവിക്കുന്നെങ്കിലും ലോകത്തിന്റേതല്ലാതായിത്തീരണം. മനുഷ്യവർഗ്ഗത്തിന്റെ നിസ്സഹായത വ്യക്തമാക്കുവാനുള്ള ദൈവിക പദ്ധതിയായിട്ടാണു് ദൈവരാജ്യം വൈകുവാനുള്ള കാരണത്തെ അദ്ദേഹം കാണുന്നതു്. അവിശ്വാസിയായ ഡയനീററസിനെ ക്രിസ്തുമതത്തിലേക്കു് ആഹ്വാനം ചെയ്തുകൊണ്ടു് ലേഖനകർത്താവു തന്റെ ലേഖനം അവസാനിപ്പിക്കുന്നു.

## 4. ഹേർമസിലെ ഇടയൻ (Shepherd of Hermas).

ഒന്നും രണ്ടും നൂററാണ്ടുകളിലെ സാമൂഹ്യ ജീവിതത്തി

www.malankaralibrary.com

ൻെറ വ്യക്തമായ ചിത്രം നൽകുന്ന 'ഹേർമസിലെ ഇടയൻ' എന്ന ഗ്രന്ഥത്തിൻെറ ജനയിതാവ് ഒന്നാം പിയൂസ് മാർപ്പാപ്പായുടെ (140–145) സഹോദരനും, ക്ലമൻറ് മാർപ്പാപ്പായുടെ സമകാലീകനുമായ ഹേർമസ് ആണെന്നു കരുതപ്പെടുന്നു. ഗ്രന്ഥത്തിലെ ചില പരാമർശനങ്ങളിൽ നിന്നു് ഹേർമസ് റോമിൽ ഒരു അടിമയായിരുന്നെന്നും, അതിൽ നിന്നു് മോചിപ്പിക്കപ്പെട്ട ശേഷം കുടുംബ ജീവിതം നയിച്ചിരുന്ന ഒരു വ്യക്തിയായിരുന്നെന്നും പറയാവുന്നതാണ്. ഗ്രീക്ക്, കോപ്റ്റിക്ക്, എത്യോപ്യൻ, ലാററിൻ മുതലായ ഭാഷകളിൽ ഈ ഗ്രന്ഥത്തിൻെറ പതിപ്പുകൾ ഇന്നു് ലഭ്യമാണ്. ഗ്രന്ഥകാരനുണ്ടായ വെളിപാടിൽ ഒന്നിനെ ആസ്പദമാക്കിയാണ് ഗ്രന്ഥത്തിനു് ഈ പേർ സിദ്ധിച്ചിട്ടുള്ളത്. മൂന്നു ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ പുസ്തകത്തിൽ അഞ്ചു വെളിപാടുകൾ, പന്ത്രണ്ടു കൽപ്പനകൾ, പത്തു് ഉപമകൾ എന്നിവ അടങ്ങിയിരിക്കുന്നു.

ഹേർമസിൻെറ അഭിപ്രായത്തിൽ രക്ഷയെ സംബന്ധിച്ചിടത്തോളം മാമോദീസാ അത്യന്താപേക്ഷിതമാണ്.[15] വിശ്വാസം, ദൈവഭയം, എളിമ, സത്യം, വൈവാഹികവിശുദ്ധി, ആത്മനിയന്ത്രണം, വിവേകം, പ്രായശ്ചിത്തം തുടങ്ങി പ്രായോഗിക ജീവിതത്തിൽ അനുവർത്തിക്കുവാനുള്ള സന്മാർഗ്ഗികനിയമങ്ങളെപ്പററിയും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.[16] അപ്പസ്തോലന്മാർ ലിംബോയിൽ പോയി ക്രിസ്തുവിനു മുമ്പ് ജീവിച്ചു മരിച്ചവരെയെല്ലാം ജ്ഞാനസ്നാനപ്പെടുത്തി സ്വർഗ്ഗത്തിനവകാശികളാക്കിത്തീർത്തു എന്നു് ഹേർമസ് വിശ്വസിക്കുന്നു. ഈ ഗ്രന്ഥത്തിൽനിന്നും രണ്ടു കാര്യം വ്യക്തമാണ്. ഹേർമസ് ഒരു അഭ്യസ്ഥവിദ്യൻ ആയിരുന്നില്ലെങ്കിലും ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ഒരു ശുഭാപ്തിവിശ്വാസിയായിരുന്നു. അതോടൊപ്പം തന്നെ അദ്ദേഹത്തിൻെറ സമർത്ഥമായ നിരീക്ഷണ പാടവവും എടുത്തു പറയേണ്ടതാണ്.

15 Visions 3,3,5; Similitudes 9,16.
16 Visions 3,8,1-7; Mandates 6,2,1-4.



www.malankaralibrary.com

അദ്ധ്യായം രണ്ട്

# വിശ്വാസ സംരക്ഷകർ (Apologists)

ദൈവശാസ്ത്രപരവും സാന്മാർഗ്ഗികവുമായ അനേകം പ്രശ്നങ്ങൾ ആദിമക്രൈസ്തവരെ അഭിമുഖീകരിച്ചു. ക്രിസ്തു യഥാർത്ഥത്തിൽ ദൈവപുത്രനാണെന്ന വിശ്വാസം യഹൂദന്മാർക്കു സ്വീകാര്യമായില്ല. സാമൂഹികജീവിതം നയിച്ചിരുന്ന ക്രൈസ്തവരുടെ ഇടയിൽ അധാർമ്മികതയും അസന്മാർഗ്ഗികതയും കൊടികുത്തി വാണിരുന്നു എന്നു് ആക്ഷേപമുണ്ടായി. റോമൻചക്രവർത്തിമാരെ ആരാധിക്കുവാൻ വിസമ്മതിച്ച ക്രിസ്ത്യാനികൾ നിരീശ്വരന്മാരും രാജ്യദ്രോഹികളുമായി മുദ്രകുത്തപ്പെട്ടു. ഇപ്രകാരം ക്രിസ്തുമതത്തിൻെറ ആരംഭനൂററാണ്ടുകളിൽ, പ്രത്യേകിച്ചും ദ്വിതീയ ശതകത്തിൽ, ക്രൈസ്തവർക്കെതിരെ തൊടുത്തുവിട്ട ആരോപണങ്ങളെ ഖണ്ഡിക്കുന്നതിനും അനീതിപരമായ നിയമനിർമ്മാണങ്ങളെ എതിർക്കുന്നതിനും ക്രിസ്തു മാത്രമാണു് യഥാർത്ഥ ദൈവസുതനെന്നു് പഠിപ്പിക്കുന്നതിനും തദ്വാരാ ക്രൈസ്തവവിശ്വാസമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുമായി തൂലിക ചലിപ്പിച്ച ക്രൈസ്തവഗ്രന്ഥകാരന്മാരാണു് വിശ്വാസസംരക്ഷകർ.

'അപ്പോളജിയാ' എന്ന ഗ്രീക്കുപദത്തിൻെറ അർത്ഥം വിശ്വാസസത്യങ്ങളുടെ വിശദീകരണാർത്ഥം എഴുതുന്ന ഗ്രന്ഥങ്ങളോ പ്രമാണരേഖകളോ എന്നാണു്. രണ്ടാം നൂററാണ്ടിനെ വിശ്വാസസംരക്ഷകരുടെ സുവർണ്ണകാലഘട്ടമെന്നു വിളിക്കാം. (ഗ്രീക്കുകാരായിരുന്ന വിശ്വാസസംരക്ഷകന്മാരിൽ ഭൂരിഭാഗം പേരും) അലക്സാൺട്രിയായിലെ ഫീലോ (Philo of Alexandria), ഫ്ളാവിയൂസ് ജോസഫ് (Flavius Joseph) എന്നീ ക്രൈസ്തവഗ്രന്ഥകാരന്മാരുടെ രചനാശൈലി അവലംബിച്ചാണു് ഇവർ വിശ്വാസ സമർത്ഥനങ്ങൾ (apologies) എഴുതിയിട്ടുള്ളതു്. സാ

www.malankaralibrary.com

വ്വത്രിക പ്രാബല്യം ലഭിച്ചിരുന്ന ഗ്രീക്കതത്വചിന്തയോടു ബന്ധപ്പെടുത്തി ക്രിസ്തീയ തത്വങ്ങളെ അവതരിപ്പിക്കുവാനുള്ള ഒരു ശ്രമം ഇവരിൽ പ്രകടമാണ്.

വിശ്വാസസംരക്ഷകരുടെ കൃതികളെ യഹൂദരെ ഉദ്ദേശിച്ചെഴുതിയവയെന്നും വിജാതീയക്കുള്ളവയെന്നും വേർതിരിക്കാം. പ്രസ്തുത കൃതികളിൽ പലതും നാമാവശേഷമായിട്ടുണ്ട്. അവരുടെകൃതികൾ സംരക്ഷിക്കുന്നതിൽ ബിസാൻറിയത്തിലെ (Byzantium) പണ്ഡിതന്മാർ വഹിച്ചപങ്ക് പ്രശംസാർഹമാണ്. കേസറിയായിലെ (Caesarea) മെത്രാനായ അരീതസ് (Aritus) 914-ൽ തൻെറ ഗ്രന്ഥശാലയ്ക്കുവേണ്ടി ഏതാനും രേഖകൾ പകർത്തിയെഴുതി. ത്രേന്തോസ് സൂനഹദോസിൻെറ (Council of Trent) കാലഘട്ടത്തിലും (1545—63) ഇത്തരം പകർത്തിയെഴുത്തുനടന്നു. 1498—ൽ പാരീസിൽവച്ച് ആദ്യമായി ഒരു വിശ്വാസസമർത്ഥനത്തിൻെറ ലത്തീൻവിവർത്തനം പ്രസിദ്ധീകൃതമായി. ഉത്ഥാനത്തെക്കുറിച്ചുള്ള പ്രസ്തുതരേഖ അത്തനാഗോറസിൻെറ (Athenagorus) പേരിലാണ് അറിയപ്പെടുന്നത്.

## പ്രധാനപ്പെട്ട വിശ്വാസ സംരക്ഷകർ

### 1. കദ്രാത്തസ് (Quadratus 2nd C. A.D.)

വിശ്വാസ സംരക്ഷകന്മാരിൽ പ്രഥമനായി അറിയപ്പെടുന്നത് കദ്രാത്തസ് ആണ്. എവുസേബിയൂസ് (Eusebius) എന്ന ചരിത്രകാരൻെറ സാക്ഷ്യമാണ് ഇന്ന് കദ്രാത്തസിനെക്കുറിച്ച് അവശേഷിക്കുന്ന ഏക പരാമർശം.[1] എവുസേബിയൂസിൻെറ ചരിത്ര രേഖകളിൽനിന്നും നമുക്കു ലഭിക്കുന്ന അറിവ് ഇതാണ്: ശ്ലീഹന്മാരുടെ ഒരു ശിഷ്യനായിരുന്ന കദ്രാത്തസ. 124/5ലോ റോമൻ ചക്രവർത്തി ഹാഡ്രിയൻ (Hadrian, 117—138) ആതൻസ് സന്ദർശിച്ചപ്പോൾ കദ്രാത്തസ് താനെഴുതിയ ഒരു വിശ്വാസ സമർത്ഥനം അദ്ദേഹത്തിനു സമർപ്പിച്ചു. തത്ഫലമായി ക്രിസ്ത്യാനികൾക്ക് അനുകൂലമായ ഒരു വിളംബരം ചക്ര

1 Eusebius, The Ecclesiastical History 4,3,1-2.

www.malankaralibrary.com

വത്തി പുറപ്പെടുവിച്ചു. വിശ്വാസ സംരക്ഷകനായ ക്വാദ്രാത്തസ് തന്നെയാണ് എവുസേബിയൂസിന്റെ ഗ്രന്ഥത്തിൽ മറ്റൊരിടത്തു്[2] പ്രത്യക്ഷപ്പെടുന്ന പ്രവാചകനായ കാദ്രാത്തസ് എന്നു് വേറെ ചിലർ അഭിപ്രായപ്പെടുന്നു. എന്തുതന്നെയായാലും വിശ്വാസസംരക്ഷകരിൽ വച്ചു് ആദ്യജാതൻ എന്ന ബഹുമതി അർഹിക്കുന്ന വ്യക്തിയാണ് കാദ്രാത്തസ്.

## 2. ആതൻസിലെ അരിസ്റ്റീദസ് (Aristhides of Athens 2ndC.)

അരിസ്റ്റീദസിന്റെ ജീവചരിത്രം നമുക്കജ്ഞാതമാണ്. ഇന്നുള്ളതിൽ വച്ചു് ഏററവും പഴക്കം കൂടിയ വിശ്വാസ സമർത്ഥനം ഇദ്ദേഹത്തിന്റേതത്രേ. ഏ. ഡി. 126–നും 139–നും മദ്ധ്യേ ഇതെഴുതിയെന്നും റോമൻ ചക്രവർത്തിയായ ഹാഡ്രിയനു് (117–138) സമർപ്പിച്ചുവെന്നുമാണ് എവുസേബിയൂസിന്റെ അഭിപ്രായം.[3] ഹാഡ്രിയന്റെ പിൻഗാമിയായ അന്തോണിയൂസ പീയൂസിന്റെ (Antonius Pius 138—161) ഭരണകാലത്താണു ഇതെഴുതിയതെന്നു് കരുതുന്നവരുമുണ്ടു്. മൂലഗ്രന്ഥം കാലക്രമത്തിൽ നഷ്ടപ്പെട്ടു. 1878–ൽ വെനീസിലെ മെക്കിററൈററു് സന്യാസികൾ (Machetarite monks) പ്രസ്തുതഗ്രന്ഥത്തിന്റെ ഏതാനും ഭാഗങ്ങൾ അർമേനിയൻ ഭാഷയിൽനിന്നും ലത്തീൻ ഭാഷയിലേയ്ക്കു് പരിഭാഷപ്പെടുത്തി. അതിന്റെ സുറിയാനി പരിഭാഷ സീനായ് മലയിലെ വി. കാതറിന്റെ നാമധേയത്തിലുള്ള സന്യാസാശ്രമത്തിൽനിന്നും ജെ. ആർ. ഹാർവിസ് (J. R. Harvis) കണ്ടെടുക്കുകയും ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തുകയും ചെയ്തു. ബർലാമിന്റേയും ജോസഫാത്തിന്റേയും ജീവചരിത്രത്തിൽ (Legend of Barlaam and Josephat) ഉണ്ടായിരുന്ന, അരിസ്റ്റീദസിന്റെ വിശ്വാസ സമർത്ഥനം കണ്ടെടുത്തതു് ജെ. എ. റോബിൻസനാണു് (J. A. Robinson). പ്രസ്തുത വിശ്വാസ

---

2 Eusebius, The Ecclesiastical History 3,37,1; 5,17,2.

3 Ibid. 4,3,2.

www.malankaralibrary.com

സമത്ഥനത്തിനു് രണ്ടു ഭാഗങ്ങളുണ്ടു്. ഇവയിൽ ആദ്യത്തേതിൽ യഹൂദർ, ഗ്രീക്കുകാർ എന്നിവക്കെതിരായുള്ള വിമർശനങ്ങളും രണ്ടാമത്തേതിൽ ക്രൈസ്തവ ജീവിതത്തിൻെറ തന്നെ ശരിയായ വിശദീകരണവും ഉൾക്കൊള്ളുന്നു.

## 3. ആതൻസിലെ അത്തനാഗോറസ് (Athenagorus of Athens +C.190.)

ആതൻസിലെ ഒരു ക്രൈസ്തവ ചിന്തകനായിരുന്നു എന്നതൊഴിച്ചാൽ അത്തനാഗോറസിനെക്കുറിച്ചു് കൂടുതൽ അറിവുകളൊന്നും ലഭിച്ചിട്ടില്ല. അത്തനാഗോറസിൻെറതെന്നു് സുനിശ്ചിതമായി പറയാവുന്ന രണ്ടു ഗ്രന്ഥങ്ങളാണുള്ളതു്. (1) 'ക്രൈസ്തവക്കുവേണ്ടിയുള്ള അഭ്യത്ഥന' (Supplication for the Christians) എന്ന വിശ്വാസ സമത്ഥനവും (2) 'മരിച്ചവരുടെ ഉയിപ്പ്' (Resurrection of the Dead) നെക്കുറിച്ചുള്ള ഒരു ഗ്രന്ഥവും.

രചനാവൈദഗ്ദ്ധ്യത്തിൽ ജസ്റ്റിനേക്കാൾ മുൻപന്തിയിലാണു് ഇദ്ദേഹത്തിൻെറ സ്ഥാനം. എ. ഡി. 177-ൽ എഴുതിയ വിശ്വാസസമത്ഥനത്തിൽ റോമൻ ചക്രവത്തിയായ മാക്കസ് ഔറേലിയൂസിനേയും (Marcus Aurelius 161-180) അദ്ദേഹത്തിൻെറ മകൻ കൊമ്മോദസി Commodus 181-192) നേയുമാണു് അഭിസംബോധന ചെയ്തിരിക്കുന്നതു്. ക്രൈസ്തവക്കെതിരായുള്ള ആരോപണങ്ങളെ അത്തനാഗോറസ് നിശിതമായി ഇതിൽ വിമർശിച്ചിട്ടുണ്ടു്. ക്രൈസ്തവരുടെ ജീവിത വിശുദ്ധി ഇതിൽ അദ്ദേഹം ഉയത്തിക്കാട്ടുന്നുണ്ടു്. പരിശുദ്ധ ത്രിത്വത്തിലെ ഏകത്വവും സുവിശേഷങ്ങളുടെ ദൈവനിവേശിത സ്വഭാവം, ക്രൈസ്തവ വിവാഹം, കന്യകാത്വം എന്നിവയും അദ്ദേഹത്തിൻെറ പരാമശ്ശങ്ങളിൽപ്പെടുന്നു.

മരിച്ചവരുടെ ഉയിപ്പിനെക്കുറിച്ചുള്ള ഗ്രന്ഥത്തിലെ പ്രധാന ആശയങ്ങൾ താഴെ ചേക്കുന്നു: അത്തനാഗോറസിൻെറ അഭിപ്രായത്തിൽ മനുഷ്യൻ മരണാനന്തരം ഉയിക്കുമെന്ന സാദ്ധ്യതയ്ക്കുടിസ്ഥാനം, മുഖ്യമായി ദൈവത്തി

www.malankaralibrary.com

ൻെറ ശക്തിയാണ്. കൂടാതെ ഉയിപ്പിൻെറ അനിവാര്യ തയെ തെളിയിക്കാൻ മൂന്നു കാരണങ്ങൾകൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്: 1) ബുദ്ധിജീവിയെന്ന നിലയ്ക്ക് മത്ത്യൻ അമത്ത്യനത്രെ. ആകയാൽ ആത്മാവുമായി യോജിക്കാൻ ശരീരം ഉയിത്തെഴുന്നേല്ക്കണം. 2) മരണാനന്തരജീവിതത്തിൽ ശരീരവും പങ്കുവഹിക്കേണ്ടതുണ്ട്. 3) മനുഷ്യനിലുള്ള ആനന്ദതൃഷ്ണ ഈ ലോകജീവിതം കൊണ്ട് പൂണ്ണമായി സംതൃപ്തിപ്പെടുത്താവുന്നതല്ല. ആകയാൽ ഈ തൃഷ്ണയുടെ പൂത്തീകരണത്തിന് മരണാനന്തര ജീവിതം ആവശ്യമാണ്.

## 4. രക്തസാക്ഷിയായ ജസ്റ്റിൻ (Justin the Martyr C. + 165)

വിശ്വാസസംരക്ഷകരിൽ വച്ച് ജസ്റ്റിന് സമശീഷ്നായി മററാരുമില്ല. വിജാതീയരായ മാതാപിതാക്കളിൽ നിന്നും പലസ്തീനായിൽ അദ്ദേഹം ഭൂജാതനായി. ക്രൈസ്തവേതര ദശ്നങ്ങളിലൊന്നും സംതൃപ്തനാകാതെ [4] അവസാനം ഏ.ഡി.130—ൽ ക്രിസ്തുമതാവലംബിയായി. ദാശ്നികനെന്നനിലയിൽ അനേക സ്ഥലങ്ങൾ ചുററിസഞ്ചരിച്ചശേഷം റോമിലെത്തുകയും അവിടെ പിന്നീട് ഒരു വിദ്യാകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. അവിടെവച്ച് ഏ. ഡി. 165—ൽ രക്തസാക്ഷിമകുടം ചൂടി.

അനുഗൃഹീതനായ ഒരു എഴുത്തുകാരനായിരുന്നു ജസ്റ്റിൻ. ജസ്റ്റിൻെറ കർതൃത്വം ആധികാരികമായി ആരോപിക്കാവുന്ന ഗ്രന്ഥങ്ങൾ മൂന്നെണ്ണമേ ഉള്ളു. രണ്ടു വിശ്വാസ സമത്ഥനങ്ങളും[5] ഒരു സംവാദവും. കൂടാതെ, 'ഗ്രീക്കുകാക്കെതിരായ സംവാദം' (Discourse Against the Greeks) 'സങ്കീത്തനഗ്രന്ഥം', 'വിജാതിയരോടുള്ള ഉപദേശം' (Exhortation to the Gentiles) 'ഉയിപ്പിനെപ്പററിയുള്ള' (On Resurrectrion)

4 Justin, The dialogue with Trypho 2-8.

5 Euseb., Eccl. Hist. 4,18.

www.malankaralibrary.com

തുടങ്ങിയ മററനേകം ഗ്രന്ഥങ്ങളും ജസ്റ്റിൻെറ പേരിൽ അറിയപ്പെടുന്നുണ്ട്.

മേൽപ്പറഞ്ഞ വിശ്വാസ സമത്ഥനങ്ങൾ രണ്ടും വിജാതിയർക്കെതിരെ ചക്രവത്തിയേയും (Antonius Pius 138–161) രാജസദസ്സിനേയും അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയിട്ടുള്ളവയാണ്. ക്രൈസ്തവർക്കെതിരെ ഉന്നയിച്ചിരുന്ന ആരോപണങ്ങളെ ഖണ്ഡിച്ചശേഷം ക്രിസ്തുമതത്തിൻെറ യഥാത്ഥ ചിത്രം വരച്ചുകാട്ടുകയാണ് ആദ്യത്തേതിൽ. ക്രൈസ്തവ ധാമ്മീകതയുടെ വൈശിഷ്ട്യം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ആദ്യത്തേതിൻെറ സമാപനമാണ് ദ്വിതീയ വിശ്വാസ സമത്ഥനം.

''ട്രീഫോയുമായുള്ള സംവാദ'' (The Dalogue with Trypho)മാണ് ജസ്റ്റിൻെറ കർതൃത്വം ആധികാരികമായി ആരോപിക്കുന്ന മൂന്നാമത്തെ ഗ്രന്ഥം. ഇതു് യഹൂദരെ ഉദ്ദേശിച്ച് എഴുതിയിട്ടുള്ളതാണ്. അക്കാലത്തു് ഏററവും അറിയപ്പെട്ടിരുന്ന യഹൂദനായിരുന്നു ട്രീഫോ.[6] പ്രസ്തുത ഗ്രന്ഥത്തിൽ ക്രൈസ്തവർ നിയമധ്വംസകരാണെന്ന ആരോപണത്തെ ജസ്റ്റിൻ നിഷേധിക്കുന്നു. ക്രിസ്തുവിൻെറ വ്യക്തിത്വത്തിൻെറ വിവിധ വശങ്ങൾ ഇതിൽ അപഗ്രഥിച്ചിട്ടുണ്ട്. ക്രിസ്തുമതത്തിൽ അദ്ദേഹം ദശിച്ച സത്യമാണ് ഇതിലെ പ്രധാന പ്രമേയം. പഴയനിയമത്തെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം വ്യക്തമാക്കുകയും ക്രിസ്തുവിനെ ആരാധിക്കുന്നതു് ഏകദൈവവിശ്വാസത്തിനെതിരല്ലെന്നു സ്ഥാപിക്കുകയും ക്രൈസ്തവർ ഒരു നവജനതതിയാണെന്നും വിജാതീയർ പുതിയ ഇസ്രായേൽ ജനമാകുവാൻ വിളിക്കപ്പെട്ടവരാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട് ഇതിൽ. ഇന്നു് സൂക്ഷിക്കപ്പെടുന്ന വിശ്വാസസമത്ഥനങ്ങളിൽവച്ച് ഏററവും പഴക്കം ചെന്നതു് ഇതാണ്.

---

6 Euseb., Eccl, Hist. 4,18.

www.malankaralibrary.com

## മുഖ്യ പ്രബോധനങ്ങൾ:

ആദിമസഭയുടെ ദൈവശാസ്ത്രം, സഭാവിജ്ഞാനീയം, ആരാധനക്രമം തുടങ്ങിയവയെക്കുറിച്ച് ഏററവും കൂടുതൽ അറിവു ലഭിക്കുന്നതു് ജസ്റ്റിൻെറ പ്രബോധനങ്ങളിൽ നിന്നാണ്. ഇദ്ദേഹത്തിൻെറ കൃതികളിൽ കാണുന്ന പ്രധാന ആശയങ്ങൾ താഴെ ചേർക്കുന്നു.

## ദൈവശാസ്ത്രം

വെളിപാട് അതിൽത്തന്നെ പൂർണ്ണമാണെന്നും എന്നാൽ, തത്വശാസ്ത്രം അതിൽത്തന്നെ അപൂർണ്ണമാണെന്നും പൂർണ്ണമായ വെളിപാട് ക്രിസ്തുമതത്തിൽ മാത്രമേയുള്ളുവെന്നും ജസ്റ്റിൻ പഠിപ്പിച്ചിട്ടുണ്ട്. ദൈവം മനുഷ്യേന്ദ്രിയങ്ങൾക്ക് അതീതനാണെന്നും ദൈവത്തേയും മനുഷ്യനേയും യോജിപ്പിക്കുന്ന കണ്ണിയാണ് 'വചന'മെന്നും ഇദ്ദേഹം എഴുതിയിരിക്കുന്നു. ദൈസൃഷ്ടികളായ മാലാഖാമാർ മനുഷ്യരെ സംരക്ഷിക്കുന്നതിലും പിശാചുക്കൾ മനുഷ്യരെ പാപത്തിലേക്ക് നയിക്കുന്നതിലുമാണ് വ്യാപൃതരായിരിക്കുന്നതെന്നും[7] ജസ്റ്റിൻെറകൃതികളിൽ കാണാം. മാലാഖാമാർ, പിശാചുക്കൾ, മനുഷ്യാത്മാവു് ഇവയ്ക്കെല്ലാം പഞ്ചഭൂതാത്മകത്വമുണ്ടെന്നായിരുന്നു ഇദ്ദേഹത്തിൻെറ അഭിപ്രായം. മറിയം രണ്ടാമത്തെ ഹവ്വയാണ് എന്ന ആശയം ക്രിസ്തീയസാഹിത്യത്തിൽ ആദ്യമായി അവതരിപ്പിച്ചതും ഇദ്ദേഹമാണ്.[8]

## സഭയും ക്രൂദാശകളും

സഭ യഥാർത്ഥ ഇസ്രായേലാണെന്നു ജസ്റ്റിൻ സമർത്ഥിക്കുകയും സഭയുടെ ഐക്യവും സാർവത്രികതയും ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. മാമോദീസാ, വിശുദ്ധ കുബ്ബാന എന്നിവ പരികർമ്മം ചെയ്തിരുന്ന രീതിയെക്കുറിച്ച് ലഭിച്ചിട്ടുള്ള ഏററവും പുരാതന രേഖകൾ ജസ്റ്റിൻേറതത്രെ.

7 Justin., Apologia 1,26,54,57,62.
8 Justin., Dial. 100.

www.malankaralibrary.com

ഇദ്ദേഹത്തിൻെറ വീക്ഷണത്തിൽ മാമോദീസാ സൂചിപ്പിക്കുന്നതു് പാപമോചനം, പുനർജ്ജനനം, പ്രകാശിപ്പിക്കൽ (Illumination), സ്വാതന്ത്ര്യലബ്ധി എന്നിവയെയാണു്.[9] സൃഷ്ടി, മനുഷ്യരക്ഷ, എന്നിവകളുള്ള കൃതജ്ഞതാപ്രകാശനമായാണു് വിശുദ്ധ കുർബ്ബാനയെ ജസ്റ്റിൻ പരിഗണിച്ചിട്ടുള്ളതു്. ഇദ്ദേഹത്തിൻെറ കാലത്തെ വിശുദ്ധകുർബ്ബാനയിലെ പ്രധാന ഘടകങ്ങളായിരുന്ന വിശുദ്ധഗ്രന്ഥവായനകൾ, അവയുടെ വ്യാഖ്യാനം, സമാധാന ചുംബനം, കൃതജ്ഞതാ പ്രാർത്ഥനകൾ മുതലായവ. അപ്പവും, ജലം കലർത്തിയ വീഞ്ഞുമാണു് വിശുദ്ധ കുർബാനയിൽ ഉപയോഗിച്ചിരുന്നതെന്നും ശമ്മാശന്മാർ വിശുദ്ധ കുർബാന നല്കിയിരുന്നുവെന്നും ജസ്റ്റിൻ സാക്ഷ്യപ്പെടുത്തുന്നു. വിശുദ്ധ കുർബ്ബാനയിൽ ശാരീരികമായി സംബന്ധിക്കുവാൻ കഴിയാതെ പോയവർക്കു ദിവ്യകാരുണ്യം കൊണ്ടുപോയി കൊടുത്തിരുന്നു എന്നതിനും ഇദ്ദേഹത്തിൻെറ കൃതിയിൽ പരാമർശമുണ്ടു്.[10]

## 5. സിറിയാക്കാരനായ താസിയാൻ (Tatian the Syrian 2ndC.)

ആറാം അദ്ധ്യായം കാണുക

## 6. അന്ത്യോക്യായിലെ തെയോഫിലസ് (Theophilus of Antioch + 180)

യൂഫ്രട്ടീസിനരികെ മെസോപ്പൊട്ടോമിയായിലാണു് തെയോഫിലസ് ജനിച്ചതു്. മെസോപ്പൊട്ടോമിയായിൽവെച്ചു യവന തത്വചിന്തയിൽ അവഗാഹം നേടിയതിനു ശേഷമാണു് ഇദ്ദേഹം ക്രൈസ്തവനായതു്. എവുസേബിയൂസിൻെറ വിവരണമനുസരിച്ചു് അന്ത്യോക്യായിലെ ആറാമത്തെ മെത്രാനാണു് തെയോഫിലസ്.[11]

---

9 Justin., Apol. 1,61.
10 Ibid., 1,62.67.
11 Euseb., Eccl. Hist. 4,20.

www.malankaralibrary.com

ഇദ്ദേഹത്തിൻെറ അനേകം ഗ്രന്ഥങ്ങളിൽവച്ച് 'അവു ത്തോലികസിനു്'' (Ad Autolicum)എന്നുള്ള ഗ്രന്ഥം മാത്രമേ ഇന്നു ലഭ്യമായിട്ടുള്ളൂ. മൂന്നു ലഘുഗ്രന്ഥങ്ങളുടെ സമാഹാരമാണിതു്. അവുത്തോലികസിൻെറ ആരോപണങ്ങളെ ചെറുക്കുകയും ദൈവം, ദൈവപരിപാലന, ഉയിപ്പ്, എന്നീ വിഷയങ്ങൾ വിവരിക്കുകയുമാണു് പ്രഥമ ഗ്രന്ഥത്തിൽ. പ്രസ്തുത പുസ്തകത്തിലെ ആശയങ്ങൾ വിപുലീകരിക്കാനും വി. ഗ്രന്ഥമുപയോഗിച്ച് വിജാതീയരുടെ അന്ധവിശ്വാസങ്ങളെയും ഗ്രീക്കുകവിതകളിലും ദാർശനികരിലുമുള്ള വിരോധാഭാസങ്ങളെയും എതിർക്കാനുമുള്ള ശ്രമമാണു് ദ്വിതീയഗ്രന്ഥത്തിൽ. വിജാതിയരുടേയും ക്രിസ്ത്യാനികളുടേയും ജീവിതങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുകയും ക്രിസ്തുമതത്തിൻെറ പൗരാണികത്വത്തേയും അതിൻെറ ലിഖിതങ്ങളേയും പ്രകീർത്തിക്കുകയുമാണു് മൂന്നാമത്തെ ഗ്രന്ഥത്തിൽ .തെയോഫിലസ് വേറെയും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നു് എവുസേബിയൂസ്,[12] ജറോം[13] എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**സമാപനം:**

ക്രിസ്തുമതത്തിൻെറ ചരിത്രത്തിൽ വിശ്വാസ സംരക്ഷകർ സാരമായ പങ്കുവഹിച്ചിട്ടുണ്ട്. നാനാതരത്തിലുള്ള ഭീഷണികൾക്കും മർദ്ദനങ്ങൾക്കും മദ്ധ്യേ ക്രൈസ്തവൻെറ വിശ്വാസ ദീപം പൊലിയാതെ നിലനിർത്തിക്കൊണ്ടു പോകുവാൻ അവരുടെ പ്രയത്നങ്ങൾ കാരണമായി. ക്രിസ്ത്യാനികളുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാനും വിജാതീയരിൽ നിന്നുള്ള എതിർപ്പുകളെ ചെറുക്കുവാനും തെററിദ്ധാരണകൾ ദൂരീകരിക്കുവാനും അവർ അക്ഷീണം പ്രയത്നിച്ചു. സുശിക്ഷിതങ്ങളോ വ്യവസ്ഥാപിതങ്ങളോ ആയ പഠനങ്ങൾ സദാ അവരുടെ ഗ്രന്ഥങ്ങളിൽ കാണുന്നില്ലെന്നു് പലരും പരാതിപ്പെട്ടേക്കാം. എങ്കിലും അക്കാലത്തെ

12 Euseb., Eccl. Hist., 5,24.
13 Jerome, Epistula. 121,6,15.

www.malankaralibrary.com

ക്രൈസ്തവരുടെ ദൈവശാസ്ത്രപരമായ ചിന്താഗതികളിലേക്കും സഭയുടെ വളർച്ചയിലേക്കും വെളിച്ചം വീശുവാൻ പര്യാപ്തമാണ് അവയെല്ലാം. ആകയാൽ ദൈവശാസ്ത്രത്തിനും സഭാചരിത്രത്തിനും ഒരുപോലെ കടപ്പെട്ടവർ ആണ് വിശ്വാസ സംരക്ഷകർ. അവരുടെ ലിഖിതങ്ങളിൽ ഏറിയ പങ്കും കാലഹരണപ്പെട്ടുപോയി എന്നതാണ് ഏററവും ശോചനീയം.

www.malankaralibrary.com

## അദ്ധ്യായം 3

# ആദിമക്രിസ്തീയ മതാദ്ധ്യാപനാലയങ്ങൾ

ക്രിസ്തുമതചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു രണ്ടാം നൂററാണ്ടിൻെറ ആരംഭം. ക്രിസ്തുമതാനുയായികളുടെ എണ്ണം അനുദിനം വദ്ധിച്ചുകൊണ്ടിരുന്നു. താക്കികന്മാർ, പ്രാസംഗികന്മാർ, ദാർശനികർ തുടങ്ങിയ ബുദ്ധിജീവികളുടെ ഒരു സമൂഹം സഭയിൽ സംജാതമായി. അന്നുവരെ വിശ്വാസസത്യങ്ങറം പഠിപ്പിച്ചിരുന്ന രീതി തീത്തും അപൂണ്ണമായി ഈ പുത്തൻ തലമുറയ്ക്കനുഭവപ്പെട്ടു. ക്രൈസ്തവദൈവശാസ്ത്രം ശാസ്ത്രീയമായും വ്യവസ്ഥാപിതമായും അവതരിപ്പിക്കേണ്ടതു് അത്യാവശ്യമായി അവക്കുതോന്നി. ഈ ആവശ്യം ഏററവും തീവ്രമായി തോന്നിയവർ, സ്വന്തമായി പഠനക്കളരികറം സംഘടിപ്പിക്കുകയും ദൈവശാസ്ത്രത്തെ തത്വശാസ്ത്രത്തിൻെറ വെളിച്ചത്തിൽ സാഹിത്യമേന്മയുടെ അകമ്പടിയോടുകൂടി വിശദീകരിക്കുകയും ചെയ്യാൻ തുടങ്ങി. ഉദാഹരണമായി രക്തസാക്ഷിയായ വി. ജസ്റ്റിൻ (Justin the Martyr), താസിയാൻ (Tatian the Syrian) എന്നിവർ റോമിലും, പന്തേനൂസ് (Panthenus), റോമായിലെ ക്ലമൻറ് (Clement of Rome) എന്നിവർ അലക്സാണ്ട്റിയായിലും, ലൂസിയൻ (Lucian), എവുസ്താത്തിയൂസ് (Eustathius) എന്നിവർ അന്ത്യോക്യായിലും ഈദൃശ മതാദ്ധ്യാപനാലയങ്ങറം തുടങ്ങി. തുടന്നു അലക്സാണ്ട്റിയ, കേസറിയ, അന്ത്യോക്യാ, എദേസാ, നിസിബിസ് എന്നിവിടങ്ങളിലെല്ലാം ഇപ്രകാരമുള്ള അദ്ധ്യാപനാലയങ്ങറം സ്ഥാപിതമായി. ഇവയിൽ പഴക്കംകൊണ്ടും പ്രാധാന്യംകൊണ്ടും മുൻപന്തിയിൽ നില്ക്കുന്നതു് അലക്സാണ്ട്റിയായിലെയും അന്ത്യോക്യായിലെയും മതാദ്ധ്യാപനാലയങ്ങളാണു്.

www.malankaralibrary.com

സഭയുടെ വളർച്ചയിൽ ഈ രണ്ടു അദ്ധ്യാപനകേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. സഭയുടെ ദൈവ ശാസ്ത്രവികാസത്തിനു അമൂല്യവും വർണ്ണനാതീതവുമായ സംഭാവനകൾ നല്കിയ ഈ രണ്ടു മതാദ്ധ്യാപനാലയങ്ങളെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## A. അലക്സാണ്ട്റിയായിലെ മതാദ്ധ്യാപനാലയം

ബി. സി. 331—ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി സ്ഥാപിച്ചതാണ് അലക്സാണ്ട്റിയ (Alexandria) എന്ന നഗരം. സംസ്കാരത്തിൻെറയും വിജ്ഞാനത്തിൻെറയും വ്യാപാരബന്ധങ്ങളുടെയും കാര്യത്തിൽ മറേറതൊരു നഗരത്തെക്കാളും മുൻപന്തിയിലായിരുന്നു അലക്സാണ്ട്റിയാ. ക്രമേണ ഈജിപ്റ്റിൻെറ തലസ്ഥാന നഗരിയായിത്തീന്നു ഇതു്. ബി. സി. 280—നോടുകൂടി ടോളമി (Ptolemy—I) ഒരു കാഴ്ചബംഗ്ലാവും ഒരു ഗ്രന്ഥശാലയും ഇവിടെ സ്ഥാപിച്ചു. ഗ്രീക്കു ദശ്നങ്ങളുടെയും വിജ്ഞാനശാഖകളുടെയും പ്രചാരണോപാധികളായിത്തീന്നു ഇവ. ഇതിനു സമാന്തരമായി ഒരു യഹൂദസമൂഹവും അവിടെ തഴച്ചു വളന്നിരുന്നു. ക്രിസ്തുമതത്തിൻെറ ആരംഭദശയിൽ തന്നെ അലക്സാണ്ട്റിയായിലും സഭ രൂപംകൊണ്ടു. ശാസ്ത്ര സാഹിത്യവിഷയങ്ങളിൽ നിപുണരായിരുന്ന അനേകർ ക്രിസ്തുമതത്തെ ആശ്ലേഷിച്ചു. കാലക്രമേണ വിശ്രുതരും വിജ്ഞാനികളുമായ സഭാംഗങ്ങളുടെ ശ്രമഫലമായി ഒരു മതാദ്ധ്യാപനാലയവും അലക്സാണ്ട്രിയായിൽ ഉയന്നുവന്നു.

## സവിശേഷതകൾ

1. അഭിജ്ഞക്കു അഭികാമ്യമായ രീതിയിൽ ദൈവശാസ്ത്രവിഷയങ്ങൾ അവതരിപ്പിക്കുന്ന സമ്പ്രദായം ആദ്യമായി സ്വീകരിച്ചുവെന്നതാണ് ഈ മതാദ്ധ്യാപനാലയത്തിൻെറ ഒരു സവിശേഷത. ഓരോ രാജ്യത്തിലെയും സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങൾ പരിഗണിച്ചുകൊണ്ടു വ്യവസ്ഥാപിതവും ശാസ്ത്രീയവുമായി അവർ ദൈവശാസ്ത്രതത്വങ്ങൾ ആവിഷ്കരിച്ചു. അതിനായി ഭൗതികശാസ്ത്രങ്ങളും സാഹിത്യവും അവർ ഉപയോഗിച്ചു.

www.malankaralibrary.com

2. വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിൽ പ്രതീകാത്മകതയ്ക്കും (Symbolical), ആലങ്കാരികതയ്ക്കും (Allegorical) കല്പിച്ച പ്രാധാന്യമാണ് മറെറാരു സവിശേഷത. അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം വാച്യാർത്ഥ (literal) മാണ് കാര്യമായി ശ്രദ്ധിച്ചതു്. ആലങ്കാരികവും പ്രതീകാത്മകവുമായ വ്യാഖ്യാനരീതി ക്രൈസ്തവപിതാക്കന്മാർക്കു മുമ്പ് വിജാതീയരും യഹൂദഗ്രന്ഥകാരന്മാരും അവലംബിച്ചിരുന്നു.

3. ക്രൈസ്തവധാർമ്മികതയ്ക്കടിസ്ഥാനമിടുകയും അതിന്റെ ചക്രവാളങ്ങൾ വിപുലീകരിക്കുകയും ചെയ്തതു് അലക്സാണ്ട്റിയായിലെ മതാദ്ധ്യാപനാലയത്തിന്റെ വേറൊരു സവിശേഷതയാണ്.

4. ഈ മതാദ്ധ്യാപനാലയം ഊന്നിപ്പറഞ്ഞതു ക്രിസ്തുവിന്റെ ദൈവികത്വമാണ്. അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം ക്രിസ്തുവിന്റെ മനുഷ്യത്വമാണ് ഊന്നിപ്പറഞ്ഞതു്.

5. അലക്സാണ്ട്റിയായിലെ മതാദ്ധ്യാപനാലയത്തെ കൂടുതൽ സ്വാധീനിച്ചതു് പ്ലേറേറായുടെ (Plato B.C. 427–347) ദാർശനികതത്വങ്ങളും രീതികളുമാണ്. അരിസ്റ്റോട്ടിലാണ് (Aristotle B. C. 384–322) അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിന്റെ അനുകരണപാത്രമായി ഭവിച്ചതു്.

പ്രസ്തുത മതാദ്ധ്യാപനാലയത്തിലെ പ്രധാനപ്പെട്ട പിതാക്കന്മാരെപ്പററി ചുവടെ ചേർക്കുന്നു.

## 1. പന്തേനൂസ് (Panthenus C.+200)

എവുസേബിയൂസിന്റെ സാക്ഷ്യപ്രകാരം പന്തേനൂസാണ് അലക്സാണ്ട്റിയായിൽ മതാദ്ധ്യാപനാലയത്തിനു ആരംഭമിട്ടതു്. ഇദ്ദേഹം ആതൻസുകാരനാണെന്നും ഒരു മിഷ്യനറിയായി ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നും പാരമ്പര്യങ്ങളുണ്ടു്. വിശുദ്ധഗ്രന്ഥം ആലങ്കാരികമായി വ്യാ

www.malankaralibrary.com

ഖ്യാനിക്കാൻ ഇദ്ദേഹം ശ്രമിച്ചു. രചനകളിൽ നല്ലൊരു ഭാഗം ചോദ്യോത്തരരൂപത്തിലാണ്. രചനകളുടെ ലക്ഷ്യം സാഹിത്യപരമെന്നതിനേക്കാൾ മതബോധനമായിരുന്നു. പന്തേനുസിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

## 2. അലക്സാണ്ട്റിയായിലെ വിശുദ്ധ ക്ലമന്റ്

## (Clement of Alexandria C. 150–215)

ഇദ്ദേഹം A. D. 150–ാമാണ്ടിൽ ആതൻസിൽ ജനിച്ചുവെന്നു കരുതപ്പെടുന്നു. ഇററലി, ഗ്രീസ് എന്നിവിടങ്ങളിലെല്ലാം ചുററി സഞ്ചരിച്ചതിനുശേഷം 200–ൽ അലക്സാണ്ട്റിയായിൽ ചെന്നു് പന്തേനുസിൻെറ ശിഷ്യനും പിന്നീടു അവിടുത്തെ മതാദ്ധ്യാപനാലയത്തിൻെറ അധിപനുമായി. വിജാതീയനായ ക്ലമൻറ് ക്രിസ്തുമതം സ്വീകരിക്കാനിടയായ സാഹചര്യങ്ങൾ നമുക്കജ്ഞാതമാണ്. റോമൻ ചക്രവർത്തിയായ സെപ്തിമുസ് സെവേരുസിൻെറ (Septimus Severus 193–211) ഭരണകാലത്തു് 202/203 ൽ വി. ക്ലമൻറ് അലക്സാണ്ട്റിയായിൽ നിന്നും ബഹിഷ്കൃതനായിയെന്നും അദ്ദേഹം തൻെറ സ്നേഹിതനും അഭ്യുദയകാംക്ഷിയും കപ്പദോസിയാ (Capadocia) യിലെ മെത്രാനുമായിരുന്ന അലക്സാണ്ടറിനെ (Alexander) സമീപിച്ചുവെന്നും ഏ. ഡി. 215/216ൽ നിര്യാതനായെന്നും കരുതപ്പെടുന്നു.

### കൃതികൾ[1]

ഗ്രീക്കുതത്വശാസ്ത്രത്തിൽ അവഗാഹം സിദ്ധിച്ച പണ്ഡിതൻ, ക്രൈസ്തവവിശ്വാസ സംരക്ഷകൻ, ദൈവശാസ്ത്രജ്ഞൻ, മിസ്റ്റിക് എന്നീ നിലകളിൽ അനേകം കൃതികൾ ക്ലമൻറ് സംഭാവന ചെയ്തിട്ടുണ്ട്. ഇതിൽ പ്രധാനമാണ് 'ട്രിലോഗി' (Trilogy) എന്ന കൃതി. പ്രസ്തുത കൃതിക്കു മൂന്നു ഭാഗങ്ങളാണുള്ളതു്. അവ യഥാക്രമം ഇവയാണ്.

---

1 Migne, Patrologia graeca Vol. 8-9.

www.malankaralibrary.com

## 'പ്രൊത്രേപ്തിക്കൂസ്' (Protrepticus)

വിജാതീയരുടെ മാനസാന്തരത്തിനായുള്ള ഉപദേശവും ക്രിസ്തീയ വിശ്വാസത്തിന്റെ ശ്രേഷ്ഠതയുമാണ് ഇതിലെ പ്രതിപാദ്യം.[2]

## 'പെഡഗോഗൂസ്' (Pedagogus)

പ്രൊത്രേപ്തിക്കൂസിന്റെ (Protrepticus) തുടർച്ചയായ ഇത്, മാമോദീസാ സ്വീകരിച്ചവരെ ഉദ്ദേശിച്ചാണ് എഴുതിയിട്ടുള്ളത്. ഇതിൽ മൂന്നു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. 'വചന'ത്തെ സംബന്ധിച്ചുള്ളതാണ് ഒന്നാംഭാഗം. വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ആദ്ധ്യാത്മികതയെക്കുറിച്ചും ഇവിടെ വിശദീകരിക്കുന്നുണ്ട്. ക്രൈസ്തവർ അനുവർത്തിക്കേണ്ട ധർമ്മികനിയമങ്ങളാണ് രണ്ടും മൂന്നും ഭാഗങ്ങളിലെ പ്രമേയം. സാന്മാർഗ്ഗികാപഗ്രഥനങ്ങളിൽ സ്റ്റോയിക് സ്വാധീനം (Stoic Influence) പ്രകടമായിക്കാണാം.

## 'സ്ട്രോമാററാ' (Stromata)

എട്ടു ലഘുഗ്രന്ഥങ്ങളുടെ ഒരു സമാഹാരമാണിത്. ഇത് ആശയ സമൃദ്ധമാണെങ്കിലും നിയതമായക്രമത്തിന്റേയും ആകൃഷ്ടമായ ശൈലിയുടേയും അഭാവം അനുവാചകനെ ക്ലേശിപ്പിക്കുന്നു. ക്രിസ്തുമതവും യവനചിന്തയും തമ്മിലുള്ളബന്ധം, ദൈവാന്വേഷണം എന്നിവയാണ് മുഖ്യവിഷയങ്ങൾ. റോമൻ ചക്രവർത്തിയായ കൊമ്മോദസ്സിന്റെ(161–192) മരണശേഷമാണ് ഒന്നാം ഭാഗം എഴുതിയിട്ടുള്ളത്.

## 'രക്ഷിക്കപ്പെടുന്ന ധനികൻ ആർ' (Quis dives Salvetur)

മാർക്കോ. 10:17–31–ന്റെ വ്യാഖ്യാനമാണ് ഈ കൃതി ധനം അതിൽത്തന്നെ തിന്മയല്ലെന്നും അതിനോടുള്ള അമിതമായ ആസക്തി ഉപേക്ഷിക്കേണ്ടതാണെന്നും ക്ലമന്റ് ഉപദേശിക്കുന്നു.

---

2 Clement of Alexandria, Protrepticus II, 117, 3-4.

www.malankaralibrary.com

'ഹൈപോടിപ്പോസസ്'' (Hypotiposes)

ഇതാണ് ക്ലമൻറിൻെറ മുഖ്യകൃതി. പഴയനിയമത്തിലേയും പുതിയനിയമത്തിലേയും രൂപരേഖകളുടെ സംക്ഷിപ്തരൂപമാണ് ഇതിലെ പ്രതിപാദ്യം. ഇതു് എട്ടു ലഘുഗ്രന്ഥങ്ങളുടെ സമാഹാരമാണ്. ക്ലമൻറ് രചിച്ച കൃതികളിൽ ചിലതു് ഭാഗികമായും മററുചിലതു് പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്.

## പ്രബോധനങ്ങൾ:

### ആദ്ധ്യാത്മികവും ധാർമ്മികവും

ക്ലമൻറിൻെറ വീക്ഷണത്തിൽ പരിപൂർണ്ണതയ്ക്കു് (Perfection) ത്രിവിധ ഘടകങ്ങളുണ്ട്. a) പരിശുദ്ധമായ നിസ്സംഗത (Holy Indifference), b) പരസ്നേഹം (Charity), c) യഥാർത്ഥമായ ജ്ഞാനം (Gnosis). യഥാർത്ഥജ്ഞാന സമ്പാദനത്തിൻെറയും ധ്യാനത്തിൻെറയും പ്രാധാന്യം അദ്ദേഹം വളരെയധികം ഊന്നിപ്പറയുന്നുണ്ട്. അലക്സാണ്ട്രിയായുടെ ബൗദ്ധിക നിലവാരം ഉയരുന്നതിനു് ഇതു് കാരണമായി.

### ദൈവശാസ്ത്രപരം

പഴയനിയമത്തിലൂടെ യഹൂദന്മാർ ക്രിസ്തുമതത്തിലേലേയ്ക്കാനയിക്കപ്പെട്ടതുപോലെ വിജാതീയർ തത്വശാസ്ത്രത്തിലൂടെ ക്രിസ്ത്വാനുയായികളായിത്തീരണമെന്നായിരുന്നു ക്ലമൻറിൻെറ വാദം. ആദ്ധ്യാത്മിക സോപാനത്തിൻെറ അടിസ്ഥാനം വിശ്വാസമാണെന്നും തത്വശാസ്ത്രത്തിൻെറ സഹായം കൊണ്ടു മാത്രമേ പ്രസ്തുത വിശ്വാസം യഥാർത്ഥ ജ്ഞാനത്തിൻെറ നിലയിലേക്കുയരുകയുള്ളുവെന്നും അദ്ദേഹം കരുതിയിരുന്നു.[3]

## 3 ഒരിജൻ (Origen 185–254)

അലക്സാണ്ട്റിയായിലെ പിതാക്കന്മാരിൽ ഏററവും സമുന്നതനാണ് ഒരിജൻ. ക്രൈസ്തവ മാതാപിതാക്കളിൽ നിന്നു് ഏ.ഡി. 185–ൽ അലക്സാണ്ട്റിയായിൽ അദ്ദേഹം

3 Clement of Alexandria, Stromata 2,4,15.



www.malankaralibrary.com

ജനിച്ചു. പിതാവായ ലെയോനിദാസി (Leonidas)ൽ നിന്നും പ്രാഥമികവിദ്യാഭ്യാസവും പിന്നീട് ക്ലമൻറിൻെറ വിദ്യാകേന്ദ്രത്തിൽ നിന്നു് ഉപരിപഠനവും നേടി. പതിനെട്ടാമത്തെ വയസ്സിൽ ഇദ്ദേഹം പ്രസ്തുത വിദ്യാകേന്ദ്രത്തിൻെറ നേതൃസ്ഥാനത്തെത്തി. 203മുതൽ 230വരെ ഒരിജൻ അവിടെ അദ്ധ്യാപകനായിരുന്നു. 215– ൽ ഒരിജൻ ചെയ്തഒരുപ്രസംഗവും, 230ൽ ജറുസലേമിലേയും കേസറിയായിലേയും മെത്രാന്മാരിൽനിന്നു് (Alexander-Theoktisthus) വൈദികപട്ടം സ്വീകരിച്ചതും, സ്വന്തം മെത്രാനായ ഡെമെത്രിയൂസി (Demetrius) ൻെറ അപ്രീതിയ്ക്കു് കാരണമായി. അതിനാൽ, കേസേറിയ കേന്ദ്രമാക്കി വേറൊരു വിദ്യാകേന്ദ്രം ഒരിജൻ സമാരംഭിക്കുകയും 231 മുതൽ 254വരെ അദ്ദേഹം അവിടെ പഠിപ്പിക്കുകയും ചെയ്തു. റോമൻ ചക്രവത്തിയായ ദേച്ചിയൂസി (Decius) ൻെറ മതപീഡന കാലത്തു് (ഏ.ഡി. 251) ഇദ്ദേഹം മർദ്ദിതനും ബന്ധനസ്ഥനുമായി. വിമോചിതനായതിനുശേഷം താമസിയാതെ ടയറിൽ (Tyre) വച്ചു് ഒരിജൻ മരിച്ചു (254). എവുസേബിയൂസ് (Eusebius C.260–C.339)[4], പാംഫീലിയൂസ് (Pamphilius+301), ഗ്രിഗറിതാഘുമാത്തുർഗ്ഗൂസ് (Gregory of Thaumathurgus C.213-270), ജറോം (Jerome C.347–419/420)[5], ഫോസിയൂസ് (Photius C.820–891 )[6] എന്നിവരിൽ നിന്നാണു് ഒരിജൻെറ ജീവിതത്തെയും കൃതികളേയും കുറിച്ചു് നമുക്കു് അറിവു ലഭിക്കുക.

## മുഖ്യകൃതികൾ:

ആദ്യകാല സഭാപിതാക്കന്മാരിൽ വച്ചു് ഏറ്റവും കൂടുതൽ കൃതികൾ രചിച്ചിട്ടുള്ളതു് ഒരിജനാണു്. ലിഖിതങ്ങളിൽ ചെറിയൊരുഭാഗം മാത്രമേ ഇന്നു് ലഭിച്ചിട്ടുള്ളു. അവയിൽ പകുതിയും ഗ്രീക്കുഭാഷയിലാണു്; ബാക്കിയു

4 Eusebius, The Ecclesiastical History 6,3,7; 6, 14, 10; 6, 3, 7; 6, 14; 6, 33 etc.
5 Jerome, De viris Illistribus 54, 62.
6 Photius, Biblioteca Codex 118.

www.malankaralibrary.com

ള്ളവ ലത്തീൻഭാഷയിലും. ജസ്റ്റീനീയന്റെ വിളംബരം (Justinian's Edict എ.ഡി.543), അഞ്ചാം സാർവ്വത്രിക സുന്നഹദോസിന്റെ തീരുമാനം (എ.ഡി.553)എന്നിവയാണ്, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ നശിപ്പിക്കുന്നതിനു് പ്രേരണ നല്കിയതു്. ഒരിജന്റെ ഗ്രന്ഥങ്ങൾ വളരെയധികം തെററിദ്ധാരണകൾക്കും വിമർശനങ്ങൾക്കും ഹേതുവായിട്ടുണ്ടു്. 553ൽ പാഷാണ്ഡകരുടെ ഗണത്തിൽ അദ്ദേഹത്തെയും ഉൾപ്പെടുത്തി. ആദ്യമായി ഒരു ക്രൈസ്തവദൈവശാസ്ത്ര സംഗ്രഹം സഭയ്ക്കു പ്രദാനം ചെയ്ത വ്യക്തി എന്ന നിലയിൽ ഒരിജൻ അഗ്രഗണ്യനാണ്. ഗ്രീക്ക ചിന്ത ഇദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചിട്ടുള്ളതായി കാണാം. അദ്ദേഹത്തിന്റെ ത്രിവിധ തത്വങ്ങളും—ലോകസൃഷ്ടിയുടെ നിത്യത്വം, ആത്മാവിന്റെ മുൻ ആസ്തിക്യം, ദൈവൈക്യത്തിലേക്കുള്ള ബുദ്ധിജീവികളുടെ അന്തിമമായ ഒന്നു ചേരൽ—ദാർശനികാശ്രിതത്വത്തിന്റെ ഫലമാണ്. കൃതികൾ കൊണ്ടും പ്രബോധനങ്ങൾ കൊണ്ടും സഭാചരിത്രത്തെ വളരെയധികം സ്വാധീനിച്ച സഭാപിതാവാണ് ഒരിജൻ. അദ്ദേഹത്തോടുള്ള ആദരവും വിധേയത്വവും കൂടുതൽ നാൾ നിലനിന്നതു് പാശ്ചാത്യരുടെ ഇടയിലാണ്.

## മുഖ്യകൃതികൾ:

### വിശുദ്ധഗ്രന്ഥപരം

ഈ ഇനത്തിൽപെട്ട കൃതികളിൽ ഏററവും പ്രസിദ്ധിയാർജ്ജിച്ചതാണ് 'ഹെക്സപ്ല' (Hexapla). ആറു സമാന്തര കോളങ്ങളിലായി വിശുദ്ധ ഗ്രന്ഥത്തിന്റെ വിവിധ പരിഭാഷകൾ ക്രമീകരിച്ചിരിക്കുകയാണിതിൽ. ഒന്നാമത്തെ കോളത്തിൽ ഹെബ്രായ ബൈബിൾ (പഴയനിയമം) ഹെബ്രായ ഭാഷയിലും രണ്ടാമത്തെ കോളത്തിൽ അതിന്റെ ഗ്രീക്ക പരിഭാഷയുമാണുള്ളതു്. തുടർന്നു വരുന്ന നാലു കോളങ്ങളിൽ 'അക്വീല' (Aquila), 'സിമാക്കസ്' (Symmachus) 'സെപ്റ്റ്വാജിന്തു്' (Septuaginth) 'തെയോഡോസിയൻ' (Theodotian) എന്നിവയുടെ ഗ്രീക്ക പരിഭാഷ

www.malankaralibrary.com

കരം യഥാക്രമം ചേർത്തിരിക്കുന്നു. മൂലഗ്രന്ഥം ഇന്നില്ലെങ്കിലും ബഹുഭൂരിഭാഗത്തിൻേറയും സുറിയാനി പരിഭാഷ ലഭ്യമാണു്. തെള്ളായിലെ മെത്രാനായ പൗലോസി (Paul of Tella) ൻേറതാണു് പ്രസ്തുത വിവർത്തനം.

ഒരിജൻെറ വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ഇതര കൃതികളെ മൂന്നായി തരംതിരിക്കാം: a) 'സ്കോളിയ' (Scholia): വിശുദ്ധ ഗ്രന്ഥത്തിലെ വിഷമപ്രശ്നങ്ങൾ ഇതിൽ ചർച്ച ചെയ്യപ്പെടുന്നു; b) മതപ്രസംഗങ്ങൾ (Homilies) c) 'ഭാഷ്യങ്ങൾ' (Commentaries). വിശുദ്ധ ഗ്രന്ഥത്തിൻെറ വാച്യാർത്ഥപരവും ചരിത്രപരവുമായ അർത്ഥത്തെക്കാൾ ആലങ്കാരികമായ അർത്ഥത്തിനാണു് അദ്ദേഹം പ്രാധാന്യം കല്പിച്ചതു്.

## വിശ്വാസ സംരക്ഷണാർത്ഥമുള്ളവ

ക്രിസ്തുമതത്തെ അധിക്ഷേപിച്ചുകൊണ്ടു് ചെൽസുസ് (Celsus 2nd C.) 'അലെതെസ് ലോഗോസ്' (Altethes logos) എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. ഇതിലെ ഓരോ ആരോപണങ്ങളേയും നിശിതമായി എതിർത്തുകൊണ്ടു് ഒരിജനെഴുതിയ ഗ്രന്ഥമാണു് 'ചെൽസുസിനെതിരെ' (Contra Celsus) ഒരിജൻ വിശ്വാസസംരക്ഷണാർത്ഥം എഴുതിയിട്ടുള്ള കൃതികളിൽവച്ചു് ഏററവും പ്രധാനപ്പെട്ടതു് പ്രസ്തുത ഗ്രന്ഥമാണു്.

## സൈദ്ധാന്തിക സ്വഭാവമുള്ളവ

ഈ കൃതികളിൽ വച്ചു് ഏററവും പ്രധാനപ്പെട്ടതു് 'ആദ്യ പ്രമാണങ്ങളെക്കുറിച്ചു്' (De Principiis or Peri Archon) എന്ന ഗ്രന്ഥമാണു്. ഏ. ഡി. 230—ൽ അലക്സാണ്ടു്റിയായിൽ വച്ചു് ഇതെഴുതപ്പെട്ടതായി കരുതപ്പെടുന്നു. ഇതിലെ പുരോഗമനാശയങ്ങൾ വിമർശനപരമാണെങ്കിലും പ്രസ്തുത ഗ്രന്ഥമാണു് ഒരിജനു് അംഗീകാരം നേടിക്കൊടുത്തതു്.

ഇതിനു് നാലു ഭാഗങ്ങളുണ്ടു്: അവ യഥാക്രമം a) 'ദൈവവും അരൂപികളുടെ ലോകവും'; b) 'ലോകവും

www.malankaralibrary.com

മനുഷ്യനും', 'മനുഷ്യന്റെ രക്ഷ', അവന്റെ അന്ത്യം; c) മനുഷ്യന്റെ സ്വാതന്ത്ര്യവും നന്മയുടെ അന്തിമവിജയവും; d) വിശുദ്ധഗ്രന്ഥ വ്യാഖ്യാനം; എന്നിവയാണു്.

### ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ

'പ്രാത്ഥന,' 'കർത്തൃപ്രാത്ഥന', എന്നിവ സംബന്ധിച്ച പഠനങ്ങളും, 'രക്തസാക്ഷിത്വത്തിനുള്ള അഹ്വാന'വും ആണു് ഈ വിഭാഗത്തിൽപ്പെടുന്നതു്.

### എഴുത്തുകൾ:

ഒരിജൻ എഴുതിയ നിരവധി എഴുത്തുകളിൽ[7] ജൂലിയസ് ആഫ്രിക്കാനുസ് (Julius Africanus), ഗ്രിഗറി താവുമാത്തുർഗ്ഗുസ് (Gregory Thaummathurgus) എന്നിവരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഓരോ കത്തുകൾ ഇന്നും സൂക്ഷിച്ചിട്ടുണ്ടു്.

### മുഖ്യപ്രബോധനങ്ങൾ:

**വിശുദ്ധഗ്രന്ഥം:** ഒരിജന്റെ കൃതികളിൽ മഹനീയ സ്ഥാനമലങ്കരിക്കുന്നുണ്ടു് വിശുദ്ധഗ്രന്ഥം. 'ഹെക്സപ്ല' (Hexapla), 'ടെട്രപ്ല' (Tetrapla), 'എന്നെപ്ല' (Ennepla) എന്നിവ, ഇതിനുദാഹരണങ്ങളാണു്. അദ്ദേഹത്തിന്റെ നിഗമനത്തിൽ വി. മത്തായിയുടേതാണു് ആദ്യം എഴുതപ്പെട്ട സുവിശേഷം. രണ്ടും മൂന്നും നാലും സുവിശേഷങ്ങൾ യഥാക്രമം മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടേതാണു്. സുവിശേഷങ്ങളുടെ ചരിത്രപരതയെക്കുറിച്ചു് ചെൽസുസിനുണ്ടായിരുന്ന വികലധാരണകൾ ഒരിജൻ തിരുത്തി. വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ വാക്യത്തിനും വാച്യാത്ഥ്യത്തിനു പുറമേ, ധാമ്മികവും ആദ്ധ്യാത്മികവുമായ അത്ഥവും കൂടിയുണ്ടു്[8]. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ മാനുഷിക വിജ്ഞാനം കൊണ്ടുമാത്രം സുസാദ്ധ്യമായ ഒന്നല്ല വിശുദ്ധ ഗ്രന്ഥവ്യാഖ്യാനം. ചരിത്ര

---

7 Migne, Patrologia Graca 11, 88-22; 11, 48-85.

8 Origen, De Principiis, 4, 3, 5.

www.malankaralibrary.com

ത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവത്രെ. പഴയനിയമത്തിന്റെ പ്രാധാന്യം, ക്രിസ്തുവിനോടുള്ള അതിന്റെ ബന്ധത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. പാരമ്പര്യത്തിന്റെ മൂല്യവും ഒരിജൻ ഊന്നിപ്പറഞ്ഞു.

## ദൈവവിജ്ഞാനീയം

'അരൂപി', 'പ്രകാശം', 'മനസ്സുകളുടെ ഉറവിടം', എന്നിങ്ങനെയാണ് ഒരിജൻ ദൈവത്തെ വിഭാവനം ചെയ്യുന്നത്[9]. ദൈവത്തെക്കുറിച്ചുള്ള സ്റ്റോയിക്ക് ചിന്തകൾ അദ്ദേഹം നിരസിച്ചു. ഒരിജൻ പഠിപ്പിക്കുന്നു: സ്ഥലകാലപരിമിതികൾക്ക് അതീതനാണ് ദൈവം; അവിടുന്ന് എല്ലായിടത്തുമുണ്ട്; എന്നാൽ ഒരിടത്തുമില്ല. അവിടുന്ന് അചഞ്ചലനാണ്, സ്ഥിതപ്രജ്ഞനാണ്. ശിക്ഷ പാപത്തിന്റെ ഫലമാണ്. ദൈവം കാരുണ്യവാനും സ്നേഹനിധിയുമാണ്. ദൈവികവിജ്ഞാനം നമുക്കു ലഭിക്കുക അപരോക്ഷാനുഭവം വഴിയത്രേ. ക്രിസ്തുവാണ് ഒരിജന്റെ ദൈവശാസ്ത്രത്തിലെ കേന്ദ്രബിന്ദു. ത്രിത്വത്തിൽ രണ്ടാമാളായ പുത്രൻ പിതാവിനോടു തുല്യനും നിത്യനുമാണ്; പുത്രനോടും പരിശുദ്ധാത്മാവിനോടും ഒരുവന് പ്രാർത്ഥിക്കാമെങ്കിലും ക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോടു പ്രാർത്ഥിക്കുന്നതാണ് ശ്രേഷ്ഠമായ പ്രാർത്ഥന.

പരിശുദ്ധാത്മാവിന്റെ ദൗത്യവും സ്വഭാവവും സംബന്ധിച്ച് ഒരിജൻ അധികമൊന്നും എഴുതിയിട്ടില്ല. പരിശുദ്ധ ത്രിത്വത്തിലെ അംഗമെന്ന നിലയ്ക്കു പരിശുദ്ധാത്മാവു സമശീർഷനും നിത്യനുമാണ്; പിതാവിന്റെ ആത്മാവും പുത്രന്റെ ആത്മാവും ഒന്നുതന്നെയത്രേ. പരിശുദ്ധാത്മാവിന്റെയും ക്രിസ്തുവിന്റെയും പ്രവൃത്തികൾ തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നാണ് ഒരിജന്റെ നിലപാട്, വിശുദ്ധ പൗലോസിന്റേതുപോലെ.[10]

---

9 Origen, De Principiis 1, 1, 1.

10 Ibid.,

www.malankaralibrary.com

## വിശ്വവിജ്ഞാനീയവും മനഃശാസ്ത്രവും

ലോകം ഏകത്വത്തിൽ ആരംഭിച്ചു, ഏകത്വത്തിൽത്തന്നെ അവസാനിക്കുകയും ചെയ്യും. ഈ അർത്ഥത്തിൽ ആരംഭവും അന്ത്യവും വ്യത്യസ്തമല്ല. ദൈവം ഇല്ലായ്മയിൽനിന്നു ലോകത്തെ സൃഷ്ടിച്ചു; സൃഷ്ടവസ്തുക്കളിൽ ഏററവും തരം താഴ്ന്നതു് പദാർത്ഥമാണു്. ദൈവം, ലോകം മുഴുവനും കൂടിയതോ അതിൻെറ ഒരു ഭാഗമോ അല്ല. ദൈവവും സൃഷ്ടിയും വ്യത്യസ്തങ്ങളാണു്. ദൈവം സൃഷ്ടിച്ചതു് 'നിർമ്മലാത്മാക്കളെ'യാണു്. അവർ മനഃപൂർവ്വം പാപം ചെയ്യുകയാണുണ്ടായതു്. ഉല്പത്തിപ്പുസ്തകത്തിലെ പാപത്തെക്കുറിച്ചുള്ള വിവരണം (ഉല്പ. 1–3) അദ്ദേഹം ആലങ്കാരികമായാണു് കണക്കാക്കുന്നതു്.

അധഃപതിച്ച മനസ്സാണു് ആത്മാവു്. ശരീരത്തിനും മനസ്സിനും ഇടയ്ക്കുള്ള മദ്ധ്യവർത്തിയാണതു്. ഒരിജൻെറ വീക്ഷണത്തിൽ ആത്മാവു പദാർത്ഥരഹിതമാണു്, എങ്കിലും ശരീരത്തോടുകൂടിയതാണു്. നന്മ ചെയ്യുന്നതിനു പ്രേരിപ്പിക്കുവാനും തിന്മ ചെയ്യുമ്പോൾ ശിക്ഷിക്കുവാനുമായി 'അരൂപി' എപ്പോഴും ഗുരുഭൂതനും മാർഗ്ഗദർശിയുമായി ആത്മാവിൻെറ കൂടെ ഉണ്ടായിരിക്കും. അരൂപിയെ അനുകരിച്ചു് സാവധാനം ആത്മാവു് സ്വന്തം സ്വഭാവം സംത്യജിച്ചു് അരൂപിയായി പരിണമിക്കും.

## യുഗാന്ത്യോന്മുഖത

വ്യക്തികളുടെ ഈലോകജീവിതത്തിലെ ധാർമ്മിക നിലവാരമനുസരിച്ചു് ഭാവിജീവിതത്തിലും അവർ തരംതിരിക്കപ്പെടുമെന്നും സ്വന്തം തെററുകളുടെ ഉത്തരവാദിത്തവും ഹീനതയും ബോദ്ധ്യപ്പെടുന്നതുവരെ ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുമെന്നും മററുമുള്ള വി. ക്ലെമൻറിൻെറ ആശയങ്ങൾ വിശദീകരിക്കുവാനാണു് ഒരിജൻ പരിശ്രമിച്ചതു്. എന്നാൽ ദൈവത്തിനു് ഒന്നിനെയും വെറുക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടും തിന്മയ്ക്കുപകരം തിന്മചെയ്യുക ദൈവസ്വഭാവത്തിനെതിരായതുകൊണ്ടും അക്ഷയമായ അരൂപികളെ നശിപ്പിക്കുക അസാദ്ധ്യമായതുകൊണ്ടും

www.malankaralibrary.com

ശിക്ഷ ശാശ്വതമായിരിക്കുകയില്ലെന്നു ഒരിജൻ പഠിപ്പിച്ചു.[11] ഈ പ്രബോധനത്തെ (Apokatastasis) സഭ ഔദ്യോഗികമായി നിഷേധിച്ചിട്ടുള്ളതാണു്.

## സഭാവിജ്ഞാനീയം

ക്രിസ്തുമതമാണു് മനുഷ്യനു സ്വീകരിക്കാവുന്നതിൽ ഏററവും നല്ല മതം. സഭയിൽ 'വചനം' (logos) ഓരോ വ്യക്തിയേയും അവനവൻെറ കഴിവുകളനുസരിച്ചു പ്രകാശിപ്പിക്കുന്നു. മനുഷ്യൻെറ പ്രവൃത്തികൾക്കനുസരണമാണു് സമ്മാനമോ ശിക്ഷയോ ലഭിക്കുന്നതു്. രക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന എല്ലാ മനുഷ്യരും സ്വീകരിക്കേണ്ടതു് ക്രിസ്തു സ്ഥാപിതമായ സഭയെയാണു്[11]. സഭയിൽ ദൈവസുതനെ സംബന്ധിച്ച എല്ലാ അറിവുകളും ഓരോരുത്തർക്കും ലഭിക്കുന്നതു സുവിശേഷങ്ങളിൽ കൂടിയാണു്. ഭൂമിയിലെ ദൈവനഗരമാണു് സഭയെന്നു് ആദ്യമായി പഠിപ്പിച്ചതു് ഒരിജനാണു്.[12]

## ഒരിജൻെറ മിത്രങ്ങളും ശത്രുക്കളും

ഒരിജൻെറ ആശയങ്ങളെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്ത ഏതാനും പിതാക്കന്മാരെക്കുറിച്ചാണു് ഇനിയും പ്രതിപാദിക്കുന്നതു്.

### 1 ജൂലിയസ് ആഫ്രിക്കാനസ്
(Julius Africanus + C. 241)·

ജെറുസലേമിൽ ജനിച്ച ഇദ്ദേഹം റോമൻ ചക്രവർത്തിയായ സെപ്റ്റിമുസ് സെവരുസിൻെറ (Septimus Severus 193–211)സൈന്യത്തിലെ ഒരുദ്യോഗസ്ഥനായിരുന്നു എന്നു കരുതപ്പെടുന്നു. 211 ൽ അലക്സാണ്ട്റിയ സന്ദർശിച്ച ഇദ്ദേഹം അവിടുത്തെ മതാധ്യാപകനായിരുന്ന ഹെറാക്ലസിൻെറ പ്രബോധനങ്ങൾ ശ്രവിക്കുകയും താമസിയാതെ ഒരി

11 Origen, De Principiis 1, 6, 1.
12 Origen, Homilies on Joshua 3, 5.
13 Origen, Homilies on Jermeias, 9, 2; Homilies on Joshua 8, 7.

www.malankaralibrary.com

ജൻെറ സ്നേഹിതനായിത്തീരുകയും ചെയ്തു. ഒരിജൻെറ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു ജൂലിയസ് വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. ലൗകികവിഷയങ്ങളോടായിരുന്നു കൂടുതൽ ആഭിമുഖ്യം. ജൂലിയസിൻെറ മരണം എ. ഡി. 240നു ശേഷമത്രെ.

## കൃതികൾ:

പ്രധാനമായും രണ്ടു കൃതികളാണ് ഇദ്ദേഹത്തിൻെറ പേരിലുള്ളതു്: 1) 'കാലാനുസൃതവിവരണം' (Chronographia). പ്രസ്തുത ഗ്രന്ഥത്തിന് അഞ്ചുഭാഗങ്ങളുണ്ട്. യഹൂദ ക്രൈസ്തവചരിത്രങ്ങളെ വിജാതീയലോകചരിത്രവുമായി പൊരുത്തപ്പെടുത്താനുള്ള ഒരു ശ്രമമാണിതിൽ കാണുന്നതു്. ഇത്തരമൊരു സംരംഭം ക്രൈസ്തവചരിത്രത്തിൽ ആദ്യത്തേതായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ ചില തീയതികളുടെ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങൾ ക്രമീകരിച്ചിരിക്കുകയാണിതിൽ.[14] 2) 'എംബ്രോയ്ഡേഡ് ഗേർഡിൽസ്'' (Embroidered Girdles) പതിനാലോ അല്ലെങ്കിൽ ഇരുപത്തിനാലോ ഗ്രന്ഥങ്ങളുടെ ഒരു സമാഹാരമാണിതു്. റോമൻചക്രവർത്തിയായ അലക്സാണ്ടർ സെവെരുസിന് (Alexander Severus) ഇതു് സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഭൗതികശാസ്ത്രങ്ങൾ, വൈദ്യശാസ്ത്രം, കൺകെട്ടുവിദ്യകൾ, കൃഷി, യുദ്ധതന്ത്രങ്ങൾ, മുതലായവയുടെ ഒരു വിശ്വവിജ്ഞാനകോശമാണിതു്. ഈ കൃതിയുടെ ഏതാനും ഭാഗങ്ങൾ മാത്രമേ ഇന്നു ലഭ്യമായിട്ടുള്ളു. ജൂലിയസ് ഒരിജനെഴുതിയതായ ഒരു കത്തു് ഇപ്പോഴും സൂക്ഷിക്കപ്പെടുന്നുണ്ട്. അതുപോലെതന്നെ അരിസ്റ്റീദസിനും ജൂലിയസ് ഒരു കത്തെഴുതിയിട്ടുണ്ട്. അതിൽ ചർച്ച ചെയ്യുന്നതു് വി. മത്തായിയുടേയും വി. ലൂക്കായുടെയും സുവിശേഷങ്ങളിലുള്ള ക്രിസ്തുവിൻെറ വംശാവലിവിവരണങ്ങൾ തമ്മിലുള്ള വൈരുദ്ധ്യമാണ്.

---

14 Migne, Patrologia graeca 10,63-94.

www.malankaralibrary.com

## 2 കേസറിയായിലെ പാംഫിലിയൂസ്

(Pamphilius of Caesaerea + 310)

ഫിനീഷ്യായിലെ (Phoenicia) ബെറിതുസിൽ (Berytus) ഇദ്ദേഹം ഭൂജാതനായി. ഒരിജൻെറ പിൻഗാമിയായ പിയെരിയൂസി (Pierius)[15]ൻെറ നേതൃത്വത്തിൽ അലക്സാണ്ട്റിയായിലെ മതാദ്ധ്യാപനാലയത്തിൽ നിന്നു് ഇദ്ദേഹം ദൈവശാസ്ത്രം പഠിച്ചു; പിന്നീടു് കേസറിയായിലേയ്ക്കു പോവുകയും അവിടെവച്ചു് വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. താമസിയാതെ അവിടെ ഒരു ദൈവശാസ്ത്ര പഠനകേന്ദ്രം സമാരംഭിച്ചു. ഡയക്ലീഷ (Diocletion) ൻെറ മതമർദ്ദനകാലത്തു് (284–305) പലസ്തീനായിലെ ഗവർണ്ണർ ഇദ്ദേഹത്തെ ബന്ധനസ്ഥനാക്കി. സഭാചരിത്രകാരനായ എവുസേബിയൂസുമായി സുഹൃദ്വലയത്തിലായതു് ഇത്തരുണത്തിലത്രെ. ഒരിജൻെറ തീക്ഷ്ണനായ അനുകൂലിയും[16] എവുസേബിയൂസിൻെറ ഗുരുഭൂതനുമായിരുന്നു പാംഫീലിയൂസ്. 307–ൽ റോമൻ ചക്രവർത്തിയായ മാക്സിമിനൂസി (Maximinus) ൻെറ കല്പനപ്രകാരം ഇദ്ദേഹത്തെ വീണ്ടും ജയിലിലടയ്ക്കുകയും, പിന്നീടു് ഏ. ഡി. 309–ൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

**മുഖ്യകൃതികൾ:**

ഒരിജനെതിരായ ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ടു് സ്വശിഷ്യന്മാരുടെ സഹായത്തോടെ പാംഫീലിയൂസ് ഒരു 'വിശ്വാസസമർത്ഥനം' (Apology for Origen) രചിച്ചു. അഞ്ചു ഗ്രന്ഥങ്ങളുടെ സമാഹാരമാണിതു്. മതമർദ്ദനവിധേയരായ ക്രിസ്ത്യാനികൾക്കാണു് പ്രസ്തുതഗ്രന്ഥം സമർപ്പിച്ചിരിക്കുന്നതു് എന്നാണു് ഫോസിയൂസി (Photius C.891) ൻെറ അഭിപ്രായം. വിശുദ്ധഗ്രന്ഥ പ്രചാരണാർത്ഥം തൻെറ പ്രഭാഷണ ചാതുരിയും തൂലികാവൈഭവവും അദ്ദേഹം സദാ വിനിയോഗിച്ചു. ഒരിജൻെറ കൃതികളിൽ ഭൂരിഭാഗവും പാംഫീലിയൂസ് സ്വന്തം കൈകൾ

---

15 Eusebius, Eccl. Hist., 7,32,27; Jerome, De. vir., Ill., 76.
16 Euseb., Eccl., 63.,23.

www.malankaralibrary.com

കൊണ്ടു് പകർത്തിയെഴുതിയെന്നു് വി. ജറോം (St. Jerome C.347-419/420)[17] സാക്ഷീകരിക്കുന്നു. അത്തരം ഇരുപത്തഞ്ചു പുസ്തകങ്ങൾ ജറോം തന്നെ സൂക്ഷിക്കുകയും ചെയ്തിരുന്നു. പാവപ്പെട്ടവരും വിജ്ഞാനതൃഷ്ണരുമായവർക്കു് പാംഫീലിയൂസ് വിശുദ്ധ ഗ്രന്ഥത്തിൻെറ പ്രതികൾ സൗജന്യമായി നല്കി. നേരായ ക്രിസ്തീയവിശ്വാസത്തിൽ ഉറപ്പിക്കുകയും തദനുസാരം ജീവിക്കുന്നതിനു് പ്രേരിപ്പിക്കുകയും ചെയ്തു. പണ്ഡിതനും വിനീതനുമായ പാംഫീലിയൂസിൻെറ സംഭാവനകൾ ക്രൈസ്തവലോകത്തിനു് ഒരുനാളും മറക്കുക സാദ്ധ്യമല്ല.

## 3 ഗ്രിഗറി തൗമാതുർഗ്ഗസ്

## (Gregory Thau maturgus+C. 270)

നെയോ കേസറിയാ Neo caesaerea) യായിൽ ഉന്നതകുലരായ മാതാപിതാക്കളിൽ നിന്നു് ഏ. ഡി. 213—നോടുകൂടി ഇദ്ദേഹം ജനിച്ചു; തെയദോർ (Theodore) എന്നായിരുന്നു ആദ്യനാമം; മാമോദീസായിൽ ഗ്രിഗറി എന്ന പേരു് പിന്നീടു് സ്വീകരിച്ചു. സ്വന്തം നാട്ടിൽ നിയമവും ലത്തീൻ ഭാഷയും പ്രസംഗകലയും പഠിച്ചതിനുശേഷം, സ്വസഹോദരനായ അത്നാദോറസി (Athenodorus) നോടുകൂടി ഉപരിപഠനാർത്ഥം ബെറിതൂസിലേയ്ക്കു് പോകുവാനായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. എന്നാൽ സ്വസഹോദരിയുടെ അഭ്യർത്ഥനപ്രകാരം കേസറിയായിലേക്കു പോകുവാൻ ഇരുവരും നിർബ്ബന്ധിതരായി. അവിടെ അഞ്ചു വർഷക്കാലം (233–238) അവർ ഒരിജൻെറ പ്രഭാഷണങ്ങൾ ശ്രവിച്ചു. ഇതു് ഇവരുടെ മാനസാന്തരത്തിനു കാരണമായി[18]. ഗ്രിഗറിയാണു് നെയോകേസറിയായിലെ (Neocaesaerea) പ്രഥമമെത്രാൻ. ഇദ്ദേഹം വലിയ ഒരു അത്ഭുത പ്രവർത്തകനായിരുന്നുവെന്നു് നീസായിലെ ഗ്രിഗറി സാക്ഷീകരിക്കുന്നു. 'തൗമാതുർഗ്ഗസ്' എന്ന വാക്കിൻെറ

17 Jerome, Praefatio in Paralipomenem Adversus Libros Rufini 2,27.

18 Gregory of Thaumaturgus, Address to Origen 6.

www.malankaralibrary.com

അത്ഥം തന്നെ, 'അത്ഭുത പ്രവത്തകൻ' എന്നത്രേ. സ്വന്തം നാട്ടിലെ വിജാതീയരിൽ ഭൂരിഭാഗത്തേയും മാനസാന്തരപ്പെടുത്തിയശേഷം എ. ഡി. 270—ൽ ഇദ്ദേഹം നിര്യാതനായി.

**മുഖ്യകൃതികൾ:**

ഗ്രിഗറി ഒരു ദൈവശാസ്ത്രജ്ഞനോ ഒരു ദാശ്നികനോ അല്ലായിരുന്നു. എഴുതുന്നതിനേക്കാൾ പ്രവത്തിക്കുന്നതിനാണ് അദ്ദേഹം ജീവിതം ചിലവഴിച്ചത്. എന്തെങ്കിലും എഴുതിയത് പ്രായോഗികാവശ്യങ്ങൾ മുൻനിത്തി മാത്രമായിരുന്നു. പ്രധാനമായും മൂന്നു ഗ്രന്ഥങ്ങളാണ്[19] ഗ്രിഗറിയുടെ പേരിൽ അറിയപ്പെടുന്നത്. 1) 'ഒരിജനെക്കുറിച്ചുള്ള പ്രസംഗം' (Panegeric on Origen 238), 2) 'ഗ്രിഗറിയുടെ വിശ്വാസപ്രമാണം' (Creed of Gregory 260-270), 3) 'കാനോനിക ലേഖനം' (The Canonical Epistle). ഒരിജൻെറ വിദ്യാകേന്ദ്രത്തിൽ നിന്നു് വിടപറയുന്നതാണ് പ്രഥമ ഗ്രന്ഥപശ്ചാത്തലം. ഒരിജനോടുള്ള നന്ദിയും സ്നേഹവും ആദരവും പ്രസ്തുത ഗ്രന്ഥത്തിൽ പ്രകടമാണ്. ഒരിജൻെറ ബുദ്ധിവൈഭവവും പ്രബോധനരീതികളും ഇതിൽ വിശദീകരിച്ചിട്ടുണ്ട്. രണ്ടാം പുസ്തകമാകട്ടെ, ത്രിത്വൈക സിദ്ധാന്തത്തിൻെറ വ്യാഖ്യാനമാണ്. വിശ്വാസതത്വങ്ങളും ധാമ്മികനിയമങ്ങളും കൈവെടിഞ്ഞ ക്രൈസ്തവരോട് എങ്ങനെ വത്തിക്കണമെന്ന പ്രശ്നത്തിനു് പരിഹാരം നിദ്ദേശിക്കുകയാണ് ഗ്രിഗരി തൻെറ ത്രിതീയ ഗ്രന്ഥത്തിൽ.

മേൽപറഞ്ഞവ കൂടാതെ ഗ്രിഗരിയുടെ പേരിൽ അറിയപ്പെടുന്നവയും അദ്ദേഹത്തിൽ ആരോപിക്കപ്പെടുന്നവയുമായ ഏതാനും ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. 'വിശ്വാസത്തെക്കുറിച്ച്' (On the Faith), 'വിശ്വാസവിവരണം' (The Exposition of Faith), 'പതിനൊന്നുമതപ്രസംഗങ്ങൾ' (11 Homiles), 'ഏലിയനുമായുള്ള സംവാദം' (Dialogue

---

19 Migne, Patrologia graeca 10, 1049-1104; 983-988; 1019-1048.

www.malankaralibrary.com

with Aelion) ,[20]എന്നിവ ഇതിന് ഉദാഹരണങ്ങളത്രേ. 'വിശ്വാസവിവരണ'ത്തിന്റെ യഥാർത്ഥ കർത്താവ് ലാവോദിച്ചെയാ (Laodicea) യിലെ അപ്പൊള്ളി നാരിയൂസാണെന്നാണ് (Apollinaris 310–390) ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം.

കാലക്രമത്തിൽ ഒരിജന്റെ സിദ്ധാന്തങ്ങളെ എതിർക്കുവാനും പകരം നൂതനതത്വങ്ങൾ ആവിഷ്കരിക്കുവാനും ചില പിതാക്കന്മാർ മുമ്പോട്ടുവന്നു. അവരിൽ പ്രധാനികളായ മൂന്നു വ്യക്തികളെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുക:

## 1 ഒളിമ്പസിലെ മെത്തോഡിയസ് (Methodius of Olympus + 311)

ഇദ്ദേഹത്തിന്റെ ജീവിതം സംബന്ധിച്ച് അധികമൊന്നും അറിവില്ല. വി. ജറോമിന്റെ സാക്ഷ്യപ്രകാരം, മൂന്നാം നൂററാണ്ടിന്റെ അന്തിമഘട്ടത്തിൽ ഒളിമ്പസിലെ മെത്രാനായിരുന്നു മെത്തോഡിയസ്. ഇദ്ദേഹം 311–ൽ രക്തസാക്ഷിത്വം വരിച്ചുവെന്ന് പൊതുവായി വിശ്വസിക്കപ്പെടുന്നു. മെത്തോഡിയസ് സർവ്വഗുണസമ്പന്നനായ ഒരു സാഹിത്യകാരനായിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികൾ വ്യക്തമാക്കുന്നു.

### മുഖ്യകൃതികൾ:

### 'സദ്യ അഥവാ കന്യാത്വത്തെക്കുറിച്ച്' (The Banquet or on Virginity)

കന്യാത്വത്തിന്റെ ശ്രേഷ്ഠതയും ആവശ്യകതയും പാടിപ്പുകഴ്ത്തുന്നതാണ് ഈ ഗ്രന്ഥം. 'ബാങ്കെററ്' എന്ന പേരിൽ പ്ലേറേറാ (Plato B. C. 347-427) എഴുതിയ പുസ്തകത്തിന്റെ അനുകരണമായി ഇതിനെ പരിഗണിക്കാം.

### 'സ്വതന്ത്രമനസിനെക്കുറിച്ച്' (On the Freedom of the Will)

ജ്ഞാനവാദികളുടെ സിദ്ധാന്തങ്ങളെ അതിരൂക്ഷമായി ഇതിൽ ഖണ്ഡിച്ചിരിക്കുന്നു. മെത്തോഡിയസിന്റെ

20 St. Basil, Epistles, 210.

www.malankaralibrary.com

വീക്ഷണമനുസരിച്ച്, മനുഷ്യന്റെ സ്വാതന്ത്ര്യമനസ്സാണ് തിന്മയ്ക്ക് നിദാനം. കൂടാതെ പദാർത്ഥത്തിന്റെ നിത്യത അദ്ദേഹം നിരസിച്ചു. അങ്ങനെ, ഒരിജന്റെ പല പ്രബോധനങ്ങൾക്കും വിപരീതമായിരുന്നു മെത്തോഡിയസിന്റെ പഠിപ്പിക്കൽ.

## 'ഉയിർപ്പിനെക്കുറിച്ച്' '(On the Resurrection')

ഒരിജന്റെ ഉയിർപ്പുസംബന്ധിച്ച തത്വങ്ങളുടെ തിരസ്കരണമാണ് ഈ ഗ്രന്ഥത്തിലെ പരാമർശം. ആത്മാവിന് മുൻകാലാസ്തിത്വമുണ്ടെന്നും അത് ശരീരമാകുന്ന തടവറയിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണെന്നുമുള്ള ഒരിജന്റെ ആശയങ്ങളും അപ്പാടെ നിഷേധിക്കുന്നു. സംവാദരൂപത്തിലാണ് ഇത് രചിച്ചിട്ടുള്ളത്. പ്രതിപാദ്യത്തിൽ വ്യവസ്ഥാപിതമായ അവതരണമൊന്നുമില്ലെങ്കിലും ദൈവശാസ്ത്രത്തിന് ഒരു മുതൽക്കൂട്ടുതന്നെയാണിത്.

## 'ജീവിതത്തെക്കുറിച്ച്' (On life)

ഭൗമികജീവിതത്തിൽ ദൈവം നല്കുന്നതുകൊണ്ടു തൃപ്തരാകാനും, പ്രത്യാശ മുഴുവൻ വരുവാനിരിക്കുന്ന ലോകത്തിൽ അർപ്പിക്കുവാനുമുള്ള ആഹ്വാനമാണ് ഇതിലെ മുഖ്യ വിഷയം. മൂലരൂപം നഷ്ടപ്പെട്ടു.

## 'പൊർഫിരിക്കെതിരെ' (Against prophyry)

മൂന്നാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഒരു നെയോപ്ലറേറാനിക് (Neo Platanic) ദാർശനികനായിരുന്ന പൊർഫീരി (Porphyry 233-C. 304). അദ്ദേഹം ക്രിസ്ത്യാനികൾക്കെതിരായി രചിച്ച ഗ്രന്ഥങ്ങളെ ഖണ്ഡിക്കുവാനുള്ള മെത്തോഡിയസിന്റെ പരിശ്രമമാണ് പ്രസ്തുത ഗ്രന്ഥം. മൂലരൂപം ലഭ്യമല്ല. വി. ജറോം ഈ ഗ്രന്ഥത്തെ വളരെയധികം പ്രശംസിച്ചിട്ടുണ്ട്.[21]

ഭക്ഷണപദാർത്ഥങ്ങൾ സംബന്ധിച്ച പഴയ നിയമശാസനങ്ങൾ, രക്തസാക്ഷിത്വം, ഉല്പത്തി തുടങ്ങിയ

21 Jerome, De vir. Ill., 83; 48,13; Epistles 48.13; 70,3.

www.malankaralibrary.com

നിരവധി വിഷയങ്ങളെക്കുറിച്ച് മെത്തോഡിയസ് വളരെയധികം എഴുതിയിട്ടുണ്ട്. ഇവയിൽ പലതും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കൃതികളിലെല്ലാംതന്നെ ആലങ്കാരികതയ്ക്കു് സമുന്നതസ്ഥാനമാണുള്ളതു്.

## പ്രബോധനങ്ങൾ:

ഒരിജന്റെ ചിന്താധാരകളൊന്നും മെത്തോഡിയസിന്റെ പഠനങ്ങളിൽ കാണുന്നില്ല. ഭൗമികനായ ആദിമനുഷ്യൻ ആദവും, കന്യകയിൽനിന്നു് ജന്മമെടുത്ത ക്രിസ്തുവും തമ്മിലുള്ള പ്രഥമ മാതൃകാപരമായ ബന്ധമാണു്(Architypal Relationship) അദ്ദേഹം ഊന്നിപ്പറയുന്നതു്. സഭയുടെ ആരാധനക്രമവും പ്രബോധനങ്ങളും വഴിയാണു് ക്രിസ്തുനാഥൻ നേടിയെടുത്ത മനുഷ്യരക്ഷ വൈയക്തിക ജീവിതത്തിൽ യാഥാർത്ഥ്യമാകുന്നതു്. ക്രിസ്തുവിന്റെ ദൈവികത്വം മെത്തോഡിയസ് ഉയർത്തിപ്പിടിച്ചു. അദ്ദേഹം ലോകത്തിനു് എട്ടു ഘട്ടങ്ങൾ വിഭാവനം ചെയ്യുന്നു. ആദ്യത്തെ 5 എണ്ണം പഴയനിയമത്തിന്റേതും ആറാമത്തേതു് സഭയുടേതും, ഏഴാമത്തേതു് വിശ്രമത്തിന്റേതും (ക്രിസ്തുവിന്റെ ഭരണം), അവസാനത്തേതു് സ്വർഗ്ഗീയ നിത്യതയുടേതും. ദൈവത്തിലേക്കുള്ള ആത്മാവിന്റെ പ്രയാണം, ക്രിസ്തുവും സഭയും തമ്മിലുള്ള വൈവാഹികബന്ധം, സ്വർഗ്ഗം എന്നിവയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വർണ്ണനകൾ കാവ്യാത്മകങ്ങളാണു്. തത്ത്വശാസ്ത്രത്തിൽ അരിസ്റ്റോട്ടേലിയനും, ധാർമ്മിക പ്രബോധങ്ങളിൽ സ്റ്റോയിക്കനുഭാവിയും, ലോകവീക്ഷണത്തിൽ പ്ലേറ്റോയുടെ അനുഭാവിയും വിശുദ്ധ ഗ്രന്ഥത്തിന്റെ ആലങ്കാരിക വ്യാഖ്യാനത്തിൽ ഒരു യഥാർത്ഥ അലക്സാണ്ട്രിയനുമായിരുന്നു മെത്തോഡിയസ്.

## 2 അലക്സാണ്ട്രിയായിലെ പത്രോസ്
(Peter of Alexandria + 311)

അലക്സാണ്ട്രിയായിലെ മതാദ്ധ്യാപനാലയത്തിന്റെ തലവനായിരുന്നു പത്രോസ്. 300–ാം ആണ്ടിൽ തെയോനാസി (Theonas)നെ തുടർന്നു് അലക്സാണ്ട്രിയാ

www.malankaralibrary.com

യിലെ മെത്രാനായി[22]. ഡയക്ലീഷ്യ (Diocletian 284-395) ൻെറ മതമർദ്ദനവേളയിൽ(303) ഇദ്ദേഹം പൊതുവേദിയിൽ നിന്നു് അപ്രത്യക്ഷനായി. ഈ കാലഘട്ടത്തിലാണു് മെലേസിയൂസിൻെറ (Meletius + 381) പാഷണ്ഡത പൊട്ടിപ്പുറപ്പെട്ടതു്. 306—ൽ കൂടിയ ഒരു സൂനഹദോസ് മെലേസിയൂസിനെ മെത്രാൻ പദത്തിൽനിന്നു നീക്കംചെയ്യുകയും[23] പലസ്തീനായിലേക്കു് നാടുകടത്തുകയും ചെയ്തു. 311 നവംബറിൽ പത്രോസ് രക്തസാക്ഷിയായി. എവുസേബിയൂസിൻെറ വിവരണപ്രകാരം അദ്ദേഹത്തെ ശിരച്ഛേദം ചെയ്യുകയാണുണ്ടായതു്.

## കൃതികൾ:

മതമർദ്ദനഭീതിയാൽ വിശ്വാസം പരിത്യജിച്ചവരെ ഉന്നം വെച്ചുകൊണ്ടു് പത്രോസെഴുതിയ 15 പ്രമാണങ്ങൾ പ്രസിദ്ധങ്ങളാണു്. ട്രുള്ളോ സൂനഹദോസ് (692) അവ അംഗീകരിക്കുകയും പൗരസ്ത്യസഭയുടെ കാനൻ നിയമത്തിൽ ഉൾപ്പെടുത്തുകയും ചെയ്തതിനാലാകാം അവ നഷ്ടപ്പെടാതിരുന്നതു്. വിശ്വാസം ഉപേക്ഷിച്ചവർക്കു് 30 ദിവസം മുതൽ 3 വർഷം വരെ ഉപവാസം പരിഹാരമായി ഈ രേഖകളിൽ നിർദ്ദേശിച്ചിട്ടുണ്ടു്. കൂടാതെ വിവിധങ്ങളായ പ്രായശ്ചിത്തകൃത്യങ്ങളെ കുറിച്ചും ഇവയിൽ പ്രതിപാദ്യമുണ്ടു്.

പത്രോസിൻെറ കൃതികൾ ഇന്നുള്ളതു് കൂടുതലും ഗ്രീക്കുഭാഷയിലും കോപ്റ്റിക് ഭാഷയിലുമാണു്. പലതിൻെറയും ചില ഭാഗങ്ങൾ മാത്രമെ അവശേഷിക്കുന്നുള്ളു. ഒരിജനും ഒരിജനിസത്തിനുമെതിരായി അദ്ദേഹം എഴുതിയ ഗ്രന്ഥമാണു് 'ദൈവത്തെക്കുറിച്ചു്' (On the Godhead) എന്നതു്. ഇതിൽനിന്നും മൂന്നു ഖണ്ഡികകൾ എഫേസൂസിലെ സൂനഹദോസിൽ (431) വി. സിറിൽ (St Cyril) ഉദ്ധരിക്കുകയുണ്ടായി. പിട്ര (Pitra), ലെയോൺസിയൂസ് (Leontius) എന്നിവരും പത്രോസിൻെറതു് എന്നു് അവ

22 Euseb., Eccl. Hist., 7,32,31.
23 Athanasius, Apologia Contra Arianos, 59.

www.malankaralibrary.com

കാശപ്പെടുന്ന ചില ഖണ്ഡികകൾ ഉദ്ധരിക്കുന്നുണ്ടെങ്കിലും അവയുടെ ആധികാരികത സംശയാസ്പദമത്രെ. ക്രിസ്തുവിൻെറ ഉയിർപ്പു സംബന്ധിച്ച് ഇദ്ദേഹം എഴുതിയിട്ടുണ്ട്. "അലക്സാണ്ട്റിയായിലെ പത്രോസിൻെറ രക്തസാക്ഷിത്വ നടപടികൾ" എന്നപേരിൽ പ്രസിദ്ധമായ ഒരു പുസ്തകവുമുണ്ട്.[24] ഈ ഗ്രന്ഥത്തിൽ ക്രിസ്തു പത്രോസിന് പ്രത്യക്ഷപ്പെടുന്നതായും ആര്യനിസത്തെ കുറിച്ച് മുന്നറിയിപ്പു നൽകുന്നതായും ചിത്രീകരിച്ചിരിക്കുന്നു. ഇദ്ദേഹം രചിച്ച മറെറാരു കൃതിയാണ്, 'നമ്മുടെ രക്ഷകൻെറ ആഗമനത്തെ കുറിച്ച്' (On the Advent of Our Saviour). ലെയോൺസിയുസ് പ്രസ്തുത കൃതിയിൽനിന്നും ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നതായി കാണാം.[25]

### പ്രബോധനങ്ങൾ:

ഒരിജനെതിരെ സ്വരമുയർത്തിയ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരുവനാണ് പത്രോസ്. മെലേസിയുസിൻെറ പാഷണ്ഡതക്കെതിരെ അദ്ദേഹം സുധീരമായി പടപൊരുതി. ആദിമസഭയിലെ ക്രമസമാധാനം നിലനിറുത്തുന്നതിന് അദ്ദേഹത്തിൻെറ 15 പ്രമാണങ്ങൾ ഉപകരിച്ചു. ക്രിസ്തുവിൻെറ ഭൗമീക ശരീരവും ഉത്ഥിത ശരീരവും തമ്മിലുള്ള ആനന്യരൂപ്യം അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്. പത്രോസിൻെറ വിശ്വാസ സ്ഥിരതയും പാണ്ഡിത്യവും വെളിപ്പെടുത്തുന്ന പ്രബോധനങ്ങൾ സഭക്ക് എന്നുമെന്നും അഭിമാനിക്കാവുന്നവയത്രെ.

## 3 അന്തോക്യായിലെ എവുസ്താത്തിയുസ്
## (Eustatius of Antioch + C. 377)

ബറോയിയാ (Beroea)യിലെ പാംഫീലിയ ആയിരുന്നു. ഇദ്ദേഹത്തിൻെറ ജനനസ്ഥലം. സിറിയായിലെ ബറോയിയായിൽ മെത്രാനായിരുന്നു എവുസ്താത്തിയുസ്. പിന്നീട് അന്തോക്യായിലെ മെത്രാനായി (324).

---

24 Migne, Patrologia Graeca 18,451-466.

25 Leontius of Byzantium, Contra Nestorium et Eutyches 1.



www.malankaralibrary.com

മിക്കവൊറും ഇദ്ദേഹമായിരിക്കണം നിഖ്യാ സൂനഹദോസി ലെ (325) അദ്ധ്യക്ഷൻ എന്നു കരുതപ്പെടുന്നു. ആര്യനി സത്തെ രൂക്ഷമായി വിമശിച്ചതിനാൽ ആര്യൻ പക്ഷ ക്കാർ ഇദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ട്രാജനോ പോ ളിസി (Tragenopolis) ലേക്കു് നാടുകടത്തുകയും ചെയ്തു (331). എവുസ്താത്തിയൂസിനോടു് അനുഭാവമുണ്ടായിരുന്ന അന്ത്യോക്യായിലെ ജനങ്ങൾ, ആര്യൻ മെത്രാന്മാരെ അം ഗീകരിക്കാതെ സ്വതന്ത്രരായി നിലകൊണ്ടു. 377നോടു കൂടി ഇദ്ദേഹം മരണമടഞ്ഞുവെന്നാണു പണ്ഡിതമതം.

## മുഖ്യകൃതികൾ:

എവുസ്താത്തിയൂസിന്റെ ഇരുപതു ഗ്രന്ഥങ്ങളെക്കുറിച്ചു മാത്രമെ ഇന്നറിവുള്ളു. ഒരു ദൈവശാസ്ത്രജ്ഞനായിരുന്ന അദ്ദേഹം വാസ്തവത്തിൽ നിരവധി ഗ്രന്ഥങ്ങളുടെ കർത്താ വാണു്.[26] 'ഒരിജനെതിരെ എൻഡോറിലെ മന്ത്രവാദിയെ കുറിച്ചു്' (Against Origen on the Witch of Endor or De Engastrimytho) എന്ന കൃതി പൂർണ്ണമായി സംരക്ഷിക്കപ്പെ ട്ടിട്ടുണ്ടു്. കുറഞ്ഞതു് എട്ടു പുസ്തകങ്ങളുടെയെങ്കിലും സമാഹാരമായ 'ആര്യൻ പക്ഷക്കാർക്കെതിരെ' (Against Arians) എന്ന ഗ്രന്ഥമാണു് ഏററവും പ്രധാനപ്പെട്ടതെന്നു പറയാം.

## പ്രധാന പ്രബോധനങ്ങൾ:

എവുസ്താത്തിയൂസിന്റെ ദൈവശാസ്ത്ര പ്രബോധനങ്ങ ളുടെയെല്ലാം ഉദ്ദേശ്യം ആര്യനിസം, ഒരിജനിസം എന്നി വയെ എതിർക്കുകയായിരുന്നു. ക്രിസ്തുവിന്റെ ഇരുസ്വഭാ വങ്ങളുടെ വ്യതിരിക്തതയും സംയോജ്യതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. എവുസ്താത്തിയൂസിന്റെ പഠനങ്ങൾ ക്രിസ്തുവിജ്ഞാനീയത്തിനു വലിയൊരു മുതൽക്കൂട്ടാണു്. ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ഏകത്വം അദ്ദേഹം സദാ ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധ ഗ്ര ന്ഥപരമായ കൃതികളിൽ പഞ്ചഗ്രന്ഥിയിൽനിന്നും

---

26 Jerome, De vir. Ill. 85; Epistles 70,4; 73,2; Sozomen, The Ecclesiastical History 2,19.

www.malankaralibrary.com

സുവിശേഷങ്ങളിൽ നിന്നുമുള്ള ഉദ്ധരണികഠം കാണാം. ആലങ്കാരികതക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യാഖ്യാനത്തിൻെറ ദുരുപയോഗങ്ങഠം എവുസ്താത്തിയൂസ് ഉപേക്ഷിച്ചു. യുക്തിസഹവും വസ്തുനിഷ്ഠവുമായ വ്യാഖ്യാനരീതിയാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. സിദ്ധാന്തങ്ങളിലും താത്വികാപഗ്രഥനങ്ങളിലും അസ്സൽ അന്ത്യോക്യാക്കാരനായിരുന്നു എവുസ്താത്തിയൂസ്.

## B. അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം

പുരാതന സിറിയയുടെ തലസ്ഥാനമായിരുന്നു അന്ത്യോക്യാ. ബി. സി. 301—ൽ സെലെവുക്കുസ് (Seleucus) ആണ് ഈ നഗരം സ്ഥാപിച്ചതെന്ന് പറയപ്പെടുന്നു. വിവിധ കലകഠംക്കും തത്വശാസ്ത്രത്തിനും പ്രസിദ്ധമായിരുന്ന അന്ത്യോക്യാ ആദിമകാല ക്രൈസ്തവ പുരോഗതിയിൽ സ്തുത്യർഹമായ സ്ഥാനമാണ് വഹിച്ചിട്ടുള്ളത്. ക്രിസ്തുവിൽ വിശ്വാസമർപ്പിച്ചവക്ക് 'ക്രിസ്ത്യാനികഠം' എന്ന പേരു ലഭിച്ചതും അന്ത്യോക്യായിൽ വച്ചാണ് (നട. 11:26).

കേവലം ഒരു പ്രത്യേകചിന്താഗതിയിലൂടെ മാത്രം വളൎന്നുവന്ന അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയത്തിൻെറ പ്രബോധനരീതിക്കു പകരം മറെറാരു ചിന്താഗതിയുമായി രംഗപ്രവേശം ചെയ്യുകയും അവയെ പ്രചരിപ്പിക്കുന്നതിന് ആദ്യന്തം പരിശ്രമിക്കുകയും ചെയ്തിട്ടുള്ള മറെറാരു കലാലയമാണ് അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം. അക്കാലത്തെ ദൈവവിജ്ഞാനീയത്തിന് കൂടുതൽ പൂർണ്ണത ലഭിക്കുവാൻ ഈ മതാദ്ധ്യാപനാലയത്തിൻെറ ആവിർഭാവം വളരെയധികം സഹായിച്ചിട്ടുണ്ട്.

ഈ മതാദ്ധ്യാപനാലയത്തിൻെറ പേരിൽ അറിയപ്പെടുന്ന എല്ലാവരും അന്ത്യോക്യാനിവാസികളാകണമെന്നില്ല. നേരേ മറിച്ച് ഒരേ ദൈവശാസ്ത്രപരമായ വീക്ഷണം പുലർത്തിയവർ ആണെന്ന് കരുതിയാൽ മതിയാകും.

www.malankaralibrary.com

## സവിശേഷതകൾ:

അന്ത്യോക്യൻ ചിന്താഗതിയ്ക്കു് അതിന്റേതായ ചില സ്വാഭാവവിശേഷങ്ങളുണ്ടു്. വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിലും ക്രിസ്തുവിജ്ഞാനീയത്തിലും തത്വചിന്തയിലും ഇതു് സുതരാം വ്യക്തമാണു്.

## വിശുദ്ധഗ്രന്ഥവ്യാഖ്യാനം

വി. ഗ്രന്ഥത്തിനു് പദാനുപദവും ചരിത്രപരവുമായ ഒരു വ്യാഖ്യാനമാണു് അന്ത്യോക്യയിലെ മതാദ്ധ്യാപകർ സ്വീകരിച്ചതു്. അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപകർ വിശുദ്ധഗ്രന്ഥത്തിനു നല്കിയ ആലങ്കാരിക ഭാഷ്യത്തിനു പകരം ചരിത്രപരമായ ഒരു വ്യാഖ്യാനമാണു് ഇവർ സ്വീകരിച്ചിട്ടുള്ളതു്. ചരിത്രഗ്രന്ഥങ്ങളിൽ സത്യവിവരണമാണു് കാണുന്നതെന്നും അതിൽനിന്നു് ആദ്ധ്യാത്മിക നിഗമനങ്ങളിൽ ഒരുവനു് എത്താമെന്നുമല്ലാതെ, അവയിലെല്ലാം ആദ്ധ്യാത്മികത ആരോപിക്കരുതെന്ന അഭിപ്രായമായിരുന്നു അവരുടേതു്.

രചനാരീതിയെസ്സംബന്ധിച്ചിടത്തോളം, ഗ്രന്ഥകർത്താക്കന്മാരുടെ വൈയക്തികസ്വഭാവം വി. ലിഖിതങ്ങളിൽ നിഴലിക്കുന്നുണ്ടെങ്കിലും അവ ദൈവനിവേശിതങ്ങളാണെന്നു് അവർ വിശ്വസിച്ചു.

## ക്രിസ്തുവിജ്ഞാനീയം

ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളിൽ മനുഷ്യസ്വഭാവത്തെയാണു് അന്ത്യോക്യൻ മതാദ്ധ്യാപനാലയത്തിലെ പണ്ഡിതന്മാർ ഊന്നിപ്പറഞ്ഞിരുന്നതു്. പാഷണ്ഡികരു പഠിപ്പിച്ചതുപോലെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചു് ഇല്ലാതാകുന്നില്ല എന്നവർ ഉദ്ബോധിപ്പിച്ചു.

## തത്വചിന്ത

അന്ത്യോക്യൻ മതാദ്ധ്യാപനാലയത്തിന്റെ ദൈവശാസ്ത്രചിന്തകൾക്കു് ആധാരമായിരുന്നതു് അരിസ്റ്റോട്ടലിന്റെ (Aristotle) തത്വചിന്തയായിരുന്നതിനാൽ പ്രായോ

www.malankaralibrary.com

ഗികതയ്ക്കും വാസ്തവികതയ്ക്കും കൂടുതലായി സ്ഥാനം ലഭിച്ചു. എന്നാൽ പ്ലേറ്റോണിയൻ സ്വാധീനമുള്ള അലക്സാണ്ഡ്രിയൻ ചിന്തയിൽ മുററിനിന്നിരുന്നതു് മിസ്റ്റിസിസവും ധ്യാനാത്മകതയുമാണു്.

## വിവിധഘട്ടങ്ങൾ:

അന്ത്യോക്യയിലെ മതാദ്ധ്യപനാലയ ചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം.

1) ഏ. ഡി. 260–360: ലൂസിയൻ, എവുസ്സാത്തിയൂസ്, ഡൊറോത്തേയൂസ് തുടങ്ങിയവരാണു് ഈ ഘട്ടത്തിലെ പ്രധാന വ്യക്തികൾ.

2) ഏ. ഡി. 360–430: താർസൂസിലെ ദിയദോറസിനോടുകൂടി ഈ കാലം ആരംഭിക്കുന്നു. ഫ്ളാവിയൻ (Flavian), ജോൺ ക്രിസോസ്റ്റോം (John Chrisostom), മൊപ്സുവെസ്ത്യായിലെ തെയദോർ (Theodore of Mopsuestia), സൈറസിലെ തെയോഡോറേറു് (Theoderet of cyrus) മുതലായവരാണു് ഈ കാലഘട്ടത്തിലെ ഇതരപ്രമുഖവ്യക്തികൾ. പ്രസ്തുത കാലഘട്ടം ഈ മതാദ്ധ്യാപനാലയത്തിൻെറ സുവർണ്ണകാലഘട്ടമെന്നു് അറിയപ്പെടുന്നു.

3) ഏ. ഡി. 430നു ശേഷമുള്ള കാലം.

മേല്പറഞ്ഞ ഓരോ കാലഘട്ടത്തിലെയും പിതാക്കന്മാരുടെ ജീവിതം, കൃതികൾ, പ്രബോധനങ്ങൾ എന്നിവയുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

## 1 സാമോസാട്ടായിലെ ലൂസിയൻ (Lucian of Samosata +311/12)

അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിൻെറ സ്ഥാപകൻ ലൂസിയനാണു്. സാമോസാട്ടായിൽ ജനിച്ച ഇദ്ദേഹം അന്ത്യോക്യായിലെ ലൂസിയൻ എന്ന പേരിലും അറിയപ്പെടുന്നുണ്ടു്. ആരിയൂസിനോടൊപ്പം സഭാഭ്രഷ്ടനാക്കപ്പെട്ട ലൂസിയൻ 225–ൽ സഭയിലേക്കു് തിരിച്ചുവന്നതായും പിന്നീടു് 312–ൽ നിക്കോമേഡിയാ (Nicomedia)

www.malankaralibrary.com

യിൽവച്ചു് രക്തസാക്ഷിത്വം വരിച്ചതായും പറയപ്പെടുന്നു. ആരിയനിസത്തിന്റെ ഉത്ഭവം കുറിച്ചതിദ്ദേഹമാണെന്നു പറയപ്പെടുന്നു. ആരിയൂസ് ലൂസിയന്റെ ശിഷ്യനായിരുന്നു.

ഒരിജനിൽനിന്നും കിട്ടിയതാവണം ഇദ്ദേഹത്തിന്റെ വേദപുസ്തക പഠനത്തിനുള്ള താല്പര്യം. ലൂസിയൻ സ്വീകരിച്ചതു് വിശുദ്ധ ഗ്രന്ഥത്തിന്റെ പദാനുപദവും ചരിത്രപരവുമായ ഭാഷ്യമാണു്. ആലങ്കാരിക രീതിയിലുള്ള അലക്സാണ്ഡ്രിയൻരീതി അദ്ദേഹത്തിനു സ്വീകാര്യമല്ലായിരുന്നു. അതുപോലെതന്നെ ലൂസിയന്റെ ഭാഷാജ്ഞാനം പഞ്ചഗ്രന്ഥിയും സുവിശേഷഭാഗങ്ങളും തിരുത്തുവാൻ വളരെപ്പേരെ സഹായിച്ചിട്ടുണ്ടു്.

## 2 അന്ത്യോഖ്യായിലെ എവുസ്താത്തിയൂസ് (Eustathius of Antioch + 337)

അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയം കാണുക.

## 3 ഡൊറേത്തേയൂസ് (Doretheus Cent. 4)

കേസറിയായിലെ എവുസേബിയൂസ് (265–340) ഡൊറേത്തേയൂസിന്റെ ഭാഷാജ്ഞാനത്തെപ്പററിയും വിശുദ്ധ ലിഖിത വ്യാഖ്യാനങ്ങളെപ്പററിയും പ്രകീർത്തിക്കുന്നുണ്ടു്[27] ഹെബ്രായ ഭാഷയിലും വി. ലിഖിതഭാഷ്യത്തിലും സമർത്ഥനായ ഒരു വൈദികനായിരുന്നു ഇദ്ദേഹം. അന്ത്യോഖ്യൻ ചിന്താഗതിയാണു് ഇദ്ദേഹത്തിന്റെ വി. ലിഖിത വ്യാഖ്യാനങ്ങളിൽ കാണുക. ആലങ്കാരിക രീതിയെ ഡൊറേത്തേവൂസ് എതിർത്തിരുന്നു.

## 4 താർസൂസിലെ ദിയദോർ (Diodore of Tarsus+394)

ദിയദോറിനോടുകൂടിയാണു്, അന്ത്യോഖ്യൻ മതാദ്ധ്യാപനാലയത്തിന്റെ സുവർണ്ണകാലം ആരംഭിക്കുക. 330—നോടുകൂടി അന്ത്യോഖ്യായിൽ ഇദ്ദേഹം ജനിച്ചു.

---

27 Euseb., Ecclesiastical History 7,12.

www.malankaralibrary.com

ആതൻസിൽ പോയി ശാസ്ത്രവിഷയങ്ങളിൽ അവഗാഹം നേടി. താർസൂസിലെ സിൽവാനൂസ്, എമേസായിലെ എവുസേബിയൂസ് (Eusebius of Emesa) എന്നിവരാണ് ഇദ്ദേഹത്തെ ദൈവശാസ്ത്രം പഠിപ്പിച്ചത്. പിന്നീട് അന്ത്യോക്യായിലുണ്ടായിരുന്ന ഒരു ആശ്രമവിദ്യാലയത്തിന്റെ അധിപനായി. ജോൺ ക്രീസോസ്റ്റം (John Chrisostom) മൊപ്സുവെസ്ത്യായിലെ തെയദോർ എന്നിവർ ദിയദോറിന്റെ ശിഷ്യന്മാരാണ്. വാച്യാർത്ഥപരവും ചരിത്രപരവുമായി വി. ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്ന രീതി ഇദ്ദേഹം വികസിപ്പിച്ചു. അപ്പോല്ലിനാരിസത്തിനെതിരെ ഇദ്ദേഹം സുധീരം പോരാടി. അന്ത്യോക്യായിലെ മെലിത്തിയൂസാണ് (Melitius of Antioch) ഇദ്ദേഹത്തിനു വൈദികപട്ടം നല്കിയത്. വാലൻസ് (Valens) ചക്രവർത്തിയുടെ മതമർദ്ദനകാലത്ത് ദിയദോറിന് സ്വന്തം മെത്രാനോടുകൂടി വിദേശവാസമനുഭവിക്കേണ്ടിവന്നിട്ടുണ്ട്. കാലക്രമത്തിൽ ദിയദോർ താർസൂസിലെ മെത്രാനായി അഭിഷിക്തനായി. പണ്ഡിതവരേണ്യനായ ദിയദോർ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അലക്സാന്ത്രിയായിലെ സിറിൽ ഇദ്ദേഹത്തെ നെസ്തോറിയനെന്ന് മുദ്ര കുത്തുകയും എ. ഡി. 449—ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ പ്രാദേശിക സൂനഹദോസ് ഇദ്ദേഹത്തെ ശപിക്കുകയും ചെയ്തു. തുടർന്നുണ്ടായ സംഭവ വികാസങ്ങളിൽ ദിയദോറിന്റെ കൃതികളെല്ലാം എതിരാളികൾ നശിപ്പിച്ചുകളഞ്ഞു. നെസ്തോറിയനിസത്തിന്റെ ഉപജ്ഞാതാവ് എന്ന് ദിയദോർ അറിയപ്പെടുന്നുണ്ടെങ്കിലും ആധുനിക പണ്ഡിതന്മാരിൽ പലരും പ്രസ്തുത ആശയത്തിനോട് പൂർണ്ണമായും യോജിക്കാത്തവരാണ്. താർസൂസിൽവച്ച് 394—ലോടുകൂടി ഇദ്ദേഹം നിര്യാതനായി.

## 5 ഫ്ളാവിയൻ (Flavian + 449)

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു വൈദികനായിരുന്നു എന്നതിൽക്കവിഞ്ഞ് മെത്രാനാകുന്നതുവരെയുള്ള ഫ്ളാവിയന്റെ ജീവിതത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ടാർസുസിലെ ദിയദോറിന്റെയും

www.malankaralibrary.com

ജോൺ ക്രിസോസ്റ്റോമിൻെറയും സ്നേഹിതനായിരുന്നു ഇദ്ദേഹം. ഏ.ഡി.448ൽ ഇദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ സമ്മേളനത്തിൽ വച്ച് ഏകസ്വഭാവ വാദത്തിൻെറ പ്രണേതാവായ എവ്വത്തികുസിനെ (Eutyehes+582) ശപിച്ചു തള്ളി. എന്നാൽ, 449-ലെ സിനഡിൽ (Robber Synod) അലക്സാണ്ട്റിയായിലെ ദിയസ്കോറസിൻെറ നേതൃത്വം എവുത്തികുസിനെതിരായ ശാപം നീക്കം ചെയ്യുകയും ഫ്ളാവിയനെ ശപിച്ച് രാജ്യഭ്രഷ്ടനാക്കുകയും ചെയ്തു. താമസിക്കാതെ ഇദ്ദേഹം മരണമടഞ്ഞു (+449). ഏ. ഡി. 451ലെ കാൽക്കദോനിയാ സൂനഹദോസ് ഫ്ളാവിയൻ ഒരു വിശ്വാസ സംരക്ഷകനാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. വി. ലെയോ ഒന്നാമൻ മാർപ്പാപ്പാ (440–461)യുടെ കൃതികളുടെ കൂട്ടത്തിൽ ഫ്ളാവിയൻെറ മൂന്ന് എഴുത്തുകളും സൂക്ഷിക്കപ്പെട്ടു വരുന്നു.

## 6 വി. ജോൺ ക്രിസോസ്റ്റോം (John Chrisostom 344—407)

കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന വി. ജോൺ ക്രിസോസ്റ്റോം ഗ്രീക്ക് സഭാ പിതാക്കന്മാരിലും പൗരസ്ത്യ സഭാപിതാക്കന്മാരിൽ തന്നെയും അഗ്രഗണ്യനാണ്. നല്ല തികഞ്ഞ ഒരു പ്രാസംഗികൻ, ദൈവിക വിജ്ഞാനം പകർന്നു തരുന്ന ഒരു വേദപാരംഗതൻ, ഉത്തമനായ ഒരു ആത്മപാലകൻ എന്നീ നിലകളിൽ ഇദ്ദേഹം ശോഭിക്കുന്നു. ഇദ്ദേഹത്തിൻെറ പ്രസംഗപാടവത്തിന് അംഗീകാരമായി ലഭിച്ച പേരാണ് 'സ്വർണ്ണ നാവുള്ളവൻ' എന്നർത്ഥമുള്ള 'ക്രിസോസ്റ്റോം.' ആധുനിക പ്രാസംഗികരും വ്യാഖ്യാതാക്കളും ഇത്രമാത്രം സ്തുതിക്കുന്ന മറ്റൊരു പൗരസ്ത്യ സഭാപിതാവുണ്ടെന്നു തോന്നുന്നില്ല. പ്രാസംഗികൻ മാത്രമായിരുന്നില്ല ക്രിസോസ്റ്റോം; പ്രത്യുത സന്മാർഗ്ഗശാസ്ത്രജ്ഞനും മനഃശാസ്ത്രജ്ഞനും വിശുദ്ധ ഗ്രന്ഥ വ്യാഖ്യാതാവും കൂടിയായിരുന്നു. കൂടാതെ ഒരു ആദ്ധ്യാത്മിക ജീവിതത്തിൻെറ എല്ലാ തലങ്ങളേയും

www.malankaralibrary.com

പ്രതിപാദിക്കത്തക്കവിധം ധാരാളം കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

സിറിയായുടെ തലസ്ഥാനമായിരുന്ന അന്ത്യോക്യായിൽ 344നും 354നും ഇടയ്ക്കു് ജോൺ ജനിച്ചു. പട്ടാളത്തിൽ ഒരുയന്ന ഉദ്യോഗസ്ഥനായിരുന്ന സ്വപിതാവിനെ ശൈശവത്തിൽ തന്നെ ജോണിനു നഷ്ടപ്പെട്ടു. പിന്നീട് മാതാവാണു് ജോണിനു് പ്രാഥമിക വിദ്യാഭ്യാസം നല്കി വളത്തിയതു്. മാതാവിൻെറ മാതൃകാജീവിതവും അവർ നല്കിയ വിദ്യാഭ്യാസവുമാണു് ജോണിനെ സഭയുടെ നെടുംതൂണാക്കി മാററിയതു്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പ്രസിദ്ധ തത്വചിന്തകനായിരുന്ന ആൻഡ്രാഗാത്തിയുസിൻെറ (Andragathius) കീഴിൽ ജോൺ തത്വശാസ്ത്രവും, സുപ്രസിദ്ധ പ്രാസംഗികനായിരുന്ന ലിബ്ബിയാനുസിൻെറ (Libianus) കീഴിൽ പ്രഭാഷണ കലയും അഭ്യസിച്ചു.

അന്ത്യോക്യായിലെ പാത്രിയാക്കീസായിരുന്ന മെലേത്തിയുസുമായി (Meletius) പരിചയപ്പെട്ട ജോൺ, അദ്ദേഹത്തിൻെറ നിദ്ദേശ പ്രകാരം തൻെറ 18—ാമത്തെ വയസ്സിൽ അന്ത്യോക്യായിലെ ദിയദോറിൻെറ (Diodore of Antioch) കീഴിൽ വീണ്ടും പഠനമാരംഭിച്ചു. ചുരുങ്ങിയ കാലംകൊണ്ടു് ജോൺ ക്രൈസ്തവ തത്വങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടി. 368—നോടടുത്തു് മെലേത്തിയുസ്, ജോണിനു മാമോദീസാ നല്കി. ഇദ്ദേഹത്തിൻെറ വിശുദ്ധിയും വിജ്ഞാനവും കണ്ട മെലേത്തിയുസ് ഇദ്ദേഹത്തെ പിന്നീട് 'വായനക്കാരൻ' (Lecter) എന്ന പദവിയിലേക്കുയത്തി.

തൻെറ മാതാവിൻെറ മരണശേഷം ജോൺ ഏകാന്തജീവിതത്തിനായി അന്ത്യോക്യായിലെ മലമ്പ്രദേശത്തേക്കു പോയി. അവിടെ വയോവൃദ്ധനും പുണ്യശ്ലോകനുമായ ഒരു സന്യാസിയുടെ കീഴിൽ ധ്യാനം, പ്രാത്ഥന, പഠനം എന്നിവയാൽ നാലു വർഷം ചെലവഴിച്ചു. 381ലാണു് ഇദ്ദേഹത്തെ ശെമ്മാശൻ സ്ഥാനത്തേക്കുയത്തിയതു്. അദ്ദേഹം ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങളിൽ പങ്കെ

www.malankaralibrary.com

ടുക്കുക, പാവപ്പെട്ടവരെയും രോഗികളെയും വിധവകളെയും സഹായിക്കുക, ജ്ഞാനസ്നാനാർത്ഥികളെ പഠിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ വ്യാപൃതനായിരുന്നു.

മെലേത്തിയൂസിൻെറ പിൻഗാമിയായ ഫ്ളാവിയൻ ജോണിനെ, 43-ാമത്തെ വയസ്സിൽ പൗരോഹിത്യത്തിലേയ്ക്കുയർത്തി. പ്രസംഗകൻ, വി. ഗ്രന്ഥവ്യാഖ്യാതാവ്, സന്മാർഗ്ഗശാസ്ത്രജ്ഞൻ എന്നീ നിലകളിലുള്ള ക്രിസോസ്റ്റോമിൻെറ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു അതു്. കത്തീഡ്രൽദേവാലയത്തിൻെറ വികാരിയായി നിയമിതനായ ഫാദർ ജോൺ തൻെറ 12 വർഷത്തെ നിസ്തുല സേവനത്തിൽ, സുവിശേഷപ്രസംഗവും പാവങ്ങളുടെ സംരക്ഷണവും തൻെറ പ്രധാനകർത്തവ്യങ്ങളായികരുതി. ക്രിസ്തുവിൻെറ അരൂപിയാൽ നിറഞ്ഞിരുന്ന ഫാദർ ജോൺ എല്ലാദിവസങ്ങളിലും ദൈവവചനം പ്രസംഗിച്ചിരുന്നു. ഇക്കാലഘട്ടത്തിലാണു് തെയഡോഷ്യസ് ചക്രവർത്തി ഏർപ്പെടുത്തിയ ദുർവഹമായ നികുതിക്കെതിരെ ജനങ്ങൾ പ്രക്ഷോഭണമാരംഭിച്ചതു്. ചക്രവർത്തിയുടെയും മററും പ്രതിമകൾ നശിപ്പിക്കുകയും അനേകനാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. കോപാകുലനായ ചക്രവർത്തി ജനങ്ങളെ ഒന്നടങ്കം വധിക്കുമെന്നു ഭീഷണിപ്പെടുത്തി. ഈ അവസരത്തിലാണു ഫാദർ ജോണിൻെറ പ്രസംഗപാടവം ശരിക്കും തെളിയിക്കപ്പെട്ടതു്. അദ്ദേഹം അവരുടെ തെററുകൾ ചൂണ്ടിക്കാണിക്കുകയും അവയെ തിരുത്തുന്നതിനു പ്രേരിപ്പിക്കുകയും ചെയ്തു. ചരിത്രപരവും ദൈവശാസ്ത്രപരവുമായ പ്രാമാണിക സ്രോതസ്സുകളാണു് ഇദ്ദേഹത്തിൻെറ പ്രസംഗങ്ങൾ. അവയെല്ലാം പ്രധാനമായും ക്രൈസ്തവതത്വങ്ങളെയും വിശ്വാസസംരക്ഷണത്തെയും കുറിച്ചുള്ളവയാണെങ്കിലും തൻെറ വി. ഗ്രന്ഥവ്യാഖ്യാനമാണു് വേദപാരംഗതസ്ഥാനത്തേക്കു ക്രിസോസ്റ്റോമിനെ ഉയർത്തിയതു്.

397-ൽ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന നെക്താരിയൂസിൻെറ(Nectarius) മരണത്തെ തുടർന്നു് ഫാദർ ജോണിനെയാണു് തൽസ്ഥാനത്തേക്കു

www.malankaralibrary.com

തെരഞ്ഞെടുത്തതു്. അലക്സാണ്ഡ്രിയൻ പാത്രിയർക്കീസാ യിരുന്ന തിയോഫിലസാണു്, 398—ൽ ഫാദർ ജോണിനെ പാത്രിയർക്കീസായി അഭിഷേകം ചെയ്തതു്. തന്റെ പ്രസംഗപാടവവും ലളിതജീവിതവും വഴി ഇദ്ദേഹം ജനങ്ങളുടെ പ്രീതി ആർജ്ജിച്ചുവെങ്കിലും സഭാസംബന്ധവും രാഷ്ട്രീയവുമായ പല അഗ്നിപരീക്ഷണങ്ങളെയും ഇദ്ദേഹത്തിനു നേരിടേണ്ടിയിരുന്നു. സുഖലോലുപതയിൽ മുഴുകി ജീവിതം നയിച്ചിരുന്ന വൈദികരോടു് വിശുദ്ധവും മാതൃകാപരവുമായ ജീവിതം നയിക്കാൻ ഉപദേശിക്കുകയും അതിനായി നിയമങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു തന്റെതന്നെ മാതൃകാപരമായ ജീവിതം അവക്കു പ്രസ്തുത വിഷയത്തിൽ പ്രചോദനമായി നിലകൊണ്ടു. സുഖജീവിതത്തിൽ മുഴുകി പുരോഹിതനടുത്ത ജീവിതം നിവ്വഹിക്കാത്തവരെ അവരുടെ സ്ഥാനങ്ങളിൽനിന്നും അദ്ദേഹം നീക്കം ചെയ്തു. ഈദൃശ നവീകരണപ്രസ്ഥാനം സഭയ്ക്കകത്തും പുറത്തും ഇദ്ദേഹത്തിനു് അനേകം ശത്രുക്കളെ സൃഷ്ടിക്കുകയുണ്ടായി.

പ്രശ്നങ്ങൾക്കിടയിലും പ്രഥമവും പ്രധാനവുമായ തന്റെ കടമ ഒരു ആത്മപാലകനടുത്തതാണെന്നു് അദ്ദേഹം മറന്നില്ല. തന്റെ അജയ്യമായ വാഗ്വിലാസവും തീക്ഷ്ണതയും കടുത്ത പാപികളുടെപോലും മനസ്സുതിരിവിനു് ഇടയായായിട്ടുണ്ടു്. പ്രാൎത്ഥനാനിർഭരമായ ജീവിതം നയിച്ചിരുന്ന ഇദ്ദേഹം പ്രാൎത്ഥനയെക്കുറിച്ചു ജനങ്ങളെ കൂടെക്കൂടെ ഉദ്ബോധിപ്പിച്ചിരുന്നു. സ്വർഗ്ഗീയദാനങ്ങളുടെ നീർച്ചാലായ പ്രാൎത്ഥന മനുഷ്യനെ മാലാഖയാക്കി മാററും എന്നു് ഇദ്ദേഹം ഉപദേശിച്ചു.

ശാന്തനും സമാധാനപ്രിയനുമായിരുന്നു ക്രിസോസ്തോമെങ്കിലും ദൈവത്തെക്കുറിച്ചും നീതിയെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത ഉന്നതാധികാരികൾക്കെതിരെപ്പോലും പ്രസംഗിക്കുവാൻ ഇദ്ദേഹത്തിനു ശക്തി നല്കി. ഇതു് ക്രിസോസ്തോമിനെതിരെ ശീതസമരങ്ങളുടെ കൊടുങ്കാററുകളും ഇളക്കിവിട്ടു. ജനങ്ങളെ പാപത്തിലേക്കു നയിക്കത്തക്കവിധം ശാലീനമല്ലാത്തതും

www.malankaralibrary.com

ആഡംബരമാന്ത്രമായ വസ്രധാരണരീതിയെ അധി ക്ഷേപിച്ചതു്, ഇദ്ദേഹത്തെ ചക്രവത്തിനിയുടെയും ഉന്നത കുലജാതരായ മററു സ്ത്രീകളുടെയും കോപത്തിനു് പാത്ര മാക്കി മാററി.

ഇദ്ദേഹത്തിൻെറ പ്രധാന എതിരാളി അലക്സാ ണ്ഡ്രിയായിലെ പാത്രിയക്കീസായിരുന്ന തിയോഫി ലസ് ആയിരുന്നു. തിയോഫിലസ് ക്രിസോസ്തോമി നെതിരായി പ്രചരണം നടത്തി.[28] അധികാരദുർമോ ഹിയും അഹങ്കാരിയും ആഡംബരപ്രിയനുമായിരുന്ന തി യോഫിലസിൻെറ ശത്രുതക്കുള്ള പ്രധാനകാരണം താൻ നാമനിർദ്ദേശം ചെയ്ത ആളിനുപകരം ക്രിസോസ്തോമിനെ ചക്രവത്തി തിരഞ്ഞെടുത്തു എന്നതാണു്. തന്മൂലം പകരം വീട്ടാൻ കാത്തിരിക്കുകയായിരുന്ന തിയോഫിലസ് പാഷണ്ഡരെന്നു മുദ്രകുത്തി ചില സന്യാസികളെ സഭ യിൽനിന്നു പുറത്താക്കി. സന്യാസികൾക്കെതിരെയെ ടുത്ത നടപടിക്കു് വിശദീകരണം നല്കാൻ പാത്രിയ ക്കീസ് ജോൺ ആദ്ധ്യക്ഷം വഹിക്കുന്ന ഒരു സൂനഹദോ സിൽ സന്നിഹിതനാകാൻ, ചക്രവത്തി തിയോഫില സിനോടാവശ്യപ്പെട്ടു. എന്നാൽ വിശദീകരണം നല്കുന്ന തിനു പകരം തിയോഫിലസ് മറെറാരു സൂനഹദോസ്— ചക്രവത്തിയുടെ സഹായത്തോടെ—വിളിച്ചുകൂട്ടി. പ്രസ്തുത സൂനഹദോസിൽ വച്ചു ക്രിസോസ്തോമിനെതിരെ ദുരുദ്ദേശ പരവും ബാലിശങ്ങളുമായ 46 കുററങ്ങൾ കാണിച്ചു പാത്രിയക്കീസ് സ്ഥാനത്തുനിന്നും താൻ നിഷ്ക്കാസി തനായി പ്രഖ്യാപിച്ചു. ഇതിനു ചക്രവത്തിയുടെ അംഗീ കാരം നേടുന്നതിൽ അവർ വിജയിക്കുകയും ചെയ്തു. ക്രി സോസ്തോമിനെ ബിത്തീനിയായിലേയ്ക്കു് നാടുകടത്താൻ ചക്രവത്തി കല്പിച്ചു. ഇദ്ദേഹം പുറപ്പെട്ട ദിവസം ചക്ര വത്തിയുടെ അരമനയിൽ ഉണ്ടായ ഒരു അപകടം അന്യാ യമായി ക്രിസോസ്തോമിനെ വിധിച്ചതിൻെറ ഫലമാ ണെന്നു തോന്നിയ ചക്രവത്തിനി ഇദ്ദേഹത്തെ തിരിച്ചു

28 Facundus of Hermiane, pro defensione trium capitulorum 6,5

www.malankaralibrary.com

വിളിയ്ക്കുകയും സ്വസ്ഥാനത്തു തുടരുവാൻ അനുവദിയ്ക്കുകയും ചെയ്തു. പക്ഷേ, അധികം താമസിയാതെ ഇദ്ദേഹത്തെ രണ്ടാമത്തും കുക്കുസധിലേയ്ക്കു നാടുകടത്തി. കുക്കുസധിലെ മെത്രാൻ ക്രിസോസ്റ്റോമിനോടു കരുണയോടെ പെരുമാറി. അവിടെ താമസിച്ചുകൊണ്ടു് തൻെറ അജഗണങ്ങളുമായി ഇദ്ദേഹം ബന്ധം പുലർത്തി. ഇതറിഞ്ഞ ശത്രുക്കരം ക്രിസോസ്റ്റോമിനെ വിദൂരത്തുള്ള മിത്തിയൂനിലേക്കു് മാററുന്നതിനു് ചക്രവർത്തിയുടെ അനുവാദം സമ്പാദിച്ചു. അവിടേയ്ക്കുള്ള യാത്രയിൽ വൃദ്ധനായിരുന്ന ഇദ്ദേഹം രോഗബാധിതനാവുകയും തുടർന്നു് പോന്തുസിലെ കൊമ്മോണായിൽവെച്ചു് 407—ൽ നിര്യാതനാകുകയും ചെയ്തു. ''എല്ലാററിലും ദൈവത്തിനു മഹത്വമുണ്ടായിരിക്കട്ടെ'' എന്നതായിരുന്നു അദ്ദേഹത്തിൻെറ അന്തിമവചസ്സുകരം. പിന്നീടു് തെയോഡോഷ്യസ് രണ്ടാമൻ ചക്രവർത്തി ഇദ്ദേഹത്തിൻെറ പൂജ്യാവശിഷ്ടങ്ങരം 438–ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുവന്നു് ''അപ്പസ്തോലന്മാരുടെ പള്ളി''യിൽ സൂക്ഷിച്ചു.

## സ്വഭാവവും വിശുദ്ധിയും

അറിവും വിശുദ്ധിയും ഒരുമിച്ചു സമ്മേളിച്ചിട്ടുള്ള അപൂർവ്വം വ്യക്തികളിൽ ഒരാളാണു് വി. ക്രിസോസ്റ്റോം. വി. ഗ്രന്ഥവചസ്സുകളായിരുന്നു ഇദ്ദേഹത്തിൻെറ അനുദിന ഭോജനം. സഭാചരിത്രം ഒരു സന്യാസിയായിട്ടാണു് ക്രിസോസ്റ്റോമിനെ ചിത്രീകരിക്കുന്നതു്. ഭാവനാസമ്പന്നനായിരുന്ന ക്രിസോസ്തോമിൻെറ പ്രസംഗങ്ങരം പ്രേരണാശക്തിയും വൈവിധ്യവും നിറഞ്ഞുതുളുമ്പുന്നവയാണു്. ഇഹലോകത്തിൽ ഒരുമനുഷ്യനു് ചെയ്യുതീക്കാവുന്നതിൻെറ പരമാവധി ക്രിസോസ്റ്റോം ചെയ്യുതീർത്തു എന്നാണു് ഇദ്ദേഹത്തെപ്പററി പറഞ്ഞിരിക്കുന്നതു്. സഹോദരങ്ങളുടെ ആദ്ധ്യാത്മികോന്നമനത്തിനായി പ്രവർത്തിക്കുക ഓരോ ക്രൈസ്തവൻെറയും കടമയാണെന്നു് ഇദ്ദേഹം കരുതി. മററു കാരണങ്ങളുടെ മറവിൽ ഈ കർത്തവ്യം നിർവ്വഹിക്കാത്തവൻ ദൈവത്തിനെതിരായി വലിയ തിന്മയാണു് പ്രവർത്തിക്കുന്നതെന്നു് അദ്ദേഹം പഠിപ്പിച്ചു.

www.malankaralibrary.com

തൻെറ നാട്ടുകടത്തലിൽ തിന്മയുടെ വിജയത്തെ പ്പററി അദ്ദേഹം ദുഃഖിച്ചുവെങ്കിലും തനിക്ക് ഹൃദ്യമായി രുന്ന ഏകാന്തജീവിതത്തിൽ ഇദ്ദേഹം സന്തുഷ്ടനായിരുന്നു. ഏകാന്തതയിലുള്ള സഹനജീവിതം ഇദ്ദേഹത്തെ സൗമ്യത, വിനയം, ക്ഷമ, സഹനം തുടങ്ങിയ ക്രൈസ്തവ പുണ്യങ്ങളുടെ നികേതനമാക്കി മാററി. ദൈവസ്നേഹത്താൽ നിറഞ്ഞു നിന്നിരുന്ന അദ്ദേഹത്തിൻെറ ജീവിതം ക്രിസ്തുവിനോടുകൂടി കാൽവരിയിലേക്ക് തൻെറ കരിശും വഹിച്ചുകൊണ്ടുള്ള ഒരു യാത്രയായിരുന്നു എന്നു കാണാം.

## പ്രധാന കൃതികൾ

ഗ്രീക്കുസഭാ പിതാക്കന്മാരിൽ ക്രിസോസ്റ്റോമിനെ പോലെ ഇത്രയധികം വിശാലവും വൈവിധ്യവുമാന്ന ആദ്ധ്യാത്മികസാഹിത്യപൈതൃകം നൽകിയിട്ടുള്ള മററാരുമില്ല. ഇദ്ദേഹത്തിൻെറ കൃതികൾ സന്മാർഗ്ഗം, ആദ്ധ്യാത്മികത, പൗരോഹിത്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പുസ്തകരൂപത്തിലും പ്രസംഗങ്ങൾ, എഴുത്തുകൾ, വ്യാഖ്യാനങ്ങൾ എന്നീ രൂപത്തിലുമുണ്ട്. ഇവയിൽ നിന്നും അന്നത്തെ സഭാപരവും സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ കാര്യങ്ങൾ മനസ്സിലാക്കാൻ ഒരുവന് സാധിക്കും. ഇദ്ദേഹത്തിൻെറ കൃതികൾ സാഹിത്യപരമായി ഉന്നതനിലവാരം പുലർത്തുന്നു.[29]

## പ്രസംഗങ്ങൾ:

പഴയനിയമത്തേയും പുതിയനിയമത്തേയും കുറിച്ച് വ്യാഖ്യാനരൂപത്തിലുള്ള പ്രസംഗങ്ങളാണ് ഇതിൽ അധികവും. വേദപുസ്തകഭാഗങ്ങൾ അവയുടെ ആദ്ധ്യാത്മികമൂല്യം, വാച്യാർത്ഥത്തിൽത്തന്നെ മനസ്സിലാകത്തക്കവിധം പ്രായോഗിക നിർദ്ദേശങ്ങളോടുകൂടി അവതരിപ്പിച്ചിരിക്കുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അഗാധ പാണ്ഡിത്യത്തെ ഇവ വിളിച്ചറിയിക്കുന്നു. ഇദ്ദേഹത്തിൻെറ അവതരണരീതി ഏതൊരു പ്രാസംഗികനെയും ആകർഷിക്കത്തക്കതാണ്.

---

29 Chrisostom, Epistle 5,2.

www.malankaralibrary.com

## പഴയനിയമവ്യാഖ്യാനങ്ങൾ

### സൃഷ്ടിയുടെ പുസ്തകം

രണ്ടു പരമ്പരകളിലായിട്ടാണ് ഈ വ്യാഖ്യാനങ്ങൾ ലഭിച്ചിട്ടുള്ളതു്. ഇവ രണ്ടുമാണ് വ്യാഖ്യാനങ്ങളിൽ ഏററവും പ്രാചീനമായവ എന്നു കരുതപ്പെടുന്നു. ആദ്യത്തെ പരമ്പരയിൽ 9 പ്രസംഗങ്ങൾ ഉള്ളതിൽ 8 എണ്ണവും ആദ്യത്തെ മൂന്നദ്ധ്യായങ്ങളെക്കുറിച്ചുള്ളവയാണ്.[30] രണ്ടാമത്തെ പരമ്പരയിലെ അറുപത്തിയേഴ് പ്രസംഗങ്ങൾ സൃഷ്ടിയുടെ പുസ്തകത്തിൻെറ പൂർണ്ണവ്യാഖ്യാനം നല്കുന്നുണ്ടു്.

### സങ്കീർത്തനങ്ങൾ

പഴയ നിയമത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് 58 സങ്കീർത്തനങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനമാണ്. ഇവ വ്യാഖ്യാനങ്ങൾ എന്നതിനേക്കാൾ വിശദീകരണരൂപത്തിലാണ് നല്കിയിട്ടുള്ളതു്. പാപം, പുണ്യം, പ്രാർത്ഥന, സ്തുതികളും സങ്കീർത്തനങ്ങളും വീടുകളിൽ പാടേണ്ട ആവശ്യകത എന്നിവയെക്കുറിച്ച് പ്രധാനമായും പ്രതിപാദിക്കുന്നു. കൂടാതെ പൗരോഹിത്യത്തിൻെറ മഹത്വം, കന്യാത്വം, ശരിയായ വി. കുർബ്ബാന സ്വീകരണം എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ടു്. ആര്യനിസം, മനിക്കേയനിസം തുടങ്ങിയ പാഷണ്ഡതകൾക്കെതിരായുള്ള സംവാദവും ഇവയിൽ കാണാം.

### പഴയനിയമത്തിലെ മററു പുസ്തകങ്ങൾ

ഏശയ്യ[31], ദാനിയേൽ, ജെറമിയ തുടങ്ങിയവരുടെ പ്രവചനങ്ങളെക്കുറിച്ചും ജോബ്, വിജ്ഞാനം, രാജാക്കന്മാർ തുടങ്ങിയ പുസ്തകങ്ങളിലെ പ്രമുഖ ഭാഗങ്ങളെക്കുറിച്ചും വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ടു്.

---

30 Migne, Patrologia Graeca 54,581-63.
31 Ibid. 56,97-142.

www.malankaralibrary.com

## പുതിയനിയമ വ്യാഖ്യാനങ്ങൾ:

നാലു സുവിശേഷങ്ങളെക്കുറിച്ചും ക്രിസോസ്റ്റോം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട് എന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും വി. മത്തായിയുടെയും വി. യോഹന്നാൻെറയും സുവിശേഷങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ മാത്രമെ ലഭിച്ചിട്ടുള്ളു.

## വി. മത്തായിയുടെ സുവിശേഷം

മത്തായിയുടെ സുവിശേഷത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ 90 പ്രസംഗങ്ങളിലായി ലഭിക്കുന്നു. ഇതു് അന്ത്യോക്യായിൽവച്ചാണു് എഴുതിയതെന്നു സൂചനയുണ്ടു്, 7–ാമത്തെ പ്രസംഗത്തിൽ[32].

ഇതിൽ പഴയനിയമത്തിലെ ദൈവം നീതിയുടെയും കാക്കശ്യത്തിൻേറയും മൂത്തീഭാവവും, പുതിയ നിയമത്തിലെ ദൈവം സ്നേഹത്തിൻെറ ദൈവവുമായതിനാൽ പുതിയ നിയമവും പഴയ നിയമവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്ന മനിക്കേയൻ വാദത്തെ അദ്ദേഹം ഖണ്ഡിച്ചു. പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരേ നിയമദാതാവിനെയാണു് കാണുന്നതെന്നും പഴയനിയമം പുതിയനിയമത്തിൻെറ മുന്നോടിയും ഒരുക്കവുമാണെന്നും ക്രിസ്തുവിൻെറ നിയമങ്ങൾ യഹൂദ നിയമങ്ങളെ പൂത്തിയാക്കുകയാണു് ചെയ്തിട്ടുള്ളതെന്നും ക്രിസോസ്റ്റോം സമത്ഥിച്ചു. സുവിശേഷങ്ങളെ ''സ്വർഗ്ഗീയ രാജാവിൻെറ സന്ദേശങ്ങൾ'' എന്നാണദ്ദേഹം വിളിക്കുന്നതു്. ക്രിസ്തുവിൻെറ മനുഷ്യസ്വഭാവത്തെ എതിത്ത ആര്യൻ പാഷണ്ഡികക്കും തൻെറ പ്രസംഗങ്ങളിലൂടെ അദ്ദേഹം മറുപടി നല്കുന്നുണ്ടു്. ഉപമകളെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ വ്യാഖ്യാനങ്ങളും ധാമ്മികനിയമം, പ്രായശ്ചിത്തം തുടങ്ങിയവയെക്കുറിച്ചുള്ള പ്രസംഗങ്ങളും അന്നത്തെ സംസ്കാരത്തെയും ജീവിതരീതിയെയും വെളിപ്പെടുത്തുന്നുണ്ടു്. സന്യാസികളെയും അവരുടെ ജീവിതരീതിയെയും അദ്ദേഹം വാനോളം പുകഴ്ത്തുന്നതായിക്കാണാം.

---

32 Ibid. 57,81.

www.malankaralibrary.com

## വി. യോഹന്നാന്റെ സുവിശേഷം

വി. യോഹന്നാന്റെ സുവിശേഷത്തെ പുരസ്കരിച്ചുള്ള 88 പ്രസംഗങ്ങൾ[33], വി. മത്തായിയുടെ സുവിശേഷത്തെക്കുറിച്ചുള്ളവയെ അപേക്ഷിച്ചു നോക്കുമ്പോൾ താരതമ്യേന ചെറുതും പിന്നീട് എഴുതപ്പെട്ടവയും വിവാദാത്മകങ്ങളുമാണ്.

## പുതിയനിയമത്തിലെ മററു പുസ്തകങ്ങൾ

### അപ്പസ്തോലന്മാരുടെ നടപടി

അപ്പസ്തോലന്മാരുടെ നടപടികളെക്കുറിച്ചുള്ള പൂർണ്ണ വ്യാഖ്യാനമാണ് അദ്ദേഹത്തിന്റെ 55 പ്രസംഗങ്ങൾ. പ്രാർത്ഥന, വി. ഗ്രന്ഥവായന, ക്രൈസ്തവ പുണ്യങ്ങളുടെ സമ്പാദനം എന്നിവയെക്കുറിച്ചെല്ലാം ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

### റോമാക്കാർക്കുള്ള ലേഖനം

ഈ ലേഖനത്തെക്കുറിച്ചുള്ള പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളിൽ ഏററവും മെച്ചപ്പെട്ട ഭാഷ്യം വി. ക്രിസോസ്തോമിന്റേതാണ്. അദ്ദേഹത്തിന്റെ 32 പ്രസംഗങ്ങളിൽ ഇതടങ്ങിയിരിക്കുന്നു. മാത്രമല്ല ക്രിസോസ്തോമിന്റെ വ്യാഖ്യാനങ്ങളിൽവച്ച് ഏററവും വിശിഷ്ടമായതും ഇതുതന്നെയാണ്. ഇവ അദ്ദേഹത്തിന്റെ പ്രതിപാദന രീതി, ഭാഷാ സ്വാധീനം, വ്യാഖ്യാനവൈഭവം മുതലായവ ചൂണ്ടിക്കാണിക്കുന്നുണ്ട്. ക്രൈസ്തവരെപ്പററി പ്രതിപാദിക്കുന്നതു കൂടാതെ, തന്റെ ഗുരുവും മാതൃകയുമായി താൻ സ്വീകരിച്ചിരുന്ന പൗലോസ് ശ്ലീഹായെക്കുറിച്ചും ഈ പ്രസംഗങ്ങളിൽ വിവരിക്കുന്നുണ്ട്. റോമാക്കാർക്കുള്ള ഈ ലേഖനത്തിലെ 10–ാമത്തെ പ്രസംഗം വി. ആഗുസ്തിനോസ് ഉദ്ധരിക്കുന്നുണ്ട്. ക്രിസോസ്തോം ഒരു പെലേജിയൻ ചിന്തിഗതിക്കാരനല്ലെന്ന് ഇത് തെളിയിക്കുന്നു.[34]

---

33 Ibid. 59.

34 Augustine, Adversus Julianum 2,27.



www.malankaralibrary.com

കൂടാതെ കൊറിന്ത്യർക്കുള്ള ലേഖനങ്ങൾ, ഗാലാത്യക്കുള്ള ലേഖനം, ഹെബ്രായർക്കുള്ള ലേഖനം, എഫേസ്യക്കുള്ള ലേഖനം, ഫിലിപ്പിയർക്കുള്ള ലേഖനം, കൊളോസ്യക്കുള്ള ലേഖനം, തെസലോണിക്കാക്കാർക്കുള്ള ലേഖനങ്ങൾ, തിമോത്തിക്കുള്ള ലേഖനം, ഫിലമോനുള്ള ലേഖനം എന്നിവക്കും ക്രിസോസ്തോം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്.

## മററു പുസ്തകങ്ങൾ:

വേദപുസ്തക വ്യാഖ്യാനങ്ങൾക്കു പുറമെ ദൈവശാസ്ത്രപരവും പാഷണ്ഡതകൾക്കെതിരെയുള്ളവയുമായ അനേകം പ്രസംഗങ്ങൾ ഉണ്ട്. ഇവയിലെല്ലാം ദൈവസ്വഭാവത്തിന്റെ ദുർഗ്രഹത, മാമോദീസാ, സഭാ വത്സരത്തിലെ തിരുനാളുകൾ, വിശുദ്ധരുടെ മാഹാത്മ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

## ഇതര കൃതികൾ:

### 'പൗരോഹിത്യത്തെക്കുറിച്ച്' (On Priesthood)

ക്രിസോസ്തോമിന്റെ കൃതികളിൽ ഏററവും ശ്രേഷ്ഠമായ ഈ കൃതി ആറു പുസ്തകങ്ങളുടെ ഒരു സമാഹാരമാണ്. എന്ന് ഇതു് എഴുതി എന്ന് കൃതിയിൽ വ്യക്തമായ സൂചനയില്ല. ഇദ്ദേഹം ആറാം പട്ടക്കാരനായിരുന്ന ഘട്ടത്തി (381–386) ൽ ഇതെഴുതി എന്ന് സോക്രട്ടീസ് സാക്ഷിക്കുന്നു. [35] അജപാലന ധർമ്മത്തിന്റെ മാഹാത്മ്യം, അതു് ശരിയായി നിർവ്വഹിക്കുന്നവർക്ക് ലഭിക്കുന്ന സമ്മാനം, വിശുദ്ധ രഹസ്യങ്ങൾ, തിരുസ്സഭ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു. മെത്രാൻ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെടും എന്നു മനസ്സിലാക്കിയ ക്രിസോസ്തോം, ഒളിച്ചോടി പോവുകയാണുണ്ടായതു്. ഇ

35 Socrates, Ecclesiastical History 6, 3

www.malankaralibrary.com

തിന്മേൽ പരാതിപ്പെട്ട ബസേലിയോസിന് തൻെറ ഒളിച്ചോട്ടത്തിൻെറ കാരണങ്ങളെ വിശദീകരിച്ചുകൊണ്ട് എഴുതിയതാണ് ഒന്നാമത്തെ പുസ്തകം. മെത്രാൻ പദവി എത്ര സമുന്നതമാണെന്നും അതിനായി തിരഞ്ഞെടുക്കപ്പെടുന്നവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്നും വിവരിച്ചശേഷം അങ്ങനെയുള്ള സ്ഥാനം സ്വീകരിക്കുവാൻ താൻ അയോഗ്യനാണെന്ന് തോന്നിയതിനാലാണ് ഒളിച്ചോടിയതെന്നും ന്യായീകരിക്കുകയാണ് രണ്ടാമത്തെ പുസ്തകത്തിൽ.

മൂന്നാമത്തെ പുസ്തകത്തിലാകട്ടെ, പുരോഹിതൻെറ മാഹാത്മ്യത്തെക്കുറിച്ച് വിവരിക്കുന്നു. പുരോഹിതൻ വിശുദ്ധിയും പുണ്യവുമുള്ളവനായിരിക്കണം; മനസ്സിൽനിന്ന് എല്ലാവിധ ദുരാഗ്രഹങ്ങളും അകററിക്കളയണം; അറിവും വിവേകവും സൂക്ഷ്മ ദൃഷ്ടിയും ഉള്ളവനേ പ്രസ്തുത പദവിയിലേക്കു ഉയർത്തപ്പെടാവൂ; അവഹേളിക്കപ്പെടുമ്പോഴും കുററപ്പെടുത്തപ്പെടുമ്പോഴും ക്ഷമയും ശാന്തതയും പാലിക്കാൻ കഴിവുള്ളവനായിരിക്കണം. ഒരു സാധാരണ വൈദികന് ഇതെല്ലാം ആവശ്യമെങ്കിൽ ഒരു വൈദിക ശ്രേഷ്ഠന് എത്രയോ കൂടുതലായി ഇവ ആവശ്യമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

അർഹതയില്ലെന്നറിഞ്ഞിരിക്കെ, പ്രസ്തുത പദവിയിൽ കയറിപ്പററുന്നവർക്ക് വരുവാനിരിക്കുന്ന ഭയങ്കര ദുരന്തത്തെക്കുറിച്ചാണ് നാലാമത്തെ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

അഞ്ചാമത്തെ പുസ്തകത്തിൽ സുവിശേഷ പ്രസംഗകനവേണ്ട ഗുണഗണങ്ങൾ, ഉണ്ടാകാവുന്ന അപകടങ്ങൾ, വേണ്ട ഒരുക്കം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു.

ആറാമത്തെപ്പുസ്തകത്തിൽ സന്യാസ ജീവിതത്തെയും പൗരോഹിത്യത്തേയും തമ്മിൽ താരതമ്യപ്പെടുത്തുകയും പൗരോഹിത്യത്തിൻെറ മാഹാത്മ്യത്തെ വിവരിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

## സന്യാസ ജീവിതം:

സന്യാസ ജീവിതത്തെക്കുറിച്ച് പല ഗ്രന്ഥങ്ങൾ ക്രിസോസ്റ്റോം രചിച്ചിട്ടുണ്ട്. അവയിൽ ഏറിയ കൂറും സന്യാസ ജീവിതത്തെക്കുറിച്ച് അവിശ്വാസികൾക്കുള്ള അബദ്ധ ധാരണകൾ തീർക്കാൻവേണ്ടി രചിക്കപ്പെട്ടവയാണ്. സന്യാസ ജീവിതത്തെക്കുറിച്ച് അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമ ഗ്രന്ഥങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു.

## കന്യാത്വവും വൈധവ്യവും:

കന്യാത്വവും വൈധവ്യവും എന്ന പുസ്തകം പ്രധാനമായും 1 കൊറി. 7: 38 ന്റെ ഒരു ദീർഘമായ വ്യാഖ്യാനമാണ്. 36

കന്യകകളുടെ സഹജീവിതത്തെക്കുറിച്ചും അവരുടെ പ്രാർത്ഥനാ ജീവിതം, ജീവകാരുണ്യ പ്രവർത്തനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വിധവകൾ തങ്ങളുടെ ജീവിതത്തിൽ പാലിക്കേണ്ട ജാഗ്രത, ആത്മ സംയമനം, പ്രാർത്ഥനാ ജീവിതം ഇവയെക്കുറിച്ചും ധാരാളം എഴുതിയിട്ടുണ്ട്.

## എഴുത്തുകൾ:

പലർക്കായി എഴുതിയിട്ടുള്ളതും ആദ്ധ്യാത്മിക മൂല്യങ്ങളുള്ളതുമായ 236-ൽ പരം എഴുത്തുകൾ ഇദ്ദേഹത്തിന്റേതായി ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം രണ്ടാമത്തെ നാടു കടത്തലിനുശേഷം എഴുതപ്പെട്ടവയാണ് എന്നു കരുതപ്പെടുന്നു. സിറിയായിലും കോൺസ്റ്റാൻറിനോപ്പിളിലുമുള്ള തന്റെ ആപ്തമിത്രങ്ങളുടെ സർവ്വതോന്മുഖമായ ഉന്നമനത്തെ ലക്ഷ്യമാക്കി എഴുതപ്പെട്ടവയാണ് ഇവ. ക്രിസോസ്റ്റോമിന്റെ പേരിൽ അറിയപ്പെടുന്ന അനാഫുറാ അദ്ദേഹം എഴുതിയതല്ലെന്നും അദ്ദേഹത്തിന്റെ കാലശേഷം

36 Migne, Patrologia Graeca 48, 533-96

www.malankaralibrary.com

എഴുതപ്പെട്ടിട്ടുള്ളതാണെന്നുമാണ് പണ്ഡിതന്മാരുടെ അഭിമതം.

## പ്രബോധനങ്ങൾ:

### ദൈവശാസ്ത്രം

ശീശ്മക്കെതിരായുള്ള ക്രിസോസ്തോമിന്റെ പ്രസംഗങ്ങളും എഴുത്തുകളും ഒരു അജപാലകൻ എന്ന നിലക്ക് തന്റെ ശ്രോതാക്കളെ ഉദ്ദേശിച്ചുള്ളവയാകയാൽ വിശുദ്ധ ഗ്രന്ഥത്തിലെ ദൈവശാസ്ത്രവും പാരമ്പര്യാധിഷ്ഠിതമായ വിശ്വാസവും വളരെ വിശ്വസ്തതയോടെയാണ് അദ്ദേഹം ഉദ്ഘോഷിക്കുന്നത്.

### ക്രിസ്തുവിജ്ഞാനീയം

അന്ത്യോക്യായിലെ മതാധ്യാപനാലയത്തിന്റെ ഏററവും ഉന്നതമായ വക്താവാണ് ക്രിസോസ്തോം. ഇദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിലും ക്രിസ്തുവിജ്ഞാനീയത്തിലും പ്രസ്തുത മതാധ്യാപനാലയത്തിന്റെ സവിശേഷതകൾ പ്രകടമാണ്. പിതാവിനും പുത്രനും ഒരേ സത്തയാണുള്ളതെന്ന് ക്രിസോസ്തോം പഠിപ്പിക്കുന്നു[37]. പിതൃപുത്ര ഏകസത്താബന്ധത്തെ കാണിക്കുവാൻ ഇദ്ദേഹം നിക്യാവിശ്വാസപ്രമാണമാണ് ഉപയോഗിക്കുന്നത്. പിതാവിൽ നിന്നു് പുറപ്പെടുന്ന പുത്രനും പിതാവിനെപ്പോലെ നിത്യനാണ്. പിതാവിനോടു തുല്യൻ (Equal to the Father), സത്തയിൽ സമത്വം (Equality in Essence) തുടങ്ങിയ പ്രയോഗങ്ങൾ ക്രിസോസ്തോം ഇഷ്ടപ്പെടുന്നു. ആര്യനിസത്തിനെതിരായി ക്രിസ്തുവിന്റെ പൂർണ്ണദൈവത്വവും അപ്പോളിനാരിയനിസത്തിനെതിരായി ക്രിസ്തുവിന്റെ പൂർണ്ണമനുഷ്യത്വവും ഇദ്ദേഹം അപഗ്രഥിച്ചു സ്ഥാപിക്കുന്നു. ക്രിസ്തുവിനു് പിതാവിന്റെ അതേ

---

37 Ibid 57, 17; 59, 290

www.malankaralibrary.com

സ്വഭാവം തന്നെയാണുള്ളത്. അതേ സമയം മനുഷ്യരുടെ സ്വഭാവവും ശരീരവും ക്രിസ്തുവിലുണ്ട്. എന്നാൽ തിന്മയിലേക്കുള്ള ചാച്ചിൽ ഇല്ല താനും.

ക്രിസ്തു ഒരു വ്യക്തിമാത്രമാണ്. ക്രിസോസ്തോം എഴുതുന്നു: അവൻ ആയിരുന്നതുപോലെതന്നെയിരുന്നുകൊണ്ട് അല്ലാതിരുന്നതിനെ സ്വീകരിച്ചു. അവൻ മനുഷ്യനായെങ്കിലും ദൈവം തന്നെയായിരുന്നു. അവൻ പൂർണ്ണ മനുഷ്യത്വം സ്വീകരിക്കുകയും പൂർണ്ണമനുഷ്യനാവുകയും ചെയ്തു. എന്നാൽ അവൻ പൂർണ്ണദൈവവുമായിരുന്നു. അങ്ങനെ വ്യതിരിക്തതയും (Separation) കൂടിച്ചേരലും (Confusion) ഇല്ലാതെ അവൻ ഒരേ സമയത്തു ദൈവവും ദൈവസുതനും ക്രിസ്തുവുമാകുന്നു. മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ക്രിസ്തുവിൽ ഒന്ന് മറ്റൊന്നിൽ ലയിക്കാതെ യോജിച്ചു നിന്നിരുന്നു. ഈ യോജിപ്പ് അനിർവചനീയമാണ്. ദൈവത്തിനുമാത്രമേ ഇതു ഗ്രഹിക്കുവാൻ സാധിക്കൂ.

## മറിയശാസ്ത്രം

അന്ത്യോക്യായിലെ മതാധ്യാപനാലയത്തിന്റെ ചിന്തകളാണ് ക്രിസോസ്തോമിനെ സ്വാധീനിച്ചതെങ്കിലും 'ദൈവമാതാവ്' (Theotokos), 'ക്രിസ്തുമാതാവ്' (Christotokos) എന്നീ പ്രയോഗങ്ങൾ ഇദ്ദേഹം ഉപയോഗിക്കുന്നില്ല. മാതാവ് നിത്യകന്യകയാണെന്ന് ഇദ്ദേഹം ദൃഢമായി വിശ്വസിച്ചു പോന്നു[38]. മാതാവിന്റെ ഉദരത്തിൽ ക്രിസ്തുവിന്റെ അത്ഭുതകരമായ ജനനം, ക്രിസ്തുവിന്റെ ജനനശേഷവും മറിയം കന്യകയായിരിക്കുക തുടങ്ങിയവ പ്രതിപാദിച്ചശേഷം അവ മനുഷ്യബുദ്ധിക്ക് അതീതമായ ദൈവിക പ്രവൃത്തികളാണെന്ന് ക്രിസോസ്തോം സമർത്ഥിക്കുന്നു.

38 Chrisostom, Homilies on the Gospel of St. Mathew 4

www.malankaralibrary.com

## വിശുദ്ധ കുർബ്ബാന

വി. കുർബ്ബാനയുടെ പിതാവു് എന്നാണു് ആധുനികർ വി. ക്രിസോസ്റ്റോമിനെ വിളിക്കുന്നതു്. വി. കുർബ്ബാനയിലും ബലിയിലുമുള്ള ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെക്കുറിച്ചു് അദ്ദേഹം സാക്ഷ്യം നൽകുന്നു. വിശുദ്ധമായ ഭയത്തിൻെറ അംശത്താര (A Table of Holy Fear) ദൈവികവും ഭീതിദായകവുമായ അംശത്താര, ഭീതിജനകമായ രഹസ്യങ്ങൾ, ദൈവിക രഹസ്യങ്ങൾ (The Divine Mysteries) അവർണ്ണനീയമായ രഹസ്യങ്ങൾ (The ineffable Mysteries) എന്നൊക്കെയാണു് അദ്ദേഹം വി. കുർബ്ബാനയെ സംബോധന ചെയ്തിരുന്നതു്.

ഉത്ഭവപാപം, പ്രായശ്ചിത്തം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ദൈവശാസ്ത്രപരമായ പ്രതിപാദനങ്ങൾ ക്രിസോസ്റ്റോം നടത്തുന്നുണ്ടു്.

## മൊപ്സുവെസ്ത്യായിലെ തെയദോർ (Theodore of Mopsuestia 350–428)

കുലീനരും ധനികരുമായ മാതാപിതാക്കന്മാരിൽനിന്നു് എ.ഡി. 350 നോടുകൂടി അന്ത്യോക്യായിൽ തെയദോർ ജനിച്ചു. ലിബാനിയൂസിൻെറ (Libanius) വിദ്യാപീഠത്തിൽ ചേർന്നു് സാഹിത്യം, തത്വശാസ്ത്രം, പ്രസംഗകല മുതലായവയിൽ നൈപുണ്യം നേടി. ജോൺ ക്രിസോസ്റ്റോം (John Chrisostome 344–407), മാക്സിമുസ് (Maximus the Confessor 580–662) എന്നിവരുമായുള്ള സുഹൃദ്ബന്ധം തെയദോറിനെ സന്യാസജീവിതത്തിനു് പ്രേരിപ്പിച്ചു. നിർഭാഗ്യവശാൽ അദ്ദേഹം പിന്നീടു് ആശ്രമജീവിതം പരിത്യജിച്ചുവെങ്കിലും വീണ്ടും തിരിച്ചുവന്നു. ശേഷിച്ചകാലം ദൈവശാസ്ത്രപഠനത്തിനും പ്രബോധനത്തിനും വിശുദ്ധഗ്രന്ഥ വ്യാഖ്യാന

www.malankaralibrary.com

ത്തിനും ഗ്രന്ഥരചനക്കുമായി ചെലവഴിച്ചു. ഒരിജൻ (Origen 185–254/5), ആരിയൂസ് (Arius C.250–336), എവുണോമിയൂസ് (Eunomius C.335–C.394), അപ്പോളിനാരിയൂസ് (Apollinarius) തുടങ്ങിയവരുടെ അബദ്ധ പ്രബോധനങ്ങൾക്കെതിരെ ഇദ്ദേഹം പോരാടി. എ. ഡി. 384 നോടുകൂടി ഫ്ലാവിയൻ എന്ന മെത്രാൻ തെയദോറിനെ വൈദികനാക്കി ഉയർത്തി. പിന്നീടു് ഇദ്ദേഹം മൊപസൂവെസ്റ്റ്യായിലെ മെത്രാനായിത്തീർന്നു. തെയദോറിന്റെ അനേകം രചനകൾ ഇദ്ദേഹത്തിനു് 'വ്യാഖ്യാതാവു്' (The interpreter) എന്ന നാമം നേടിക്കൊടുത്തു. കർമ്മോത്സുകനായ മെത്രാൻ, അനുഗ്രഹീതനായ ഗ്രന്ഥകാരൻ എന്നീനിലകളിൽ സ്തുത്യർഹമായി സഭാസേവനം അനുഷ്ഠിച്ചതിനുശേഷം 428 ൽ തെയദോർ നിര്യാതനായി.

സഭയുടെ പാരമ്പര്യാഗതമായ സിദ്ധാന്തങ്ങളുടെ സംരക്ഷകൻ എന്നാണു് ജീവിതകാലത്തു് ഇദ്ദേഹം അറിയപ്പെട്ടിരുന്നതു്. എന്നാൽ കാററു തിരിഞ്ഞു വീശാൻ കാലതാമസമുണ്ടായില്ല. ചിലർ ഇദ്ദേഹം പെലാജിയൂസുമായി ബന്ധപ്പെട്ട ആളാണെന്നും വേറെ ചിലർ ഇദ്ദേഹം നെസ്തോറിയൻ ആണെന്നും ആരോപണങ്ങൾ ഉന്നയിച്ചു. എദേസായിലെ റാബൂള (Rabula of Edessa +436), അലക്സാണ്ട്റിയായിലെ സിറിൽ (Cyril of Alexandria +444) തുടങ്ങിയവർ തെയദോറിന്റെ പഠനങ്ങളിൽ പാഷണ്ഡതയുണ്ടെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. 553 ലെ സാർവ്വത്രിക സൂനഹദോസിൽ ജസ്റ്റീനിയൻ രണ്ടാമന്റെ നേതൃത്വത്തിൽ തെയദോറിന്റെ സിദ്ധാന്തങ്ങളെ ശപിച്ചു തള്ളി. എന്നാൽ വിജീലിയൂസ് മാർപ്പാപ്പ (Pope Vigilius 537–555) യും മററു ചില വ്യക്തികളും ഇദ്ദേഹത്തെ അനുകൂലിച്ചവരുടെ കൂട്ടത്തിൽപ്പെടുന്നു.

## മുഖ്യകൃതികൾ:

20-ാമത്തെ വയസ്സിൽതന്നെ ദൈവശാസ്ത്ര വിഷയ

www.malankaralibrary.com

ങ്ങൾ ആസ്പദമാക്കി തെയദോർ ഗ്രന്ഥരചന ആരംഭിച്ചു. ആദ്യത്തെകൃതി 'സങ്കീർത്തനങ്ങളെക്കുറിച്ച്' (On Psalms) ഉള്ളതാണ്. ഇദ്ദേഹം അനേകം കൃതികളുടെ കർത്താവാണ്. എന്നാൽ 553-ലെ സൂനഹദോസ് തീരുമാനങ്ങളെത്തുടർന്ന് മൂലഗ്രന്ഥങ്ങളെല്ലാം നശിപ്പിക്കപ്പെടുകയുണ്ടായി. ഇന്നുള്ളത് അവയുടെ ലത്തീൻ‍- സുറിയാനി പരിഭാഷകളാണ്[39]. വി. ഗ്രന്ഥം മുഴുവനും ഇദ്ദേഹം വ്യാഖ്യാനവിധേയമാക്കിയെന്നു പറയപ്പെടുന്നു. 'പന്ത്രണ്ട് അപ്രധാന പ്രവാചകന്മാരെക്കുറിച്ചുള്ള വ്യാഖ്യാനം' (Commentary on the 12 Minor Prophets), ഒന്നുമുതൽ 80 വരെയുള്ള സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം, 16 മതാദ്ധ്യാപനപ്രസംഗങ്ങൾ, പരിശുദ്ധാത്മാവ്, മനുഷ്യാവതാരം എന്നിവയെക്കുറിച്ചുള്ള രചനകൾ മുതലായവയാണ് തെയദോറിൻെറ പ്രധാന കൃതികൾ. ഇദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്ന ഒരു അനാഫൊറ ഇന്ന് കൽദായ സുറിയാനി സഭയിൽ നിലവിലുണ്ട്.

## പ്രധാന പ്രബോധനങ്ങൾ:

വിശുദ്ധ ഗ്രന്ഥത്തെ വാച്യാർത്ഥപരമായും ചരിത്രപരമായും ഇദ്ദേഹം വ്യാഖ്യാനിച്ചു പോന്നു. പഴയനിയമത്തിലെ ജോബിൻെറ പുസ്തകം, എസ്ദ്രാസിൻെറ പുസ്തകം മുതലായവയും പുതിയനിയമത്തിലെ വി. പത്രോസിൻെറ ഒന്നാം ലേഖനം, വി. യോഹന്നാൻെറ ഒന്നാം ലേഖനം, വെളിപാട് എന്നിവയും അപ്രാമാണികഗ്രന്ഥങ്ങളാണെന്നാണ് തെയദോറിൻെറ അഭിപ്രായം. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുള്ളതുപോലെ രണ്ടു വ്യക്തികളുമുണ്ടെന്ന് ഇദ്ദേഹം വിശ്വസിച്ചിരുന്നതായി കാണുന്നു.

ആദത്തിൻെറ പാപം മനുഷ്യകുലം മുഴുവനിലും പാപത്തിൻേറയും നശ്വരതയുടേയും വിത്തു പാകി. മനു

---

39 Migne, Patrologia Graeca 66

www.malankaralibrary.com

ഷ്യരെ അനശ്വരതയിലേക്ക് നയിക്കുകയായിരുന്നു മനു ഷ്യാവതാരത്തിന്റെ ലക്ഷ്യമെന്നു് ഇദ്ദേഹം പഠിപ്പിച്ചു. വി. കുർബ്ബാനയിൽ കർത്താവു് യഥാർത്ഥത്തിൽ സന്നി ഹിതനാണു്, അല്ലാതെ പ്രതീകാത്മക സാന്നിദ്ധ്യം അല്ല ഉള്ളതു്. 'ഇതു് എന്റെ ശരീരം ആകുന്നു' എന്നാണു് ക്രി സ്തു പറഞ്ഞതു്. അല്ലാതെ ഇതു് എന്റെ ശരീരത്തി ന്റെ പ്രതീകം ആണെന്നല്ല.40

## സൈറസിലെ തെയോദോറെററ് (Theodoret of Cyrus 393–466)

393 നോടടുത്തു അന്ത്യോക്യായിൽ തെയോദോറെ ററ് ഭൂജാതനായി. സ്വമാതാവിനാൽ ദൈവസമർപ്പി തനായ ഇദ്ദേഹം മസിഡോണിയൂസ്, പത്രോസ് എ ന്നീ സന്യാസിമാരിൽനിന്നും വിജ്ഞാനം സമ്പാദിച്ചു. ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും സാഹിത്യത്തി ലും അവഗാഹം നേടി. സുറിയാനിയും ഗ്രീക്കും തെ യൊദോറെററിനു നല്ല വശമായിരുന്നു. മാതാപിതാക്കന്മാ രുടെ മരണാനന്തരം ഇദ്ദേഹം സമ്പത്തെല്ലാം ദരിദ്രർക്കു ദാനം ചെയ്യുകയും സന്യാസജീവിതം ആശ്ലേഷിക്കുകയും ചെയ്തു. പ്രാർത്ഥനയിലും പഠനത്തിലും മുഴുകിയിരുന്ന തെയൊദോറെററിനെ താമസിയാതെ വിസ്തൃതമായ സൈറസ് രൂപതയുടെ മെത്രാനായി അഭിഷേകം ചെ യ്തു. പണ്ഡിതനും വിശുദ്ധനുമായ ഒരു വാഗ്മി എന്ന നി ലയിൽ സ്വദേശത്തും വിദേശത്തും ഇദ്ദേഹത്തിന്റെ കീ ർത്തി അതിശീഘ്രം പരന്നു. തെയൊദോറെററ് നിരവ ധി പ്രേഷിത യാത്രകൾ നടത്തുകയും അനേകരെ മാനസാ ന്തരപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അജഗണങ്ങളുടെ ശാരീ രികാവശ്യങ്ങൾ മുൻനിറുത്തി പലവിധത്തിലുള്ള സാമൂ ഹ്യ പ്രവർത്തനങ്ങൾക്കും ഇദ്ദേഹം നേതൃത്വം നൽകി. അലക്സാണ്ട്റിയായിലെ സിറിലിനേയും എഫേസൂസി

40 Theodore of Mopsuestia, Catechetical Homilies 5

www.malankaralibrary.com

ലെ മെത്രാനായിരുന്ന മെമ്നോനേയും (Memnon) സ്ഥാനഭ്രഷ്ടരാക്കിയ യോഗത്തിൽ തെയൊദോറെററ് നെസ്തോറിയൂസിനേയും (Nestorius + C. 451) അന്ത്യോക്യായിലെ പാത്രിയർക്കീസായിരുന്ന ജോണിനേയും (John of Antioch + 441) അനുകൂലിച്ചു. സിറിലുമായി അനുരഞ്ജനപ്പെട്ടപ്പോഴും (433) നെസ്തോറിയൂസിനെ ശപിക്കുവാൻ ഇദ്ദേഹം കൂട്ടുനിന്നില്ല. താർസൂസിലെ ദിയൊദോറസ് (Diodore of Tarsus + 395), മൊപ്പുസുവെസ്ത്യായിലെ തെയൊദോർ (Theodore of Mopsuestia 350–428) എന്നിവരുടെ രംഗപ്രവേശം തെയൊദോറെററും സിറിലും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തെ വീണ്ടും താറുമാറാക്കി. സിറിലിൻെറ പിൻഗാമിയായി സ്ഥാനമേറെറടുത്ത ദിയൊദോറസ്, എവുത്തികുസ് (Eutyches 5th Cent.), ക്രിസാഫിയൂസ് (Chrisaphius) എന്നിവരുടെ ശുപാർശയാൽ ഒരു രാജശാസനം പുറപ്പെടുവിച്ചു. തദ്വാരാ സ്വന്തം രൂപത വിട്ടുപോകുവാൻ തെയൊദോറെററ് നിർബന്ധിതനായി. ഇദ്ദേഹം നെസ്തോറിയനാണെന്നും എവുത്തികുസിനെ ശപിച്ചതിൻെറ പ്രധാന കാരണക്കാരനാണെന്നും ആരോപണങ്ങളുണ്ടായി. തത്ഫലമായി എഫേസൂസ് സൂനഹദോസിൽ (431) സംബന്ധിക്കുന്നതിനുപോലും ഇദ്ദേഹത്തെ അനുവദിച്ചില്ല. പ്രസ്തുത സൂനഹദോസ് തെയൊദോറെററിനെ സ്ഥാനഭ്രഷ്ടനാക്കുകയും ഒരു ആശ്രമത്തിൽ ജീവിച്ചുകൊള്ളണമെന്ന് നിർബന്ധിക്കുകയും ചെയ്തു. ഇദ്ദേഹം ലെയോ ഒന്നാമൻ മാർപ്പാപ്പായെ (Pope Leo I 440–461) ശരണം പ്രാപിച്ചു. മാർപ്പാപ്പാ സൂനഹദോസിൻെറ തീരുമാനത്തെ അസാധുവാക്കുകയും തുടർന്നുള്ള സമ്മേളനങ്ങളിലെല്ലാം പങ്കെടുക്കുന്നതിന് ഇദ്ദേഹത്തെ അനുവദിക്കുകയും ചെയ്തു. ഇദ്ദേഹം തൻെറ അവസാന നാളുകൾ സൈറസ് നഗരത്തിലോ നിസെർട്ടായിലെ ആശ്രമത്തിലോ ആണ് കഴിച്ചുകൂട്ടിയതെന്നു വേണം കരുതുവാൻ. ഏ. ഡി. 466–നു മുമ്പ്

www.malankaralibrary.com

തെയൊദോറററ് മരണമടഞ്ഞതായി പൊതുവെ കരുതപ്പെടുന്നു.

## മുഖ്യ കൃതികൾ:

വിവിധ ശാഖകളിലായി ധാരാളം കൃതികൾ എഴുതിയിട്ടുണ്ട്. 450–ൽ ഇദ്ദേഹംതന്നെ പറയുന്നുണ്ട് താൻ 35 കൃതികൾ എഴുതിയിട്ടുണ്ടെന്ന്.[41]

വ്യാഖ്യാനപരം: താർസുസിലെ ദിയൊദോറസ്, മൊപ്സുവെസ്ത്യായിലെ തെയൊദോർ മുതലായവരുടെ രചനാരീതി അവലംബിച്ചാണ് തെയൊദോറെററ് വിശുദ്ധ ഗ്രന്ഥത്തിനു വ്യാഖ്യാനങ്ങളെഴുതിയത്. സംഗീതങ്ങളുടെ പുസ്തകം, പ്രവാചകന്മാർ, സങ്കീർത്തനങ്ങൾ, പൗലോസിൻെറ ലേഖനങ്ങൾ എന്നിവയ്ക്കെല്ലാം ഇദ്ദേഹം ഭാഷ്യങ്ങൾ രചിച്ചിട്ടുണ്ട്. ഏശയ്യായുടെ പുസ്തകം സംബന്ധിച്ച വ്യാഖ്യാനത്തിൻെറ ഏതാനും ഭാഗങ്ങൾ മാത്രമെ ഇന്നുള്ളു. ചോദ്യോത്തര രൂപത്തിലാണ് വിഷയങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്.

വിശ്വാസ സംരക്ഷണാർത്ഥം: 436–ൽ എഴുതിയ 'ദൈവ പരിപാലനയെക്കുറിച്ചുള്ള 10 പ്രഭാഷണങ്ങളും' (Discourses on Providence) 'ഗ്രീക്കുകാരുടെ രോഗങ്ങൾക്കുള്ള പ്രതിവിധി' (Remedy for the Diseases of the Greeks) എന്ന പേരിലുള്ള 12 ലഘു ഗ്രന്ഥങ്ങളുടെ സമാഹാരവും ഈ വകുപ്പിൽ ഉൾക്കൊള്ളിക്കാം.

ദൈവശാസ്ത്രപരം: അലക്സാണ്ട്റിയായിലെ സിറിലിൻേറയും ദിയൊസ്ക്കോറസിൻേറയും ബദ്ധ ശത്രുവെന്ന നിലയിൽ ദൈവശാസ്ത്ര പ്രധാനങ്ങളായ നിരവധി കൃതികൾ തെയൊദോറെററ് രചിച്ചിട്ടുണ്ട്. 'രക്ഷകൻെറ മനുഷ്യാവതാരം സംബന്ധിച്ച്'' (On the Incarnation of the Saviour) എന്ന പേരിൽ സിറിലിനെതിരെ

41 Theoderet of Cyrus, Epistle 145; Epistle 116.

www.malankaralibrary.com

എഫേസൂസ് സൂനഹദോസിനുശേഷം അദ്ദേഹം അഞ്ചു പുസ്തകങ്ങളെഴുതി (Pentalogium). ഇതിന്റെ ഏതാനും ഭാഗങ്ങൾ മാത്രം അവശേഷിക്കുന്നു. '12 ശാപങ്ങളുടെ നിഷേധം' (Refutation of the 12 Anathamas) എന്ന ഗ്രന്ഥത്തിൽ നെസ്തോറിയനിസത്തിനെതിരെ സിറിൽ ഉന്നയിച്ച ആരോപണങ്ങളെ ഖണ്ഡിക്കുന്നു. ക്രിസ്തുവിന്റെ ദൈവികതത്വത്തെ ആസ്പദമാക്കി 3 സംവാദങ്ങൾ രചിച്ചിട്ടുണ്ട്. തെയൊദോറെററും, എവ്രനിക്കുസ് എന്ന ഭിക്ഷുവുമാണ് സംഭാഷകർ. ക്രിസ്തുവിന്റെ ദൈവത്വം പരിണാമ വിധേയമല്ലെന്നും, മനുഷ്യത്വവുമായി കൂടികലരാത്തതാണെന്നും സഹനാതീതമാണെന്നും ഇദ്ദേഹം പ്രസ്തുത സംവാദങ്ങളിലായി സമർത്ഥിച്ചിട്ടുണ്ട്. പരിശുദ്ധ ത്രിത്വത്തെക്കുറിച്ചും പാഷണ്ഡതകളുടെ ചരിത്രത്തെക്കുറിച്ചും ഇദ്ദേഹം പുസ്തകങ്ങളെഴുതി. രണ്ടാമത്തു് പറഞ്ഞതിനു് നാലു ഭാഗങ്ങളുണ്ട്. ആദ്യത്തെ 3 എണ്ണത്തിൽ—തെയൊദോറെററിന്റെ കാലംവരെയുള്ള പാഷണ്ഡതകൾ വിശദീകരിക്കുകയും അവസാനത്തേതിൽ അവയെ ഖണ്ഡിച്ചുകൊണ്ട് ക്രൈസ്തവമായ കാഴ്ചപ്പാടുകൾ ചിത്രീകരിക്കുകയും ചെയ്യുന്നു.

ചരിത്രപരം: ആരിയൂസിന്റെ കാലം മുതൽ മൊപ്സുവെസ്ത്യായിലെ തെയദോറിന്റെ മരണംവരെയുള്ള കാലഘട്ടമാണ് തെയൊദോററിന്റെ അഞ്ചു ഭാഗങ്ങളുള്ള സഭാചരിത്രത്തിന്റെ, ഉള്ളടക്കം. എവുസേബിയൂസ് (Eusebius C. 260–C.341), രൂഫിനസ് (Rufinus), സോക്രട്ടീസ് (Socratese C. 380–C. 450), സെസോമൻ (Sozomen C. 400–C. 450) എന്നിവരുടെ സഭാചരിത്രങ്ങളെ ഇദ്ദേഹം ആശ്രയിച്ചിട്ടുണ്ട്. പ്രസിദ്ധരായ 30 സന്യാസികളുടെ ജീവചരിത്രങ്ങൾ വിവരിക്കുന്നതാണ് ഇദ്ദേഹത്തിന്റെ 'സന്യാസികളുടെ ചരിത്രം' (Historia Religiosa) എന്ന ഗ്രന്ഥം. ഇതു് പൗരസ്ത്യ സന്യാസജീവിതത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കൃതിയാണ്.

www.malankaralibrary.com

എഴുത്തുകൾ: ധാരാളം എഴുത്തുകൾ ഇദ്ദേഹത്തിന്റെ പേരിൽ ഉണ്ട്. തെയൊദോറെറ്റിന്റെ വ്യക്തിപരമായ ചരിത്രം പഠിക്കുവാനും അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ സവിശേഷതകളറിയുവാനും പ്രസ്തുത എഴുത്തുകൾ വളരെ സഹായിച്ചിട്ടുണ്ട്.

തെയൊദോറെറ്റിന്റെ പല കൃതികളും കാലത്തിന്റെ ഗതിവിഗതികളിൽപ്പെട്ട് നാമാവശേഷമായിത്തീർന്നിട്ടുണ്ട്.

## മുഖ്യപ്രബോധനങ്ങൾ:

വിശുദ്ധഗ്രന്ഥവ്യാഖ്യാനം, ആദ്ധ്യാത്മികശാസ്ത്രം, സഭാചരിത്രം എന്നിവയിലെല്ലാം നിപുണനായിരുന്ന ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു തെയൊദോറെറ്റ്. അന്ത്യോക്യായിലെ മതാധ്യാപനാലയത്തിന്റെ സവിശേഷതകൾ ഇദ്ദേഹത്തിന്റെ പ്രബോധനങ്ങളിൽ കാണാം. ക്രിസ്തുവിജ്ഞാനീയം സംബന്ധിച്ച ഇദ്ദേഹത്തിന്റെ നിലപാടുകൾ ഇദ്ദേഹത്തെ അലക്സാണ്ടറിയായിലെ മതാധ്യാപനാലയത്തിന്റേയും പ്രത്യേകിച്ച് സിറിലിന്റേയും ബദ്ധശത്രുവാക്കി. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നും എന്നാൽ വ്യക്തിത്വം ഒന്നേയുള്ളു എന്നും ഇദ്ദേഹം പഠിപ്പിച്ചു. അലക്സാണ്ട്റിയായിലെ സിറിലിന്റെ ഏകസ്വഭാവവാദത്തേയും അതിലെ അപ്പോള്ളിനാരിയൻ പ്രവണതയേയും ഇദ്ദേഹം ഖണ്ഡിക്കുകയുണ്ടായി.

എ. ഡി. 431-ൽ നെസ്തോറിയൻ പാഷണ്ഡതയെ സഭ അപലപിച്ചതു് അന്ത്യോക്യായിലെ മതാധ്യാപനാലയത്തിന്റെ വളർച്ചയേയും അതുപോലെ ആ ചിന്ത പുലർത്തിയവരുടെ സൽപ്പേരിനേയും പ്രതികൂലമായി ബാധിച്ചു. തെയൊദോറി (Theodore 350–428)ന്റേയും ദിദോറസി (Diodorus +395) ന്റേയും കൃതികളിൽ പിൽ

www.malankaralibrary.com

ക്കാലത്തു് പല ചിന്തകന്മാരും നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു. കൂടാതെ ഏ. ഡി. 544–ലെ 'മൂന്നു് അദ്ധ്യായങ്ങളുടെ' (Three Chapters) വിളംബരം മൂലം ജസ്റ്റീനിയൻ ചക്രവർത്തി തെയദോറിന്റെ പുസ്തകങ്ങളും, സിറിലിനെതിരായി തെയദൊറെററ് എഴുതിയ ലേഖനവും, മാരിയുസിനെതിരെ ഇബാസ് (Ibbas) എഴുതിയ ലേഖനവും ശപിച്ചു തള്ളി. ഇതു തന്നെ 553–ലെ അഞ്ചാം സാർവത്രിക സൂനഹദോസിലും ആവർത്തിക്കുകയുണ്ടായി.

നെസ്തോറിയൻ ചായ്‌വു മൂലം അന്ത്യോക്യൻ മതാദ്ധ്യാപനാലയം അധഃപതനത്തിലേക്കു് നീങ്ങിയെങ്കിലും അതിന്റെ ചിന്താഗതികൾ എദേസാ, നിസീബിസ് എന്നിവിടങ്ങളിലെ മതാദ്ധ്യാപനാലയങ്ങൾ തുടർന്നു പോന്നു. ഇബാസ് (Ibbas) ആയിരുന്നു എദേസായിലെ പ്രമുഖ വ്യക്തി. ഇദ്ദേഹമാണു് തെയദോറിന്റേയും ദിയദോറസിന്റേയും പുസ്തകങ്ങൾ സുറിയാനിയിലേക്കു് തർജ്ജമ ചെയ്തതു്. ഏ. ഡി. 484–ൽ സേനോ (Zeno) ചക്രവർത്തി ഈ വിദ്യാ കേന്ദ്രത്തിനും മുടക്കു കല്പിച്ചു.

ബാർസൗമ (Barsauma) ആയിരുന്നു നസീബിസിലെ പ്രമുഖൻ. ഇവിടെ തെയദോറിന്റെ നാമം അവർ അനശ്വരമാക്കി. തെയദോറിനു് 'വിശുദ്ധ ലിഖിത വ്യാഖ്യാതാവു്' (The interpreter) എന്ന നാമവും സമ്മാനിച്ചു.

ഗ്രീക്കു സാമ്രാജ്യത്തിലാകട്ടെ ജോൺ ക്രിസോസ്തോം വഴി അന്ത്യോക്യൻ ചിന്താധാര തുടർന്നു പോരുകയാണു ചെയ്തതു്. ഇസിദോർ (Isidore), നീലസ് (Nilus), വിക്ടർ (Victor) എന്നിവർക്കു് വി. ഗ്രന്ഥ വ്യാഖ്യാനത്തിൽ ക്രിസോസ്തോമിനോടു കടപ്പാടുണ്ടു്. ആറു മുതൽ പതിനൊന്നാം നൂററാണ്ടു വരെ അന്ത്യോക്യൻ ചിന്താഗതി വി. ഗ്രന്ഥവ്യാഖ്യാനത്തിനു് വഴികാട്ടിയായിനിന്നു എന്നു കാണാം.

www.malankaralibrary.com

വി. ജറോം (St. Jerome 347–419/420) പോലും വി. ഗ്രന്ഥവ്യാഖ്യാനത്തിൽ അന്ത്യോക്യൻ ചിന്താഗതിയാണു് അവലംബിച്ചിരുന്നതു് എന്നു പറയുമ്പോഠം പ്രസ്തുത മതാദ്ധ്യാപനാലയത്തിന്റെ പ്രശസ്തി ഊഹിക്കാവുന്നതാണല്ലോ.

www.malankaralibrary.com

## അദ്ധ്യായം നാലു്

# ആദിമ സഭാ ചരിത്രകാരന്മാർ

ക്രിസ്തുമതത്തിന്റെ ആരംഭകാലം പ്രശ്നസങ്കീർണ്ണവും സംഭവബഹുലവുമാണു്. സഭയ്ക്കു് പുറമെനിന്നു് മതമർദ്ദകരും ഉള്ളിൽനിന്നു് പാഷണ്ഡകരും അവളെ ഒരുപോലെ ആക്രമിച്ചു. 313 ൽ സംഘടിതമായ മതപീഡനത്തിനു് തിരശ്ശീല വീണെങ്കിലും അബദ്ധസിദ്ധാന്തകന്മാരുടെ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിപ്പെട്ടുവന്നു. സൈദ്ധാന്തികവും വിശ്വാസപരവുമായ പ്രസ്തുത വൈതരണികളിലൂടെ സഭാനൗകയെ അഭംഗുരം മുന്നോട്ടു നയിച്ച വിശുദ്ധരും ധിഷണാശാലികളുമാണു് സഭാപിതാക്കന്മാർ. വിശ്വാസസംരക്ഷകരും വിശ്വാസപ്രചാരകരുമായിരുന്നു അവർ. ഇവരിൽ അനുഗൃഹീതരായ ചിലർ, പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്താൽ, സഭയുടെ വീരോചിതമായ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടു്. ഭാവി തലമുറയ്ക്കു് വിജ്ഞാനവും ആവേശവും ദൃഷ്ടാന്തവും പകരും ഈ ചരിത്രവിവരണങ്ങളെന്നു് അപ്പോൾ അവർ പ്രതീക്ഷിച്ചിരിക്കുകയില്ല. അവരുടെ ചരിത്രഗ്രന്ഥങ്ങൾ ക്രിസ്തുമതത്തെക്കുറിച്ചു മാത്രമല്ല, ആനുകാലിക രാഷ്ട്രീയ സാംസ്ക്കാരിക ചക്രവാളങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുന്നുണ്ടു്. അതുപോലെ ആ വ്യക്തിപ്രഭാവന്മാർ ചരിത്രകാരന്മാർ മാത്രമല്ലായിരുന്നു, ദൈവശാസ്ത്രജ്ഞരും വാഗ്മികളും സർവ്വോപരി വൈദികസത്തമന്മാരുമായിരുന്നു. ആകയാൽ ഇവരുടെ സംഭാവനകൾ സഭാചരിത്രത്തിനെന്നതുപോലെ ദൈവവിജ്ഞാനീയത്തിനും വിശുദ്ധഗ്രന്ഥപഠനത്തിനും വിശ്വാസസത്യങ്ങളുടെ ശരിയായ പരിജ്ഞാനത്തിനും വളരെ പ്രധാനപ്പെട്ടവയത്രെ. ഇത്തരത്തിലുള്ള ചരിത്രകാരന്മാരിൽ പ്ര

www.malankaralibrary.com

മുഖരായ നാലു വ്യക്തികളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അവർ യഥാക്രമം കേസറിയായിലെ എവുസേബിയൂസ് (Eusebius of Caesaerea 260–339) സോക്രട്ടീസ് (Socrates 380–450), സോസോമെൻ Sozomen (400–450), സൈറസിലെ തെയോദൊറെററ് (Theodoret of Cyrus 393–466) എന്നിവരാണ്.

## I കേസറിയായിലെ എവുസേബിയൂസ്
(Eusebius of Caesaerea 260–339)

എവുസേബിയൂസിന്റെ കൃതികളിൽനിന്ന് വ്യക്തമാകുന്നപ്രകാരം അദ്ദേഹത്തിന്റെ ജനനം എ. ഡി. 260 ന് ശേഷമാകാൻ സാദ്ധ്യതയില്ലെന്നാണ് ഹാർനക്, ലൈററ് ഫുട്ട് മുതലായ പണ്ഡിതന്മാരുടെ അഭിപ്രായം. കേസറിയായിലെ ഒരുന്നത കുടുംബത്തിൽ അദ്ദേഹം ജനിച്ചു. ഫിനീഷ്യാകാരനും ഒരു ഗ്രന്ഥശാലയുടെ സ്ഥാപകനുമായ പാംഫീലിയൂസിനെ (Pamphilius +310) ഇദ്ദേഹം സ്നേഹിതനും ഗുരുവുമായി സ്വീകരിച്ചു. ഈ സുഹൃദ്ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തെ, എവുസേബിയൂസ് പാംഫീലിയൂസ് എന്നു വിളിച്ചുകാണുന്നു. വിവിധ വിജ്ഞാന ശാഖകളിൽ ഇദ്ദേഹം അവഗാഹം നേടി. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ വലിയ ഒരു അനുഭാവിയായിരുന്നു എവുസേബിയൂസ്. 313 നോടുകൂടി ഇദ്ദേഹം കേസറിയായുടെ മെത്രാനായി. അന്ത്യോക്യായുടെ മെത്രാനായിരുന്ന എവുസ്താത്തിയൂസിനെ (Eustasius) സ്ഥാനഭ്രഷ്ടനാക്കിയ അന്ത്യോക്യയിലെ സൂനഹദോസിലും (എ. ഡി. 331), അത്തനാസിയൂസി (Athanatius) നെതിരായി കേസറിയ, ടയർ (Tyre) എന്നിവിടങ്ങളിൽ കൂടിയ സൂനഹദോസുകളിലും എവുസേബിയൂസ് സന്നിഹിതനായിരുന്നു. കാൽവരിയിൽ കോൺസ്റ്റന്റയിൻ പണിതീർത്ത ദേവാലയത്തിന്റെ

www.malankaralibrary.com

പ്രതിഷ്ഠാകർമ്മങ്ങളിൽ സംബന്ധിക്കാൻ അദ്ദേഹം പോയതായി കാണുന്നു. പാംഫീലിയൂസിന്റെ രക്തസാക്ഷിത്വത്തിനു എവുസേബിയൂസ് സാക്ഷ്യം വഹിച്ചു. 341–ൽ കൂടിയ അന്ത്യോക്യായിലെ പ്രാദേശിക സൂനഹദോസിൽ കേസറിയായിലെ സിംഹാസനത്തെ പ്രതിനിധീകരിച്ചതു് അക്കാഡിയൂസ് (Acadius) എന്ന ഒരു മെത്രാനാണ്. ആകയാൽ അതിനുമുമ്പ് എവുസേബിയൂസ് നിര്യാതനായെന്നു കരുതപ്പെടുന്നു. സഭാചരിത്രത്തിന്റെ പിതാവ്, 'ക്രിസ്തീയ ഹെറോഡോട്ടസ്" (Christian Herodotus) എന്നീ അപരനാമങ്ങളാൽ ഇദ്ദേഹം അറിയപ്പെടുന്നു.

## മുഖ്യകൃതികൾ:

ഒരുന്നത സഭാധികാരിയും വിശ്വാസ സംരക്ഷകനും പണ്ഡിതവരേണ്യനും ഗ്രന്ഥകാരനുമായിരുന്നു എവുസേബിയൂസ്. ഫോസിയൂസിന്റെ അഭിപ്രായത്തിൽ എവുസേബിയൂസിന്റെ ശൈലി ഹൃദ്യമോ, വ്യക്തമോ അല്ല; എങ്കിലും പ്രഗത്ഭനായ ഒരു പണ്ഡിതനായിരുന്നു അദ്ദേഹം.1 അദ്ദേഹത്തിന്റെ കൃതികൾ ചരിത്രപരവും ദൈവശാസ്ത്രപരവുമായ പ്രാധാന്യം അർഹിക്കുന്നവയാണ്. അവയിൽ മുഖ്യമായവ താഴെച്ചേർക്കുന്നു.

## a] ചരിത്രപരമായ കൃതികൾ

### 'ചരിത്രക്കുറിപ്പ്" (Chronicle)[2]

അബ്രാഹം മുതൽ ക്രിസ്തുവർഷം 323 വരെയുള്ള ലോകചരിത്രത്തിന്റെ ലഘുവിവരണമാണ് പ്രസ്തുത ഗ്ര

---

1 Photius, Biblioteca Codex 13.

2 Eusebius, Eclogaes Propheticae1,1; The Ecclesiastical History 1, 1, 6.

www.malankaralibrary.com

ന്ഥം. ആദ്യഭാഗം കൽദായചരിത്രവും രണ്ടാം ഭാഗം പൊതുവായ ചരിത്ര വസ്തുതകളുമാണു്.

## 'സഭാചരിത്രം' (The Ecclesiastical History)

ക്രിസ്തുമതം സ്വാതന്ത്ര്യം പ്രാപിക്കുന്നതുവരെയുള്ള ചരിത്രമാണു് ഇതിലെ പ്രതിപാദ്യം. പത്തു വാല്യങ്ങളിലായി രചിച്ച ഈ ഗ്രന്ഥം ക്രിസ്തുമതത്തിൻെറ സ്ഥാപനവും വികാസവും സംബന്ധിച്ചു് അമൂല്യമായ അറിവു് നല്കുന്നതാണു്. പാശ്ചാത്യസഭയെക്കുറിച്ചു് കാര്യമായി ഈ ഗ്രന്ഥത്തിൽ പരാമർശനമില്ല. എവുസേബിയുസിൻെറ ലത്തീൻ ഭാഷാ പരിജ്ഞാനക്കുറവാകാം ഇതിനു കാരണം.

## 'കോൺസ്റ്റൻറയിൻെറ ജീവചരിത്രം' (Life of Constantine)

337 ൽ അന്തരിച്ച കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെല്ലാം നാലുപുസ്തകങ്ങളിലായിഎവുസേബിയുസ് സംഗ്രഹിച്ചിരിക്കുന്നു. സഭയ്ക്കു് സ്വാതന്ത്ര്യം നല്കുകയും[3] അനേകം ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്ത ചക്രവർത്തിയെ അദ്ദേഹം പ്രകീർത്തിച്ചിരിക്കുകയാണു് ഈ ഗ്രന്ഥത്തിൽ. ആര്യൻ പാഷണ്ഡത, നിഖ്യാസൂനഹദോസ് എന്നിവയെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

**'പലസ്തീനായിലെ രക്തസാക്ഷികൾ'** (The Martyrs of Palestine) **'പാംഫീലിയുസ്'** (Pamphilius) എന്നീ ജീവചരിത്രങ്ങളിലൂടെ ആദിമസഭ അനുഭവിച്ച മതമർദ്ദനങ്ങളെക്കുറിച്ചു് നമ്മെ അനുസ്മരിപ്പിക്കുകയും

3 Euseb., Vita Constantini 1, 12.

www.malankaralibrary.com

പഠിപ്പിക്കുകയും ചെയ്യുന്നു.[4] പ്രൊക്കോപ്പിയൂസ് തലവനായുള്ള ഒരു ക്രൈസ്തവസമൂഹം ഡയോക്ലീഷൻെറ കാലത്തും പാംഫീലിയൂസ്, മാക്സീമീനിയൂസിൻെറ കാലത്തുമാണ് രക്തസാക്ഷിത്വം വരിച്ചതെന്ന് ഈ ഗ്രന്ഥങ്ങൾ അറിയിക്കുന്നു. ആദിമ ശതകങ്ങളിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്നുവെച്ചാൽ അവിടുത്തേയ്ക്കു വേണ്ടി ജീവൻ ബലികഴിക്കുക എന്നുള്ള ആശയമാണുണ്ടായിരുന്നത്.

## b] സൈദ്ധാന്തിക ഗ്രന്ഥങ്ങൾ

### 'മാർസെല്ലൂസിനെതിരെ' (Against Marcellus)

336-ലെ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് മാർസെല്ലൂസിനെ ശപിച്ചു തള്ളി. അതിനുമുമ്പ് രണ്ടുകൃതികളും ഈ ശിക്ഷയെ നീതീകരിച്ചുകൊണ്ട് വേറെ രണ്ടു കൃതികളും മാർസെല്ലൂസിനെതിരായി എവുസേബിയൂസ് എഴുതി. മാർസെല്ലൂസിൻെറ തത്വങ്ങൾ, സബെല്ലൂസ് (Sabellus), സാമസോട്ടായിലെ പൗലോസ് (Paul of Samosata) തുടങ്ങിയ നാസ്തികന്മാരുടെ പഠനങ്ങൾ തന്നെയാണെന്ന് അദ്ദേഹം സമർത്ഥിക്കുകയാണ് ഈ ഗ്രന്ഥങ്ങളിൽ. മാർസെല്ലൂസ് അൻസീറായിലെ (Ancyra) മെത്രാനായിരുന്നു.

### 'സഭയുടെ ദൈവവിജ്ഞാനീയത്തെക്കുറിച്ച്' (On Ecclesiastical Theology).

337 ൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിന് മൂന്നു വാല്യങ്ങളുണ്ട്. അന്ത്യോക്യായിലെ പ്ലാച്ചില്ലിയൂസ് (Placillus) എന്ന ആര്യൻ മെത്രാന് സമർപ്പിതമായിരിക്കുന്ന ഈ

---

4) Euseb., The Ecclesiastical History 8, 13, 7,

www.malankaralibrary.com

കൃതിയുടെ ഉള്ളടക്കം മാർസെല്ലൂസിന്റെ പ്രബോധനങ്ങളുടെ നിഷേധമാണ്.

## c] വിശുദ്ധ ഗ്രന്ഥം സംബന്ധിച്ച കൃതികൾ

വിശുദ്ധ ഗ്രന്ഥത്തെ അധികരിച്ച് വളരെയധികം കൃതികൾ എവുസേബിയൂസ് രചിച്ചിട്ടുണ്ട്. അവയിൽ ഏററവും പ്രസിദ്ധമായ ഗ്രന്ഥമാണ് 'ഒനോമസ്റ്റിക്കോൺ' (Onamasticon). തന്റെ സ്നേഹിതനായ പൗളീനൂസിന്റെ (Paulinus) അഭീഷ്ടപ്രകാരം 324-നോടുകൂടി എവുസേബിയൂസ് എഴുതിയ നാലു ഗ്രന്ഥങ്ങളിലൊന്നാണിത്. വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥലങ്ങളെ അക്ഷരമാലക്രമത്തിൽ വിശദീകരിച്ചിരിക്കുകയാണിതിൽ: സ്ഥലങ്ങൾ തമ്മിലുള്ള അകലം, ഓരോന്നിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവയെല്ലാം വിസ്തരിച്ചിരിക്കുന്നു. സങ്കീർത്തനങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ,[5] വി. ലൂക്കായുടെ സുവിശേഷം, കൊറിന്ത്യക്കെഴുതിയ പ്രഥമലേഖനം, ഹെബ്രായക്കെഴുതിയ ലേഖനം മുതലായവക്ക് എവുസേബിയൂസ് പണ്ഡിതോചിതങ്ങളായ ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. വിശുദ്ധഗ്രന്ഥ വിജ്ഞാനീയത്തിന് അമൂല്യ സംഭാവനകളാണ് ഇവ ഓരോന്നും.

## d] വിശ്വാസ സംരക്ഷണാർത്ഥമുള്ള കൃതികൾ

**'പൊർഫീരിക്കെതിരെ'** (Against Porphyry)

നെയോപ്ലാറേറാണിസ്റ്റ് (Neo-platonist) എന്നറിയപ്പെടുന്ന പൊർഫീരി (234-301) 'ക്രൈസ്തവർക്കെതിരെ' (Against Christians) എന്ന പേരിൽ 15 വാ

5 Jerome, De Viris Illistribus 81

www.malankaralibrary.com

ല്യങ്ങളുള്ള ഒരു ഗ്രന്ഥം രചിച്ചു. ഇതിനെതിരെ യഥാർത്ഥ ക്രൈസ്തവ സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടു് 25 വാല്യങ്ങളിലായി എവുസേബിയൂസ് എഴുതിയ ഗ്രന്ഥമാണു് 'പൊർഫീരിക്കെതിരെ'. ഇതര ചരിത്രകാരന്മാർ ഈ കൃതിയെക്കുറിച്ചു് അവരുടെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ടു്.[6]

**'ഹീരോക്ലസിനെതിരെ'** (Against Hierocles)

ഒരു ഉന്നതാധികാരിയും മതമർദ്ദകനുമായിരുന്ന ഹീറോക്ലസ്, ക്രിസ്തുവിനെയും, ട്യാന (Tyana) യിലെ അപ്പോളോനിയൂസി (Apollonius) നെയും താരതമ്യപ്പെടുത്തിയതിനെ ഖണ്ഡിച്ചുകൊണ്ടു് എവുസേബിയസെഴുതിയ ഗ്രന്ഥമാണിതു്.

**'ഒരിജന്റെ ന്യായീകരണം'** (Defense of Origen)

ഒരിജന്റെ പ്രബോധനങ്ങൾ ചോദ്യം ചെയ്ത ഒളിമ്പസിലെ മെത്തോഡിയൂസി (Methodius of Olympus+300) നെയും കൂട്ടരേയും ഉദ്ദേശിച്ചു് എവുസേബിയസും പാംഫീലിയൂസും കൂടി ആറു ഭാഗങ്ങളിലായി എഴുതിയ ഗ്രന്ഥമാണു് "ഒരിജന്റെ ന്യായീകരണം" (Defense of Origen). ഇതിലെ അവസാനത്തെ അഞ്ചും നഷ്ടപ്പെട്ടിരിക്കുന്നു.

**സുവിശേഷാനുസരണ ഒരുക്കം**

(Evangelical preparation) 15 ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിൽ വിജാതീയരുടെ കെട്ടുകഥകളെയും ഗ്രീക്കു തത്വശാസ്ത്രത്തിലെ വൈരുദ്ധ്യങ്ങളെയും ഖണ്ഡിക്കുകയും

---

6 Jerome, De Viris Illistribus; Epistle 70;
Socratese, The Ecclesiastical History 3, 23;
Philostorgius, The Ecclesiastical History 8, 14.

www.malankaralibrary.com

ഹെബ്രായ വേദപുസ്തകത്തെ വിശദീകരിക്കുകയുമാണ് എവുസേബിയൂസ്. ക്രിസ്തുമതവും യഹൂദമതവും വിജാതീയ മതങ്ങളേക്കാൾ മഹത്തരമാണെന്ന് അദ്ദേഹം ഇതിൽ സ്ഥാപിച്ചിട്ടുണ്ട്.

**'സുവിശേഷ പ്രഘോഷണങ്ങൾ'** (Evangelical Demonstration) 20 ലഘു ഗ്രന്ഥങ്ങളുടെ സമാഹാരമായ ഈ കൃതിയുടെ പകുതി മാത്രമേ ഇന്നുള്ളൂ. പഴയ നിയമ പ്രവചനങ്ങൾ എപ്രകാരം ക്രിസ്തുവിൽ നിറവേറിയിരിക്കുന്നു എന്നതാണ് മുഖ്യപ്രമേയം.

**'വെളിപാട്'** (Theophania)

മനുഷ്യാവതാരത്തിലൂടെ സംജാതമായ ദൈവിക വെളിപാടാണ് ഇതിലെ പ്രതിപാദ്യം. ഇതര കൃതികളിലെ ആശയങ്ങളുടെ ആവർത്തനം ഇതിൽ കാണാം. എവുസേബിയൂസ് രചിച്ച അവസാന ഗ്രന്ഥമാണിത്.

## ഉ] പ്രഭാഷണങ്ങൾ:

വിജ്ഞാനപ്രദങ്ങളും ദൈവശാസ്ത്ര പ്രധാനങ്ങളുമായ നിരവധി പ്രസംഗങ്ങൾ എവുസേബിയൂസിന്റെ പേരിൽ അറിയപ്പെടുന്നുണ്ട്. ഇവയിൽ പലതും ഇന്ന് ലഭ്യമല്ല. അനേകം പ്രഭാഷണങ്ങളുള്ളതിൽ, ടയറി (Tyre)ലെ ദേവാലയ പ്രതിഷ്ഠാവസരത്തിലും,7 നിഖ്യാ സൂനഹദോസിന്റെ (325-ൽ) ആരംഭത്തിലും ചെയ്ത പ്രസംഗങ്ങൾ,8 രക്തസാക്ഷികളേയും ക്രിസ്തുവിന്റെ കബറിട

---

7 Euseb., Eccl. Hist., 10, 4, 12–72

8 John of Antioch, Epistula ad Proclum Constantini. MG 65, 878; Theodoret, The Ecclesiastical History 1, 6; African Facundus Hermianensis, Pro defensione trium Capitulorum 11, 1.

www.malankaralibrary.com

ത്തേയും ആസ്പദമാക്കി ചെയ്ത പ്രഭാഷണങ്ങരം, 'കോൺസ്റ്റൻറയിൻ ചക്രവത്തിയെ പ്രശംസിച്ചു കൊണ്ടുള്ള പ്രസംഗം' (De laudibus Constantini) എന്നിവ പ്രത്യേകം പ്രാധാന്യമർഹിക്കുന്നവയാണു്.[9]

## f] എഴുത്തുകരം:

എവുസേബിയൂസിൻെറ സ്വഭാവവും ആശയധാരണകളും വെളിപ്പെടുത്തുന്ന ഒട്ടനവധി കത്തുകളുണ്ടു്. ഇതര രചനകളെക്കുറിച്ചു് പറഞ്ഞതുപോലെ എഴുത്തുകളും കുറെയൊക്കെ നാമാവശേഷമായിരിക്കുന്നു. അലക്സാണ്ടു്റിയായിലെ അലക്സാണ്ടർ (Alexander of Alexandria–250–328), എവുഫ്രീസിയോൺ (Euphrasion), കോൺസ്റ്റാൻസിയ രാജ്ഞി എന്നിവക്കും, നിഖ്യാസൂനഹദോസിനുശേഷം കേസറിയായിലെ സഭയ്ക്കും ഇദ്ദേഹം അയച്ച കത്തുകരം പ്രത്യേകം ശ്രദ്ധയർഹിക്കുന്നവയാണു്.

സഭയ്ക്കുവേണ്ടി എവുസേബിയൂസ് ചെയ്തിട്ടുള്ള സേവനങ്ങരം അവർണ്ണനീയമാണു്. ആദിമ നൂററാണ്ടുകളിലെ ദൈവശാസ്ത്ര വികാസത്തിനും പിൽക്കാല ചരിത്രകാരന്മാക്കും അദ്ദേഹത്തിൻെറ കൃതികരം വളരെയേറെ ഉപകരിച്ചിട്ടുണ്ടു്.

## 2. സോക്രട്ടീസ് (SocratesA. D. 380–450)[10]

ബൈസൻറയിൻ ചരിത്രകാരനായ സോക്രട്ടീസ് 380_നോടു കൂടി കോൺസ്റ്റാൻറിനോപ്പിളിൽ ജനിച്ചു; വിജാതീയരായ ഹെല്ലാദിയൂസ് (Helladius), അമ്മോനിയൂസ് (Ammonius) എന്നിവരിൽനിന്നാണു് വിദ്യ അഭ്യസിച്ചതു്. സഭാവിഷയങ്ങളിലും ലൗകിക ശാസ്ത്രങ്ങളി

---

9 Euseb., Vita Const. 1,1; 3, 60. 61: 4, 33. 45–46.

10 Quasten Johannes, Patrology vol. III P. 532–534.

www.malankaralibrary.com

ല്പം ഒരുപോലെ തൽപരനായിരുന്ന സോക്രട്ടീസ് ജീവിതത്തിന്റെ ഭൂരിഭാഗവും കോൺസ്റ്റാന്റിനോപ്പിളിൽ അഭിഭാഷകവൃത്തിയിൽ ചെലവഴിച്ചു. സഭയിലെ പ്രഥമ അത്മായ ചരിത്രകാരൻ സോക്രട്ടീസാണ്. സംഭവബഹുലമായ ഒരു ജീവിതത്തിനുശേഷം എ. ഡി. 450 നോടു കൂടി ഇദ്ദേഹം നിര്യാതനായി.

## മുഖ്യകൃതി:

സോക്രട്ടീസിനെ വിശ്വപ്രസിദ്ധനാക്കിയിരിക്കുന്നതു് അദ്ദേഹത്തിന്റെ 'സഭാചരിത്രം' (Church History) എന്ന കൃതി ആണു്. ഏഴു പുസ്തകങ്ങളിലായി എ. ഡി. 305 മുതൽ 439 വരെയുള്ള ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. എവുസേബിയൂസിന്റെ സഭാചരിത്രം തുടന്നെഴുതാൻ തെയൊദോറാണ് (Theodore) ഇദ്ദേഹത്തെ പ്രേരിപ്പിച്ചതു്. എവുസേബിയൂസെഴുതിയ 'സഭാചരിത്രം', അത്തനാസിയൂസ്, ഗ്രിഗറിനസിയാൻസൺ, അക്വിലേയിയായിലെ റൂഫിനസ് (Rufinus of Aquileia) എന്നിവരുടെ രചനകൾ, സൂനഹദോസുകളുടെ പ്രമാണരേഖകൾ, മെത്രാന്മാരുടെയും രാജാക്കന്മാരുടെയും പേരുവിവരങ്ങൾ മുതലായവ തന്റെ സഭാചരിത്ര നിർമ്മിതിയ്ക്കു് സോക്രട്ടീസ് ഉപയോഗപ്പെടുത്തിയിട്ടുണ്ടു്.

കോൺസ്റ്റന്റയിൻ (306–337), കോൺസ്റ്റാൻസിയൂസ് (337–360), ജൂലിയനും യോവിയനും (360–364), വാലെൻസ് (364–378), മഹാനായ തെയോദോസിയൂസ് (379–395) അർക്കാഡിയൂസ് (393–408), തെയോദോസിയൂസ് ദ്വിതീയൻ (408–439) എന്നീ ചക്രവർത്തിമാരുടെ കാലഘട്ടമാണ് യഥാക്രമം ഏഴു പുസ്തകങ്ങളിലെ ചർച്ചാവിഷയം.

## സവിശേഷതകൾ:

1 തന്റെ സഭാചരിത്രത്തിൽ മതപരമായ സംഭവ

www.malankaralibrary.com

ങ്ങളോടൊപ്പം രാഷ്ട്രീയ സാംസ്ക്കാരികാനുഭവങ്ങളും സോക്രട്ടീസ് പ്രതിപാദിക്കുന്നുണ്ട്.

2 വർണ്ണനകളുടെ ചക്രവാളങ്ങൾ പരിമിതമാണ്; പൗരസ്ത്യസഭകളെക്കുറിച്ചാണ് കൂടുതലായും പരാമർശിച്ചിട്ടുള്ളത്.

3 അദ്ദേഹം കഴിയുന്നത്ര നിഷ്പക്ഷ ബുദ്ധ്യാ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

4 വളരെ ലളിതമായ ശൈലിയാണ് ഗ്രന്ഥത്തിൽ കാണുക.

5 വൈദികരോടും സന്യാസികളോടും ബഹുമാന പുരസ്സരമായ ഒരു സമീപന രീതിയാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്.

6 ചരിത്രത്തെക്കുറിച്ചുള്ള സോക്രട്ടീസിൻെറ കാഴ്ചപ്പാട് വളരെ സങ്കുചിതമായിരുന്നു. മനുഷ്യരുടെ പ്രശ്നങ്ങൾ മാത്രം അവതരിപ്പിക്കുകയാണ് ചരിത്രകാരൻെറ ദൗത്യം എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

7 സൊസോമൻ, 'വായനക്കാരനായ' തെയദോർ (Theodore the lector), എപ്പിഫാനിയൂസ്, തസ്സിദോറുസ് എന്നിവർക്ക് സഭാചരിത്രങ്ങളെഴുതാൻ ഈ ഗ്രന്ഥം വളരെയധികം സഹായിച്ചു.

## 3. സോസൊമൻ (Sozomen C. 400–450)

വി. ഹിലാരി (315 – 368) മാനസാന്തരപ്പെടുത്തിയ ഒരു കുടുംബത്തിൽ ഏ. ഡി. 400 –ാമാണ്ടോടുകൂടി ഇദ്ദേഹം ഭൂജാതനായി. പലസ്തീനായിലെ ഗാസാ (Gaza) നഗരത്തിനരികെയുള്ള ബതേലിയാ (Bethelia) യാണ് ജന്മസ്ഥലം. ഒരു ആശ്രമത്തിൽനിന്ന് പ്രാഥമിക മതപഠനവും ബെയ്റൂട്ടിൽ നിന്ന് നിയമ വിജ്ഞാനവും സോസൊമൻ സമ്പാദിച്ചു. തദനന്തരം കോൺസ്റ്റാൻറിനോപ്പിളിൽ ചെന്ന് തെയദോസിയൂസ് ദ്വിതീയൻെറ (408–

www.malankaralibrary.com

439) നേതൃത്വത്തിൽ അഭിഭാഷക വൃത്തി അഭ്യസിച്ചു. ഉന്നത ശീർഷനായ ഗ്രീക്കസഭാ ചരിത്രകാരൻ എന്നനിലയിൽ മഹത്തായ സേവനമനുഷ്ഠിച്ച ഇദ്ദേഹം 450– നോടടുത്തു കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് അന്തരിച്ചു.

## മുഖ്യകൃതി:

എവുസേബിയുസിൻെറ സഭാചരിത്രം തുടർന്നെഴുതിയതു് സോസൊമൻ ആണ്. എ. ഡി. 323 മുതൽ 439 വരെയുള്ള കാലഘട്ട ചരിത്രത്തെ 9 പുസ്തകങ്ങളിലായി അദ്ദേഹം സംക്ഷേപിച്ചിരിക്കുന്നു. ഓരോ രാജാക്കന്മാരുടേയും ഭരണകാലത്തെ ആസ്പദമാക്കിയാണ് ഈ കൃതി വിഭജിച്ചിരിക്കുന്നതു്. ലക്ഷ്യത്തിലും ഉള്ളടക്കത്തിലും അവതരണത്തിലും സോക്രട്ടീസിൻെറ സഭാചരിത്ര ഗ്രന്ഥങ്ങളുമായി വളരെയേറെ ആനുരൂപ്യമുണ്ടു്, പ്രസ്തുത കൃതികൾക്ക്.

## സവിശേഷതകൾ:

1. സോക്രട്ടീസിൻെറ ചരിത്ര രചനകളെ സോസൊമൻ വളരെയധികം ആശ്രയിച്ചിട്ടുണ്ടെന്നു് വ്യക്തമാണ്; ആദ്യം പ്രസിദ്ധീകൃതമായതും സോക്രട്ടീസിൻെറ കൃതിയാണ്. എങ്കിലും സോക്രട്ടീസിനജ്ഞാതമായിരുന്ന ഏതാനും സംഗതികൾ വെളിച്ചത്തു കൊണ്ടുവരുവാൻ സോസൊമനു് കഴിഞ്ഞു. (ഉദാ: പേർഷ്യൻ ക്രൈസ്തവരനുഭവിച്ച പീഡനം).[11]

2. സാഹിത്യ ഭംഗി പരിഗണിച്ചാൽ സോക്രട്ടീസിൻേറതിനേക്കാൾ മനോഹരമാണ് സോസൊമൻെറ രചന.[12] എന്നാൽ സോസൊമൻെറ ഗ്രന്ഥങ്ങളിൽ

---

11 2, 9–14

12 Photius, Biblioteca Codex 30.

www.malankaralibrary.com

നിരൂപണബോധവും, ഘടനയും കുറവും, കെട്ടുകഥാഭ്രമം കൂടുതലുമാണു്.

3. സഭയുടെ മിഷനറി പ്രവർത്തനങ്ങൾ, സന്യാസാശ്രമങ്ങളുടെ ആരംഭവും വളർച്ചയും എന്നിവ സംബന്ധിച്ചു് അമൂല്യങ്ങളായ വിവരണങ്ങൾ അദ്ദേഹം പ്രസ്തുത കൃതിയിൽ നല്കുന്നുണ്ടു്.

4. സഭാ നേതൃത്വത്തോടും സഭയുടെ പ്രബോധനങ്ങളോടും അദ്ദേഹം പ്രകടിപ്പിച്ച ബഹുമാനാദരവുകൾ കൃതികളിലും നിഴലിക്കുന്നതായി കാണാം.

## 4. സൈറസിലെ തെയദോറെററു് (Theodoret of Cyrus C. 393–466)

അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം കാണുക.

www.malankaralibrary.com

# അദ്ധ്യായം അഞ്ചു്

# സഭാപിതാക്കന്മാരുടെ സുവർണ്ണ കാലം (325-480)

325 മുതൽ 480 വരെയുള്ള കാലഘട്ടത്തെ സഭാപിതാക്കന്മാരുടെ സുവർണ്ണ കാലമെന്നാണു് വിളിക്കുക. ക്രിസ്തീയസാഹിത്യം അതിൻെറ അത്യുന്നത ശ്രേണിയിൽ എത്തിയതു് അന്നത്രെ. സാഹിത്യപരമായ നേട്ടങ്ങളോടൊപ്പം അനന്യാദൃശ്യമായ ദൈവശാസ്ത്ര അഭിവൃദ്ധിയും ഉണ്ടായി. സുവിശേഷ വ്യാഖ്യാനത്തിലും സൈദ്ധാന്തികവും ധാർമ്മികവുമായ വിഷയങ്ങളിലും അവർണ്ണനീയമായ പുരോഗതി ഉണ്ടായി. അതുപോലെതന്നെ ആരാധനക്രമത്തിൻേറയും ആദ്ധ്യാത്മിക ശാസ്ത്രത്തിൻേറയും വളർച്ചയുടെ കാലമായിരുന്നു അതു്.

വിശ്വാസ സംരക്ഷണപരവും വാദപ്രതിവാദപരവുമായ പല സാഹിത്യരൂപങ്ങളും അക്കാലത്തുണ്ടായിട്ടുണ്ടു്. വി. ലിഖിതത്തിൻേറയും പാരമ്പര്യത്തിൻേറയും വളർച്ചയുടെ സുവർണ്ണ കാലമായിരുന്നു അതു്.

അങ്ങനെ സൈദ്ധാന്തികമായി വളർന്നു വന്നപ്പോൾ വി. ലിഖിതത്തിനു് പല വ്യാഖ്യാനങ്ങൾ ആവാം എന്നു് വിചാരിച്ചവരുണ്ടു്. ക്രിസ്തുവിജ്ഞാനീയത്തിലും വൈവിദ്ധ്യമുണ്ടായി. അതിനു് പ്രചോദനമായി നിന്നതു് അരിസ്റ്റോട്ടിലിൻേറയും (Aristotle 384–322B.C.) പ്ളേറ്റോയുടെയും (Plato 427–347B.C) തത്വശാസ്ത്രങ്ങളാണു്.

പരിശുദ്ധ ത്രിത്വം, പരിശുദ്ധാത്മാവിൻെറ പുറപ്പാടു്, ക്രിസ്തുവിൻെറ ദൈവ–മനുഷ്യ സ്വഭാവങ്ങൾ ഇവക

www.malankaralibrary.com

ളെക്കുറിച്ചും ഭിന്നാഭിപ്രായങ്ങരം സഭയിൽ ഉടലെടുത്തു. ഇക്കാലത്തു് വിളിച്ചുകൂട്ടിയ നിക്യാ സൂനഹദോസും അതുപോലെ അത്തനാസിയൂസിൻെറ വിശ്വാസപ്രമാണവും (Athanasian Creed) ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട നേട്ടങ്ങരം തന്നെയാണു്.

വി. ഗ്രന്ഥത്തിനും അതുപോലെ കൂദാശകരംക്കും കല്പിച്ചിരുന്ന പ്രാധാന്യവും ഈ കാലഘട്ടത്തിൻെറ സവിശേഷതയാണു്. എന്നാൽ എല്ലാററിനും അടിസ്ഥാനമായി നിലകൊള്ളുന്നതു് വി. ഗ്രന്ഥമാണു്.

നിക്യാ (325), കോൺസ്റ്റാൻറിനോപ്പിരം (381), എഫേസൂസ് (431), കാൽസംഡോൺ (451) എന്നിവിടങ്ങളിൽ കൂടിയ സാർവത്രിക സൂനഹദോസുകരം അത്യന്തം പ്രാധാന്യം അർഹിക്കുന്നവയാണു്. ഇവയുടെ പ്രാധാന്യം പരിഗണിച്ചാണു് മഹാനായ ഗ്രിഗറിപാപ്പാ (590–604) ഇവയെ നാലു സുവിശേഷങ്ങളോടുപമിച്ചിട്ടുള്ളതു്.

പല തിരുനാളുകരംകരം നിശ്ചിതരൂപമുണ്ടായതും പ്രാധാന്യം വർദ്ധിച്ചതും സാർവ്വത്രികത ലഭിച്ചതും ഇക്കാലയളവിലാണു്. ഉദാഹരണമായി ക്രിസ്തുവിൻെറ പിറവിത്തിരുനാരം, ഉയിർപ്പുതിരുനാരം, പന്തക്കുസ്താതിരുനാരം മുതലായവ. പുണ്യവാന്മാരേയും രക്തസാക്ഷികളേയും പ്രാദേശിക സഭകരം പൂർവ്വാധികം വണങ്ങിപോന്നു. മരിയശാസ്ത്രത്തിനും അഭിവൃദ്ധിയുണ്ടായി. ഞായറാഴ്ച ആചരണത്തിനു് നിയമ സാധുത ലഭിച്ചു. കുടുംബത്തിനും സ്ത്രീക്കും അർഹമായ വില കല്പിക്കുവാൻ തുടങ്ങിയതു് ഈ കാലഘട്ടത്തിലെ വേറൊരു പ്രത്യേകതയാണു്.

സന്യാസ സഭകളുടെ ആരംഭവും അവയുടെ വളർച്ചയും സന്യാസനിയമങ്ങളുടെ ക്രോഡീകരണങ്ങളും ഈ കാലഘട്ടത്തിൻെറ മററു പ്രത്യേകതകളാണു്. സുന്ദരകല

www.malankaralibrary.com

കരം പ്രത്യേകിച്ച് ശില്പകല, ചിത്രരചന, ക്രിസ്തുവിന്റേയും മററു വിശുദ്ധരുടേയും പ്രതിമാനിർമ്മാണം, കുരിശുരൂപത്തിന്റെ പ്രചരണം, ബിസന്റയിൻ രീതിയിലുള്ള കലകളുടെ അഭിവൃദ്ധി ഇവയെല്ലാം ഈ കാലഘട്ടത്തിന്റെ നേട്ടം വിളിച്ചറിയിക്കുന്നുണ്ട്.

## പൊതുവായ സവിശേഷതകൾ

മററു കാലങ്ങളെ അപേക്ഷിച്ച് ഈ കാലത്തെ ധാരാളം കൃതികരം സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഗ്രീക്കുകാരുടെ സംഭാവനകളാണ് ഒന്നാംകിടയിൽ നിൽക്കുന്നതെങ്കിലും ലത്തീൻ സാഹിത്യത്തിനും ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. സിറിയൻ, അർമേനിയൻ, കോപ്ററിക്, എത്യോപ്യൻ, ജോർജിയൻ എന്നീ പൌരസ്ത്യ സഭകളുടെ സംഭാവനകളും ശ്രദ്ധേയമാണ്.

സഭയുടെ സൈദ്ധാന്തികവും (Doctrinal) അജപാലനപരവുമായ (Pastoral) അടിസ്ഥാനപ്രശ്നങ്ങളിലാണ് ഇക്കാലത്തെ സഭാപിതാക്കന്മാർ കൂടുതലായി ശ്രദ്ധ പതിച്ചത്. കപ്പദോസിയ, അലസ്സാണ്ട്റിയ, അന്ത്യോക്യാ എന്നിവിടങ്ങളിൽ ഉയർന്നു വന്ന ഉന്നത മതാദ്ധ്യാപനകേന്ദ്രങ്ങളിൽ നിന്നും സഭയുടെ അടിസ്ഥാനവിശ്വാസത്തെ സംരക്ഷിക്കാൻ പ്രഗത്ഭമതികളായ ആളുകളുണ്ടായി.

ഗ്രീക്കുകാർ തത്വശാസ്ത്രദൈവശാസ്ത്രപ്രശ്നങ്ങരം ഇഷ്ടപ്പെട്ടു. ഇവർ പരിശുദ്ധത്രിത്വം, ക്രിസ്തുവിജ്ഞാനീയം മുതലായവയെപ്പററി ചിന്തിച്ചപ്പോരം പാശ്ചാത്യപിതാക്കന്മാർ ധാർമ്മികവും അജപാലനപരവുമായ പ്രശ്നങ്ങരംക്കാണ് പ്രാമാണ്യം കല്പിച്ചത്. ഉദാഹരണമായി സഭയുടെ ഐക്യം, വിശുദ്ധി, സഭാഭരണം, സ്വാതന്ത്ര്യം, പാപം, വരപ്രസാദം മുതലായവയോട് ബന്ധപ്പെട്ട പ്രശ്നങ്ങരം,

www.malankaralibrary.com

ഗ്രീക്കപിതാക്കന്മാർ ബുദ്ധിക്കും അതിഭൗമികതക്കും പ്രാധാന്യം കല്പിച്ചപ്പോഠം മററു പൗരസ്ത്യപിതാക്കന്മാർ, പ്രത്യേകിച്ച് സുറിയാനിക്കാർ, ഭാവനക്കും കാവ്യാത്മകതക്കും മിസ്റ്റിസിസത്തിനുമാണ് പ്രാധാന്യം കൊടുത്തതായി കാണുന്നതു്.

ഗ്രീക്കസാഹിത്യത്തിലെ പല പ്രധാന കൃതികളും സുറിയാനിപിതാക്കന്മാർ ഇക്കാലയളവിൽ തർജ്ജമ ചെയ്തിട്ടുണ്ട്. ഗ്രീക്കമൂലങ്ങഠം പിൽക്കാലത്തു് നഷ്ടപ്പെട്ടപ്പോഠം ഈ വിവർത്തനങ്ങഠം സഭയ്ക്കും സുറിയാനി സാഹിത്യത്തിനും ഒരുപോലെ വിലപ്പെട്ടവയായിതീർന്നു.

ഈ കാലഘട്ടത്തെ ധന്യമാക്കിയ പ്രമുഖരായ സഭാപിതാക്കന്മാരെപ്പററിയാണ് തുടർന്ന് പ്രതിപാദിക്കുന്നതു്.

## I അലക്സാണ്ടറിയായിലെ അലക്സാണ്ടർ (Alexander of Alexandria C. 250–328 A. D)

ഇദ്ദേഹത്തിന്റെ ബാല്യകാലം, വിദ്യാഭ്യാസം തുടങ്ങിയവയെപ്പററിയുള്ള ചരിത്രം ലഭ്യമല്ല. പത്രോസ് (Peter), അച്ചിലാസ് (Achillas) എന്നീ മെത്രാന്മാരുടെ കീഴിൽ ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അലക്സാണ്ട്റിയൻ മതാദ്ധ്യാപനാലയത്തിന്റെ അധിപസ്ഥാനവും ഇദ്ദേഹം അലങ്കരിച്ചിരുന്നതായി പറയപ്പെടുന്നുണ്ട്.

എ. ഡി. 312–ൽ അച്ചീലമെത്രാന്റെ പിൻഗാമിയായി ഇദ്ദേഹം അലക്സാണ്ട്റിയായിലെ മെത്രാനായി. അലക്സാണ്ടർ മെത്രാന്റെ സെക്രട്ടറിയായിരുന്നു വി. അത്തനാസിയൂസ് (295–373); പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമിയും. അലക്സാണ്ടർ പാത്രിയാക്കീസിന്റെ കാലത്താണ് ആര്യനിസം (Arianism) എന്ന പാഷണ്ഡത ഉടലെടുത്തതു്.

ഈ അബദ്ധസിദ്ധാന്തത്തെപ്പററി അറിഞ്ഞ അലക്സാണ്ടർ സ്ഥലത്തെ വൈദികരെ വിളിച്ചു കൂട്ടുകയും

www.malankaralibrary.com

ആരിയുസിനോട് തന്റെ ആശയങ്ങൾ സഭാസമ്പാകെ അവതരിപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ചർച്ചയും ഉപദേശവുംകൊണ്ടു് തെററുകൾ ചൂണ്ടിക്കാണിച്ചിട്ടും അതേ ആശയത്തിൽ ആരിയുസ് ഉറച്ചു നിന്നതിനാൽ ഈജിപ്തിലെ മെത്രാന്മാരുടെ ഒരു സൂനഹദോസ് അലക്സാണ്ടർ വിളിച്ചു കൂട്ടുകയും പ്രസ്തുത സൂനഹദോസിൽ വച്ചു് ആരിയുസിനെ ശപിച്ചു തള്ളുകയും ചെയ്തു. അമർഷം പൂണ്ട ആരിയുസ് കേസറിയായിലെ മെത്രാനായ എവുസേബിയുസിനേയും നിക്കോമേദിയായിലെ എവുസേബിയുസിനേയും സമീപിച്ചു. പാത്രിയാർക്കീസാകട്ടെ ആര്യനിസത്തിന്റെ ഭവിഷ്യത്തുകളും തന്റെ നിലപാടുകളും വ്യക്തമാക്കുന്ന ലേഖനങ്ങൾ എഴുതി. അവയിൽ ഇദ്ദേഹം ക്രിസ്തുവിന്റെ സ്വാഭാവികവും നിത്യവുമായ ജനനത്തെപ്പററിയും പിതാവുമായുള്ള പൂർണ്ണമായ സാദൃശ്യത്തെപ്പററിയും വിവരിക്കുന്നുണ്ടു്.

കോൺസ്റ്റന്റയിൻ (Constantine 280–337) ചക്രവർത്തിയുടെ മതോപദേഷ്ടാവായ കോർഡോബായിലെ ഹോസിയുസിന്റെ (Hosius 256–337) സിദ്ധാന്തങ്ങൾ അബദ്ധജടിലമാണെന്നു് പഠിപ്പിക്കുന്നതിൽ അലക്സാണ്ടർ പാത്രിയാർക്കീസ് വിജയിച്ചിട്ടുണ്ടു്. അതിനു ശേഷമാണു് 325–ൽ നിക്യായിൽ കൂടിയ സാർവ്വത്രിക സൂനഹദോസ് ആരിയുസിനെ ശപിക്കുകയും ഒരു വിശ്വാസ പ്രമാണത്തിനു് രൂപം നൽകുകയും ചെയ്തതു്. പ്രസ്തുത വിശ്വാസ പ്രമാണത്തിലെ ഏക സ്വഭാവത്തെ സംബന്ധിക്കുന്ന ഭാഗങ്ങൾ കൂട്ടിച്ചേർത്തതിൽ അലക്സാണ്ടർ പാത്രിയാർക്കീസിനു് പങ്കുണ്ടെന്നു് പറയപ്പെടുന്നു. ഇദ്ദേഹത്തിനു് പിന്നീടു് മെലേത്തിയുസിന്റെ അനുയായികളിൽ നിന്നുള്ള എതിർപ്പുകളെ നേരിടേണ്ടി വന്നിട്ടുണ്ടു്. 328–ൽ ഇദ്ദേഹം നിര്യാതനായി. കോപ്റ്റിക് സഭ ഇദ്ദേഹത്തെ ഒരു വിശുദ്ധനായി വണങ്ങുന്നു.

www.malankaralibrary.com

## മുഖ്യ കൃതികൾ:

എപ്പിഫാനിയൂസ് (Ephiphanius 315–403) ഇദ്ദേഹത്തിന്റെ എഴുപതു് കത്തുകളെപ്പററി പറയുന്നുണ്ടു്. എങ്കിലും ആര്യൻ പ്രതിസന്ധിയെ പ്രതിപാദിക്കുന്ന രണ്ടു് എഴുത്തുകൾ മാത്രമെ കണ്ടുകിട്ടിയിട്ടുള്ളു. കൂടാതെ ആത്മാവിനേയും ശരീരത്തേയും കുറിച്ചുള്ള ഒരു പ്രഭാഷണവും ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പററിയുള്ള വേറൊരു പ്രഭാഷണവും, മററു ചില കൃതികളുടെ ഭാഗങ്ങളും കോപ്ററിക്, സുറിയാനി ഭാഷകളിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ടു്.

## 2 വി. അത്തനാസിയൂസ് (St. Athanasius 295–373)

'എക്യുമെനിക്കൽ ഡോക്ടർ' എന്ന ബഹുമതിക്കർഹനായ വി. അത്തനാസിയൂസ് 295–ൽ അലക്സാണ്ടു്റിയായിൽ ജനിച്ചു. 'സഭയുടെ തൂണു്' (Pillar of the Church) എന്നാണു് വി. ഗ്രിഗരി ഇദ്ദേഹത്തെ വിശേഷിപ്പിക്കുക. 1 അന്നത്തെ നിലയിൽ സാമാന്യം നല്ല വിദ്യാഭ്യാസം നൽകുന്നതിൽ ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ അതീവ ശ്രദ്ധാലുക്കളായിരുന്നു. അലക്സാണ്ടർ മെത്രാൻ 318–ൽ ഇദ്ദേഹത്തെ ശെമ്മാശനായി ഉയർത്തുകയും തന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. 325 ലെ നിക്യാ സൂനഹദോസിൽ തന്റെ മെത്രാനോടൊപ്പം ഇദ്ദേഹവും സന്നിഹിതനായിരിക്കാനാണു് സാദ്ധ്യത.

അത്തനാസിയൂസിൽ വിശുദ്ധിയും വിവേകവും വിജ്ഞാനവും ഒത്തിണങ്ങിയിരുന്നു. പുണ്യപൂർണ്ണത പ്രാപിക്കാനായി ആഫ്രിക്കൻ വനാന്തരങ്ങളിലേക്കു പോയി വി. അന്തോനീസുമൊത്തു് (St. Antony) കുറേക്കാലം ജീവിച്ചു. ഇതു് വി. അന്തോനീസിന്റെ ജീവചരിത്രം എഴുതുവാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ചു.

---

1 Gregory Nazianzen, Orations 21, 26.

www.malankaralibrary.com

328-ൽ അലക്സാണ്ടർ മെത്രാൻ മരിക്കുന്നതിനു മുമ്പു തന്നെ തന്റെ പിൻഗാമിയായി അത്തനാസിയൂസിനെ നിയമിച്ചിരുന്നു. ഈജിപ്റ്റിലെ പിതാക്കന്മാർ ഈ നിയമനത്തെ ശരിവച്ചു. അദ്ദേഹം തന്റെ പ്രവിശ്യ മുഴുവൻ സന്ദർശിച്ചു പോന്നു. സഭാംഗങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാനാണ് ഇതു് ചെയ്തതു്. എങ്കിലും പലയിടങ്ങളിൽനിന്നും എതിർപ്പുണ്ടായി. 331-ൽ കോൺസ്റ്റൻറയിൻ ഒന്നാമന്റെ കോടതിയിൽ മെലേത്തിയൂസ് കുറ്റങ്ങൾ ആരോപിച്ചെങ്കിലും തന്റെ സിദ്ധാന്തങ്ങളെ സാധൂകരിക്കുവാൻ അത്തനാസിയൂസിനു കഴിഞ്ഞു.

ഏ. ഡി. 335-ൽ ടയറിൽ (Tyre) കൂടിയ പ്രാദേശിക സൂനഹദോസിൽ എതിർ പക്ഷത്തുള്ള എല്ലാവരും കൂടി, കോൺസ്റ്റൻറയിന്റെ സമ്മതത്തോടെ അത്തനാസിയൂസിനെ വിളിച്ചുവരുത്തി. അവിടെ തനിക്കു നീതി ലഭിക്കുകയില്ലെന്നു കണ്ട ഇദ്ദേഹം ചക്രവർത്തിയ്ക്കു് നേരിട്ടു് ഹർജ്ജി ബോധിപ്പിച്ചുവെങ്കിലും ചക്രവർത്തി ഉത്തര ഗോളിലെ (North Gaul) ട്രീവസിലേക്കു് (Treves) ഇദ്ദേഹത്തെ നാടുകടത്തി. കോൺസ്റ്റൻറയിന്റെ പിൻഗാമിയായ കോൺസ്റ്റൻറയിൻ രണ്ടാമന്റെ (Constantine II) ഭരണകാലത്തു് അത്തനാസിയൂസിനു് തന്റെ അജപാലന ധർമ്മം തുടരുവാൻ അനുമതി ലഭിക്കുകയും ചെയ്തു.

അധികം താമസിക്കാതെ എവുസേബിയായിലെ മെത്രാൻ ഏ. ഡി. 337/8 ൽ അന്ത്യോക്യായിൽ കൂടിയ പ്രാദേശിക സൂനഹദോസിൽ അത്തനാസിയൂസിനെ സ്ഥാനഭ്രഷ്ടനാക്കി. തത്സ്ഥാനം പിസ്ത്തുസിനും (Pistus) പിന്നീടു് ഗ്രിഗരിക്കും (Gregory) കൊടുത്തു. വ്രണിതചിത്തനായ അത്തനാസിയൂസ് കാര്യം അന്നത്തെ മാർപ്പാപ്പയെ അറിയിച്ചു. ടയറിൽ വച്ചു കൂടിയ സൂനഹദോസിൽ അത്തനാസിയൂസും അൻസിറായിലെ (Ancyra) മെത്രാനായ മാർസെല്ലുസും കുറ്റക്കാരല്ലെന്നു ലിബേറിയസ് മാർപ്പാപ്പ (352-366) പ്രഖ്യാപിച്ചു.

www.malankaralibrary.com

എന്നാൽ അലക്സാണ്ടറിനു് തൻെറ മെത്രാസനം വീണ്ടും തിരികെ കിട്ടാതിരുന്നതിനാൽ ഇററലി, ഫ്രാൻസ് എന്നിവിടങ്ങളിൽ സഞ്ചരിച്ച് സന്യാസാശയങ്ങൾ പ്രചരിപ്പിച്ചു. പിന്നീട് ചക്രവർത്തിമാരായ കോൺസ്റ്റൻസും കോൺസ്ററാൻസിയൂസ് രണ്ടാമനും കൂടി ഒരു സൂനഹദോസ് വിളിച്ചുകൂട്ടിയെങ്കിലും പാശ്ചാത്യ മെത്രാന്മാരോടൊപ്പം പൗരസ്ത്യമെത്രാന്മാർ ആ സൂനഹദോസിൽ സംബന്ധിച്ചില്ല.

അലക്സാണ്ട്റിയായിലെ ഗ്രിഗരിയുടെ മരണശേഷം അത്തനാസിയൂസിനു് അലക്സാണ്ട്റിയ വിട്ടുകൊടുത്തു. 346 മുതൽ പിന്നീടുള്ള 10 വർഷം സമാധാനകാലമായിരുന്നു.

350–ൽ കോൺസ്ററാൻസിൻെറ മരണത്തോടെ അത്തനാസിയൂസിൻെറ ശത്രുക്കൾ എല്ലാവരും കൂടി കോൺസ്റ്റാൻസിയൂസ് രണ്ടാമനെ സമീപിച്ചു. 353–ലെ ആർലെസ് (Arles) സൂനഹദോസിൽവച്ചും 355–ലെ മിലാൻ സൂനഹദോസിൽവച്ചും ഇദ്ദേഹത്തെ ശപിച്ചു. ഒരു സന്ധ്യാ പ്രാർത്ഥനാസമയത്തു് 356–ൽ ഇദ്ദേഹത്തെ പിടികൂടാൻ ശ്രമിച്ചെങ്കിലും അത്തനാസിയൂസ് ലിബിയൻ മരുഭൂമിയിലേക്കു് പോയി രക്ഷപെട്ടു. പിന്നീട് കപ്പദോസിയായിലെ ജോർജ്ജിനെ (George of Capadocia 357–361) മെത്രാനാക്കി. ആറു കൊല്ലക്കാലം അത്തനാസിയൂസിനു് ഒളിവിൽ താമസിക്കേണ്ടി വന്നു.

കോൺസ്റ്റാൻസിയൂസ് ചക്രവത്തി 361–ൽ മരിച്ചു; ജോർജ്ജ് മെത്രാൻ 361–ൽ കൊലചെയ്യപ്പെട്ടു. പിന്നീടു് ഭരണമേററ ജൂലിയൻ, അത്തനാസിയൂസിനെ അലക്സാണ്ട്റിയായിലേക്കു് വിളിപ്പിച്ചു (362). സ്വജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും പ്രബുദ്ധരാക്കുന്നതിനും വേണ്ടി ഇദ്ദേഹം ഒരു സൂനഹദോസ് വിളിച്ചു കൂട്ടി. പ്രസ്തുത സൂനഹദോസ് ആര്യൻ പാഷണ്ഡതയെ ശപിച്ചു തള്ളി. പേഗൻ വിശ്വാസിയും ക്രൈസ്ത

www.malankaralibrary.com

വരുടെ വളർച്ചയിൽ അസൂയാലുവുമായ ജൂലിയൻ ചക്ര വർത്തി അത്തനാസിയൂസിനെ വീണ്ടും നാടുകടത്തി 362-ൽ. ജൂലിയന്റെ പിൻഗാമി യോവിൻ അത്തനാസിയൂസിന്റെ ഉപദേശം സ്വീകരിച്ചു പോന്നു. 8 മാസമേ അദ്ദേഹം ഭരണം നിർവഹിച്ചുള്ളു.

പിന്നീടു് അധികാരമേററ വാലൻസ് (Valens) ആര്യൻ ചിന്താഗതിക്കാരനായിരുന്നതിനാൽ അഞ്ചാം തവണയും (367) അത്തനാസിയൂസ് ഒളിവിൽ കഴിയേണ്ടി വന്നു. എന്നാൽ പിന്നീടു് രോഷാകുലരായ അലക്സാണ്ട്റിയാക്കാരെ ഭയന്നു് അദ്ദേഹത്തെ സ്വതന്ത്രനാക്കി. ശേഷിച്ച ജീവിതം സമാധാനപൂർണ്ണമായിരുന്നു. മരണത്തിനു മുമ്പു് സ്വസഹോദരൻ പത്രോസിനെ തന്റെ പിൻഗാമിയാക്കി അത്തനാസിയൂസ് വാഴിച്ചു. 373 മെയ് മാസത്തിൽ അത്തനാസിയൂസ് ഭാഗ്യമരണം പ്രാപിച്ചു. 1568-ൽ ഇദ്ദേഹത്തെ അഞ്ചാം പീയൂസ് മാർപ്പാപ്പ (1566-1572) വേദപാരംഗത സ്ഥാനത്തേക്കുയർത്തി.

## പ്രധാന കൃതികൾ:

സാഹിത്യപരമായ മേന്മകൾ അത്തനാസിയൂസിന്റെ കൃതികളിൽ കാവാണെങ്കിലും വ്യക്തവും സംക്ഷിപ്തവുമാണു് ഇദ്ദേഹത്തിന്റെ ശൈലി. യുക്തിയുക്തമായും തെളിവായും വ്യക്തമായും കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ അത്തനാസിയൂസ് മുൻപന്തിയിൽ നിൽക്കുന്നു എന്നു് ഫോസിയൂസ് പറയുന്നു.[2]

നാടുകടത്തപ്പെട്ടു് ഒളിവിൽ താമസിക്കുമ്പോഴും സമാധാന കാലത്തും പല കൃതികളും എഴുതിയിട്ടുണ്ടു്.

## വ്യാഖ്യാനപരം:

'സങ്കീർത്തനങ്ങളുടെ വ്യാഖ്യാന' മാണു് പ്രധാന

2 Photius, Biblioteca Codex, 140

www.malankaralibrary.com

കൃതി (Commentary on the Psalms). 'ഉല്പത്തിയുടെ പുസ്തക'ത്തിനും (Commentary on Genesis) 'പാട്ടുകളുടെ പാട്ടിനും' (Commentary on Song of Songs) ഇദ്ദേഹം വ്യാഖ്യാനം എഴുതിയിട്ടുണ്ട്.

## വിശ്വാസ സമർത്ഥനപരം:

പ്രധാനപ്പെട്ട രണ്ടു കൃതികളുണ്ട് ഈ വിഭാഗത്തിൽ.

### 1. 'പുറജാതികൾക്കെതിരെ' (Against Gentiles)

പേഗൻ വിശ്വാസത്തെയും വിഗ്രഹാരാധനയെയും എതിർത്തുകൊണ്ടെഴുതിയ ഈ ഗ്രന്ഥത്തിൽനിന്നും അക്കാലത്തെ സാമൂഹ്യവും ധാർമ്മികവുമായ അവസ്ഥ എന്തെന്നറിയാൻ സാധിക്കുന്നതാണ്. അന്നത്തെ പല പ്രശ്നങ്ങൾക്കും നിദാനമായ വിഗ്രഹാരാധനയെ ശക്തിയായി ഈ കൃതിയിൽ എതിർത്തിട്ടുണ്ട്.

### 2. 'മനുഷ്യാവതാരത്തെപ്പറ്റി' (On Incarnation)

പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് ക്രിസ്തു മനുഷ്യാവതാരം ചെയ്തത് എന്നതിൽനിന്നും ക്രിസ്തുമതത്തിന്റെ വാസ്തവികത തെളിയുന്നു എന്ന് ഇദ്ദേഹം ഈ ഗ്രന്ഥം വഴി പഠിപ്പിക്കുന്നു.

## സൈദ്ധാന്തികം:

### 'ആര്യന്മാർക്കെതിരായിട്ടുള്ള പ്രഭാഷണങ്ങൾ' (Sermons against Arians)

ഈ കൃതിയിൽ ആര്യന്മാർക്കെതിരായുള്ള നാലു പ്രസംഗങ്ങൾ ഉൾക്കൊള്ളുന്നു. ഇവയിൽ ആദ്യത്തെ മൂന്നു പ്രഭാഷണങ്ങൾ മാത്രമാണ് അത്തനാസിയുസിന്റേത്. കൂടാതെ ഇവയിലൂടെ നിക്യാ വിശ്വാസമനുസരിക്കുവാനും

www.malankaralibrary.com

അത്തനാസിയൂസ് ആഹ്വാനം ചെയ്യുകയാണ്. ഇതിൽ ആദ്യത്തെ പ്രസംഗം വചനത്തിന്റെ നിത്യത്വത്തിനും (Eternity of the Word) ദൈവിക ജനനത്തിനും അചഞ്ചലതയ്ക്കും എതിരായി വി. വേദപുസ്തകത്തിൽനിന്ന് ആര്യന്മാർ ഉന്നയിച്ച വാദമുഖങ്ങളെ എതിർക്കുന്നതാണ്. 'കർത്താവെന്നെ സൃഷ്ടിച്ചു' (പ്രഭാ. 8:22) എന്ന വേദവാക്യത്തിന്റെ വ്യാഖ്യാനമാണ് രണ്ടാമത്തെ പ്രഭാഷണം. ഇവിടെ ക്രിസ്തുവിന്റെ ദൈവത്വമാണ് വിവക്ഷിക്കുക. ക്രിസ്തു കേവലം ഒരു മനുഷ്യനല്ല എന്ന് അത്തനാസിയൂസ് തെളിയിക്കുന്നു. ഏററവും പ്രധാനപ്പെട്ട പ്രസംഗമായ മൂന്നാമത്തേതിൽ ആര്യന്മാരുടെ എതിർ വാദങ്ങളെ ഓരോന്നായി അപഗ്രഥിച്ച് എതിർക്കുന്നതോടൊപ്പം പിതാവിനും പുത്രനും ഒരേ ദൈവസ്വഭാവമാണുള്ളതെന്ന് അദ്ദേഹം സ്ഥാപിക്കുന്നു.

## ചരിത്രപരം

### 'ആര്യന്മാരുടെ ചരിത്രം' (The History of the Arians)

അത്തനാസിയൂസ് തന്റെ വനവാസ കാലത്ത് രചിച്ചതാണ് ഈ കൃതി. ആര്യൻ പാഷണ്ഡതയുടെ ആരംഭം മുതൽ 357 വരെയുള്ള ആര്യന്മാരുടെ ചരിത്രം ഇതിൽ അടങ്ങിയിരിക്കുന്നു.

### 'വി. അന്തോനീസിന്റെ ജീവചരിത്രം' (The life of St. Antony)

357 നോടടുത്ത് ഗ്രീക്കുഭാഷയിലാണ് ഈ കൃതി എഴുതപ്പെട്ടത്. വി. അന്തോനീസുമായുള്ള ചുരുങ്ങിയ കാലത്തെ വ്യക്തിപരമായ അനുഭവത്തെപ്പററിയും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സുകൃത ജീവിതത്തെക്കുറിച്ചും ഈജിപ്ററിലെ സന്യാസികളോട് അത്തനാസിയൂസ് പ്രസംഗിച്ചിരുന്നു. അവയുടെ സമാഹാരമാണ് ഈ കൃതി. വിവരണ രൂപത്തിലുള്ള ആശ്രമജീവിതത്തിന്റെ നിയമം

www.malankaralibrary.com

(A Rule of Monastic life in the Form of a Narrative) എന്നാണ് വി. ഗ്രിഗരി നസിയാൻസൻ ഇതിനെ വിശേഷിപ്പിക്കുക. 3

**'അലക്സാണ്ട്റിയൻ ഡയനീഷ്യസിന്റെ സിദ്ധാന്തം'** (On the Opinion of Dionysius of Alexandria).

അലക്സാണ്ട്റിയായിലെ മെത്രാനായ ഡയനീഷ്യസ് തങ്ങളുടെ പക്ഷത്താണെന്ന ആര്യന്മാരുടെ ദുർ വ്യാഖ്യാനത്തെ ഖണ്ഡിക്കുവാൻ എഴുതിയ ഗ്രന്ഥമാണിതു്.

**'നിക്യാ സൂനഹദോസ് പ്രമാണ രേഖകൾ'** (Decrees of Nicean Council)

നിക്യാ സൂനഹദോസിന്റെ പഠനങ്ങൾ ശരിയാണെന്നു് അത്തനാസിയൂസ് പഠിപ്പിക്കുകയാണു് ഈ കൃതിയിൽ. കൂടാതെ ഈ സൂനഹദോസിൽ ഉപയോഗിച്ചിരുന്ന ചില പദങ്ങൾ ഉപയോഗിക്കാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും ഇദ്ദേഹം വിശദമാക്കുന്നുണ്ടു്.

**'സെറാപിയോണിനും എപ്പിക്ലേററസിനും അയച്ച കത്തുകൾ'** (The letters of Serapion and Epicletus)

പരിശുദ്ധാത്മാവിന്റെ ദൈവികത്വം സംബന്ധിച്ചു് പ്രശ്നങ്ങൾ ഉണ്ടായപ്പോൾ എഴുതിയതാണിവ. വേദപുസ്തകവും പാരമ്പര്യവും ആധാരമാക്കിയാണു് പരിശുദ്ധാത്മാവിന്റെ ദൈവികത്വത്തെ അത്തനാസിയൂസ് തെളിയിക്കുക.

**'നോമ്പുകാല സന്ദേശം'** (Lenten Message)

പാഷണ്ഡതയുടെ ഭീഷണിയെ എങ്ങനെ നേരിടണമെന്ന ഒരുപദേശമാണു് ഈ കത്തുകളുടെ ഉള്ളടക്കം. സ

3 Athanasius, Orations 21, 5

www.malankaralibrary.com

ത്യവിശ്വാസത്തിലും പ്രമാണങ്ങളുടെ അനുഷ്ഠാനത്തിലും ജനങ്ങൾ എപ്രകാരം ജീവിക്കണമെന്നു് ഇദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

## പ്രബോധനങ്ങൾ:

### ഏക ദൈവ വിശ്വാസം

വസ്തുക്കളുടെ ക്രമീകരണത്തിൽനിന്നു് ദൈവത്തിന്റെ അസ്തിത്വം തെളിയുന്നു എന്നു് അത്തനാസിയൂസ് വിശ്വസിച്ചുപോന്നു. യുക്തിയും വിശുദ്ധ ഗ്രന്ഥവും ഒരേ സത്യം തന്നെയാണു് വെളിപ്പെടുത്തുക. ദൈവം ഒന്നേ ഉള്ളൂ എന്നും ആ ദൈവം നമ്മെ പാപത്തിൽനിന്നു് രക്ഷിച്ചു എന്നും പേഗൻ ചിന്താഗതിക്കാരോടു് ഇദ്ദേഹം പ്രസംഗിച്ചു. ഒന്നുകിൽ ദൈവം ഏകൻ അല്ലെങ്കിൽ ദൈവമില്ല (There is either one God or no God) എന്നു് അത്തനാസിയൂസ് പഠിപ്പിച്ചു. പല ദേവന്മാർക്കു് ഒരേ സമയത്തു് ഒരേ പ്രപഞ്ചത്തിന്റെ നിയന്താക്കളാവുക സാദ്ധ്യമല്ലല്ലോ. പ്രകൃതിശക്തികളെ ദൈവമായി ആരാധിച്ചുപോന്ന പല പ്രഗത്ഭമതികളുടേയും ചക്രവർത്തിമാരുടേയും വീക്ഷണത്തെയാണു് അത്തനാസിയൂസ് സുധീരം എതിർത്തതു്. വിഗ്രഹാരാധന ഉപേക്ഷിച്ചു് സത്യവിശ്വാസത്തിലേക്കു് വരാൻ ഇദ്ദേഹം എല്ലാവരേയും ആഹ്വാനം ചെയ്തു.

### ദൈവ പുത്രൻ

പരി. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ, പിതാവിനെപ്പോലെ നിത്യനും സൃഷ്ടിക്കപ്പെടാത്തവനും, പിതാവിനോടുകൂടെ ഏക സത്തയുമാണു്. ഇതു തന്നെയാണല്ലോ നിക്യാ വിശ്വാസ പ്രമാണത്തിലും കാണുന്നതു്.

അത്തനാസിയൂസിനെ സംബന്ധിച്ചിടത്തോളം വചനം (Word) ഒരു സൃഷ്ടവസ്തുവല്ല; പ്രത്യുത ആരാധനാവിഷയമായ നാദബ്രഹ്മ (Word of God) മാണു്. ക്രിസ്തു

www.malankaralibrary.com

വെറുമൊരു മനുഷ്യനാണെങ്കിൽ മനുഷ്യ രക്ഷ യഥാർത്ഥ മോ നിത്യമോ ആവുകയില്ലായിരുന്നു.

**പരിശുദ്ധാത്മാവ്**

പിതാവിൽനിന്നും[4] പുത്രനിൽനിന്നും കൂടിയാണ് പരിശുദ്ധാത്മാവ് പുറപ്പെടുക എന്നദ്ദേഹം പഠിപ്പിച്ചു. കൂടാതെ ത്രിത്വത്തിലെ മൂന്നാളുകാരാക്കും ഒരേ സത്തയാണുള്ളത്, മൂന്നു പേർക്കും ദൈവികത്വമുണ്ട്.

പുത്രൻ പിതാവിനോടുകൂടി ഏകസത്തയാണ് എന്ന, നിക്യാ സൂനഹദോസിന്റെ പ്രബോധനത്തിൽ നിന്നാണ്, പരിശുദ്ധാത്മാവും ദൈവികത്വമുള്ള ആളാണെന്ന് അത്തനാസിയൂസ് തെളിയിക്കുന്നത്. സെറാപ്പിയോണിന് എഴുതിയ കത്തിൽ ഇതു് വളരെ വ്യക്തമാകുന്നുണ്ട്.[5]

**മനുഷ്യാവതാര ലക്ഷ്യം**

ദൈവപുത്രൻ മനുഷ്യസ്വഭാവം സ്വീകരിച്ചതു് മനുഷ്യനെ ദൈവപുത്രനാക്കുവാനാണ്.[6] പാപംമൂലം ദൈവത്തിൽനിന്നും മനുഷ്യൻ അകന്നുമാറി. തന്മൂലം മർത്ത്യനുണ്ടായ നഷ്ടം പരിഹരിച്ച് അവന്റെ മനുഷ്യസ്വഭാവത്തിന്റെ കുറവുകളെ പരിഹരിക്കാനത്രേ ത്രിത്വത്തിലെ രണ്ടാം ആളായ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതു്. മറ്റു വാക്കുകളിൽ, സ്വാതന്ത്ര്യം ലഭിച്ച മനുഷ്യൻ ആ സ്വാതന്ത്ര്യം ദുരുപയോഗിച്ച് തന്നിലുള്ള ദൈവിക ഛായയെ വികലമാക്കി. അതിനെ വീണ്ടെടുക്കാനാണ് ദൈവം മനുഷ്യനായതു്. വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ക്രിസ്തുവിന് രണ്ടു മനസ്സുകളുണ്ടെന്നും (Two Wills) ഏകമാനസ

---

4 Athanasius, Letter to Serapion 1, 2
5 Athanasius, Letter to Serapion 1, 7; Shapland 103
6 Athanasius, on Incarnation 54

www.malankaralibrary.com

വാദികാരക്കു (Monotheletists) മുമ്പുതന്നെ ഇദ്ദേഹം പഠിപ്പിച്ചു.

വാളോ പരിചയോ കൂടാതെ ക്രിസ്തുമതം ലോകമെങ്ങും പ്രചരിച്ചതു ക്രിസ്തുമതത്തിൻെറ വാസ്തവികതയെയാണു കാണിക്കുന്നതെന്നു അത്തനാസിയൂസ് വാദിച്ചു.

വി. ഗ്രന്ഥം: എല്ലാ ഗ്രന്ഥങ്ങളേക്കാരം മഹത്തരമാണു വി. ഗ്രന്ഥം. വി. ഗ്രന്ഥത്തിലെ എല്ലാ വാക്കുകളും എല്ലാവക്കും പ്രാപ്യമല്ല. അതു വ്യാഖ്യാനിക്കുവാൻ പരി. സുനഹദോസുകാരക്കു അധികാരമുണ്ടു. ആദിമ സഭാപിതാക്കന്മാരുടെ സിദ്ധാന്തങ്ങരം തന്നെയാണു യഥാർത്ഥത്തിൽ സുവിശേഷ സിദ്ധാന്തങ്ങരം.

വിശ്വാസപ്രമാണ കർത്താവു: കൃത്യമായി അറിയുന്നവയെ വിശ്വസിക്കുവാൻ ആക്കും സാധിക്കും. എന്നാൽ അദൃശ്യവും അഗ്രാഹ്യവും അപ്രാപ്യവുമായ ദൈവികപ്രവർത്തനത്തെ സമ്മതിച്ചു ഏററുപറയുന്നതാണു യഥാർത്ഥ വിശ്വാസം. നിക്യാ വിശ്വാസപ്രമാണത്തിൻെറ കർത്താവു വി. അത്തനാസിയൂസാണു. സൃഷ്ടിക്കുകയും രക്ഷിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്ന ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണു യഥാർത്ഥ വിശ്വാസം.

കൂദാശകരം: മാമോദീസാക്കു മുമ്പു യഥാർത്ഥ വിശ്വാസം എന്താണെന്നു ജ്ഞാനസ്നാനാർത്ഥികരം പഠിച്ചിരിക്കണമെന്നു അത്തനാസിയൂസിനു നിർബന്ധമായിരുന്നു. പാഷണ്ഡികളുടെ ജ്ഞാനസ്നാനം പ്രയോജനപ്രദമല്ലെന്നു ഇദ്ദേഹം വാദിച്ചെങ്കിലും അവർ തിരിച്ചു വന്നപ്പോരം വീണ്ടും മാമോദീസാ നൽകിയതായി കാണുന്നില്ല. പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും ദൈവികത്വത്തെ ആര്യന്മാർ നിഷേധിച്ചതിനാൽ ത്രിത്വത്തിൻെറ നാമത്തിൽ അവക്കു മാമോദീസാ നൽകിയി

www.malankaralibrary.com

രുന്നെങ്കിലും അതു് അസാധുവാണെന്നു് ഇദ്ദേഹം പഠിപ്പിച്ചു.[7]

വി. കുർബാനയിൽ യഥാർത്ഥത്തിൽ ക്രിസ്തുനാഥൻ എഴുന്നെള്ളുന്നുണ്ടെന്നും അതു് വിശ്വാസിയുടെ ആദ്ധ്യാത്മികപോഷണത്തിനുള്ള യഥാർത്ഥ ഭക്ഷണമാണെന്നും അത്തനാസിയൂസ് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു.[8]

ഡീക്കൻ പട്ടവും പൗരോഹിത്യവും പൂർണ്ണതയിലെത്തുന്നതു് മെത്രാൻ പട്ടത്തിലാണു്. അതുകൊണ്ടാണു് മെത്രാൻ വൈദികരെ സഹവൈദികരെന്നും ആറാം പട്ടക്കാരെ സഹശുശ്രൂഷകർ എന്നും വിളിക്കുന്നതു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു വൈദികൻ മറെറാരു വൈദികനു് പട്ടംകൊടുത്താൽ അതു് അസാധുവാണു്.

മരണാനന്തര ജീവിതത്തെക്കുറിച്ചു് വി. അത്തനാസിയൂസ് പഠിപ്പിക്കുന്നതു്, നീതിമാന്മാരുടെ ആത്മാക്കൾ ഉടനെ സ്വർഗ്ഗത്തിൽ പോകും എന്നും രക്ഷിക്കപ്പെട്ടവർ പൊതു വിധിവരെ സൗഭാഗ്യത്തെ പ്രതീക്ഷിച്ചു് കാത്തിരിക്കുമെന്നുമാണു്.

## 3 അന്ത്യോക്യായിലെ എവുസ്താത്തിയൂസ് (Eusthatius of Antioch +337)

അദ്ധ്യായം 3: അലക്സാണ്ഡ്റിയായിലെ മതാദ്ധ്യാപനാലയം കാണുക.

## 4 ജറുസലേമിലെ സിറിൽ (Cyril of Jerusalem 313–386)

സിറിലിന്റെ യഥാർത്ഥമായ ജനനസ്ഥലവും കാലഘട്ടവും അജ്ഞാതമാണെങ്കിലും 313–ൽ ജറുസലേമിൽ ജനിച്ചു എന്നു് പൊതുവേ കരുതപ്പെടുന്നു. ജറുസലേമിലെ

7 Athanasius, Letter to Serapion 30; Shapland 139 f
8 Athanasius, Letter to Serapion 4, 19.

www.malankaralibrary.com

മെത്രാനായ മക്കാരിയൂസ് ആണ് 325-ൽ ശെമ്മാശനായി ഇദ്ദേഹത്തെ ഉയർത്തിയതു്. പിന്നീടു് 342-ൽ മാക്സിമസ് (Maximus) മെത്രാനിൽനിന്നു് ഇദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. മാക്സിമസിൻെറ നിര്യാണശേഷം ജറുസലേമിലെ മെത്രാനായി നിയുക്തനായതു് സിറിലാണ് (350). ആര്യനിസത്തോടു് അനുഭാവം പ്രകടിപ്പിച്ചിരുന്ന കേസറിയായിലെ മെത്രാപ്പോലീത്തായായിരുന്ന അക്കാസിയസ് (Acacius) സിറിലിനെ മെത്രാനായി അഭിഷേകം ചെയ്തതിനാൽ, സിറിലും ആര്യനിസത്തിൻെറ അനുഭാവിയാണെന്നു് സംശയിക്കപ്പെട്ടു. സിറിലിൻെറ മുൻഗാമിയായിരുന്ന മാക്സിമസ് സത്യവിശ്വാസത്തിൽനിന്നു് അകന്നു പോയെന്നും സിറിൽ ഒരു ആര്യൻസിദ്ധാന്തിയാണെന്നും സോക്രട്ടീസും സോസോമനും അഭിപ്രായപ്പെട്ടു. എന്നാൽ തെയൊദോറെറ്റു് എന്ന സഭാപിതാവും, 382-ൽ കോൺസ്റ്റാൻറിനോപ്പിളിൽ സമ്മേളിച്ച സൂനഹദോസിൻെറ രേഖയും ഈ പ്രസ്താവനയെ എതിർക്കുന്നതായി കാണുന്നു.

മെത്രാനായതിനു ശേഷം സിറിലും അക്കാസിയൂസും ശത്രുക്കളായി മാറുകയും ആര്യൻ സിദ്ധാന്തികൾ സിറിലിനെ ആക്രമിക്കുകയും ചെയ്തു. ഇദ്ദേഹം നിക്യാ വിശ്വാസപ്രമാണത്തിൻെറ അനുഭാവിയായി വർത്തിച്ചു എന്നതുകൊണ്ടു് 3 പ്രാവശ്യം ഇദ്ദേഹത്തിനു് സ്ഥാനത്യാഗം ചെയ്യേണ്ടിവന്നു. 357-ലെ ജറുസലേം സൂനഹദോസിൻെറ ഫലമായി ഇദ്ദേഹം നാടുകടത്തപ്പെടുകയും താർസൂസിൽ അഭയം പ്രാപിക്കുകയും ചെയ്തു. എന്നാൽ സെലൂസിയൻ കൗൺസിൽ ഇദ്ദേഹത്തെ സ്വീകരിച്ചു. എങ്കിലും 360-ൽ അക്കാസിയൂസ് ഇദ്ദേഹത്തെ വീണ്ടും നാടുകടത്തി. അനുകൂലമായ സാഹചര്യത്തിൽ വീണ്ടും ഭരണമേററ ഇദ്ദേഹത്തെ 367-ൽ വാലൻസ് ചക്രവർത്തി മൂന്നാം പ്രാവശ്യവും നാടുകടത്തി. 381-ൽ കോൺസ്റ്റാൻറിനോപ്പിളിൽ സമ്മേളിച്ച രണ്ടാം സാർവത്രിക സൂനഹദോസിൽ ഇദ്ദേഹം പങ്കെടുക്കുകയും അവിടെ

www.malankaralibrary.com

വച്ച് നിക്യാ വിശ്വാസ പ്രമാണം സ്വീകരിക്കുകയും ചെയ്തു. 386–ൽ ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

## മുഖ്യകൃതികൾ:

പ്രസിദ്ധനായ ഒരു എഴുത്തുകാരനെന്നതിനേക്കാൾ നലം തികഞ്ഞ പ്രഭാഷകനായിട്ടാണ് സിറിൽ അറിയപ്പെടുന്നത്. ലേഖനങ്ങളും പ്രഭാഷണങ്ങളുമാണ് ഇദ്ദേഹത്തിന്റെ പ്രധാന സംഭാവനകൾ.

### 'മതബോധന പ്രസംഗങ്ങൾ' (Mystagogical Catecheses)

24 മതബോധന പ്രസംഗങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഇദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റം പ്രധാനപ്പെട്ടതാണ്. രണ്ടു ഭാഗങ്ങളായി ഇതിനെ തിരിച്ചിരിക്കുന്നു. ആദ്യത്തേതിൽ ആമുഖ പ്രസംഗങ്ങളും മാമോദീസാ സ്വീകരിക്കുന്നവർക്കുവേണ്ടിയുള്ള 18 പ്രസംഗങ്ങളും ഉൾപ്പെടുന്നു. ഇതിനെ പ്രോകാററക്കേസിസ് (Procatechesis) എന്നു വിളിക്കുന്നു. രണ്ടാമത്തേതിൽ പുതിയതായി മാമോദീസാ സ്വീകരിച്ചവർക്കു വേണ്ടിയുള്ള അഞ്ച് ഉപദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്.

### 'തളർവാതരോഗിയെ സുഖപ്പെടുത്തൽ'

(The Healing of the Paralytic)

345 നോട്ട് അടുത്ത് ഇത് എഴുതപ്പെട്ടു.

### 'കോൺസ്റ്റാൻസിയൂസ് ചക്രവർത്തിക്കെഴുതിയ കത്ത്' (Letter to the Emperor Constantius))

351 മെയ് 7ന് ജറുസലേമിൽ കാണപ്പെട്ട ഒരത്ഭുതത്തെ വിവരിച്ചുകൊണ്ട് സിറിൽ കോൺസ്റ്റാൻസിയൂസ് ചക്രവർത്തിക്കെഴുതിയ ഒരു കത്താണിത്. ചക്രവ

www.malankaralibrary.com

ത്തിക്കു് ആയുരാരോഗ്യവും ദൈവാനുഗ്രഹവും ആശംസി ച്ചുകൊണ്ടു് ഇതവസാനിക്കുന്നു. കാററക്കേസിസ് (catachesis) എന്ന ഗ്രന്ഥത്തിൽ ഇദ്ദേഹം 'ഹോമോഊസി യോസ്' (homoousios) എന്ന പദം ഉപയോഗിക്കുന്നതു കൊണ്ടും ഈ കൃതിയിൽ ആ പദം കാണുന്നതുകൊണ്ടും ഇതിന്റെ ആധികാരികത്വത്തെ പല ഗ്രന്ഥകാരന്മാരും ചോദ്യം ചെയ്യുന്നുണ്ടു്. ഇതു് വെറും അടിസ്ഥാന രഹി തമാണു്. കാരണം ഇതിലെ പദ പ്രയോഗവും രചനയും രൂപവും സിറിലിന്റേതു തന്നെയാണു്. തന്നെയുമല്ല സൊസോമെൻ തന്റെ കൃതികളിൽ സിറിൽ, ചക്രവർ ത്തിക്കെഴുതിയ ലേഖനത്തെ സംബന്ധിച്ചു് പ്രതിപാദി ക്കുന്നുണ്ടു്.

### 'പ്രഭാഷണങ്ങൾ' (Homilies)

ഇവയിൽ ഒന്നു മാത്രമേ ഇന്നു് അവശേഷിക്കുന്നുള്ളു. സിറിൽ വൈദികനായിരിക്കുമ്പോൾ നടത്തിയ ഒരു പ്ര ഭാഷണമാണിതെന്നു് കരുതപ്പെടുന്നു. മററു് പ്രഭാഷണ ങ്ങളുടെ നാലു് അവശിഷ്ടങ്ങൾ മാത്രമേ ഇന്നു് കാണ പ്പെടുന്നുള്ളു.

## പ്രബോധനങ്ങൾ:

#### മാമോദീസാ ക്രമം

സിറിലിന്റെ 'മത ബോധന പ്രസംഗങ്ങളി' ൽനി ന്നു് ഇദ്ദേഹത്തിന്റെ കാലത്തു് മാമോദീസാ നൽകി യിരുന്ന വിധത്തെപ്പററി നമുക്കു് മനസ്സിലാക്കാം. 9 മാ മോദീസാക്കുളത്തിനടുത്തു് ജ്ഞാനസ്നാനാർത്ഥികൾ ചെ ന്നു് പടിഞ്ഞാറോട്ടു് തിരിഞ്ഞു് കൈകൾ വിരിച്ചു പി ടിച്ചു് 'ഞങ്ങൾ പിശാചുക്കളെ ഉപേക്ഷിക്കുന്നു' വെന്നു് പറഞ്ഞിരുന്നു. ഇതിനുശേഷം അവർ കിഴക്കോട്ടു തിരി ഞ്ഞു് വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലിയി

9 Cyril of Jerusalem, Mystagogical Catecheses 2, 4

www.malankaralibrary.com

രുന്നു. പിന്നീടു് തൈലം പൂശുകയും വൈദികൻ അർത്ഥി യെ കൈക്കു പിടിച്ചു് കുളത്തിലിറക്കുകയും അവിടെവ ച്ചു് അവർ ഒരിക്കൽക്കൂടി വിശ്വാസം ഏററു പറയുകയും ചെയ്യുന്നു. തുടന്നു് കാർമ്മികൻ അർത്ഥിയെ മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കുന്നു. അനന്തരം വീണ്ടും തൈലം പൂശു ന്നു. വെള്ളത്തിൽനിന്നും കയറുന്ന അവർ വെള്ളവസ്ത്രം ധരിച്ചു് കത്തിച്ച തിരികരം പിടിച്ചു് നിരനിരയായി ദേവാലയത്തിലേക്കു് വരികയും അന്നു് അവിടെവച്ചു് ആദ്യമായി കുർബാനയിലെ അനാഫൊറായിൽ പങ്കെടു ക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്യുന്നു.

സിറിലിൻെറ വിശദീകരണപ്രകാരം മാമോദീസാ വഴി ഒരുവൻ ക്രിസ്തുവിൻെറ മരണത്തിലും ഉയിർപ്പി ലും പങ്കുപററുന്നു.[10] മൂന്നു പ്രാവശ്യം വെള്ളത്തിൽ അ ർത്ഥിയെ മുക്കുന്നതു് ക്രിസ്തുവിൻെറ മൂന്നു ദിവസത്തെ കല്ല റവാസത്തെയാണു് സൂചിപ്പിക്കുന്നതു്. വെള്ളത്തിൽനി ന്നുള്ള കരേററം പാപത്തിൽനിന്നും മരണത്തിൽനിന്നും ഒരു പുതിയ ജീവിതത്തിലേക്കു് ക്രിസ്തുവിനോടുകൂടി ഉ യിർക്കുന്നതിനെ ദ്യോതിപ്പിക്കുന്നു.

**കുർബാനക്രമം**

'മതബോധനപ്രസംഗ'ങ്ങളിൽ ഒരു പ്രസംഗം ഒന്നു് പുതിയതായി മാമോദീസാ സ്വീകരിച്ചവക്കുള്ള ഉപദേ ശമാണു്. പ്രസ്തുത ഉപദേശത്തിൽ ഇത്രയും നാരം കുർബാനയിലെ ആദ്യഭാഗത്തുമാത്രം സംബന്ധിച്ചിരു ന്നവർക്കായി ഇദ്ദേഹം കുർബാനയുടെ രണ്ടാംഭാഗം വിവ രിച്ചുകൊടുക്കുകയാണു്. റൂഹാക്ഷണപ്രാർത്ഥനക്കു് (Epiclesis) സിറിൽ വളരെ പ്രാധാന്യം നൽകുന്നുണ്ടു് ഈ ഉ പദേശത്തിൽ. അതുപോലെ 'സ്വർഗ്ഗസ്ഥനായ പിതാ വേ'....എന്ന പ്രാർത്ഥനയും മാമോദീസാ സ്വീകരിച്ചവർ ക്കു് ചൊല്ലുവാനായി വിശദീകരിച്ചു കൊടുക്കുന്നുണ്ടു്.

---

10 Cyril of Jerusalem, Mystagogical Catecheses 2,5 f

www.malankaralibrary.com

കൂടാതെ അനാഫൊറാക്കു് മുമ്പു് വൈദികൻ കൈ കഴുകിയിരുന്നു എന്നും കുർബാന സ്വീകരണസമയത്തു് ജനങ്ങൾ ഗാനം ആലപിച്ചിരുന്നു എന്നു് ഇദ്ദേഹത്തിന്റെ ഉപദേശത്തിൽനിന്നും വ്യക്തമാകുന്നു.

ക്രിസ്തു യഥാർത്ഥത്തിൽ ദൈവപുത്രനല്ല എന്നു വാദിച്ച ആരിയൂസിനെതിരായി സിറിൽ നിലകൊണ്ടു. ക്രിസ്തു പിതാവിനാൽ ജനിപ്പിക്കപ്പെട്ടതുകൊണ്ടു് സ്വഭാവത്താൽതന്നെ ദൈവപുത്രനാണെന്നു് ഇദ്ദേഹം പഠിപ്പിച്ചു. ക്രിസ്തുവിന്റെ ജനനം അരൂപിക്കടുത്ത വിധമാണു്. അതു് മാനുഷികമായ ഭാഷവഴി പൂർണ്ണമായി പറഞ്ഞു മനസ്സിലാക്കാനോ ഗ്രഹിക്കാനോ സാദ്ധ്യമല്ല.

സ്വഭാവത്തിൽ പിതാവും ക്രിസ്തുവും ഒന്നാണു്. പിതാവിനേപ്പോലെ ക്രിസ്തുവും ദൈവമാണു്. അവർ തമ്മിൽ ഭിന്നിപ്പോ വിയോജിപ്പോ ഉണ്ടെന്നു് വിശ്വസിക്കേണ്ടതില്ല.[11]

**പരിശുദ്ധാത്മാവു്:** ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാരൂപിയും ദൈവിക ആളാണു്. ദൈവത്തെ സംബന്ധിച്ച ഗഹനങ്ങളായ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതു് പരിശുദ്ധാരൂപിയാണു്. മനുഷ്യനു് ശരിയായി ദൈവികജ്ഞാനം ലഭിക്കുന്നതു് പരിശുദ്ധാരൂപി വഴിയാണു്.

**വി. കുർബാന:** വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യത്തിൽ മററു സഭാപിതാക്കന്മാരെക്കാളും അടിയുറച്ച വിശ്വസിക്കുകയും ആ വിശ്വാസം ജനങ്ങളെ പഠിപ്പിക്കുകയും ചെയ്ത സഭാപിതാവാണു് സിറിൽ. കാനായിൽവച്ചു് വെള്ളം വീഞ്ഞാക്കിയ ക്രിസ്തു വി. കുർബാനയിൽ അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമാക്കി മാററുന്നു. അപ്പത്തിനും വീഞ്ഞിനും സാരാംശത്തിൽ മാററം വരുകയാണു് ചെയ്യുന്നതെന്നു് സിറിലാ

11 Cyril of Jerusalem, Catechetical Lectures 4, 7–8

www.malankaralibrary.com

ണ് ആദ്യം പഠിപ്പിച്ചതു്. ഇതു് അദ്ദേഹം സ്ഥാപിക്കുന്നതു് കാനായിൽ വെള്ളം വീഞ്ഞാകുന്ന മാററത്തെപ്പററി വിവരിച്ചുകൊണ്ടാണു്12.

## വി. എപ്പിഫാനിയൂസ് (St. Ephiphanius 315-403)

ഏ. ഡി. 315–ൽ പാലസ്തീനായിൽ എപ്പിഫാനിയൂസ് ജനിച്ചു. സന്യാസത്തിൻെറ ആരംഭസ്ഥലമായ ഈജിപ്തിലാണു് വിദ്യാഭ്യാസം നിർവഹിച്ചതു്. ഇദ്ദേഹം സ്വന്തം നാട്ടിലേക്കു മടങ്ങി അവിടെ ഒരു ആശ്രമം സ്ഥാപിക്കുകയും അതിൻെറ പ്രഥമ അധിപനായി തീരുകയും ചെയ്തു. സൈപ്രസിലെ (Cyprus) മെത്രാന്മാർ ഇദ്ദേഹത്തെ 367–ൽ കോൺസ്റ്റാൻസിയായിലെ (Constantia) മെത്രാനായി തിരഞ്ഞെടുത്തു. എപ്പിഫാനിയൂസ് തൻെറ ജീവിതം സന്യാസവൃത്തിയെ പ്രചരിപ്പിക്കുവാനും പാഷണ്ഡസിദ്ധാന്തങ്ങളെ എതിക്കുവാനുമായി വിനിയോഗിച്ചു. തൻെറ പൂർവ്വസുഹൃത്തായ അപ്പോളേനാരിയൂസിൻെറ അബദ്ധസിദ്ധാന്തങ്ങളെ എതിർക്കേണ്ടി വന്നു ഇദ്ദേഹത്തിനു്. 390–ൽ എപ്പിഫാനിയൂസ് ജറുസലേം സന്ദർശിക്കുകയും തദവസരത്തിൽ വി. ജറോമിനെ കാണുകയും ചെയ്തതായി പറയുന്നുണ്ടു്. സൈപ്രസിലേക്കുള്ള യാത്രാമദ്ധ്യേ 403–ൽ ഇദ്ദേഹം നിര്യാതനായി.

## കൃതികൾ:

### 'അൻകോറാത്തൂസ്' (Anchoratus)

പാംഫീലിയായിലെ (Pamphylia) തൻെറ സുഹൃത്തുക്കളുടെ അഭ്യർത്ഥനപ്രകാരമാണു് എപ്പിഫാനിയൂസ് ഈ കൃതി രചിച്ചതു്. പരിശുദ്ധ ത്രിത്വത്തെക്കുറിച്ചാണു് പ്രധാനമായും ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു്. ആര്യൻ ചിന്താഗതിയിൽ പെട്ടു് ആടിയുലഞ്ഞിരുന്നവരെ

---

12 Cyril of Jerusalem, Catechetical Lectures 6, 6

www.malankaralibrary.com

വിശ്വാസത്തിൽ ഉറപ്പിക്കാനാണ് ഇതെഴുതിയത്. രണ്ടു വിശ്വാസപ്രമാണങ്ങളുണ്ട് ഈ കൃതിയുടെ അവസാനഭാഗത്തു ചേർത്തിരിക്കുന്നത്. ഇതിൽ രണ്ടാമത്തെ വിശ്വാസപ്രമാണം ചില വ്യത്യാസങ്ങളോടെ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിൽ അംഗീകരിച്ചു.

**'പാനാരിയോൺ'** (Panarion)

ഇതു പാഷണ്ഡതയാകുന്ന വിഷബാധയേററവർക്കുള്ള സിദ്ധൗഷധവും സത്യവിശ്വാസികൾക്കുള്ള പ്രതിരോധമരുന്നുമാണ്. ഈ കൃതിയെഴുതുന്നതിൽ ഇദ്ദേഹം വി. ഇറനേവൂസിനോടും ജസ്റ്റിനോടും വി. ഹിപ്പോളിററസിനോടും കടപ്പെട്ടിരിക്കുന്നു.

**'തൂക്കങ്ങളും അളവുകളും'** (Weights and Measures)

കോൺസ്റ്റാൻറിനോപ്പിളിൽ വച്ചാണ് 392-ൽ ഈ കൃതി രചിച്ചത്. പഴയനിയമത്തിൻെറ പ്രാമാണികതയേയും വിവർത്തനങ്ങളേയുമാണ് ഒന്നാം ഭാഗത്തു പ്രതിപാദിക്കുക. ഇതിൽ രണ്ടാമത്തെ ഭാഗത്താണ് പഴയനിയമത്തിലെ തൂക്കങ്ങളുടേയും അളവുകളുടേയും വിവരണം നൽകുക. മൂന്നാം ഭാഗമാകട്ടെ പലസ്തീനായുടെ ഭൂമിശാസ്ത്രവും (Geography) വിവരിക്കുന്നു. സുറിയാനി ഭാഷയിൽ ഈ കൃതിയുടെ മൂലരൂപം ലഭ്യമാണ്.

**'പന്ത്രണ്ടു വൈരക്കല്ലുകൾ'** (The Twelve Precious Stones)

ദിയദോററസിനാണ് ഈ കൃതി സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ലത്തീൻ ഭാഷയിൽ ഇന്നു ഈ കൃതി ലഭ്യമാണ്. 13

## 6 അലക്സാണ്ട്റിയായിലെ വി. സിറിൽ (St. Cyril of Alexandria + 444)

അദ്ധ്യായം 3 കാണുക.

13 Cyril of Jerusalem, Mystagogical Catecheses 4, 2,

www.malankaralibrary.com

## കപ്പദോസ്യൻ പിതാക്കന്മാർ (Cappadocian Fathers)

ആധുനിക കിഴക്കൻ ഏഷ്യാ മൈനറിൻെറ പ്രാചീന നാമമാണു് കപ്പദോസിയ. ബി. സി. ആറാം നൂററാണ്ടിലെ പേർഷ്യൻ സാമ്രാജ്യ സ്ഥാപനം വരെ ഈ പ്രദേശം ഹിററൈറ്റുകാരുടെ (Hittites) ശക്തികേന്ദ്രമായിരുന്നു. പേർഷ്യക്കാർ അതിനെ വടക്കെന്നും തെക്കെന്നും വിഭജിച്ചു. വടക്കൻ കപ്പദോസിയാ പോന്തസിനരികെയുള്ള (Pontus) കപ്പദോസിയാ അഥവാ പോന്തസ് (Pontus)എന്നും തെക്കുഭാഗം കപ്പദോസിയ എന്നും അറിയപ്പെടുവാൻ തുടങ്ങി. നൂററാണ്ടുകളോളം റോമിൻെറ ആധിപത്യത്തിലായിരുന്നു കപ്പദോസിയ. എ. ഡി. പതിനൊന്നാം ശതകത്തിൽ തുർക്കികൾ ഈ നഗരം പിടിച്ചെടുത്തു.

സഭയുടെ ആരംഭത്തിൽ തന്നെ കപ്പദോസിയായിൽ സഭ സ്ഥാപിതമായി. പെന്തക്കുസ്താ ദിനത്തിലെ പ്രസംഗം ശ്രവിക്കാൻ കപ്പദോസിയാക്കാരുമുണ്ടായിരുന്നു (നട. 2:9). വി. പത്രോസിൻെറ ഒന്നാം ലേഖനത്തിൽ കപ്പദോസിയാക്കാരേയും സംബോധന ചെയ്തിരിക്കുന്നു (1 പത്രോ. 1:1). ഒരു ക്രിസ്തീയ സമൂഹം അവിടെ തഴച്ചു വളരുന്നുണ്ടായിരുന്നുവെന്നാണു് ഇതു് വ്യക്തമാക്കുന്നതു്. കപ്പദോസിയൻ സഭയുമായി അഭേദ്യ ബന്ധം പുലർത്തുകയും പൊതുവായ ഒരു ലക്ഷ്യത്തെ മുൻനിർത്തി തങ്ങളുടെ കഴിവുകളെല്ലാം ഉപയോഗപ്പെടുത്തുകയും ചെയ്ത സഭാദ്ധ്യക്ഷന്മാരും ദൈവശാസ്ത്രജ്ഞന്മാരും ദാർശനികരും വാഗ്മികളും സാഹിത്യകാരന്മാരുമായ മൂന്നു മഹാന്മാരാണു് 'കപ്പദോസിയൻ പിതാക്കന്മാർ' എന്ന പേരിൽ അറിയപ്പെടുന്നതു്. വി. ബേസിൽ (St. Basil 329–379), നീസ്സായിലെ വി. ഗ്രിഗരി (Gregory of Nyssa 435–394), വി. ഗ്രിഗരി നസിയാൻസൻ (Gregory Nazianzus 329-389) എന്നിവരാണവർ. ആദ്യമായി ഇവരിൽ പൊ

www.malankaralibrary.com

ത്തുവായി കാണുന്ന ഏതാനും സവിശേഷതകളെക്കുറിച്ചു് പ്രതിപാദിക്കാം: (a) കപ്പദോസിയൻ പിതാക്കന്മാരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം നിക്യാ സൂനഹദോസിൻെറ പഠനങ്ങളെ അഭംഗുരം സംരക്ഷിക്കുകയും വിശദമായി പ്രചരിപ്പിക്കുകയുമായിരുന്നു. 'ആര്യനിസം' (Arianism), 'മസിഡോണിയനിസം' (Macidonianism), 'അപ്പൊള്ളിനാരിസം' (Apollinarism) തുടങ്ങിയ പാഷണ്ഡതകളെ ഇവർ ഏകകണ്ഠമായി എതിർത്തു. പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു് യഥാർത്ഥമായ ഒരു സിദ്ധാന്തം കെട്ടിപ്പടുത്തതും ഇവർതന്നെ. (b) രണ്ടു ഗ്രിഗരിമാരും ബേസലി (329–379) ൻെറ ശിഷ്യത്വം അവകാശപ്പെടുന്നവരാണു്. ബേസിലിനെ ഏററവുമധികം സ്വാധീനിച്ചിട്ടുള്ളതു് ഒരിജനാ (174–185) ണു്. ആകയാൽ ഇവർ മൂവരും ഒരിജൻെറ ശിഷ്യന്മാരാണെന്നു് പറയാം. ഒരിജനും ബേസിലിനും ഒരു മദ്ധ്യവർത്തിയായിരുന്നു ഗ്രിഗരി താവുമാത്തുർഗ്ഗസ് (Gregory Thaumaturgus 213–272). (c) വിശുദ്ധ ഗ്രന്ഥത്തിൻെറ ആലങ്കാരിക (Allegorical) വ്യാഖ്യാനത്തിനു് ഒരിജൻ കല്പിച്ച അമിത പ്രാധാന്യം വഴിയുണ്ടായ അപകടം ഇവർ ഗ്രഹിക്കുകയും വാച്യാർത്ഥപരവും ചരിത്രപരവുമായ വ്യാഖ്യാനത്തിനു് അവ അർഹിക്കുന്ന പ്രാധാന്യം നൽകുകയും ചെയ്തു. (d) വിജാതീയ സാഹിത്യത്തിൻെറയും ഗ്രീക്കു് തത്വ ചിന്തയുടെയും പ്രാധാന്യം അറിയുകയും അവ പ്രയോജനപ്പെടുത്തുകയും ചെയ്തവരാണു് കപ്പദോസിയൻ പിതാക്കന്മാർ. ദൈവശാസ്ത്രത്തെ ശാസ്ത്രീയമായി അവതരിപ്പിക്കുവാൻ അവർ മൂന്നുപേരും പരിശ്രമിച്ചു. (e) സന്യാസ സദൃശമായ ആദ്ധ്യാത്മികതയാണു് ഇവർ സ്വീകരിച്ചതും പഠിപ്പിച്ചതും. ആകയാൽ സന്യാസ ജീവിതത്തിൻെറ പുരോഗതിയിൽ ഇവർ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടു്. (f) ഇവരുടെയെല്ലാം മിക്ക കൃതികളും വിശുദ്ധ ഗ്രന്ഥാധിഷ്ഠിതങ്ങളാണു്. വിശുദ്ധ ഗ്രന്ഥമായിരുന്നു പ്രഥമവും പ്രധാനവുമായ ഉറവിടം. ഖാര

www.malankaralibrary.com

ന്ധര്യത്തിന്റെ പ്രാധാന്യവും ഇവർ ഊന്നി പറഞ്ഞിട്ടുണ്ട്.
(g) ത്രിത്വൈക രഹസ്യം, ക്രിസ്തു വിജ്ഞാനീയം, സഭാ വിജ്ഞാനീയം, മനുഷ്യോത്പത്തി, മരണാനന്തര ജീവിതം എന്നിവയായിരുന്നു പൊതുവായ ചർച്ചാ വിഷയങ്ങൾ.

## 1. മഹാനായ വിശുദ്ധ ബേസിൽ (St. Basil the Great 329–379)

ബേസിൽ എ. ഡി. 325–ൽ ഏഷ്യാമൈനറിലെ പോന്തസി (Pontus) ൽ ജാതനായി. നീസ്സായിലെ ഗ്രിഗരിയും സെബസ്റ്റ്യയിലെ മെത്രാനായ പത്രോസും, അദ്ദേഹത്തിന്റെ സഹോദരന്മാരും, വി. മക്രീന അദ്ദേഹത്തിന്റെ സഹോദരിയുമായിരുന്നു. ആതൻസിലെ വിദ്യാഭ്യാസ വേളയിൽ ഇദ്ദേഹം ഗ്രിഗരിനസിയാൻസനുമായി സുഹൃദ് ബന്ധത്തിലായി. താമസിയാതെ തന്റെ പിതാവിനെപ്പോലെ ഇദ്ദേഹവും പ്രസംഗകലയുടെ (Rhoeteric) അദ്ധ്യാപകനായിത്തീർന്നു. മക്രീനായുടെ പരിശ്രമ ഫലമായി ഇദ്ദേഹം മാനസാന്തരപ്പെടുകയും[14] അന്നസി (Annesi) എന്ന സ്ഥലത്തു് ഒരു ആശ്രമം പണിതീർക്കുകയും ചെയ്തു (357). അതിനുമുമ്പ് ഈജിപ്റ്റിലെയും, സിറിയായിലെയും സന്യാസികളുടെ ജീവിതചര്യ അദ്ദേഹം മനസ്സിലാക്കിയിരുന്നു. എവുസേബിയൂസ് 364–ൽ ഇദ്ദേഹത്തിനു് വൈദികപട്ടം നൽകി. എവുസേബിയൂസിന്റെ പിൻഗാമിയായി 310–ൽ കേസറിയായിലെ മെത്രാനുമായി. സ്വസഹോദരനായ ഗ്രിഗരിക്കു് അദ്ദേഹം മെത്രാൻ പദവി നൽകി. ബേസിലിന്റെ ജീവിത വിശുദ്ധിയും സാധുജന സേവനതത്പരതയും പ്രസിദ്ധമായിരുന്നു. അറിയപ്പെട്ടിരുന്ന ഒരു സാമൂഹ്യ പരിഷ്കർത്താവുമായിരുന്നു ഇദ്ദേഹം. നിക്യാസൂനഹദോസിന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനും ആര്യനിസം സെബല്ലിയനിസം എന്നിവയെ എതിർക്കുവാനുമായിരുന്നു

14 Basil, Epistle 223, 2.

www.malankaralibrary.com

ബേസിലിൻെറ പരിശ്രമം. വിജാതിയ സാഹിത്യത്തിലെ നല്ല അംശങ്ങൾ താല്പര്യപൂർവ്വം പഠിക്കുകയും ക്രൈസ്തവമേഖലയിലേക്ക് അവയെ സ്വാംശീകരിക്കുകയും ചെയ്ത സഭാപിതാവാണദ്ദേഹം-തേനീച്ച മധു ശേഖരിക്കുകയും അല്ലാത്തതു് ത്യജിക്കുകയും ചെയ്യുന്നതുപോലെ. 'പൗരസ്ത്യ സന്യാസ സഭകളുടെ പിതാവു്' എന്നു് ഇദ്ദേഹം അറിയപ്പെടുന്നു. ബഹുവിധങ്ങളും അമൂല്യങ്ങളുമായ നിരവധി ഗ്രന്ഥങ്ങൾ[15] എഴുതിയതിനുശേഷം കേസറിയായിൽ വെച്ചു് 379 ൽ ബേസിൽ മരിച്ചു.

## മുഖ്യകൃതികൾ:

1. ബേസിലിൻെറ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രസിദ്ധമായതു്, അദ്ദേഹം സ്ഥാപിച്ച ആശ്രമത്തിലെ അന്തേവാസികൾക്കായി തയ്യാറാക്കിയ 'രണ്ടു സന്യാസ നിയമങ്ങളാ'ണു് (Two Monastic Rules; the Longer Rule and the Shorter Rule). ചോദ്യോത്തര രീതിയിലാണു് ഇതു് എഴുതിയിട്ടുള്ളതു്. ആദ്യത്തെ നിയമ സംഹിതയിൽ 55-ഉം രണ്ടാമത്തേതിൽ 313-ഉം നിയമങ്ങളുണ്ടു്. സന്യാസ നിയമങ്ങളുടെ ക്രോഡീകരണം ആദ്യമായി സാധിച്ചതു് ബേസിലത്രെ. മററു സ്ഥലങ്ങളിലുള്ള സന്യാസികളും പ്രസ്തുത നിയമങ്ങൾ സ്വീകരിക്കുകയുണ്ടായി[16].

2. 'സന്മാർഗ്ഗം' (Moralia): പുതിയ നിയമത്തിൽ നിന്നുള്ള 1553 വാക്യങ്ങളുടെ ഒരു സമാഹാരമാണിതു്. ദൈവവിധിയെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചുമുള്ള രണ്ടു അവതാരികകളുണ്ടു് ഈ ഗ്രന്ഥത്തിൽ.

3. 'യുവാക്കന്മാരോടു്' (To Youths) എന്ന ഗ്രന്ഥത്തിൽ വിജാതീയ സാഹിത്യത്തിൻെറ പ്രാധാന്യവും അ

15 Gregory Nazianzus, Epistle 51; Orations 43, 66; Photius, Biblioteca Codex 141.

16 Sozomen, The Ecclesiastical History 3, 14.

www.malankaralibrary.com

ത്തിനോടുള്ള യഥാർത്ഥമായ ക്രിസ്തീയാഭിമുഖ്യവും അദ്ദേഹം വ്യക്തമാക്കുന്നു.

4. 'പരിശുദ്ധാത്മാവിനെക്കുറിച്ച്' (De Spiritu): പുത്രനും പരിശുദ്ധാത്മാവും പിതാവിനോടു് ഏകസത്തയാണെന്നു് ഈ കൃതി സമർത്ഥിക്കുന്നു.

5. 'ആറു ദിവസത്തെ സൃഷ്ടി' (Hexaemeron) എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ ലോകസൃഷ്ടിയെക്കുറിച്ചു് അദ്ദേഹം ചെയ്ത ഒമ്പതു പ്രസംഗങ്ങളാണുള്ളതു്. സൃഷ്ടിയുടെ വിവരണത്തെ വാച്യാർത്ഥത്തിലാണു് ബേസിൽ സ്വീകരിച്ചതു്[17].

6. 'എവുനോമിയൂസിനെതിരെ' (Contra Eunomium) എന്ന ഗ്രന്ഥവും വളരെ പ്രധാനപ്പെട്ടതത്രെ. ഇതിലെ മൂന്നു ഭാഗങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ബേസിൽ രചിച്ചിട്ടുള്ളു.

'കന്യാത്വം', 'മനുഷ്യാവതാരം', 'ജ്ഞാനസ്നാനം', 'ശയ്യാവലംബികൾക്കുള്ള സാന്ത്വനം' 'പറുദീസ' തുടങ്ങി നിരവധി പുസ്തകങ്ങൾ ബേസിലിന്റെ നാമത്തിൽ അറിയപ്പെട്ടിരുന്നുവെങ്കിലും, വാസ്തവത്തിൽ അദ്ദേഹമല്ല അവയുടെ കർത്താവെന്നു് തെളിഞ്ഞിട്ടുണ്ടു്. നൂറു കണക്കിനു് എഴുത്തുകൾ[18] ബേസിലിന്റെ കർത്തൃത്വം അവകാശപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഏകദേശം 300 എണ്ണം മാത്രമേ അദ്ദേഹത്തിന്റേതായിട്ടുള്ളു.

## മുഖ്യപ്രബോധനങ്ങൾ:

### പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തിലെ അംഗങ്ങൾ തമ്മിലുള്ള വ്യതിരിക്തത അദ്ദേഹം ഊന്നിപ്പറഞ്ഞു. വിശുദ്ധ ഗ്രന്ഥാ

---

17 Basil, Hexaemeron 9,80

18 Migne, Patrologia Latina, 32, 220–1112.

www.malankaralibrary.com

ധിഷ്ഠിതമായ ദൈവിക വെളിപാടായിരുന്ന അദ്ദേഹത്തിന്റെ ഏകാശ്രയം. മനുഷ്യന്റെ പരിമിത ബുദ്ധികൊണ്ട് ത്രിത്വൈകരഹസ്യത്തെക്കുറിച്ച് ഗ്രഹിക്കുക അസാദ്ധ്യമാണെന്ന് ബേസിൽ ഉറച്ച് വിശ്വസിക്കുകയും അക്കാര്യം തുറന്നു പറയുകയും ചെയ്തു. പരിശുദ്ധാത്മാവ് ഒരു സൃഷ്ടിയാണെന്ന് പഠിപ്പിച്ചിരുന്നവരെ അദ്ദേഹം എതിർത്തു. അവിടുത്തെ ദൈവികത്വം അദ്ദേഹം സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുണ്ട്.[19] ഇതേ കാരണത്താലാണ് അപ്പോള്ളിനാരിസിനെ അദ്ദേഹം ശപിച്ചത്.

## സഭാവിജ്ഞാനീയം

സഭൈക്യത്തിനുവേണ്ടി നിലകൊണ്ട പിതാവാണ് ബേസിൽ. തെറ്റിപ്പിരിഞ്ഞു പോയവരെല്ലാം സത്യവിശ്വാസത്തിലേക്ക് തിരിച്ചു വരണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിക്കുകയും നിരന്തരമായി പ്രാർത്ഥിക്കുകയും അതിനായി അക്ഷീണം യത്നിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അംഗങ്ങളെപ്പോലെ എല്ലാവരും അനുരഞ്ജനത്തിൽ കഴിയണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പ്രാദേശിക സഭ, മെത്രാന്മാരുടെ സംഘാതാത്മകത്വം എന്നിവ സംബന്ധിച്ച അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ക്രൈസ്തവ പാരമ്പര്യങ്ങളോട് നീതി പുലർത്തുന്നവയാണ്. സഭയുടെ സ്വാതന്ത്ര്യം അദ്ദേഹം എന്നും ഉറക്കെപ്പറഞ്ഞിരുന്നു.

ബേസിലിന്റെ സഭാവിജ്ഞാനീയം ആദ്ധ്യാത്മികതയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. സർവ്വതും പരിത്യജിക്കുക എന്ന സുവിശേഷങ്ങളിലെ ആഹ്വാനത്തെ യുക്തിസഹജവും ക്രിസ്തീയവുമായി അദ്ദേഹം മനസ്സിലാക്കി. ഇക്കാര്യത്തിൽ സെബസ്റ്റെയിലെ എവുസ്താത്തിയൂസിന്റെ (Eustathius of Sebaste) ഉറച്ച നിലപാടുകളെ അദ്ദേഹം തിരുത്തിക്കുറിച്ചു. തന്റെ പരി

19 Basil, Adversus Eunomium 3,4;3,5; De Spiritu Sancto 41-47, 58-64, 71-75;

www.malankaralibrary.com

ത്യാഗ സിദ്ധാന്തത്തിനു് (Doctrine of renunciation) ആസ്പദമായി അദ്ദേഹം സ്വീകരിച്ചതു് സുവിശേഷോപദേശങ്ങളെക്കാരം, സുവിശേഷത്തിലെ രണ്ടു പ്രമാണങ്ങളെയാണു്.

**സാമൂഹ്യ ശാസ്ത്രം**

സമ്പത്തിന്റെ പൊതുവായ ഉപയോഗത്തിനു വേണ്ടി വാദിച്ച വിപ്ലവകാരിയാണു് ബേസിലെന്നു് പറയാം. ജോലി ചെയ്യുന്നതിനുള്ള പ്രചോദനം പരസ്നേഹമാണു് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ. സാമൂഹ്യശാസ്ത്രം സംബന്ധിച്ച അദ്ദേഹത്തിന്റെ ആശയങ്ങരം ശരിയായിരുന്നെന്നു് സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ ചരിത്രപഠനങ്ങരം തെളിയിച്ചിരിക്കുന്നു.

**ആരാധനക്രമം**

ആരാധനക്രമത്തെ പുഷ്ടിപ്പെടുത്തുവാൻ വേണ്ടി വളരെയധികം പരിശ്രമിച്ച സഭാപിതാവാണു് ബേസിൽ. പൗരസ്ത്യ പ്രാർത്ഥനാരീതികരം സഭയിലെ പ്രാർത്ഥനകളിൽ അദ്ദേഹം സ്വീകരിച്ചു. സങ്കീർത്തനാലാപം സർവ്വസാധാരണമാക്കി. അദ്ദേഹം സ്വയം പ്രാർത്ഥനകരം എഴുതിയുണ്ടാക്കിയെന്നും കരുതാൻ ന്യായങ്ങളുണ്ടു്. അലക്സാണ്ട്റിയൻ – ബൈസാൻറയിൻ റീത്തുകളിൽ ബേസിലിന്റെ നാമത്തിലുള്ള അനാഫൊറ [20] ഉപയോഗത്തിലിരിക്കുന്നുവെന്നതും ശ്രദ്ധേയമത്രെ. അനുദിന ദിവ്യകാരുണ്യ സ്വീകരണത്തിന്റെയും കൂടെക്കൂടെ കുമ്പസാരിക്കേണ്ടതിന്റെയും ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. [21]

## 2 നീസ്സായിലെ വി. ഗ്രിഗരി (Gregory of Nyssa A. D. 335–394)

വിശുദ്ധന്മാരുടെ കുടുംബത്തിലാണു് ഗ്രിഗരി ജനി

---

20 Epistles 189,57

21 Migne, Patrologia Latina, 31, 1629-1656

www.malankaralibrary.com

ച്ചതെന്നു പറയാം. കാരണം അദ്ദേഹത്തിന്റെ പിതാവും (ബേസിൽ) രണ്ടു സഹോദരന്മാരും (ബേസിലും പത്രോസും) സഹോദരിയും (മക്രീന) വിശുദ്ധരാണു്. 335 നോടടുത്തു കേസറിയായിൽ ഗ്രിഗരി ജനിച്ചു. സഭശ്രുശ്രൂഷിയായി കഴിയണമെന്ന വീട്ടുകാരുടെ ആഗ്രഹം സംത്യജിച്ചു് പിതാവിന്റെ പ്രഭാഷണ വൃത്തിയിൽ പ്രവേശിക്കുകയാണു് ഗ്രിഗരി ചെയ്തതു്. ഭാര്യയായ തിയോസോബെയുടെ (Theosobeia) മരണാനന്തരം സ്വസഹോദരൻ സ്ഥാപിച്ച ആശ്രമത്തിൽ ഗ്രിഗരി നസ്സിയാൻസിന്റെ അഭീഷ്ടപ്രകാരം ചേന്നു. 371_ൽ ബേസിൽ, ഗ്രിഗരിയെ നീസ്സായുടെ മെത്രാനായി അഭിഷേചിച്ചു. ഭരണകാര്യങ്ങളിലെ അശ്രദ്ധയും, അപ്രാപ്തിയും 22 നിമിത്തം ആ വർഷത്തിൽ അദ്ദേഹത്തെ നാടു കടത്തി. ആര്യൻ പക്ഷക്കാരനും ചക്രവത്തിയുമായ വാലൻസിന്റെ (Valens 364–378) മരണത്തിനുശേഷം അദ്ദേഹം തിരിച്ചുവന്നു. 379_ൽ ബേസിൽ നിര്യാതനായപ്പോഠം അദ്ദേഹത്തിന്റെ ജോലി തുടന്നതു് ഗ്രിഗരിയാണു്. 380_ൽ കേസറിയായുടെ മെത്രാപ്പോലീത്തയെന്നു് അദ്ദേഹം വിളിക്കപ്പെട്ടു. അന്ത്യോക്യാ (379), കോൺസ്റ്റാൻറിനോപ്പിഠം (381+ 394) എന്നിവിടങ്ങളിലെ സൂനഹദോസുകളിലും തെയോഡോസിയുസു് വിളിച്ചു കൂട്ടിയ സൂനഹദോസിലും (382) അദ്ദേഹം സംബന്ധിച്ചിട്ടുണ്ടു്. കോൺസ്റ്റാൻറിനോപ്പിളിൽ വെച്ചു് 395_ൽ അദ്ദേഹം മരണമടഞ്ഞുവെന്നാണു് പണ്ഡിത മതം.

## മുഖ്യ കൃതികഠം:

സിദ്ധാന്തപരമായ ഗ്രന്ഥങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് 'മതബോധന പ്രസംഗ' മാണു് (Oratio Catechetica). പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം, രക്ഷാകര കമ്മം, മാമോദീസാ, വിശുദ്ധ കർബ്ബാന

22 Basil, Epistle, 93; Regulae fusius Tractatae, 25,26,46

www.malankaralibrary.com

തുടങ്ങിയ ക്രിസ്തീയ സിദ്ധാന്തങ്ങളുടെ ആകത്തുകയായി ഇതിനെ കരുതാം.

എവുനോമിയൂസ്, അപ്പൊള്ളിനാരിസ്, മാസിഡോണിയൂസ് എന്നിവരുടെ അബദ്ധ സിദ്ധാന്തങ്ങൾ ഖണ്ഡിക്കുകയും [23] പരിശുദ്ധാത്മാവിന്റെ ദൈവികത്വം ഊന്നിപ്പറയുകയും ചെയ്യുന്ന നാല് പ്രബന്ധങ്ങൾ ഗ്രിഗരി രചിച്ചിട്ടുണ്ട്. അപ്പൊള്ളിനാരിസിനെതിരെ എഴുതപ്പെട്ടിട്ടുള്ളതിൽ വെച്ച് ഇന്നുള്ള ഏറ്റവും പ്രധാനപ്പെട്ട പുസ്തകം ഗ്രിഗരിയുടേതത്രെ. പരിശുദ്ധാത്മാവിനെക്കുറിച്ചും പരിശുദ്ധ ത്രിത്വത്തെക്കുറിച്ചും പ്രത്യേകം പ്രത്യേകം കൃതികളും ഗ്രിഗരി രചിച്ചിട്ടുണ്ട്.

മരണാനന്തര ജീവിതം സംബന്ധിച്ച അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വസഹോദരിയും മരണാസന്നയുമായ മക്രീനായുമായുള്ള ഒരു സംഭാഷണ രൂപത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന 'ആത്മാവും ഉത്ഥാനവും' (De Anima et Resurrectione) എന്ന ഗ്രന്ഥത്തിൽ [24] ആത്മാവ് നിത്യമായി ശിക്ഷിക്കപ്പെടുകയില്ലെന്നും പിശാചുക്കൾ പോലും കുറെ കഴിഞ്ഞ് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കപ്പെടുമെന്നും ഗ്രിഗരി വിശ്വസിച്ചിരുന്നു.

## വ്യാഖ്യാനപരമായ കൃതികൾ

വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനാണ് ഗ്രിഗരി തന്റെ സമയത്തിന്റെ സിംഹഭാഗവും വിനിയോഗിച്ചത്. ലോകസൃഷ്ടിയെക്കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥ വിവരണത്തെ ശാസ്ത്രീയമായും താത്വികമായും വിശകലനം ചെയ്യുന്ന കൃതികളാണ് 'ആറുദിവസം കൊണ്ടുള്ള ലോകസൃഷ്ടിയുടെ വിശ്വാസ സമർത്ഥനപരമായ വിശദീകരണം'' (Explicatio Apologetica in Hexaemeron) [25] 'മോശയുടെ

23 ,, Epistles 100, 58, 59, 60
24 Migne, Patrologia Latina, 45,237-1270;1301-1334
25 ,, 46,11-60

www.malankaralibrary.com

ജീവചരിത്രവും' (Life of Moses) [26], പാട്ടുകളുടെ പാട്ട് (Song of Songs) [27], 'കർത്തൃപ്രാർത്ഥന' (Lord's Prayer)[28] തുടങ്ങിയ വിശുദ്ധ ഗ്രന്ഥ ഭാഗങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളും ഗ്രിഗരിയുടെ വകയായിട്ടുണ്ട്.

## മററു കൃതികൾ:

'കന്യാത്വത്തെക്കുറിച്ച്' (On Virginity)[29], 'വി. മക്രീനായുടെ ജീവിതം' (Life of St. Macrina) എന്നിവയാണ് മററു പ്രധാന കൃതികൾ. ഗ്രിഗരി എഴുതിയ ആദ്യത്തെ ഗ്രന്ഥമാണ് 'കന്യാത്വത്തെക്കുറിച്ച്' എന്നത്. ഈ പുണ്യം ആത്മാവിനെ ക്രിസ്തുവിൻെറ മണവാട്ടിയാക്കിത്തീർക്കുന്നുവെന്ന് അദ്ദേഹം വ്യക്തമായി പഠിപ്പിക്കുന്നു. എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമായാണ് ഗ്രിഗരി കന്യാത്വത്തെ കണക്കാക്കിയത്. അദ്ദേഹത്തിൻെറ വിവിധ പ്രസംഗങ്ങളുടെ ഒരു സമാഹാരവും, [30] എഴുത്തുകളുടെ ഒരു ശേഖരവും[31] പ്രസിദ്ധങ്ങളാണ്.

## മുഖ്യ പ്രബോധനങ്ങൾ:

ബേസിലിൻെറ ഭരണപാടവമോ ഗ്രിഗരിനസിയാൻസൻെറ പ്രഭാഷണചാതുരിയോ ഇല്ലാതിരുന്നുവെങ്കിലും ഗ്രിഗരി ഇവരേക്കാൾ ഉയർന്ന ചിന്തകനും മിസ്റ്റിക്കും ആയിരുന്നു. ദൈവവിജ്ഞാനീയത്തെ തത്വശാസ്ത്രത്തിൻെറ പരിവേഷമണിയിക്കാനുള്ളവ്യഗ്രതയിൽ ചിലപ്പോഴെല്ലാം പരമ്പരാഗതപഠനങ്ങളിൽ നിന്ന് അദ്ദേഹം വ്യതിചലിച്ചിട്ടുണ്ടെന്ന് വിമർശകർ ചൂണ്ടികാണിക്കുന്നു.

---

26 Migne, Patrologia Latina 44,61–124
27 ,, 297–430
28 ,, 615–754
29 ,, 1120–1193
30 ,, 46, 317–416
31 ,, 431–1000

www.malankaralibrary.com

ന്നു. വിവിധ പാഷണ്ഡകരുടെ ക്രൂരനഖകളിൽ നിന്നു് സഭയുടെ മൃദുലഗാത്രം പരിരക്ഷിക്കുന്നതിനു് അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ സഹായകരമായി.

## ദൈവശാസ്ത്രവും തത്വശാസ്ത്രവും

വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങൾ, തത്വശാസ്ത്രം, മിസ്റ്റസിസം എന്നിവ ഗ്രിഗരിയുടെ രചനകളിൽ വേർതിരിക്കുക സാദ്ധ്യമല്ല. ഇവയ്ക്കെല്ലാം അർഹമായ പ്രാധാന്യം അദ്ദേഹം കല്പിച്ചു. മനുഷ്യന്റെ പരമാനന്ദം നേടിയെടുക്കുവാൻ അവനെ സഹായിക്കുകയാണു് ദൈവവിജ്ഞാനീയവും തത്വശാസ്ത്രവും. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം എല്ലാററിന്റേയും ആത്യന്തിക മാനദണ്ഡം വിശുദ്ധ ഗ്രന്ഥമാണു് എന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. വിശുദ്ധ ഗ്രന്ഥത്തെ മാനദണ്ഡമായി സ്വീകരിക്കുന്നതിനു് വിഘ്നം സൃഷ്ടിക്കുന്ന തത്വശാസ്ത്രങ്ങൾ അവനു് നിഷിദ്ധമാണെന്നു് ഗ്രിഗരി വ്യക്തമാക്കി.[32] സഭയിൽ മിസ്റ്റിക്കൽ ദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാവു് ഗ്രിഗരിയാണു്.

വിശുദ്ധ ഗ്രന്ഥത്തെ ആലങ്കാരിക പ്രാധാനമായി വ്യാഖ്യാനിച്ചിരുന്ന അലക്സാണ്ട്റിയായിലെ മതാധ്യാപനാലയത്തെ നഖശിഖാന്തം എതിർത്ത അന്ത്യോക്യായിലെ മതാധ്യാപനാലയത്തിന്റെ വക്താവായിരുന്ന ഗ്രിഗരിയെങ്കിലും ആലങ്കാരിക വ്യാഖ്യാനത്തിന്റെ ആവശ്യകത അദ്ദേഹം മനസ്സിലാക്കിയിരുന്നു. വാച്യാർത്ഥപരവും ചരിത്രപരവുമായ വ്യാഖ്യാനംകൊണ്ടുമാത്രം അദ്ദേഹം തൃപ്തനായില്ല.

മനുഷ്യബുദ്ധികൊണ്ടു് ദൈവത്തെ ഒരു പരിധിവരെ അറിയുവാൻ കഴിയുമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടെങ്കിലും സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള നികത്താനാ

---

32 ,, 44, 999-1108

www.malankaralibrary.com

വാത്ത വിടവുമൂലം അവിടുത്തെ പൂർണ്ണമായി അറിയുക അസാദ്ധ്യമാണെന്നു് ഗ്രിഗരി ആവർത്തിച്ചു പഠിപ്പിച്ചിട്ടുണ്ടു്.

## പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തിലെ അംഗങ്ങളുടെ വ്യതിരിക്തതയും ദൈവികതയും ഗ്രിഗരി ഏററു പറയുകയും 'മൂന്നു ദൈവങ്ങളുണ്ടു്' എന്ന വാദഗതി നിഷേധിക്കുകയും ചെയ്തു. പിതാവു് സകലത്തിൻേറയും സ്രോതസ്സാണെന്നും പുത്രൻ പിതാവിൽനിന്നു ജനിച്ചുവെന്നും പരിശുദ്ധാത്മാവു് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ടുവെന്നുമുള്ള ബേസിലിൻെറ കാഴ്ചപ്പാടു് ഗ്രിഗരി സ്വീകരിച്ചു. ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിലൂടെ പ്രപഞ്ചം മുഴുവൻ പിതാവിനെ സ്തുതിക്കുവാൻ പര്യാപ്തമായി. അപ്പൊള്ളിനാരിസത്തിനെതിരെ ക്രിസ്തു ദൈവവും മനുഷ്യനുമാണെന്നും മറിയം 'ദൈവമാതാവു്' (Theotokos) ആണെന്നും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ടു്.

## മനുഷ്യൻെറ സ്ഥാനമഹിമ

പ്ലേറേറായുടെ 'ഫേദോ' (Phaedo) എന്ന കൃതിയുടെ മാതൃകയിൽ ഗ്രിഗരി എഴുതിയ കൃതി ('ലോകസൃഷ്ടിയുടെ വിശ്വാസ സമർത്ഥനപരമായ വിശദീകരണം') യിൽ മനുഷ്യസൃഷ്ടി, ജീവിത ലക്ഷ്യം, മരണാനന്തരാവസ്ഥ തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ടു്. പ്ലോട്ടിനസു്, ഒരിജൻ എന്നിവരുടെ സ്വാധീനം വളരെ വ്യക്തമാണു് ഈ കൃതിയിൽ. മനുഷ്യൻെറ മഹത്വം കുടികൊള്ളുന്നതു് അവൻ ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടുവെന്നതിലാണെന്നു് ഇദ്ദേഹം വ്യക്തമാക്കുന്നു. ഇതേ ആശയം ഗ്രിഗരിയുടെ 'മനുഷ്യസൃഷ്ടിയെക്കുറിച്ചു്' (De Hominis Opificio) എന്ന കൃതിയിലും കാണാം. വിശുദ്ധ ഗ്രന്ഥത്തിലെ ഉല്പത്തിപുസ്തകവും പ്ലേറേറായുടെ 'തിമേവുസും' (Timaeus)

www.malankaralibrary.com

തമ്മിൽ പൊരുത്തപ്പെടുത്തിയാണു് മനുഷ്യവംശാരംഭം ഇദ്ദേഹം ചിത്രീകരിച്ചിരിക്കുന്നതു്. ഇദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ദൈവം ആദിയിൽ മനസ്സുകളെ ഒരുമിച്ചു സൃഷ്ടിച്ചു. പിന്നീടു് പലപ്പോഴായി ഓരോ മനുഷ്യനേയും. മനുഷ്യൻ ദൈവഛായയിലാണു് സൃഷ്ടിക്കപ്പെട്ടതു്. തന്നിമിത്തം ജന്മനാ അവൻ പ്രപഞ്ചത്തിന്റെ അതിനാഥനാണു്. മനുഷ്യൻ സ്വാഭീഷ്ടപ്രകാരം പാപം ചെയ്തതോടെ ദൈവികഛായക്കു മങ്ങലേററു. ദൈവത്തോടു് ഉത്തരോത്തരം ആനുരൂപ്യം പ്രാപിക്കുന്നതാണു് പുണ്യാഭിവൃദ്ധി. ഇതിനുള്ള ഉപാധികളായി ക്രിസ്തുവിന്റെ വരപ്രസാദവും സുകൃതാഭ്യാസവും ഗ്രിഗരി ചൂണ്ടിക്കാണിക്കുന്നു. തിന്മയുടെ നിത്യതയും മനുഷ്യാത്മാവിന്റെ മുൻ അസ്തിത്വവും ഇദ്ദേഹം നിഷേധിച്ചു. എങ്കിലും ആത്മാവു് അന്തിമമായി ദൈവത്തോടു് സംയോജിക്കുമെന്നതു സംബന്ധിച്ചു് ഗ്രിഗരിക്കു് സംശയമുണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ നിത്യാനന്ദാനുഭൂതി നിശ്ചലമായ ഒന്നല്ല, നിരന്തരവും ചലനാത്മകവുമായ ഒന്നാണു്.

## 3. **ഗ്രീഗരി നസിയാൻസൻ** (Gregory of Nazianzus 324–389)

കപ്പദോസിയൻ പിതാക്കന്മാരിൽ തൃതീയനും പൗരസ്ത്യ സഭകളിലെ ഏററം പ്രമുഖരായ നാലു ദൈവശാസ്ത്രജ്ഞന്മാരിൽ ഒരുവനുമാണു് ഗ്രിഗരി നസിയാൻസൻ. നസിയാൻസസിനടുത്തുള്ള അരിയാൻസസ് എന്ന സ്ഥലത്തു് 324-ൽ ഇദ്ദേഹം ഭൂജാതനായി. ക്രൈസ്തവരും ധനികരുമായിരുന്നു മാതാപിതാക്കന്മാർ. ഇദ്ദേഹത്തിന്റെ പിതാവു് ഒരു മെത്രാനും കൂടിയായിരുന്നു. കപ്പദോസിയായുടെ തലസ്ഥാനമായ കേസറിയാ, പലസ്തീനായിലെ കേസറിയ, അലക്സാണ്ട്റിയ എന്നിവിടങ്ങളിൽ ഗ്രിഗരി വിദ്യാഭ്യാസകാലം ചെലവഴിച്ചു. തദനന്തരം ആതൻസിലേക്കു പോകുമ്പോഠ ഉണ്ടായ ഒരു കപ്പലപകടം

www.malankaralibrary.com

ഇദ്ദേഹത്തിൻെറ ജീവിത വീക്ഷണത്തിൽ സാരമായ പരിവർത്തനങ്ങൾ വരുത്തി. എട്ടു വർഷത്തോളം പ്രസംഗ പരിശീലനം നടത്തിയശേഷം ഒരു അർപ്പിത ജീവിതം നയിക്കണമെന്ന ഉറച്ച തീരുമാനത്തോടെ ഗ്രീഗരി കപ്പദോസിയായിലേക്കു തിരിച്ചുവന്നു. അധികം താമസിയാതെ ഇദ്ദേഹം വി. ബേസിലിൻെറ ആശ്രമത്തിലെ അന്തേവാസിയായി. വന്ദ്യ വയോധികനായ സ്വപിതാവിൻെറ അഭ്യർത്ഥനപ്രകാരം നസിയാൻസസിലേക്കു വരേണ്ടിവന്ന ഗ്രീഗരി 362 ൽ സ്വപിതാവിൽനിന്നുതന്നെ വൈദിക പട്ടമേററു. പിന്നീടു് സഭാകാര്യങ്ങളിലും കുടുംബ കാര്യങ്ങളിലും ക്ഷീണിതനായ പിതാവിനെ സഹായിക്കുന്നതിൽ ഇദ്ദേഹം ശ്രദ്ധ പതിപ്പിച്ചു. 370 ൽ ഗ്രീഗരി മെത്രാപ്പോലീത്തായായി അഭിഷിക്തനായെങ്കിലും അന്തിമസിൻെറ ഭീഷണികൾ പരിഗണിച്ചു് ഇദ്ദേഹം ഭൂപതാഭരണം ഏറെറടുത്തില്ല. ഇതു് ബേസിലിൻേറയും ഗ്രീഗരിയുടേയും സൗഹൃദത്തെ മോശമായി ബാധിച്ചു.

374 ൽ പിതാവിൻെറ മരണത്തെ തുടന്നു് ഭൂപതയുടെ ഭരണം ഏറെറടുക്കണമെന്ന സ്ഥിതിയായപ്പോൾ അതിൽ താല്പര്യമില്ലാതിരുന്ന ഗ്രീഗരി സെലൂഷ്യായിലേക്കു പിന്മാറി. ഈ ഘട്ടത്തിൽ കോൺസ്റ്റാൻറിനോപ്പിളിലെ ചെറിയ ഒരു വിഭാഗം ജനങ്ങളുടെ മെത്രാൻ സ്ഥാനം ഇദ്ദേഹം വഹിച്ചു. നിർഭാഗ്യവശാൽ മാക്സിമസ് എന്നൊരു വ്യാജമെത്രാൻ അന്തരീക്ഷം പൂർവ്വാധികം പ്രശ്നകലുഷിതമാക്കി. 381 ലെ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് ഗ്രീഗരിയെ മെത്രാനായി തെരഞ്ഞെടുത്തു. സഭയിലെ കോളിളക്കങ്ങൾ ശാന്തമാക്കാൻ തനിക്കു കഴിവില്ലെന്നു ബോദ്ധ്യമായപ്പോൾ ഇദ്ദേഹം സിംഹാസനമുപേക്ഷിച്ചു് സ്വദേശമായ നസിയാൻസസിലേക്കു് തിരിച്ചുപോയി. 383 ൽ എവുലാലിയൂസ് എന്നൊരു പിൻഗാമിയെ അവരോധിച്ചതുവരെ ഒരു മെത്രാനടുത്ത കടമകൾ ഗ്രീഗരി നിർവ്വഹിച്ചു. സംഭവ ബഹുലമായ ഒരു ജീവിതത്തിനുശേഷം 390–നോടുകൂടി ഇദ്ദേഹം ദിവംഗത

www.malankaralibrary.com

നായി. ഗ്രിഗരി നസിയാൻസന്റെ ഭൗതികാവശിഷ്ടങ്ങൾ റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

## മുഖ്യകൃതികൾ:

### പ്രഭാഷണങ്ങൾ[33]

ഗ്രിഗരി നസിയാൻസന്റെ ദൈവശാസ്ത്ര സിദ്ധാന്തങ്ങളും പ്രഭാഷണചാതുരിയും നിഴലിക്കുന്ന നാല്പതിലധികം പ്രസംഗങ്ങളാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിയത്. അവയിൽ ഏററവും പ്രധാനപ്പെട്ടവ കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് നടത്തിയ 'അഞ്ച് ദൈവശാസ്ത്രപരമായ പ്രഭാഷണങ്ങൾ' (Five Theological Orations 27–31) ആണ്. യഥാർത്ഥമായ ക്രിസ്തീയ വിശ്വാസം, പരിശുദ്ധ ത്രിത്വം, പരിശുദ്ധാത്മാവിന്റെ ദൈവികത്വം, പരിശുദ്ധ ത്രിത്വത്തിലെ ഏകത്വം, ത്രിത്വൈക സിദ്ധാന്തം എന്നിവയാണ് പ്രസംഗവിഷയങ്ങൾ. ആര്യൻ–മാസിഡോണിയൻ പാഷണ്ഡതകൾക്കെതിരായ ആശയങ്ങൾ അവയിൽ തെളിഞ്ഞു കാണാം. ഗ്രിഗരിയുടെ കുടുംബാംഗങ്ങളുടെ ജീവചരിത്രം അദ്ദേഹത്തിന്റെ ചരമപ്രസംഗങ്ങളിൽ വ്യക്തമാണ്. ഏററവും ഹൃദയസ്പർശിയാണ് അദ്ദേഹം 381–ൽ ചെയ്ത വിടവാങ്ങൽ പ്രഭാഷണം.[34] വിവിധ തിരുനാളുകളോടനുബന്ധിച്ച് ഇദ്ദേഹം നടത്തിയ പ്രസംഗങ്ങളുടെ ഒരു സമാഹാരം 'തിരുനാൾ പ്രഭാഷണങ്ങൾ' (Panegyrics) എന്നപേരിൽ അറിയപ്പെടുന്നു.

### എഴുത്തുകൾ

240–ൽ അധികം എഴുത്തുകൾ ഗ്രിഗരിയുടെ നാമത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം കത്തുകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ച ആദ്യത്തെ ഗ്രീക്ക സഭാപി

33 Gregory of Nyza, De vita Moysis 2, 11, 37/38
34 Migne, Patrologia Latina, 35–36

www.malankaralibrary.com

താവാണ് ഇദ്ദേഹം. ഹ്രസ്വത, ലാളിത്യം, സ്പഷ്ടത, സുന്ദരമായ ശൈലി എന്നിവയാണ് ഒരു ഉത്തമ എഴുത്തിൻെറ അവശ്യഗുണങ്ങളെന്ന് ഗ്രിഗരി അഭിപ്രായപ്പെടുന്നു. [35] ഇദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്ന എല്ലാ കത്തുകളും ഇദ്ദേഹം രചിച്ചിട്ടുള്ളവയല്ലെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. എന്തായാലും ഇദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ, സ്നേഹിതന്മാർ എന്നിവരുടെ യഥാർത്ഥചിത്രങ്ങൾ വരച്ചു കാട്ടുന്നവയാണ് പ്രസ്തുത കത്തുകൾ.

### കവിതകൾ[36]

അനുഗൃഹീതനായ ഒരു കവിയുമായിരുന്നു ഗ്രിഗരി നസിയാൻസൻ. 1600-ൽ അധികം വരികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. എഴുത്തുകളെക്കുറിച്ചു പ്രസ്താവിച്ചതുപോലെ ഇദ്ദേഹത്തിൻെറ പേരിലറിയപ്പെടുന്ന കവിതകളിലും ചിലതെല്ലാം കൃത്രിമങ്ങളാണ്. 381 നും 390 നും ഇടക്കാണ് കവിതകളിൽ ഏറിയ പങ്കും എഴുതപ്പെട്ടതെന്നാണ് പണ്ഡിതന്മാരുടെ കണക്കുകൂട്ടൽ. ഏററവും സുദീർഘമായ കവിത 'ആത്മവൃത്തകഥനം' (De vita Sua) എന്ന പേരിൽ അറിയപ്പെടുന്നതാണ്. പരിശുദ്ധ ത്രിത്വം, ലോകസൃഷ്ടി, ദൈവപരിപാലന, പാപം, മനുഷ്യാവതാരം മുതലായ സൈദ്ധാന്തിക വിഷയങ്ങളെക്കുറിച്ചുള്ള 38 കവിതകൾ, ധാർമ്മികോപദേശങ്ങളടങ്ങുന്ന 40 കവിതകൾ, ചരിത്രപരവും ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്നവയുമായ 206 കവിതകൾ തുടങ്ങിയവയാണ് ഗ്രിഗരി രചിച്ചതിൽ പ്രധാനപ്പെട്ടവ.

## മുഖ്യ പ്രബോധനങ്ങൾ:

### പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് നിലവിലുണ്ടായിരു

35 Gregory of Naziansus, Orations 42
36 ,, Epistles, 51–54

www.malankaralibrary.com

ന്ന പാഷണ്ഡതകളെ എതിക്കുവാനും യഥാത്ഥ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുവാനുമായി ഗ്രിഗറി വളരെയധികം എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും സത്തയിലും സ്വഭാവത്തിലും സമന്മാരാണെന്നും അദ്ദേഹം വിശ്വസിച്ചുവെങ്കിലും ഓരോരുത്തക്കും അവരുടേതായ സവിശേഷത അദ്ദേഹം ആരോപിക്കുന്നുണ്ടു്. 37 പഴയനിയമത്തിൽ പിതാവും പുതിയനിയമത്തിൽ പുത്രനും സഭയിൽ പരിശുദ്ധാത്മാവും യഥാക്രമം കൂടുതലായി വെളിപ്പെടുത്തപ്പെട്ടുവെന്നു് ഗ്രിഗറി പഠിപ്പിക്കുന്നു. പരിശുദ്ധ ത്രിത്വമെന്ന മഹാരഹസ്യത്തെ പ്രദ്യോതിപ്പിക്കുന്ന പദങ്ങൾക്കു് അവയുടേതായ പരിമിതികളുണ്ടെന്നും ആകയാൽ അവയെക്കുറിച്ചു് തക്കിച്ചു സമയം കളയാതെ അവ അത്ഥമാക്കുന്ന സത്യത്തെ സവിനയം സ്വീകരിക്കുകയാണു് വേണ്ടതെന്നും ഇദ്ദേഹം ക്രൈസ്തവരെ ഉപദേശിച്ചതായി കാണുന്നു.

## ക്രിസ്തുവിജ്ഞാനീയം

എഫേസൂസ് (431), കാൽസിഡോൺ (451) എന്നിവിടങ്ങളിലെ സാർവത്രികസൂനഹദോസുകൾ ഗ്രിഗറിയുടെ ക്രിസ്തുവിജ്ഞാനീയത്തെ സ്വീകരിക്കുകയും പ്രകീത്തിക്കുകയും ചെയ്തിട്ടുണ്ടു്. അപ്പൊളിനാരിസിന്റെ അബദ്ധസിദ്ധാന്തം— ക്രിസ്തുവിന്റെ മനുഷ്യത്വം അപൂണ്ണമാണെന്ന പ്രബോധനം—പ്രചരിച്ചിരുന്ന കാലമായിരുന്നു അതു്. ഇതിനെതിരെ പൂണ്ണമായ മനുഷ്യപ്രകൃതിയുടെ ഉടമയാണു് ക്രിസ്തുവെന്നു് ഗ്രിഗറി പഠിപ്പിച്ചു. ക്രിസ്തുവിൽ ആത്മാവോ ശരീരമോ മാത്രമല്ല. ഉണ്ടായിരുന്നതു്, പിന്നെയോ അവ രണ്ടുമുണ്ടായിരുന്നു. അതുപോലെ തന്നെ ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടെന്നും എന്നാൽ വ്യക്തിത്വം ഒന്നു മാത്രമേ ഉള്ളുവെന്നും ഇദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ടു്38. ക്രിസ്തുവിന്റെ ദൈവ

37 Migne, Patrologia Latina, 37–38
38 Gregory of Naziansus, Orations 40,41

www.malankaralibrary.com

സ്വഭാവവും മനുഷ്യസ്വഭാവവും 'സാരാംശത്തിൽ ഐക്യപ്പെട്ടിരിക്കുന്നു' (United in Essence) എന്ന പ്രയോഗം ആദ്യം അവതരിപ്പിച്ചതു് ഗ്രിഗറിയാണു്.

## മരിയവിജ്ഞാനീയം

'ദൈവമാതാവു്' (Theotokos) എന്ന പദത്തിന്റെ ഉപജ്ഞാതാവാണു് ഗ്രിഗറി നസിയാൻസൻ. ഈ പദത്തെ സഭ ഔദ്യോഗികമായി അംഗീകരിച്ചതു് 431-ലെ സാർവ്വത്രിക സുനഹദോസിൽ വച്ചാണു്. എന്നാൽ അതിനുമുമ്പു തന്നെ ഗ്രിഗറിയുടെ ശ്രമഫലമായി അതിനു് പ്രചുരപ്രചാരം സിദ്ധിച്ചിരുന്നു. ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ കേന്ദ്രബിന്ദുവായി വർത്തിച്ച കന്യകാമറിയത്തിനു് 'ദൈവമാതാവു്' എന്ന മോഹനവിശേഷണം നൽകിയ ഗ്രിഗറി അതുവഴി മരിയവിജ്ഞാനീയത്തിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം എഴുതിച്ചേർക്കുകയായിരുന്നു. ക്രിസ്തുവിൽ രണ്ടു വ്യക്തികളുണ്ടെന്നും അതിൽ ക്രിസ്തുവെന്ന മനുഷ്യന്റെ മാത്രം അമ്മയാണു് മറിയമെന്നും ആകയാൽ മറിയത്തെ 'ദൈവമാതാവു്' എന്നു വിളിക്കരുതെന്നും ശഠിച്ചിരുന്നവരെ തന്റെ വാഗ്വിലാസം കൊണ്ടും തൂലികാശക്തികൊണ്ടും ഇദ്ദേഹം നിർവീര്യരാക്കി. മാതാവിന്റെ കന്യാത്വത്തെക്കുറിച്ചു് വിശദീകരിച്ചുകൊണ്ടു് ഗ്രിഗറി പ്രസ്താവിക്കുകയാണു്, കന്യാത്വവും ബ്രഹ്മചര്യവും മനുഷ്യരെ ലൗകിക ശക്തിയിൽനിന്നു മോചിക്കുകയും ഭൗമികജീവിതത്തെ പാരത്രിക ജീവിതത്തിനു സമമാക്കിത്തീർക്കുന്നുവെന്നും.[39]

പൗരസ്ത്യരും പാശ്ചാത്യരും ഒരുപോലെ ആദരിക്കുകയും പഠനവിഷയമാക്കുകയും ചെയ്തിട്ടുള്ള സഭാപിതാക്കന്മാരിൽ ഒരുവനാണു് ഗ്രിഗറിനസിയാൻസൻ. പൗരസ്ത്യരുടെ അഭിമാനസ്തംഭവും ധീരയോദ്ധാവും അഗ്രഗണ്യനായ ദൈവശാസ്ത്രജ്ഞനുമാണു് ഇദ്ദേഹം. 'ക്രൈസ്ത

39 Gregory of Naziansus, Epistles 101, 102

www.malankaralibrary.com

വ്ദെമോസ്ഥനസ്'' എന്ന വിശേഷണം ഗ്രിഗരിയുടെ ഉ ജ്ജ്വല വാഗ്മിത്വത്തിന് അനിഷേധ്യ തെളിവാണ്. ഇദ്ദേഹത്തിന്റെ പ്രബോധനങ്ങൾ പില്ക്കാലത്തെ ദൈവ ശാസ്ത്രജ്ഞന്മാരെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. പാ ശ്ചാത്യർ ഗ്രിഗരിയുടെ മാഹാത്മ്യത്തെക്കുറിച്ച് ബോധ വാന്മാരായത് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന വി. ജ റോം 392-ൽ എഴുതിയ 'അഭിജ്ഞരായ മനുഷ്യരെക്കുറി ച്ച്'' (De Viris Illistribus) എന്ന ഗ്രന്ഥം മുഖേനയത്രെ.

www.malankaralibrary.com

## അദ്ധ്യായം ആറ്

# സുറിയാനി സഭാപിതാക്കന്മാർ

ഇതര സഭാപിതാക്കന്മാർക്കു് അവകാശപ്പെടുവാൻ കഴിയാത്ത ചില സവിശേഷതകളുടെ ഉടമകളാണു് സുറിയാനി സഭാപിതാക്കന്മാർ. ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും പ്രവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ച ഭൂവിഭാഗങ്ങൾ തന്നെയായിരുന്നു സുറിയാനി സഭാപിതാക്കന്മാരുടേയും പ്രവർത്തനമണ്ഡലങ്ങൾ. ക്രിസ്തുനാഥൻ ഉപയോഗിച്ച അറമായ ഭാഷയിൽ നിന്നും ഉരുത്തിരിഞ്ഞതാണു് സുറിയാനി. മിക്ക പഴയനിയമ ഗ്രന്ഥങ്ങളും വിരചിതമായ ഹെബ്രായ ഭാഷയോടും സുറിയാനി ഭാഷക്കു് അഭേദ്യമായ ബന്ധമുണ്ടു്. ഈ സുറിയാനി ഭാഷയുടെ ആവിർഭാവത്തിനും അഭിവൃദ്ധിക്കും കാരണഭൂതരായി വർത്തിച്ചതു് ഈ പിതാക്കന്മാരാണെന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു.

അബദ്ധ സിദ്ധാന്തങ്ങൾ പ്രബലപ്പെട്ടപ്പോൾ ദൈവികവും ധാർമ്മികവുമായ കാര്യങ്ങൾ പാരമ്പര്യത്തിനനുസരിച്ചു് വിവരിക്കുന്നതിനും തദ്വാര സുറിയാനി സഭയുടെ ഔന്നത്യം ഉയർത്തിക്കാട്ടുന്നതിനും ഈ സഭാപിതാക്കന്മാർക്ക് കഴിഞ്ഞിട്ടുണ്ടു്. ഇവരുടെ നിസ്വാർത്ഥവും നിരന്തരവുമായ സേവനങ്ങൾ സഭയേയും ദൈവശാസ്ത്രത്തേയും സഹായിച്ചതോടൊപ്പം സുറിയാനി ഭാഷയേയും പാലൂട്ടി വളർത്തി. ഇവർ രചിച്ച കവിതകളും വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങളും സുറിയാനി ഭാഷയിലെ അമൂല്യ നിധികളായി പരിഗണിക്കപ്പെടുന്നു.

ആരാധനക്രമത്തെ ധന്യമാക്കുന്നതിനും സുറിയാനി സഭയിലെ സന്യാസജീവിതത്തിനു് ആശയും ആവേശവും പകരുന്നതിനും ഈ പിതാക്കന്മാർ ഉത്സുകരായി

www.malankaralibrary.com

രുന്നു. എദേസായിലെ മതാദ്ധ്യാപനാലയത്തെ കേന്ദ്രീകരിച്ചാണു് ഇവരിൽ ഏറിയ പങ്കം പ്രവർത്തിച്ചതു്. സുറിയാനി സഭാപിതാക്കന്മാരിൽ പ്രമുഖരായ വ്യക്തികളെക്കുറിച്ചാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതു്.

## 1 താസിയാൻ (Tatian C. 120–180 A. D.)

അസ്സീറിയായിലാണു് താസിയാൻ ജനിച്ചതു്. യവനതത്വ ചിന്തയിൽ പ്രാവീണ്യം നേടി വളർന്നു വന്നു. പിന്നീടു് ഇദ്ദേഹം റോമിൽ പോവുകയും രക്തസാക്ഷിയായ വി. ജസ്റ്റിൻെറ ശിഷ്യനാവുകയും ചെയ്തു. പേഗൻ ചിന്തയുടെ പാപ്പരത്തവും അതേസമയം വി. ഗ്രന്ഥത്തിൻെറ ഔന്നത്യവും ക്രിസ്തു സിദ്ധാന്തത്തിൻെറ പരിശുദ്ധിയും താസിയൻ മനസ്സിലാക്കി. തത്ഫലമായി എ. ഡി. 150–ൽ ക്രിസ്തുമതം സ്വീകരിച്ചു. ജസ്റ്റിൻെറ മരണശേഷം അദ്ദേഹത്തിൻെറ വിദ്യാകേന്ദ്രത്തിൻെറ ഭരണഭാരം ഏറ്റെടുത്തതു് താസിയാനാണു്. കാലക്രമത്തിൽ ഇദ്ദേഹം റോമാസഭയുമായി തെററിപ്പിരിഞ്ഞു. എ. ഡി. 172/3–ൽ ഇദ്ദേഹം മെസോപ്പൊട്ടോമിയായിലേക്കു് പോവുകയും അവിടെ സ്വന്തമായി ഒരു വിദ്യാപീഠം സ്ഥാപിക്കുകയും ചെയ്തു. 180–നോടടുത്തു ഇദ്ദേഹം മരണമടഞ്ഞു.

## പ്രധാന കൃതികൾ:

**'ഗ്രീക്കുകാരോടുള്ള സംവാദങ്ങൾ'** (Discourse to the Greeks): അന്ത്യോക്യായിൽ വച്ചാണു് ഇതു് എഴുതിയതു്. രണ്ടു ഭാഗങ്ങളുള്ള പ്രസ്തുത കൃതിയിൽ ആദ്യഭാഗത്തു് യവനതത്വചിന്തയേക്കാൾ ക്രിസ്തുമതം ഉന്നതമാണെന്നു് സമർത്ഥിക്കുമ്പോൾ രണ്ടാംഭാഗത്തു് ക്രിസ്തുമതത്തിൻെറ പൗരാണികത തെളിയിക്കുന്നു.[1]

---

1 The Rev. J. Tixeront D. D, Hand book of Patrology, London, 1947, P. 42

www.malankaralibrary.com

**'ദിയാത്തെസരോൺ'** (Diatesseron): നാലു സുവി ശേഷങ്ങളുടേയും ഒരു സംക്ഷിപ്തവിവരണമാണിതു്. ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ യഥാക്രമം വിവരിക്കുന്നു[2]. ഗ്രീക്കിലാണോ അതോ സുറിയാനിയിലാണോ ഇതു് എഴുതിയതു് എന്നതിനെപ്പററി സംശയമുണ്ടു്. വി. അപ്രേം ഇതിനു് വ്യാഖ്യാനം എഴുതിയിരുന്നതായി കാണുന്നതിനാൽ സുറിയാനിഭാഷയിലാകാനാണു് കൂടുതൽ സാദ്ധ്യത.

## പ്രബോധനങ്ങൾ:

ലോകാവസാനശേഷം നിശ്ചയമായും ഉയിർപ്പുണ്ടെന്നു് ഇദ്ദേഹം വിശ്വസിച്ചുപോന്നു[3]. ദൈവം അനാദിയാണു്. അമൂർത്തമാണു്. ആ ദൈവത്തെ നാം അറിയുന്നതു് സൂക്ഷ്മവസ്തുക്കളിൽ നിന്നാണു്[4] എല്ലാ വസ്തുക്കളും സൃഷ്ടിച്ചതു് ദൈവമാണു്[5] ആ ദൈവം മനുഷ്യനായി അവതരിച്ചു എന്നു പറയുന്നതു് വിഡ്ഢിത്തമല്ല[6].

## 2 ബാർദെയിസൺ (Bardaison 154/5–222/3)

ഉന്നതകുലരായ വിജാതീയ മാതാപിതാക്കളിൽ നിന്നും ഉത്തരസിറിയായിലാണു് ബാർദെയിസൺ ജനിച്ചതു്. ഒരു വിജാതീയ പുരോഹിതനിൽ നിന്നാണു് ഇദ്ദേഹം വിദ്യ അഭ്യസിച്ചതു്. ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. ഇദ്ദേഹം ഒരു

---

2 Idid. P. 43
3 John R. Willis S. J (ed), The Teaching of the Church Fathers, Newyork, 1960, P 5 13
4 Tatian, Orations Against the Greeks, Chap. 4, MG 6 813
5 Idid. Chap. 5, MG 6, 8, 7
6 Ibid-Chap. 21 MG 6, 580

www.malankaralibrary.com

ശെമ്മാശനായിരുന്നെന്നും അല്ല ഒരു വൈദികനായിരുന്നെന്നും രണ്ടഭിപ്രായമുണ്ട്. ഇദ്ദേഹത്തിന്റെ ജീവിതത്തിൽ ഏറിയ പങ്കും എദേസായിലാണ് ചിലവഴിച്ചത്. എ. ഡി. 222/3–ൽ എദേസായിൽ വച്ച് ഇദ്ദേഹം മരണമടഞ്ഞു.

## കൃതികൾ:

ബാർദെയിസൺ പല കൃതികൾ എഴുതിയിട്ടുണ്ട്. ഇതിൽ മൂലരൂപത്തിൽ നമുക്ക് ലഭിച്ചിട്ടുള്ള ഏക കൃതി 'വിധിയെക്കുറിച്ച്' (On Fate) അഥവാ 'രാജ്യനിയമങ്ങളുടെ പുസ്തകം' (Book of the Laws of Countries) എന്നതാണ്. ഇൻഡ്യയെ സംബന്ധിക്കുന്ന ഒരു പുസ്തകം ഇദ്ദേഹം എഴുതിയതായി മററു പിതാക്കന്മാരുടെ സാക്ഷ്യങ്ങളിൽ നിന്നും കാണാവുന്നതാണ്. ഗാനങ്ങളിലൂടെ തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി വേദപുസ്തക കീർത്തനങ്ങളെ അനുകരിച്ച്, ഇദ്ദേഹം 150 സങ്കീർത്തനങ്ങൾ എഴുതിയിട്ടുണ്ട്. സ്വപുത്രനായ ഹാർമോണിയസിന്റെ (Harmonius) സഹായത്തോടുകൂടിയാണ് ഈ കീർത്തനങ്ങൾ എഴുതിയത്. ബാർദെയിസനെ 'സുറിയാനി കവിതകളുടെ പിതാവ്' എന്നാണ് വിളിക്കുന്നത്. ഇദ്ദേഹത്തിന്റെ പ്രബോധനങ്ങളെ കൂടുതലായി വെളിപ്പെടുത്തുന്നത് ഇദ്ദേഹത്തിന്റെ ശിഷ്യനായ ഫിലിപ്പാണ്. ജ്ഞാനവാദവുമായി (Gnosticism) ബന്ധമുള്ളതുപോലെ തോന്നും ബാർദെയിസന്റെ ചില കൃതികൾ പരിശോധിച്ചാൽ.

## പ്രബോധനങ്ങൾ:

ദൈവം യഥാർത്ഥത്തിൽ സ്രഷ്ടാവല്ല, പിന്നെയോ ഏഴ് ഊർജ്ജസ്വലമായ തത്വങ്ങളുടെ (Seven Active Principles) സംഘാടകൻ ആണ്. ഇദ്ദേഹത്തിന്റെ ദൈവശാസ്ത്രവീക്ഷണത്തിൽ മാനിക്കേയൻ ചിന്താഗതിയും കാണുന്നുണ്ട്. 6000 കൊല്ലങ്ങൾക്ക് ശേഷം ലോകം അ

www.malankaralibrary.com

വസാനികളമെന്നു് ബാർദെയിസൺ വിശ്വസിച്ചിരുന്നു.

ഉത്ഭവപാപം, കന്യകയിൽനിന്നുള്ള ക്രിസ്തു അവതാരം, ക്രിസ്തുവിന്റെ ഉയിർപ്പു് തുടങ്ങിയവയിൽ ഇദ്ദേഹത്തിനു് വേണ്ടത്ര വിശ്വാസമില്ലാതിരുന്നതായി തോന്നുന്നു. ബാർദെയിസന്റെ ഈദൃശ ആശയങ്ങളെ നിശിതമായി വിമർശിച്ചിട്ടുള്ള വ്യക്തിയാണു് വി: അപ്രേം.

പാശ്ചാത്യ–പൗരസ്ത്യ ചിന്തയുടെ സമ്മേളനമാണു് സുറിയാനി കവിതകളുടെ പിതാവായ ബാർദെയിസന്റെ കൃതികളിൽ പൊതുവേ കാണുന്നതു്.

## 3 അഫ്റാത്തസ് (Aphrates C 275–350)

'പേർഷ്യൻ മുനി'[7] എന്ന അപരനാമത്താൽ അറിയപ്പെടുന്ന അഫ്രാത്തസിന്റെ പിതാവു് ഒരു പേഗൻ വിശ്വാസിയായിരുന്നു. ഇദ്ദേഹം പില്ക്കാലത്തു് സഭയെ ആശ്ലേഷിച്ചു് സന്യാസജീവിതം നയിച്ചുപോന്നു. അഫ്രാത്തസ് മെത്രാനായപ്പോഠം യാക്കോബു് എന്ന പേരാണു് സ്വീകരിച്ചതു്. ഇദ്ദേഹത്തിന്റെ ചില കൃതികളിൽ നിസിബിസിലെ യാക്കോബിന്റേതാണെന്നു് (Jacob of Nisibis) കുറെക്കാലത്തേക്കു് വിശ്വസിച്ചിരുന്നു.[8] ഇദ്ദേഹം മെസോപ്പൊട്ടോമിയായിലെ 'മാർ മത്തായി'യുടെ നാമത്തിലുള്ള ആശ്രമത്തിന്റെ അധിപനായിരുന്നു. എ. ഡി. 350–നോടുകൂടി ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. പേർഷ്യാക്കാരനായ ആദ്യത്തെ ക്രിസ്ത്യൻ എഴുത്തുകാരനെന്നു് അറിയപ്പെടുന്നതു് അഫ്രാത്തസാണു്.

## പ്രധാന കൃതികഠം:

ഏററം പ്രധാന കൃതി 'പ്രദ്യോതനം' (Demonstra-

7 The Rev. J. Tixeront, Handbook of Patrology P. 216
8 Ibid. P. 216

www.malankaralibrary.com

tion) എന്ന പേരിൽ അറിയപ്പെടുന്നു. എ. ഡി. 337 നും 345 നും ഇടക്കാണ് പ്രസ്തുത കൃതി എഴുതപ്പെട്ടിട്ടുള്ളത്. ധാർമ്മികവും വിവാദപരവുമായ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന 23 പ്രസംഗങ്ങളും ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. ഇവയിൽ 22 എണ്ണവും സുറിയാനി അക്ഷരമാലക്രമത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവയിൽ യുഗാന്ത്യത്തെപ്പററിയും മതപീഡനങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. വിശ്വാസത്തെ അദ്ദേഹം ഒരു കെട്ടിടത്തോടാണ് ഉപമിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടം ക്രിസ്തുവാകുന്ന മൂലക്കല്ലിലാണ് പണിതിരിക്കുന്നതെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്.

## പ്രബോധനങ്ങൾ:

അഫ്രാത്തസിന്റെ പ്രബോധനങ്ങൾ വേദപുസ്തകാധിഷ്ഠിതമാണ്. അതിനാൽ യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തിനു് ഇദ്ദേഹം ഉത്തമ സാക്ഷിയാണ്. നിക്യാ സൂനഹദോസിന്റെ പ്രമാണരേഖകൾ അഫ്രാത്തസ് കണക്കിലെടുത്തിരുന്നു എന്നു് ഇദ്ദേഹത്തിന്റെ എഴുത്തുകൾ തെളിയിക്കുന്നുണ്ട്. കുർബ്ബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം, പരിശുദ്ധ കന്യകാ മറിയത്തിന്റെ ദൈവമാതൃത്വം, നിത്യ കന്യാത്വം തുടങ്ങിയവ ഇദ്ദേഹം പൂർണ്ണമായി വിശ്വസിക്കുന്നതായി കാണാം. സഭയുടെ ഐക്യം, സുറിയാനി സഭയിലെ ആശ്രമ ജീവിത നവീകരണം, ആരാധനാക്രമ സംവിധാനം തുടങ്ങിയവയിൽ അഫ്രാത്തസ് വഹിച്ച പങ്ക് വിലയേറിയതാണ്.

ഓരോ മനുഷ്യനും മൃഗീയാത്മാവും (Animal Soul) സ്വർഗ്ഗീയാത്മാവും (Celestial Soul) ഉണ്ടെന്നും മരണശേഷം പൊതുവായ ഉയിർപ്പ് ഉണ്ടാകുന്നതുവരെ മൃഗീയാത്മാവ് ഉറക്കത്തിൽ കഴിയുകയും സ്വർഗ്ഗീയാത്മാവ് ക്രിസ്തുവിലേക്ക് തിരികെപ്പോകുകയും ചെയ്യുന്നു എന്നു് ഇദ്ദേഹം പഠിപ്പിച്ചു.[9] ആറായിരം വർഷം കഴിയുമ്പോൾ

9 Tatian, Demonstrations 6, 14

www.malankaralibrary.com

ലോകാവസാനം ഉണ്ടാകുമെന്നു് ഇദ്ദേഹവും ബാർദെയ്സനെപ്പോലെ വിശ്വസിച്ചിരുന്നു. പൊതുവിധിയിൽ നന്മ ചെയ്തവർക്കു് നിത്യ സമ്മാനവും തിന്മ ചെയ്യുന്നവർക്കു് നിത്യശിക്ഷയും ഉണ്ടാകും. 10

പ്രവാചകന്മാരാൽ പ്രവചിക്കപ്പെട്ട മൂലക്കല്ലായ ക്രിസ്തു എല്ലാവരിലും ഉണ്ടെന്നും 11 എല്ലാ പുണ്യങ്ങളും വിശ്വാസത്തിൽ അധിഷ്ഠിതമാണെന്നും അഫ്രാത്തസ് പഠിപ്പിച്ചു.

## 4 **മാർ അപ്രേം** (Mar Ephraem 306–373)

'സുറിയാനിക്കാരുടെ സൂര്യൻ' (Sun of Syrians), 'സഭയുടെ സ്തംഭം' (Column of the Church), 'പരിശുദ്ധാത്മാവിന്റെ വീണ' (The Harp of the Holy Spirit) എന്നീ അപരനാമങ്ങളാൽ അറിയപ്പെടുന്ന സുറിയാനി പിതാക്കന്മാരിൽ അഗ്രഗണ്യനാണു് മാർ അപ്രേം. തന്റെ സ്വത സിദ്ധമായ കഴിവുകളാൽ സഭക്കും സമുദായത്തിനും സേവനം ചെയ്യുകയും, പൗരസ്ത്യ സഭയുടെ പ്രത്യേകിച്ചും സുറിയാനി സഭയിൽ നിലനിന്നിരുന്ന പാരമ്പര്യവും, ആദ്ധ്യാത്മികതയും ദൈവശാസ്ത്രവും എല്ലാം സ്വന്തം ജീവിതത്തിലൂടേയും കവിതകളിലൂടേയും ഗ്രന്ഥങ്ങളിലൂടേയും പ്രകടമാക്കുകയും ചെയ്ത സഭാപിതാവാണു് മാർ അപ്രേം. ആരാധനാക്രമത്തിൽ ഗാനങ്ങൾ ആകാം എന്നു് കാണിച്ചുതന്നതു് വി. അപ്രേമാണു്. 12

എ. ഡി. 366-ൽ നിസിബിസിലാണു് അപ്രേം ജനിച്ചതു്. പിതാവു് ഒരു പേഗൻ വൈദികനായിരുന്നു

---

10 Ibid. 8, 20; 22; 17

11 Ibid. 6, 14

12 Philip Schaff D. D. L.LD and Henry Wacc, D.D (ed.), The writings of Nicene and Post Nicene Fathers Series 2 Vol. B, P 120.

www.malankaralibrary.com

എന്നും അല്ല ക്രിസ്തീയ മാതാപിതാക്കളിൽനിന്നുമാണ് ഇദ്ദേഹം ജനിച്ചതു് എന്നും രണ്ടഭിപ്രായമുണ്ടു്. നിസീബിസിലെ വി. യാക്കോബാണു് ക്രിസ്തീയ വിശ്വാസത്തിലേക്കു് ഇദ്ദേഹത്തെ നയിച്ചതു്. 18–ാമത്തെവയസിൽ അപ്രേം മാമോദീസാ സ്വീകരിച്ചു. അപ്രേമിന്റെ ബുദ്ധിശക്തിയിലും സ്വഭാവഗുണത്തിലും സംപ്രീതനായ യാക്കോബുമെത്രാൻ ഇദ്ദേഹത്തിനു് വൈദികപട്ടം നൽകാൻ ആഗ്രഹിച്ചു. എങ്കിലും അപ്രേമിന്റെ വിനയാധിക്യം അതിനു സമ്മതിച്ചില്ല. തന്മൂലം യാക്കോബു മെത്രാൻ അപ്രേമിനു് ഡീക്കൻപട്ടം നൽകുകയും തന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. 325–ലെ നിക്യാ സൂനഹദോസിൽ മാർ യാക്കോബിനോടൊപ്പം ഇദ്ദേഹവും സംബന്ധിച്ചിരിക്കാനാണു് സാദ്ധ്യത. സൂനഹദോസു കഴിഞ്ഞു തിരിച്ചു വന്ന അദ്ദേഹം നിസീബിസിലെ മതാദ്ധ്യാപനാലയത്തിന്റെ ചുമതല അപ്രേമിനെ ഏല്പിച്ചു.

ഏ. ഡി. 338, 346, 350 എന്നീ വർഷങ്ങളിൽ, രണ്ടാം സാപ്പോർ ചക്രവർത്തിയുടെ കാലത്തു് നിസീബിസ് പേർഷ്യൻ ആക്രമണത്തിനു് വിധേയമായി. അതിനു കാരണം പേർഷ്യാക്കാരും റോമാക്കാരും തമ്മിലുള്ള ശത്രുതയായിരുന്നു. റോമൻ പ്രവിശ്യയിൽപ്പെട്ട സ്ഥലമായിരുന്നു നിസീബിസ്; അതിനാൽ നിസീബിസിനെ നശിപ്പിക്കാൻ പേർഷ്യക്കാർ എപ്പോഴും ഇച്ഛിച്ചിരുന്നു. ഏ. ഡി. 363–ൽ അന്നത്തെ റോമൻ ചക്രവർത്തിയായ ജോവിയൻ പേർഷ്യയുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കുകയും നിസീബിസ് പേർഷ്യാക്കാർക്കു് വിട്ടുകൊടുക്കുകയും ചെയ്തു. അന്ധവിശ്വാസികളായ പേർഷ്യാക്കാരുടെ മേൽക്കോയ്മ നിസീബിസിൽ ക്രിസ്തീയജീവിതം അസാദ്ധ്യമാക്കി. തന്മൂലം അപ്രേമും ഒരു നല്ല സംഘം ക്രിസ്ത്യാനികളും എദേസായിലേക്കു് പോയി. നിസീബിസിലേതുപോലെ എദേസായിലും അപ്രേമിന്റെ നേതൃത്വത്തിൽ ഒരു മതാദ്ധ്യാപനാലയം

www.malankaralibrary.com

ഉയർന്നു വന്നു. പേർഷ്യാക്കരുടെ വിദ്യാപീഠം എന്ന പേരിലും ഈ പുതിയ മതാദ്ധ്യാപനാലയം അറിയപ്പെട്ടിരുന്നു. അപ്രേമിനു് പല അബദ്ധ സിദ്ധാന്തങ്ങളുമായി എതിരിടേണ്ടി വന്നു. ഇദ്ദേഹത്തിന്റെ പല പ്രസംഗങ്ങളും പാട്ടുകളും വ്യാഖ്യാനങ്ങളും ഇക്കാലത്തെഴുതിയതാണു്. അങ്ങനെ പത്തു വർഷക്കാലം എദേസായിൽ സമാധാനപരമായ ജീവിതം നയിച്ചശേഷം 373–ൽ ഇദ്ദേഹം മരണം വരിച്ചു.

## പ്രധാന കൃതികൾ:

അപ്രേമാണു് സുറിയാനി ഭാഷയുടെ യഥാർത്ഥ ശില്പി. വിപുലവും നിലനില്ക്കുന്നതുമായ സ്വാധീനം തന്റെ സംസ്കാരത്തിനു് ഇദ്ദേഹം നൽകി. ക്രിസ്തീയ വിശ്വാസം നിറഞ്ഞു നില്ക്കുന്നതാണു് അപ്രേമിന്റെ കൃതികൾ. ഇദ്ദേഹത്തിന്റെ വി. ഗ്രന്ഥ വ്യാഖ്യാനങ്ങളും കീർത്തനങ്ങളും പ്രസംഗങ്ങളും ആരാധനക്രമത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്. യാമപ്രാർത്ഥനകളിൽ വി. അപ്രേമിന്റെ കീർത്തനങ്ങൾ ധാരാളം ഉപയോഗിക്കുന്നുണ്ടു്, പ്രത്യേകിച്ചും അന്ത്യോക്യൻ സഭയിൽ.

## വ്യാഖ്യാനപരം

അന്ത്യോക്യൻ രീതി അവലംബിച്ചു് ഗദ്യരൂപത്തിലാണു് വ്യാഖ്യാനപരമായ കൃതികൾ രചിച്ചിട്ടുള്ളതു്. ഉല്പത്തി, പുറപ്പാടു് എന്നിവയുടെ സുറിയാനി വ്യാഖ്യാനവും, താസിയാന്റെ 'ദിയാത്തെസരോൺ', 'ശ്ലീഹന്മാരുടെ നടപടി', പൗലോസിന്റെ ലേഖനങ്ങൾ എന്നിവക്കു് ഇദ്ദേഹം എഴുതിയ വ്യാഖ്യാനത്തിന്റെ അർമേനിയൻ വിവർത്തനവും ഇന്നും ലഭ്യമാണു്.

## സൈദ്ധാന്തികവും വിശ്വാസ സമർത്ഥനപരവും

അപ്രേമിന്റെ കൃതികൾ ഒരർത്ഥത്തിൽ വിശ്വാസസമർത്ഥനപരമാണെന്നു പറയാം. ഇവയിൽ പ്രധാനപ്പെ

www.malankaralibrary.com

വ ബാർദെയിസനും മാർസിയനും എതിരായി അപ്രേം എഴുതിയിട്ടുള്ളവയാണ്.

**കവിതകൾ:** ക്രിസ്തുവിൻെറ രക്ഷാകര സംഭവങ്ങളെക്കുറിച്ച് ഇദ്ദേഹം മനോഹരമായ കവിതകൾ രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിൻെറ കാവ്യാത്മക ശൈലി എടുത്തു പറയത്തക്കതാണ്. മൂന്നോ നാലോ വാക്കുകൾ വീതമുള്ള രണ്ടോ മൂന്നോ വരികളടങ്ങുന്ന പ്രസിദ്ധമായ ഒരു കവിതാ രചനാരീതിയാണ് വി. അപ്രേമിൻേറതു്. ഈ വിധത്തിൽ അപ്രേം ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്. അവയെല്ലാം ഇന്നും പൂർണ്ണമായി പ്രസിദ്ധീകരിച്ചിട്ടില്ല. ജൂലിയനെതിരായി നാലു കവിതകൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. മാതാവിനെക്കുറിച്ച് മററാരേക്കാളും കൂടുതൽ ഇദ്ദേഹം കീർത്തനങ്ങളെഴുതിയിട്ടുണ്ട്. മാതാവിൻെറ കന്യാത്വത്തെപ്പററിയും ദൈവമാതൃത്വത്തെക്കുറിച്ചും അവളുടെ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ (Her Freedom from Sin) പ്പററിയും മാർ അപ്രേം കവിതകൾ രചിച്ചിട്ടുണ്ട്.

അബദ്ധസിദ്ധാന്തങ്ങളെ എതിർക്കുവാൻ ഇദ്ദേഹത്തിൻെറ മനോഹരമായ കൃതികൾക്ക് സാധിച്ചു. താളവും രൂപഭംഗിയും അന്തരാർത്ഥവും ഒത്തിണങ്ങിയതാണ് ഇവ ഓരോന്നും.

## പ്രബോധനങ്ങൾ:

വി. ഗ്രന്ഥാധിഷ്ഠിതമാണ് അപ്രേമിൻെറ ചിന്തകൾ. അന്ത്യോക്യൻ–അലക്സാണ്ട്റിയൻ രീതികൾ ഇദ്ദേഹത്തെ സ്വാധീനിച്ചിരുന്നതായി കാണാം. വി. ഗ്രന്ഥവ്യാഖ്യാനത്തിൽ അപ്രേം ചരിത്രപരവും വാച്യാർത്ഥപരവുമായ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നതു്. കീർത്തനങ്ങളിലും പ്രസംഗങ്ങളിലും മിസ്റ്റിക്ക്‌രീതിയും ആലങ്കാരിക ശൈലിയും സ്വീകരിച്ചിരുന്നതായി കാണാം. ദൈവ

www.malankaralibrary.com

ശാസ്ത്രവീക്ഷണത്തിൽ ഇതരസഭകളുടെ ചിന്തകൾ ഇദ്ദേഹം സ്വീകരിച്ചു. പല തെററായ സിദ്ധാന്തങ്ങളും നിലവിലിരുന്ന അക്കാലത്തു് മനുഷ്യനെ അലട്ടുന്ന യഥാർത്ഥ പ്രശ്നങ്ങളുടെ പരിഹാരത്തിനായാണു് ഇദ്ദേഹം പരിശ്രമിച്ചതു്.

## പരിശുദ്ധ ത്രിത്വം

വിശ്വാസം എന്നതു് അഫ്രേമിനെ സംബന്ധിച്ചിടത്തോളം സ്നേഹം ഉൾക്കൊള്ളുന്ന ഒരു ദൈവികദാനമാണു്. പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു് നിക്യാ വിശ്വാസപ്രമാണമാണു് അഫ്രേം സ്വീകരിച്ചു പോന്നതു്. ദൈവം ഏകനാണു് എന്നതിൽ അഫ്രേമിനു് സംശയമില്ല. ഏകനല്ലെങ്കിൽ ദൈവം ദൈവമല്ല. സകലത്തിൻെറയും അതിനാഥനായ ദൈവത്തിനു് മററൊന്നിനു് അധീനനായിരിക്കുകയോ സമനായിരിക്കുകയോ സാദ്ധ്യമല്ല.

## മനുഷ്യസൃഷ്ടിയും സമുദ്ധാരണവും

ദൈവം ആദിമനുഷ്യനെ സൃഷ്ടിച്ചതു് തൻെറ ഛായയിലും സാദൃശ്യത്തിലുമാണു് (ഉല്പ.1:26). ഇതിനാൽ മററു സൃഷ്ടവസ്തുക്കളേക്കാൾ എല്ലാം ശ്രേഷ്ഠനാണു് മനുഷ്യൻ. സ്രഷ്ടാവിൻെറ ശക്തി എല്ലാ വസ്തുക്കളിലും ഉള്ളതുപോലെ അതേ ഛായയിലും സാദൃശ്യത്തിലുമുള്ള മനുഷ്യൻെറ ശക്തിയും മററു വസ്തുക്കളിലുണ്ടു്. കൂടാതെ അഫ്രേം പറയുന്നു, മനുഷ്യൻ സ്വീകരിച്ചിരിക്കുന്നതു് ദൈവികദാനങ്ങൾകൊണ്ടു് നിറഞ്ഞ ഒരാത്മാവിനെയാണു്. ഇതിനുംപുറമെ മനുഷ്യനു് അവൻ ഇച്ഛിക്കുന്നതു് പ്രവർത്തിക്കുവാനും അതുപോലെ സ്വയം നിയന്ത്രിക്കാനും കഴിയും.

ഇത്ര സമുന്നതസ്ഥാനം അലങ്കരിച്ചിരുന്ന മനുഷ്യൻ പാപംമൂലം അധഃപതിച്ചു. നിയമലംഘനംമൂലം ആദം പാപത്തെ ലോകത്തിൽ വ്യാപിപ്പിച്ചു എങ്കിൽ ക്രിസ്തു തൻെറ രക്ഷാകരപ്രവർത്തനങ്ങളായ സഹനവും കുരിശുമരണവും ഉയിർപ്പും വഴി സമുദ്ധാരണം സാധിച്ചു എന്നു് അഫ്രേം ദൃഢമായി വിശ്വസിച്ചുപോന്നു.

www.malankaralibrary.com

### മരിയശാസ്ത്രം

അപ്രേം ധാരാളം മരിയൻ കീത്തനങ്ങരം എഴതിയിട്ടണ്ടെന്ന നേരത്തെ പറഞ്ഞുവല്ലൊ. അവയിൽ മറിയത്തെ ദൈവമാതാവായും നിത്യകന്യകയായും എല്ലാ പാപത്തിൽനിന്നും ഒഴിവാക്കപ്പെട്ടവളായുംപ്രതിപാദിക്കുന്നു. അപ്രേം പറയുന്നതു കേരംക്കുക: ''യഥാത്ഥത്തിൽ നീയും നിന്റെ മാതാവും മാത്രമാണ് സവ്വപ്രകാരേണയും സൗന്ദര്യധാമങ്ങരം. എന്തെന്നാൽ, നാഥാ, അങ്ങിൽ യാതൊരു കളങ്കവുമില്ല. എന്റെ ശിശുക്കരം ഈ രണ്ടു സൗന്ദര്യത്തോടും ഒരു വിധത്തിലും സാമ്യമുള്ളവരല്ല''.[13]

അപ്രേം ഒരു മരിയ ഭക്തനായിരുന്നു. അദ്ദേഹത്തിന്റെ ഒരു പ്രസംഗം ഇപ്രകാരമാണ്: ''കന്യകേ നാഥേ, അമലോത്ഭവയായ ദൈവജനനി, ഏററം മഹത്വപൂണ്ണയായ എന്റെ നാഥേ, എന്റെ ഏററം വലിയ ഉപകാരിണീ, ആകാശത്തേക്കാരം മഹോന്നതേ,സൂര്യകിരണങ്ങളേക്കാളും മിന്നൽപിണറിനേക്കാളും പതിന്മടങ്ങു പരിശുദ്ധേ, അഹറോന്റെ തളിത്ത വടിയേ നീ സത്യമായും ഒരു സസ്യമായി (virga) പ്രത്യക്ഷപ്പെട്ടു. പുഷ്പമായ നിന്റെ സുതൻ യഥാത്ഥത്തിൽ ഞങ്ങളുടെ ക്രിസ്തുവാണ്. എന്റെ ദൈവവും സ്രഷ്ടാവുമാണ്. നീ ശാരീരികമായ വിധത്തിൽ ദൈവത്തിനും വചനത്തിനും ജന്മം നല്കി. പ്രസവത്തിനുമുമ്പു നീ കന്യാത്വം സംരക്ഷിച്ചു. പ്രസവത്തിനുശേഷവും നീ കന്യകതന്നെയായിരുന്നു. ഞങ്ങരം നിന്റെ പുത്രനായ ദൈവമായ ക്രിസ്തുവിനോടു രമ്യപ്പെടുകയും ചെയ്തു'' (Oratio ad Sanctissimam Dei Matrem R 745). ഇങ്ങനെ അനേകം വിശേഷണങ്ങരം കോർത്തിണക്കിയാണ് മാർ അപ്രേം പ്രാത്ഥിക്കുന്നതു്.

### യുഗാന്ത്യോന്മുഖവീക്ഷണം

അപ്രേമിന്റെ യുഗാന്ത്യോന്മുഖവീക്ഷണം അദ്ദേഹത്തിന്റെ സമകാലീന ചിന്താഗതിയോടു് സാദൃശമാണ്. നരകത്തിലെ പീഡനങ്ങരം നിത്യമാണെന്നു്

13 Ephraem, Carmina Nisibena 27, 28 R. 719.

www.malankaralibrary.com

സമകാലീനരെപ്പോലെ ഇദ്ദേഹവും പഠിപ്പിച്ചു. രക്ഷിക്കപ്പെട്ട ആത്മാക്കളും അന്തിമ ഉയിർപ്പുവരെ ഒരു നിദ്രയിലെന്നപോലെ കാത്തിരിക്കണം. ശുദ്ധീകരണസ്ഥലവും പ്രസക്തമാണ് ഇദ്ദേഹത്തിൻെറ ചിന്തയിൽ.

## സഭാശാസ്ത്രം

പ്രസിദ്ധമാണ് അപ്രേമിൻെറ സഭാശാസ്ത്ര വീക്ഷണം. സഭയ്ക്കു് ക്രിസ്തുവിൻെറ ശരീരമെന്ന നിലയ്ക്കു് നാലു ലക്ഷണങ്ങളുണ്ടു്—ഏകം, പരിശുദ്ധം, ശ്ലൈഹികം, സാർവ്വത്രികം. സഭയ്ക്കു് അപ്രമാദിത്വമുണ്ടു്. അതുപോലെ പത്രോസിനു് പരമാധികാരവും ഉണ്ടെന്നു് അപ്രേം വിശ്വസിച്ചുപോന്നു. പത്രോസിൻെറ പരമാധികാരം അംഗീകരിച്ചുകൊണ്ടുള്ള ഒരു ഗാനം ഇദ്ദേഹത്തിൻേറതായുണ്ടു്. അതിൽ തിരുസഭയുടെ അടിസ്ഥാനവും ശിഷ്യന്മാരുടെ ശിരസ്സുമായി പത്രോസിനെ വിശേഷിപ്പിക്കുന്നു. സഭയ്ക്കു് തെററുകൾ കടന്നുവന്നാൽ തടയുവാനും പരമാധികാരമുണ്ടു്.

## കൂദാശകൾ

അപ്രേമിൻെറ ദൃഷ്ടിയിൽ പരിശുദ്ധ ത്രിത്വമാണു് കൗദാശികശക്തിയുടെ ഉറവിടം. അദ്ദേഹം അക്കാലത്തുള്ള മാമോദീസാ, സൈഥര്യലേപനം, കുർബാന, തിരുപ്പട്ടം ഇവയെക്കുറിച്ചുള്ള സൂചനകൾ നല്കുന്നുണ്ടു്. പുണ്യവാന്മാരുടെ മദ്ധ്യസ്ഥാപേക്ഷയെപ്പററിയും ഇദ്ദേഹം എഴുതിയിട്ടുണ്ടു്. അവസാന അത്താഴസമയത്തു് അപ്പവും വീഞ്ഞും എടുത്തു വാഴ്ത്തി ക്രിസ്തുനാഥൻ സ്വന്തശരീരവും രക്തവുമാക്കി മാററി സ്വശിഷ്യർക്കു കൊടുത്തു. ക്രിസ്തുവിനെത്തന്നേയും അരൂപിയേയും ഈ വിശുദ്ധവസ്തുക്കളിൽ നിറച്ചുകൊണ്ടാണു് ഇവ തൻെറ തിരുശരീരവും തിരുരക്തവുമാക്കി രൂപാന്തരപ്പെടുത്തിയതു് എന്നു് അപ്രേം പഠിപ്പിക്കുന്നു. ഇതു് ഒരു ബലിയും കൂദാശയും ആണെന്നു് അപ്രേം വിശ്വസിച്ചിരുന്നു.

www.malankaralibrary.com

## 5 മാർ ഇസഹാക്ക് (Isac of Amid+C. 418)

മാർ ഇസഹാക്ക് 4—ാം നൂററാണ്ടിൻെറ രണ്ടാം പകുതിയിലും അഞ്ചാം നൂററാണ്ടിൻെറ ആരംഭത്തിലും ജീവിച്ചിരുന്ന സുറിയാനിസഭാപിതാവാണ്. മാർ അപ്രേമിൻെറ ശിക്ഷണം ലഭിച്ച ഇദ്ദേഹം കാലാന്തരത്തിൽ സുറിയാനിഭാഷയിലെ ഒരു പ്രസിദ്ധ കവിയായിത്തീൎന്നു. അഞ്ചാം നൂററാണ്ടിൻെറ ആരംഭത്തിൽ ഇദ്ദേഹം റോമിലും പിന്നീട് പല സ്ഥലങ്ങളിലും സഞ്ചരിച്ചശേഷം ഓമീദിൽ എത്തി വൈദികപട്ടം സ്വീകരിക്കുകയും അജപാലനജോലിയിൽ മുഴകി ജീവിതം കഴിക്കുകയും ചെയ്തു. ഏ. ഡി. 418—ൽ ഇദ്ദേഹം മരണം പ്രാപിച്ചു.

പല കൃതികരം ഇദ്ദേഹം എഴുതിയിട്ടുണ്ടെന്നും[14] എന്നാൽ എല്ലാം നാമാവശേഷമായി എന്നും കരുതി വരുന്നു. വി. അപ്രേമിനെ അനുകരിച്ച് കവിതാരൂപത്തിലായിരുന്ന കൃതികളിൽ സിംഹഭാഗവും.[15]

## 6 എദേസായിലെ റാബുളാ (Rabbula of Edessa 350-436)

ഏ. ഡി. 350—ൽ കെറോസറിൽ വിഗ്രഹാരാധകരായ മാതാപിതാക്കളിൽ നിന്ന് റാബുളാ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഇദ്ദേഹം സിവിൽ സൎവ്വീസിൽ ചേൎന്നു. ഏ. ഡി 400—ൽ റാബുളാ യോൎദ്ദാൻ നദിയിൽവച്ച് മാമോദീസാ സ്വീകരിച്ചു. പിന്നീട് ഇദ്ദേഹം സന്യാസജീവിതം തിരഞ്ഞെടുത്തു. 412—ൽ ഡയോജനിസിൻെറ (Diogenes) പിൻഗാമിയായി എദേസായിലെ മെത്രാനായി. മെത്രാനെന്ന നിലയിൽ യഹൂദരെ ശിഷ്യപ്പെടുത്തുന്നതിനും അതുപോലെ സഭാശത്രുക്കരംക്കെതിരായി പടപൊരുതുന്നതിനും ഇദ്ദേഹം വളരെ യത്നിച്ചു. വൈദികരുടേയും സന്യാസികളുടേയും ആദ്ധ്യാത്മിക പുനരുദ്ധാരണത്തിലായിരുന്നു ഇദ്ദേഹത്തിൻെറ

---

14 Ibid., p. 222.

15 P. Zingerle, Monumenta Syriaca I Oeniponte, 1869 Cfr. pp. 13–20

www.malankaralibrary.com

മുഖ്യശ്രദ്ധ.[16] തന്റെ തന്നെ വൈദികരിൽ നിന്നും റാബുളാക്ക് എതിർപ്പുകളുണ്ടായി. എഫേസൂസ് (431) സൂനഹദോസിൽ ഇദ്ദേഹം സിറിലിന്റെ പക്ഷത്തായിരുന്നു. ഇദ്ദേഹത്തിന്റെ ജീവിതസായാഹ്നഘട്ടത്തിൽ(412–435) ആണ് നെസ്തോറിയനിസത്തെ റാബുളാ ശക്തിയായി അപലപിച്ചത്. ഇദ്ദേഹം വി. അപ്രേമിന്റെ സഹപ്രവർത്തകനായിരുന്നു. 436–ൽ റാബുളാ നിര്യാതനായി.

## കൃതികൾ:

രണ്ടു നിയമസംഹിതകൾ (Rules of Life for Clergy and Monks) പുരോഹിതർക്കായും സന്യാസികൾക്കായും യഥാക്രമം എഴുതി. അതുപോലെ പട്ടാഭിഷേകശ്രുമവും. ഇവയെല്ലാം സുറിയാനിഭാഷയിലാണ് എഴുതിയിരുന്നത്. ഇദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയ പ്രസംഗങ്ങളും ചരമപ്രസംഗങ്ങളും പ്രസിദ്ധങ്ങളാണ്. നെസ്തോറിയൻ പാഷണ്ഡതക്കെതിരായി ഒരു പ്രസംഗസമാഹാരവും ഇദ്ദേഹം എഴുതിയിട്ടുണ്ട്. അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിലിന്റെ 'ശരിയായ വിശ്വാസത്തെക്കുറിച്ച്',(On the Right Faith)എന്ന കൃതി ഇദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

റാബുളാ എഴുതിയതാണെന്ന് കരുതപ്പെടുന്ന 40 കത്തുകളും ഏതാനും ചില കീർത്തനങ്ങളും ഭാഗികമായി കണ്ടു കിട്ടിയിട്ടുണ്ട്.

## 7 ബാലായ് (Balai)

നാലാം നൂററാണ്ടിന്റെ രണ്ടാംഘട്ടത്തിലാണ് ബാലായ് ജനിച്ചത്. മാർ അപ്രേമിന്റെ ശിഷ്യനായിരുന്നു ബാലായ്. ഇദ്ദേഹം എഴുതിയ സുറിയാനി കീർത്തനങ്ങൾ അന്ത്യോക്യൻ ആരാധനാക്രമത്തിൽ ഇന്നും കാണുന്നുണ്ട്. വിശുദ്ധകുർബാനയിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തിന് സാക്ഷിയാണ് ബാലായ്. അതുപോലെ, സഭാസ്നേഹിയുമായിരുന്നു ഇദ്ദേഹം. ക്രിസ്തു

16 The Rev. J. Tixeront, HandBook of Patrology P. 221

www.malankaralibrary.com

വിൽ രണ്ടു സ്വഭാവമുണ്ടെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

### കൃതികൾ:

കവിതകൾ വഴിയാണു് ബാലായ് തന്റെ ആശയങ്ങൾ പ്രദർശിപ്പിച്ചതു്. 'ഹെൻലെ ഹട്ടാഗെ' (Haen Le Hattagae) എന്ന കവിതയിൽ യൗസേപ്പിന്റെ ചരിത്രം വിവരിക്കുന്നു. 'മോശയും അഹറോനും വിട' (Farewell of Mosses and Aron) ആണു് മറെറാരു പ്രധാനകൃതി.

## 8 ഈബാസ് (Ibas + C. 457)

ഈബാസിന്റെ ബാല്യകാല ചരിത്രം അജ്ഞാതമാണു്. റാബുളാ എദേസായിൽ മെത്രാനായിരുന്നപ്പോൾ ഈബാസ് എദേസൻ മതാദ്ധ്യാപനാലയത്തിന്റെ അധിപനായിരുന്നു. മെത്രാനായ റാബുളായുമൊന്നിച്ചു് എഫേസൂസ് സുനഹദോസിൽ (431) സംബന്ധിച്ചിരുന്നു. റാബുളായുടെ മരണശേഷം എ. ഡി. 435—ൽ ഇദ്ദേഹത്തെ എദേസായിലെ മെത്രാനായി അഭിഷേകം ചെയ്തു. എ. ഡി. 445—ൽ നെസ്തോറിയൻ അനുഭാവിയായി ഇദ്ദേഹത്തെ മുദ്രകുത്തി. 449 ലെ തസ്കരസിനഡ് ഇദ്ദേഹത്തെ മെത്രാൻ സ്ഥാനത്തു നിന്നും ബഹിഷ്കൃതനാക്കി[17]. പക്ഷേ, 451—ൽ ഇദ്ദേഹത്തിനു് സ്വന്തസ്ഥാനം വീണ്ടു കിട്ടുകയും തുടന്നു് ഇടയനടുത്ത തന്റെ ജോലി വിശ്വസ്തതയോടു കൂടി നിറവേററുകയും ചെയ്തു. എ. ഡി. 457—ൽ ഇദ്ദേഹം നിര്യാതനായി.

### കൃതികൾ:

സുറിയാനി ഭാഷയിൽ പല കൃതികളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. എന്നാൽ ഇന്നു് അതിന്റെ തർജ്ജിമകൾ മാത്രമേയുള്ളു. അതിൽ പ്രധാനപ്പെട്ടവ 'Acts of the Chalcedon Council'; 'Acts of the Synod of the Three chapters' എന്നിവയാണു്.[18]

---

17 F. Cayre A. A Manual of Patrology and History of Theology, Paris, 1940 Vol 2, p. 47.

18 E. R. Hayes, L' e' cole de Edesse, paris 1930 Cfr.

www.malankaralibrary.com

## 9 ശെമഓൻ ദെസ്തൂനി (Simeon the Stylite C. 389–459)

മാർശെമഓൻ സുറിയാനി സഭയിലെ പ്രസിദ്ധനായ ഒരു സന്യാസിയാണ്. 'ശെമഓൻ ദെസ്തൂനി' എന്ന പേരിലാണ് സാധാരണയായി ഇദ്ദേഹം അറിയപ്പെടുന്നത്. ക്രിസ്തീയ മാതാപിതാക്കളിൽ നിന്നും ഏ. ഡി. 389-ൽ സിറിയായുടേയും സിലിച്ചിയായുടേയും പ്രാന്തപ്രദേശമായ സിസ് (Sis) എന്ന സ്ഥലത്ത് ഇദ്ദേഹം ഭൂജാതനായി. യൗവനത്തിൽതന്നെ ശെമഓൻ സന്യാസം വരിച്ച് പ്രാർത്ഥന, ഉപവാസം, വ്രതാനുഷ്ഠാനം, ഇവയിൽ വ്യാപൃതനായി ജീവിച്ചു. പിന്നീട്, ആലപ്പോ സ്കൂട്ടത്ത് തനിക്കായി ഒരു തൂണ പണിത് അതിന്മേൽ 40 വർഷം പ്രാർത്ഥനയും വ്രതാനുഷ്ഠാനവുമായി കഴിച്ചു കൂട്ടി. തൂണിന്മേൽ ജീവിച്ചതു കൊണ്ടാകാം 'ദെസ്തൂനി' എന്ന പേര് ലഭിച്ചത്. ഏ.ഡി. 459-ൽ ഇദ്ദേഹം ഇഹലോക വാസം വെടിഞ്ഞു.[19]

## 10 സാറൂഗിലെ വി. യാക്കോബ് (Jacob of Sarug 451–521)

യൂഫ്രട്ടീസ് തീരത്തുള്ള കുർത്താമിൽ (Curtam) ഏ. ഡി. 451-ൽ വി. യാക്കോബ് ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് ഒരു പേഗൻ വൈദികനായിരുന്നു. പ്രസിദ്ധമായ എദേസൻ മതാദ്ധ്യാപനാലയത്തിൽ നിന്നാണ് ഇദ്ദേഹത്തിനു ശിക്ഷണം ലഭിച്ചത്. ഇരുപത്തിരണ്ടാമത്തെ വയസിൽ 5 മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ വച്ച് ഇദ്ദേഹത്തിന്റെ വിശ്വാസം പരീക്ഷിക്കപ്പെട്ടതായി പറയുന്നു. പില്ക്കാലത്ത് ഇദ്ദേഹം ഒരു സന്യാസിയായിത്തീന്നു. 519-ൽ ബെററ്നാനിലെ (Betnan) മെത്രാനായി തിരഞ്ഞെടുക്കുന്നതുവരെ ഹവുറായിലെ (Haura) വികാരി ജനറാളായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം ഒരു ഏക സ്വഭാവവാദിയാണെന്നും അല്ലെന്നും രണ്ടഭിപ്രായ

---

19 E. E. Assemani, A. S. M 2, 268–394, M. S. Vat.

www.malankaralibrary.com

മുണ്ട്. 521-ൽ ബെററ്നാനിൽ വച്ച് വി. യാക്കോബ് നിര്യാതനായി.

**കൃതികൾ:**

ഗദ്യത്തിലും പദ്യത്തിലുമായി ധാരാളം സാഹിത്യ കൃതികൾ രചിച്ചിട്ടുണ്ട് ഇദ്ദേഹം. യാക്കോബിൻേറതായി 195 പ്രസംഗങ്ങൾ കണ്ടു കിട്ടിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടത് 'ക്രിസ്തുവിൻെറ പീഡാനുഭവം', വിശ്വാസവും സൗഭാഗ്യങ്ങളും, ശുദ്ധീകരണ സ്ഥലം, ശവസംസ്കാരകർമ്മം എന്നിവയെക്കുറിച്ചുള്ളവയാണ്. മരണശേഷം ആത്മാവ് ഷിയോളിൽ (Sheol) അന്തിമ ഉയിപ്പു വരെ ഉറങ്ങുകയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. മരണം വഴി നിശബ്ദരാക്കപ്പെടുന്നതുവരെ ഓരോ മനുഷ്യനും ദൈവത്തെ പാടി സ്തുതിക്കുവാൻ ബാദ്ധ്യസ്ഥനാണെന്ന് യാക്കോബ് ഉദ്ബോധിപ്പിച്ചിട്ടുണ്ട്. മരണശേഷം ആത്മാവിൻെറ ദൈവത്തിങ്കലേക്കുള്ള യാത്ര തീക്കടലിൻെറ മുകളിൽ കൂടിയാണെന്നും അപകടം നിറഞ്ഞ ഈ യാത്രയിൽ മാലാഖമാരുടേയും മാമോദീസാ കുബ്ബാന എന്നീ കൂദാശകളുടേയും സദ് പ്രവൃത്തികളുടേയും സഹായം ആത്മാവിനു ഉപകാരമായി ഭവിക്കുമെന്നും ഇദ്ദേഹം വിശ്വസിച്ചിരുന്നു.

മരണസമയത്തുതന്നെ നല്ലവനു സമ്മാനവും ദുഷ്ടനു ശിക്ഷയും ലഭിക്കും. തിന്മകൾ ചെയ്യുവർ മരിക്കുമ്പോൾ വലുതും ഭയാനകവുമായ കുഴിയിലേക്ക് നിപതിക്കും—സത്പ്രവൃത്തികൾ ചെയ്യുവർ ദൈവത്തോടു ചേരുകയും സ്വർഗ്ഗഭാഗ്യം അനുഭവിക്കുകയും ചെയ്യുന്നു.

എവാഗ്രിയൂസ് പൊന്തിക്കൂസിൻെറ (Evagrius Ponticus) 'ആറു നൂററാണ്ടുകൾ' (6 Centuries) എന്ന കൃതി ഇദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

പുതിയ നിയമ—പഴയനിയമവ്യാഖ്യാനങ്ങൾ, കൂദാശകൾ, മരിച്ചവരുടെ ഓർമ്മ എന്നീ ഗദ്യലിഖിതങ്ങളിൽ യാക്കോബിൻെറ മനഃശാസ്ത്രപരമായ ജ്ഞാനവും അതുപോലെ അഗാധമായ വികാരവായ്പും വ്യക്തമായി പ്രതി

www.malankaralibrary.com

ഫലിക്കുന്നു. ആദ്യകാല മരിയശാസ്ത്രത്തിന്റെ വികാസത്തിനു് ഇദ്ദേഹത്തിന്റെ പഠനങ്ങൾ വളരെ വിലപ്പെട്ടതാണു്.

വ്യക്തിപരവും ഗാനാത്മകവുമായ ഒരു ശൈലിയും വ്യാഖ്യാനവുമാണു് ഇദ്ദേഹത്തിന്റേതു്.

മാറോനീത്താ റീത്തിൽ വി. യാക്കോബിന്റെ അനാഫൊറ ഉപയോഗിച്ചു വരുന്നു. വി. കുർബാന, മാമോദീസാ, സൈ്ഥര്യലേപനം എന്നിവയുടെ ക്രമങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ടു്.

## 11 നിസീബിസിലെ നർസായി (Narsai of Nisibis 399–502)

'പൗരസ്ത്യദിക്കിന്റെജിഹ്വാ' (The Tongue of the East) 'ക്രിസ്തുമതത്തിന്റെ കവി' (The poet of christian religion) 'പരിശുദ്ധാത്മാവിന്റെവീണ' (The Harp of the spirt), എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന[20] നർസായി ജനിച്ചതു് 399ലാണു്. എദേസൻ മതാദ്ധ്യാപനാലയത്തിൽ നിന്നാണു് നർസായി ശിക്ഷണം സ്വീകരിച്ചതു്. 437ൽ നർസായി തന്നെ ആ മതാദ്ധ്യാപനാലയത്തിന്റെ നിയന്താതാവായി എന്നു കാണുമ്പോൾ അദ്ദേഹത്തിന്റെ മഹത്വം എത്ര ഉന്നതമായിരുന്നുഎന്നു് നമുക്കു്ഊഹിക്കാവുന്നതാണല്ലോ. ഇദ്ദേഹം മൊപ്സുവെസ്ത്യായിലെ തെയദോറിന്റെ ഒരു മികച്ച ആരാധകനും ശിഷ്യനുമായിരുന്നു. 457–ൽ എദേസാ വിട്ടു് നിസീബിസിലെത്തിയ നർസായി ബാർസൗമാ (Barsauma) എന്ന മെത്രാന്റെ നിർദ്ദേശപ്രകാരം അവിടെ മതാദ്ധ്യാപനാലയം തുടങ്ങി. 103–ാമത്തെ വയസ്സിൽ, നർസായി മരിക്കുന്നതുവരെ, ഏകദേശം 40 വർഷക്കാലം ഈ മതാദ്ധ്യാപനാലയത്തെ ഇദ്ദേഹം നയിച്ചു.

---

20 F, Cayre, Manual of Patrology, p. 48.

www.malankaralibrary.com

**കൃതികൾ:**

മുന്നൂറോളം പ്രസംഗങ്ങളും കീർത്തനങ്ങളും നർസായി എഴുതിയതായി പറയപ്പെടുന്നു. കൂടാതെ പൗരസ്ത്യ സുറിയാനിയിൽ ഏതാനും പ്രാർത്ഥനകളും ഒരു ശവസംസ്കാര ക്രമവും ഇദ്ദേഹം രചിക്കുകയുണ്ടായി.[21]

ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നും ഇവ സ്നേഹം മൂലം ഒററ വ്യക്തിയിൽ യോജിച്ചിരിക്കുന്നുവെന്നും നർസായി വിശ്വസിച്ചിരുന്നു. ഈ ഏകസത്ത ഒരു വിഭജനത്തിനും വേർപെടുത്താവുന്നതല്ല. ക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമാണ്.

## 12 മാബൂക്കിലെ ഫിലേക്സേനസ് (Philoxenus of Mabbogh 435–523)

ഏ.ഡി 435–ൽ പേർഷ്യൻ പ്രവിശ്യയായ താഹാലിൽ ഇദ്ദേഹം ജനിച്ചു. എദേസായിലാണ് ഫിലേക്സേനസ് വിദ്യ അഭ്യസിച്ചത്. അവിടെവച്ചുതന്നെ ഇദ്ദേഹം നെസ്തോറിയനിസത്തോടു് എതിർപ്പുള്ളവനായി 485–ൽ ഫിലേക്സേനസ് മാബൂക്കിലെ മെത്രാനായി. 498 മുതൽ 512വരെ അന്ത്യോക്യായിലെ പാത്രിയാർക്കീസായിരുന്ന ഫ്ളാവിയനുമായി ദൈവശാസ്ത്രപരമായ വിയോജിപ്പുണ്ടായിരുന്നു ഇദ്ദേഹത്തിന്. ജസ്റ്റിൻ ഒന്നാമൻ ചക്രവർത്തി ഏകസ്വഭാവവാദികളായ മെത്രാന്മാരോടൊപ്പം 518–ൽ ഫിലേക്സേനസിനേയും നാടുകടത്തി.[22] ഗാങ്റായിൽ വച്ച് (Gangra) ഇദ്ദേഹം 4523–ൽ വധിക്കപ്പെട്ടു.

**കൃതികൾ:**

വി. ഗ്രന്ഥവിവർത്തനം:

ഒരു പ്രസിദ്ധ വേദപുസ്തക വ്യാഖ്യാതാവാണ് ഫിലേക്സേനസ്. ഇദ്ദേഹമെഴുതിയ മത്തായിയുടേയും ലൂക്കായുടേയും യോഹന്നാൻേറയും വ്യാഖ്യാനങ്ങൾ ഇന്നു് നില

---

21 The Rev. J. Tixeront, Hand book of Patrology p. 320.
22 Ibid. p. 323.

www.malankaralibrary.com

വിലുണ്ട്. സ്മിർണായിലെ കോർ എപ്പിസ്ക്കോപ്പയായിരുന്ന പോളിക്കാർപ്പിൻെറ നിർദ്ദേശപ്രകാരമാണ് ഇദ്ദേഹം സുറിയാനി വേദപുസ്തക വിവർത്തനം നടത്തിയത്. ഇത് ഇദ്ദേഹത്തിൻെറ പേരിൽ തന്നെയാണ് (Philoxenian) അറിയപ്പെടുന്നത്. പഴയനിയമത്തിലേയും പുതിയനിയമത്തിലേയും വിവർത്തനം ചെയ്ത ചില ഭാഗങ്ങൾ ഇന്നു ലഭ്യമാണ്.

ത്രിത്വത്തെ സംബന്ധിക്കുന്ന ഫിലേക്സേനൂസിൻെറ മൂന്നു കൃതികൾ, മനുഷ്യാവതാരത്തെ സംബന്ധിക്കുന്ന കൃതികൾ, ധാർമ്മികവും ആദ്ധ്യാത്മികവീക്ഷണം ഉൾക്കൊള്ളുന്നതുമായ ചില കത്തുകൾ ഇവ വിലപ്പെട്ടതുതന്നെ എന്നതിൽ രണ്ടഭിപ്രായമില്ല. കൂടാതെ ക്രിസ്തീയജീവിതത്തെ സംബന്ധിച്ച് (On Chriatian Life) 13 പ്രസംഗങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്.

**പ്രബോധനങ്ങൾ:**

കൃതികളിലൂടേയും പ്രസംഗങ്ങളിലൂടേയും ഇദ്ദേഹത്തിൻെറ ആശയങ്ങൾ തെളിഞ്ഞു കാണാം.

ഒരു തികഞ്ഞ ദൈവശാസ്ത്രജ്ഞനാണിദ്ദേഹം. ബുദ്ധിക്ക് (Reason) ദൈവശാസ്ത്രത്തിൽ അമിത പ്രാധാന്യം കൊടുക്കുന്നതിനോട് ഇദ്ദേഹം എതിരായിരുന്നു. ക്രിസ്തുവിജ്ഞാനീയമാണ് ഇദ്ദേഹത്തിൻെറ കാതലായ സംഭാവന. ഏററവും കൂടുതൽ പ്രബോധങ്ങൾ നൽകിയിട്ടുള്ളതും ഈ വിഷയത്തിൽ തന്നെയാണ്. വചനം മാംസമായിതീർന്നു എന്ന മഹാരഹസ്യത്തെക്കുറിച്ച് ഇദ്ദേഹം ആഴമായി ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിനും പരിശുദ്ധത്രിത്വത്തിനും ഒരേ വാക്കുകൾ ഉപയോഗിച്ചാണ് ഫിലേക്സേനൂസ് വിവരിക്കുക. ഇദ്ദേഹം മറിയത്തെ ദൈവ മാതാവായാണ് കണക്കാക്കിയിരുന്നത്.

www.malankaralibrary.com

### അദ്ധ്യായം ഏഴ്

# സഭാപിതാക്കന്മാരുടെ കാലത്തെ പാഷണ്ഡതകൾ

സഭയുടെ പരമ്പരാഗതമായ പ്രബോധനങ്ങൾക്ക് വിരുദ്ധമായി വ്യക്തികൾ ആവിഷ്കരിക്കുന്ന തത്വങ്ങളാണ് പാഷണ്ഡതകൾ. വിവിധ കാലങ്ങളിൽ വ്യത്യസ്തങ്ങളായ പാഷണ്ഡതകൾ സഭയിൽ ഉണ്ടായിട്ടുണ്ട്. ക്രിസ്തുമതത്തെ അന്യസംസ്കാരങ്ങളുമായി അനുരൂപപ്പെടുത്തുവാനും വിജാതീയ സാഹിത്യ രീതികളിൽ അതിന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുവാനും നടത്തിയ പരിശ്രമങ്ങളാണ് പാഷണ്ഡതകളുടെ ആവിർഭാവത്തിന് മുഖ്യകാരണം. ആദിമനൂററാണ്ടുകളിലെ പ്രധാനപ്പെട്ട പാഷണ്ഡതകളെക്കുറിച്ചുള്ള ഒരു പഠനമാണ് ഈ അദ്ധ്യായം. ഓരോ പാഷണ്ഡതയുടെയും ഉത്ഭവ കാരണങ്ങൾ, പരിണതഫലങ്ങൾ, അവക്കെതിരെ സഭാപിതാക്കന്മാർ കൈക്കൊണ്ട നിലപാടുകൾ എന്നിവയാണ് ഇതിലെ പ്രതിപാദ്യം.

സഭയുടെ ആരംഭകാലത്തു് പ്രത്യേകിച്ചും ദ്വിതീയ ശതകത്തിൽ രണ്ടു തരത്തിലുള്ള പാഷണ്ഡതകളെയാണ് സഭ അഭിമുഖീകരിച്ചതു്. യഹൂദ പാരമ്പര്യങ്ങളുടെ പശ്ചാത്തലത്തിൽ ആവിർഭവിച്ചവയെന്നും, ഗ്രീക്കു തത്വചിന്തയുടെ സ്വാധീന ഫലമായി ഉടലെടുത്തവയെന്നും ഇവയെ വിശേഷിപ്പിക്കാം.

## 1. യഹൂദപാഷണ്ഡതകൾ:

പുതിയതായി ക്രിസ്തുമതം സ്വീകരിച്ച യഹൂദന്മാർക്ക് ക്രൈസ്തവാചാരങ്ങളുമായി പൊരുത്തപ്പെടുക ദുഷ്കരമായിരുന്നു. ഈ സന്നിദ്ധാവസ്ഥ ജന്മം നല്കിയ പാഷണ്ഡതകൾ ഇവയത്രെ:—

www.malankaralibrary.com

## a എബിയോണൈററ്സ് (Ebionites)

ഈ പദത്തിന്റെ ഉത്ഭവം 'എബിയോൺ' (Ebion) എന്ന ഒരു ദാർശനികനിൽ നിന്നാണെന്നും, അതല്ല 'എബിയോൺ' (ദരിദ്രർ) എന്ന ഒരു ഹെബ്രായ പദത്തിന്റെ നിഷ്പാദനമാണ് ഈ പദമെന്നും ഭിന്നാഭിപ്രായങ്ങളുണ്ട്. നന്മയും തിന്മയും ദൈവം ആദിയിൽ സൃഷ്ടിച്ചതാണെന്നും, ഇപ്പോൾ തിന്മയുടെ ആധിപത്യമാണ് നിലവിലിരിക്കുന്നത് എങ്കിലും വരുവാനിരിക്കുന്നലോകത്തിൽ നന്മ വിജയിക്കുമെന്നും എബിയോണൈററ്സ് വിശ്വസിച്ചു. ക്രിസ്തുവിന്റെ പീഡാസഹനത്തിന് എന്തെങ്കിലും രക്ഷാകരമൂല്യമുണ്ടെന്ന് അവർ കരുതുന്നില്ല. ദൈവഹിതാനുവർത്തിയായ ക്രിസ്തുവിനെ ജ്ഞാനസ്നാനഘട്ടത്തിൽ പിതാവ് രക്ഷകനായി അഭിഷേചിച്ചുവെങ്കിലും പീഡാനുഭവവേളയിൽ ക്രിസ്തുവിൽ നിന്നും മിശിഹാ വേർപെട്ടുപോയെന്നാണ് അവരുടെ വിശ്വാസം. യഹൂദ മതാചാരങ്ങൾ മുറുകെ പിടിച്ച അവരിൽ ഒരു കൂട്ടരെ 'ഫരിസേയവർഗ്ഗത്തിൽപ്പെട്ട എബിയോന്യർ' (Pharisaic Ebionites) എന്നും മററുള്ളവരെ 'എസ്സീൻ എബിയോന്യർ' (Essene Ebionites) എന്നും വിളിക്കുന്നു.

## b സെറിന്തുസ് (Cerinthus)

ഇറനേവൂസ് (Irenaeus), ഹിപ്പോളിററസ് (Hyppolytus) തുടങ്ങിയ സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നത് ഇദ്ദേഹം ഏഷ്യാ മൈനറിൽ ജീവിച്ചിരുന്ന ഒരു ജ്ഞാനവാദിയാണെന്നാണ്. വി. യോഹന്നാൻ സുവിശേഷമെഴുതിയതു് സെറിന്തുസിന്റെ പഠനങ്ങളെ എതിർക്കുവാനായിരുന്നുവെന്നും ഇറനേവൂസ് പ്രസ്താവിക്കുന്നുണ്ട്. ക്രിസ്തു ഒരു സാധാരണ മനുഷ്യനായിരുന്നുവെന്നും ദൈവാരൂപിയുടെ ആവാസം മൂലം പിതാവിനെ വെളിപ്പെടുത്തുകയാണ് അവിടുന്ന് ചെയ്തതെന്നും എന്നാൽ ഈ പ്രത്യേക അനുഗ്രഹം പീഡാനുഭവം ആരംഭിച്ചതോടെ അപ്രത്യക്ഷമായെന്നും അദ്ദേഹം പഠിപ്പിച്ചു.

www.malankaralibrary.com

### c എൽക്കസൈററ്സ് (Elkasaites)

ദ്വിതീയ ശതകത്തിൻെറ ആദ്യദശകങ്ങളിൽ പ്രബലമായിത്തീന്ന ഒരു യഹൂദക്രൈസ്തവസമൂഹമാണ് എൽക്കസൈററ്സ്. എൽക്കസായ് (Elkasai) എന്നൊരാളാണ് ഇവരുടെ പ്രണേതാവായി അറിയപ്പെടുന്നത്. സിറിയ, പാത്തിയ തുടങ്ങിയ സ്ഥലങ്ങളിൽ എബിയോന്യരുടേതിനു സമാനമായ ചില ആശയങ്ങരം ഇദ്ദേഹം പഠിപ്പിച്ചു. എൽക്കസൈററ്സ് രക്തബലി, മാംസം, വീഞ്ഞ് എന്നിവയുടെ ഉപയോഗം നിഷിദ്ധമായി കരുതി. പാപമോചനാത്ഥം ഇവർ ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നു.

## II. യവനപാഷണ്ഡതകഠ:

ക്രൈസ്തവ സിദ്ധാന്തങ്ങരം ഗ്രീക്ക സാഹിത്യശൈലിയിലും ഭാവങ്ങളിലും അവതരിപ്പിക്കുവാനുള്ള ശ്രമത്തിൽ ഏതാനും പാഷണ്ഡതരം ആവിർഭവിച്ചു. രണ്ടാം നൂററാണ്ടിൽ വളരെ പ്രബലമായിത്തീന്നു ഈ പാഷണ്ഡതകഠം. ഇവ മൊൺടാനിസം (Montanism), ജ്ഞാനവാദം (Gnosticism), മാർസിയോണിസം (Marcionism), മുതലയാവയാണ്. മോഡലിസം ക്രിസ്തുമതത്തിൻെറ വാസ്തവികത തന്നെ അപകടത്തിലാക്കി. മൊൺടാനിസം സഭയുടെ വളച്ച്യും വികാസവും തടഞ്ഞു. ജ്ഞാനവാദം സഭയെ ലൗകായതികത്വത്തിലേക്ക് നയിച്ചു.

### a മൊൺടാനിസം (Montanism)

മൊൺടാനസ് (Montanus) എന്നൊരാളാണ് ഈ പാഷണ്ഡതയുടെ ഉപജ്ഞാതാവ്. ഇദ്ദേഹം 2–ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഏഷ്യാമൈനാറിലെ (Asia-minor) ഫ്രീജിയ (Phrygia) എന്ന സ്ഥലത്തു ജനിച്ചു. 170–തോടുകൂടി തനിക്ക് ദൈവത്തിൻെറ വെളിപാടുകളും ദശ്നങ്ങളും പരിശുദ്ധാത്മാവിൻെറ ആവാസവും ഉള്ളതായി മൊൺടാനസ് അവകാശപ്പെടുവാൻ തുടങ്ങി. പ്രിഷില്ല (Priscilla), മാക്സിമില്ല (Maximilla) എന്നീ രണ്ടു സ്ത്രീകളും ഇത്തരം അവകാശവാദങ്ങളുമായി മൊൺടാന

www.malankaralibrary.com

സിനെ സഹായിക്കുവാനെത്തി. അങ്ങനെ മെൺടാനിസം എന്ന പാഷണ്ഡത അതിവേഗം പ്രചരിച്ചു തുടങ്ങി.

ഒരു തത്വസംഹിത എന്നതിനെക്കാൾ സന്യാസികളുടേതുപോലുള്ള ജീവിതരീതിയായിരുന്നു മൊൺടാനിസം.[1] കഠിനതപസ്സും പ്രായശ്ചിത്തവും ഈ സിദ്ധാന്തത്തിന്റെ അനുഭാവികൾ അനുഷ്ഠിച്ചു പോന്നു. കർശനമായ ജീവിതചര്യയായിരുന്നു അവരുടേതു്. സ്വയം പരിത്യാഗത്തിനും ആത്മസംയമനത്തിനും അവർ അമിതപ്രാധാന്യം നല്കി. രണ്ടാം വിവാഹം അവർ നിഷിദ്ധമായിക്കരുതി. ക്രിസ്തുവിന്റെ ദ്വിതീയാഗമനം ക്ഷിപ്രസംഭവ്യമാണെന്നു കരുതിയ അവർ ലോകവുമായി യാതൊരു ബന്ധവും പുലർത്തിയിരുന്നില്ല. ലൗകികവും ഐഹികവുമായവയോടെല്ലാം നിഷേധാത്മകമായ ഒരു മനോഭാവമായിരുന്നു അവരുടേതു്.

മൊൺടാനിസം സഭയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. പല പ്രാദേശികമെത്രാന്മാരും മൊൺടാനിസത്തെ എതിർത്തു. അവസാനം സെഫിറിനസ് മാർപ്പാപ്പ (Pope Zephyrinus 198-218) ഈ പാഷണ്ഡതയെ ശപിച്ചു തള്ളി. മിൽറ്റിയാദസ് (Meltiades), സർദീസിലെ മെലീറ്റോ (Melito of Sardis), പ്രാക്സെയാസ് (Praxeas), അപ്പോളോനിയൂസ്(Appollonius), കായിയൂസ് (Caius) എന്നിവരും ഈ പാഷണ്ഡതക്കെതിരെ സ്വരം ഉയർത്തിയവരാണു്.

## b ജ്ഞാനവാദം (Gnosticism)

ദ്വിതീയശതകത്തിൽ സഭയ്ക്കു് ഏറ്റവും പ്രശ്നം സൃഷ്ടിച്ച പാഷണ്ഡതയാണു് ജ്ഞാനവാദം. യവനചിന്തയും ചില ക്രൈസ്തവാശയങ്ങളും മദ്ധ്യധരണ്യാഴി പ്രദേശത്തും പൗരസ്ത്യദേശങ്ങളിലും നിലവിലിരുന്ന ചില അക്രൈസ്തവ ജനങ്ങളുടെ സിദ്ധാന്തങ്ങളും കൂടിച്ചേർന്ന് ഒരു

1 Robert Barr, S. J. Main Currents in Early Christian Thought, New Jersey, 1966, P. 4.

www.malankaralibrary.com

മിശ്രിതമാണ് ജ്ഞാനവാദം. നെയോപ്ലേറ്റോണിസം (Neo Platonism), നെയോപൈതഗോറിയനിസം (Neo Pythagorianism), നെയോസ്റ്റോയിസിസം (Neo Stoicism), എന്നിവയുടെയെല്ലാം സവിശേഷതകളതിലന്തർഭവിച്ചിട്ടുണ്ട്. സഭയെ ലൗകികവൽക്കരിക്കുകയും ക്രിസ്തീയജീവിതരീതിയെ ആനുകാലികജീവിതരീതിയുമായി അനുരൂപപ്പെടുത്തുകയും ചെയ്യ എന്നതാണ് ജ്ഞാനവാദം സഭക്കു് ചെയ്ത ദ്രോഹം.

ജ്ഞാനവാദികൾ പ്രബലപ്പെട്ടതു് രണ്ടാം നൂററാണ്ടിലാണെങ്കിലും ക്രിസ്തുവിനുമുമ്പും ജ്ഞാനവാദത്തോടു ബന്ധപ്പെട്ട ആശയങ്ങൾ പ്രചരിച്ചിരുന്നു. സൈമൺ മാഗ്ഗസ് (Simon Magus) ഈ പാഷണ്ഡതയുടെ പ്രണേതാവായി അറിയപ്പെടുന്നു. സൈമൺ മാഗ്ഗസിൻെറ അദ്ധ്യാപകനായിരുന്ന ദൊസിതേവൂസ് (Dositheus), നിക്കോളാസ് (Nicholas), സൈമൺ മാഗ്ഗസിൻെറ ശിഷ്യനായിരുന്ന മെനാൻഡർ (Menandar), മെനാൻഡറിൻെറ ശിഷ്യനായിരുന്ന സത്തുർനിനസ് – (Saturninus), ബസിലീദസ് (Basilides) തുടങ്ങിയവർ ജ്ഞാനവാദത്തിൻെറ പ്രമുഖ വക്താക്കളായിരുന്നു. സ്വയം രക്ഷകനാണെന്നവകാശപ്പെട്ട മെനാൻഡർ, സിറിയയിലാണ് തൻെറ സിദ്ധാന്തങ്ങളെ പ്രചരിപ്പിച്ചതു്. ബസിലീദസ് സ്വസുതനായ ഇസിദോറിൻെറ സഹകരണത്തോടെ അലക്സാണ്ഡ്രിയായിൽ ജ്ഞാനവാദം പ്രചരിപ്പിച്ചു. ആദ്യം റോമിലും പിന്നീടു് ഈജിപ്തിലും പ്രബോധനങ്ങൾ നല്കിയ ജ്ഞാനവാദിയാണ് വാലൻൈറൻ (Valentine). ഇവക്കു പുറമേ അപ്പെല്ലസ് (Apelles), ബാർദൈസൻ (Bardasanes) കാർപോക്രാററസ് (Carpocratus), എപ്പിഫാനസ് (Epiphanes), ഫ്ളോറിനസ് (Florinus), ഹാർമോണിയസ് (Harmonius), ഹെറാക്ലയോൺ (Heraxeon), മാർസിയോൺ (Marcion), മാർക്ക്ടോളമി (Mark Ptolemy) തുടങ്ങിയ നിരവധി ജ്ഞാനവാദികളുണ്ടായിരുന്നു.

ധാരാളം സുവിശേഷങ്ങളും ലേഖനങ്ങളും നടപടികളും ജ്ഞാനവാദികൾ രചിച്ചിട്ടുണ്ട്. 'പിസ്തിസ്സോഫിയാ'



www.malankaralibrary.com

'മഹത്തായ വചനത്തിൻെറ രഹസ്യം,' 'മറിയത്തിൻെറ സുവിശേഷം,' യേശുവിൻെറ സ്നേഹം' എന്നിവ ജ്ഞാനവാദത്തിൻെറ ഉത്തമ ദൃഷ്ടാന്തങ്ങളാണ്. 1946–ൽ ഈജിപ്റ്റിൽനിന്ന് കുറെ ജ്ഞാനവാദ കൃതികൾ കണ്ടെടുക്കുകയുണ്ടായി.

## മുഖ്യപ്രബോധനങ്ങൾ[2]

ദൈവം, ലോകം, മനുഷ്യൻ, രക്ഷ, ധാർമ്മികത ഇവയാണ് ജ്ഞാനവാദികൾ ചർച്ച ചെയ്യുന്ന പ്രധാന വിഷയങ്ങൾ. ഇവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് അവരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. രണ്ടോ മൂന്നോ ജ്ഞാനവാദികൾ ഒന്നിച്ചുകൂടുമ്പോൾ ഒരേ വിഷയത്തെ കുറിച്ച് ഒരേ അഭിപ്രായമല്ല അവർ പറയുന്നതെന്ന് ഇറനേവൂസ് സാക്ഷ്യപ്പെടുത്തുന്നു. ദ്വൈതവാദം (Dualism), നിർഗ്ഗമനസിദ്ധാന്തം, ശുദ്ധവും വിശിഷ്ടവുമായ വിജ്ഞാനത്തിലൂടെയുള്ള നിത്യരക്ഷ, എന്നിവ ജ്ഞാനവാദത്തിൻെറ അടിസ്ഥാനതത്വങ്ങളാണ്. ജ്ഞാനവാദികളിൽ പ്രധാനമായി കാണുന്ന ആശയങ്ങൾ താഴെ കാണുന്നവയാണ്.

## ദൈവശാസ്ത്രം

തികച്ചും അപരനും അജ്ഞാതനും അതീന്ദ്രിയനുമാണ് ജ്ഞാനവാദികൾ ഉദ്ദേശം ചെയ്യുന്ന ദൈവം. വിശ്വത്തിൽനിന്നും ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള ജീവികളിൽ നിന്നും പൂർണ്ണമായി വ്യതിരിക്തനാണ് അവിടുന്ന്. ദൈവം പ്രപഞ്ചസ്രഷ്ടാവോ അതിൻെറ സംരക്ഷകനോ അല്ല. ഇരുളും വെളിച്ചവുംപോലെ പരസ്പരവിരുദ്ധമായാണ് ദൈവവും ഇതരജീവികളും വർത്തിക്കുക. വെളിപാടുകൾ കൊണ്ടുപോലും അവിടുത്തെ അറിയുക സാദ്ധ്യമല്ല. ഈ അർത്ഥത്തിൽ ദൈവം അഗ്രാഹ്യനാകയാൽ ദൈവം സ്ഥിതി ചെയ്യുന്നില്ല എന്നും ജ്ഞാനവാദികൾ അഭിപ്രായപ്പെടുന്നു.

---

2 Cfr. Henry Bettenson (Ed. and Tran.), The Early Christian Fathers, London, 1969, pp. 10-12.

www.malankaralibrary.com

## നിർഗ്ഗമനസിദ്ധാന്തം (Emanation)

പ്രപഞ്ചായഥാർത്ഥ്യങ്ങളുടെ ഘടനയെക്കുറിച്ച് പരിചിന്തിക്കുന്നതിനേക്കാൾ അവയുടെ ഉത്ഭവത്തെ കെട്ടുകഥാ രൂപത്തിൽ അവതരിപ്പിക്കുവാനാണ് ജ്ഞാനവാദികളുടെ പരിശ്രമം. ദൈവത്തിനും, മനുഷ്യർക്കുമിടയിൽ മദ്ധ്യവർത്തികളായ ഏതാനും ജീവികളുണ്ട്. ദൃശ്യവും സ്പൃശ്യവുമായ ഒരു ലോകവും അരൂപികളുടേതായ, അഗോചരമായ മറെറാരു ലോകവും ജ്ഞാനവാദം വിഭാവനം ചെയ്യുന്നു. ഡെമിയുർജ് (Demiurge) എന്ന ഏകവ്യക്തിയുടെയോ ഏഴു പേരടങ്ങുന്ന ആർക്കോൺസ് (Archons) എന്ന സമൂഹത്തിൻെറയോ പ്രവർത്തനഫലമായി പ്രപഞ്ചം രൂപംകൊണ്ടു. അധ:പതിച്ച 'സോഫിയാ'യുടെ—, "ആകാമൊത്" (Achamoth) എന്നും വിളിക്കാറുണ്ട്— പദാർത്ഥത്തോടുള്ള ആസക്തിയിൽ നിന്നാണ് ലൗകികവസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ഭൗതികലോകം മുഴുവനും തിന്മ നിറഞ്ഞതാണെന്ന് ജ്ഞാനവാദം പഠിപ്പിക്കുന്നു. ദൈവത്തെ പ്രാപിക്കുന്നതിനു തിന്മ മനുഷ്യനെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് ലൗകികശക്തികൾ.

## മനുഷ്യശാസ്ത്രം

മനുഷ്യകേന്ദ്രീകൃതമാണ് ജ്ഞാനവാദം. ദൈവത്തിൻെറ പൂർണ്ണതയുടെ ഒരംശം മനുഷ്യരിലെല്ലാം കുടികൊള്ളുന്നുണ്ട്. ജ്ഞാനംവഴി ദൈവത്തെ പ്രാപിക്കുകയാണ് മനുഷ്യൻെറ ജീവിതവിജയം. മനുഷ്യനിൽ മൂന്നു ഘടകങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. ശരീരം, ആത്മാവ്, അരൂപി എന്നിവയാണ് അവ. മനുഷ്യൻെറമേൽ ആധിപത്യം സ്ഥാപിക്കാനുള്ള നിരന്തര പരിശ്രമങ്ങളിലാണ് ഇവ മൂന്നും ഏർപ്പെട്ടിരിക്കുന്നത്. അരൂപിയുടെ വിജയത്തിലാണ് നിത്യരക്ഷ അടങ്ങിയിരിക്കുന്നത്.

## മനുഷ്യരക്ഷ

മനുഷ്യരക്ഷക്കുള്ള അഥവാ വിമോചനത്തിനുള്ള മാർഗ്ഗമാണ് ജ്ഞാനവാദത്തിൻെറ പഠനവിഷയം. മനുഷ്യരക്ഷക്കുള്ള ഉപാധി ദൈവികശക്തിയോ മാനുഷിക

www.malankaralibrary.com

വിശ്വാസമോ അല്ല; പിന്നെയോ യഥാത്ഥ ജ്ഞാനമത്രേ. പ്രസ്തുത ജ്ഞാനം തീത്തും തത്വശാസ്ത്രപരമല്ല. ഇതു് എല്ലാവക്കും ആർജ്ജിക്കാവുന്നതുമല്ല. ദൈവിക വെളിപാടുവഴിയാണു് ഈ ജ്ഞാനം ഒരുവനു് ലഭിക്കുക. ഈ ജ്ഞാനത്തെക്കുറിച്ചു് മനുഷ്യനെ പ്രബുദ്ധരാക്കുന്ന ഒരു രക്ഷകനെ സംബന്ധിച്ചു് ജ്ഞാനവാദം ഉദ്ഘോഷണം ചെയ്യുന്നുണ്ടു്. ക്രിസ്തുവിൻെറ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും മൂല്യം അതു് ലഘൂകരിച്ചു കാണിക്കുന്നു. വിവിധങ്ങളായ മാമോദീസായും മന്ത്രോച്ചാരണങ്ങളും സവ്വസാധാരണമായിരുന്നു ജ്ഞാനവാദികളുടെയിടയിൽ.

### ധാർമ്മികത

ദൈവാംശ ധാരികളും ജ്ഞാനലബ്ധരുമായ തങ്ങൾ ലൗകീക ശക്തികൾക്കും തെററുകൾക്കും അതീതരാണെന്നു് ജ്ഞാനവാദികൾ അവകാശപ്പെട്ടു. അവരിൽ ഒരു കൂട്ടർ ലൗകിക സുഖ സന്തോഷങ്ങളിലും മുഴുകിക്കഴിഞ്ഞു. വസ്തുനിഷ്ഠമായ ഏതെങ്കിലും ധാമ്മിക നിയമ സംഹിത അവക്കു് ഉണ്ടായിരുന്നില്ല. വിവാഹം, മദ്യപാനം തുടങ്ങിയവ നിഷിദ്ധങ്ങളായി അവർ കരുതി. ലൈംഗികത തിന്മയാണെന്നു് ഉപദേശിച്ചിരുന്നവർപോലും പലപ്പോഴും അതിൻെറ അടിമകളായി തീരുന്നതുകാണാം.

### c) മോഡലിസം (Modalism)

മൊണാക്ക്ിയനിസം (Monarchianism) കാണുക.

### d) മാർസിയോണിസം (Marcionism)

ഒരുന്നത കുടുംബത്തിൽ സിനോപെ (Sinope) എന്ന സ്ഥലത്തു് മാർസിയോൺ (Marcion + C. 160) ജനിച്ചു. ഒരു മെത്രാനായിരുന്നു ഇദ്ദേഹത്തിൻെറ പിതാവു്. സ്വപിതാവിനാൽ സഭാഭ്രഷ്ടനാക്കപ്പെട്ട മാർസിയോൺ 140–നോടടുത്തു റോമിലെത്തി. അദ്ദേഹം പിന്നീടു് ഒരു മെത്രാനായിതീൎന്നുവെന്നു വിശ്വസിക്കപ്പെടുന്നു. അബദ്ധ പ്രബോധനങ്ങൾ കാരണം 144–ൽ ഇദ്ദേഹത്തെ സഭാഭ്രഷ്ടനാക്കി; തുടൎന്നു് മാർസിയോൺ സ്വന്തമായി ഒരു സഭ സ്ഥാപിയ്ക്കുകയും അതിൻെറ നേതൃത്വം ഏറെറടുക്കു

www.malankaralibrary.com

കയും ചെയ്തു. ജ്ഞാനവാദികളുടെ ജ്ഞാന(Gnosis) ത്തെ ഇദ്ദേഹം നിഷേധിക്കുകയും പരിത്യാഗ കൃത്യങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു. കക്ശമായ ഒരു ജീവിതചര്യയായിരുന്നു മാർസീയോൺ നയിച്ചതു്. അദ്ദേഹത്തിനു് ധാരാളം അനുയായികളുണ്ടായി. പഴയനിയമത്തിനു് മാർസീയോൺ യാതൊരു മൂല്യവും കല്പിച്ചില്ല.[3] പഴയ നിയമത്തിലെ ദൈവം നിഷ്ഠുരുണനായ ന്യായാധിപനാണെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. വി. ലൂക്കായുടെയും വി. പൗലോസിൻെറയും കൃതികളൊഴികെയുള്ള പുതിയ നിയമ ഗ്രന്ഥങ്ങൾക്കും അദ്ദേഹം പ്രാധാന്യം നല്കിയില്ല. മാർസീയോണിൻെറ (+C. 160) വീക്ഷണത്തിൽ ക്രിസ്തുവിൻെറ പ്രബോധനങ്ങൾ യഥാതഥം ഗ്രഹിച്ചതു് വി. പൗലോസു്മാത്രമാണു്. ഇങ്ങനെ ജ്ഞാനവാദത്തിനും ക്രൈസ്തവ സിദ്ധാന്തങ്ങൾക്കുമെതിരായ ഏതാനും ആശയങ്ങളാണു് അദ്ദേഹം പ്രചരിപ്പിച്ചതു്.

## പാഷണ്ഡതകൾക്കെതിരെ പൊരുതിയവർ

മേല്പറഞ്ഞ പാഷണ്ഡതകൾക്കെതിരെ സഭയുടെ പ്രബോധനങ്ങൾ സമർത്ഥിക്കുവാൻ പലരും മുമ്പോട്ടു വന്നു. 'ആപിയോൺ' (Apion), 'അഗ്രിപാ കാസ്റ്റർ' (Agripa Castur), 'കാൻറിദുസു്' (Candidus), 'ഹെറാക്ലീററസു്' (Heracletus), 'മാക്സിമുസു്' (Maximus), 'മൊദസ്തുസു്' (Modestus), 'ഗോർസ്റ്റിനായിലെ ഫിലിപ്പു്' (Philip of Gorstyna), 'അന്ത്യോക്യായിലെ തെയോഫിലസു്' (Teophilus of Antioch), 'റോഡോ' (Rhodo), 'സെക്സ്റ്റസു്' (Sextus) തുടങ്ങിയവരെല്ലാം പാഷണ്ഡതകൾക്കെതിരെ കൃതികൾ രചിച്ചുവെന്നും എന്നാൽ അവയെല്ലാം നശിച്ചുപോയെന്നും എവുസേബിയൂസു് രേഖപ്പെടുത്തിയിട്ടുണ്ടു്. എങ്കിലും പാഷണ്ഡതകളെ എതിർക്കുവാനായി ചില മാർപ്പാപ്പാമാരും മെത്രാന്മാരും എഴുതിയ ഔദ്യോഗികരേഖകൾ ഇന്നും ലഭ്യമാണു്. മാപ്പാപ്പാമാരായ സൊതേർ

3 Cfr. John R. Wills S. J., The Teachings of the Church Fathers, NewYork, 1966, P. 24.

www.malankaralibrary.com

(Soter 166-174), എലെവുനേരിയൂസ് (Elevunerius 175-189) വിക്ടർ ഒന്നാമൻ (Victor I 189-199), സെഫിറീനസ് (Zephyrinus 199-217), കോറിന്തോസിലെ മെത്രാനായിരു ഡയനീഷ്യസ് Dionysius of Corinth 2nd Cent.), അന്ത്യോക്യായിലെ സെറാപിയോൻ (Serapion of Antioch C. 191-221) എന്നിവരുടെ രചനകൾ ഇന്നും സൂക്ഷിച്ചുവരുന്നു. പാഷണ്ഡതകളെ വ്യവസ്ഥാപിതമായി എതിർത്തവരിൽ ഏററവും പ്രാധാന്യമർഹിക്കുന്നവർ ഹെഗെസിപ്പുസും (Hegesippus C. 110–C. 180) ലയോൺസിലെ ഇറനേവുസും (Irenaeus of Lions C. 140-C.202) ആണ്. അവരെ കുറിച്ച് താഴെ പ്രതിപാദിക്കുന്നു.

## i) ഹെഗെസിപ്പുസ് (Hegesippus C. 110—C. 180)

ഹെഗെസിപ്പുസ് യഹൂദമതത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ആളാണ്. ജ്ഞാനവാദികളുമായി നേരിട്ടു ബന്ധപ്പെടണമെന്ന ഉദ്ദേശ്യത്തോടെ പൗരസ്ത്യദേശത്തുനിന്ന് കോറിന്തോസ് വഴി ഇദ്ദേഹം റോമിൽ ചെന്നു. തന്റെ പര്യടനങ്ങളുടെ വെളിച്ചത്തിൽ "ഓർമ്മക്കുറിപ്പു" (Memoirs) കളായി പഞ്ചഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. പാഷണ്ഡതകളുടെ ധ്വംസനവും അന്നത്തെ സഭയിലെ സ്ഥിതിഗതികളുമാണ് അവയിലെ മുഖ്യപ്രമേയം. അദ്ദേഹം നൽകുന്ന മാർപ്പാപ്പാമാരുടെ പേരുവിവരം ഇന്നും വിവാദവിഷയമാണ്. ഹെഗെസിപ്പുസ് നല്കുന്ന ചരിത്രപരമായ അറിവിനേക്കാൾ പ്രാധാന്യം പാഷണ്ഡതകളെ ഖണ്ഡിക്കുന്ന അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്കത്രെ.

ഇദ്ദേഹത്തിന്റെ കൃതികളുടെ സിംഹഭാഗവും എവുസേബിയൂസിന്റെ രചനകളിലൂടെയാണ് നമുക്ക് ലഭ്യമാകുന്നതു്. പ്രാദേശിക സഭകൾക്കെല്ലാം ക്രിസ്തുവിന്റെ പ്രബോധനങ്ങൾ അപ്പസ്തോലന്മാർവഴി ലഭിച്ചിട്ടുണ്ടെന്നും, ജ്ഞാനവാദം അതെത്ര നവ്യവും ആകർഷണീയവുമായാലും ക്രിസ്തുവിന്റെ പ്രബോധനമല്ലാത്തതിനാൽ നിഷിദ്ധമാണെന്നും ഹെഗെസപ്പുസ് പഠിപ്പിച്ചു. ഇദ്ദേഹത്തിന്റെ കാലടികൾ പിന്തുടർന്നുകൊണ്ടാണ് ഇറ

www.malankaralibrary.com

നേവൂസ് (Irenaeus +C. 202) ജ്ഞാനവാദത്തിനെതിരെ പോരാടിയത്.

## ii) ലയോൺസിലെ ഇറനേവൂസ്
## (Iranaeus of Lions C 140—C. 202)

ദ്വിതീയ ശതകത്തിലെ ഏററവും പ്രധാനപ്പെട്ട ദൈവശാസ്ത്രജ്ഞനും, സാർവ്വത്രിക സഭയുടെ സംരക്ഷകനുമായിരുന്നു ഇറനേവൂസ്. ഇദ്ദേഹം ഏഷ്യാ മൈനറിൽ ഭൂജാതനായി എന്നാണ് പൊതുധാരണ. സ്മിർണായിലെ വി. പോളിക്കാപ്പ് (Polycarp of Smyrna) ൻെറ ശിഷ്യനായിരുന്നു ഇറനേവൂസ്.[4] റോമൻ ചക്രവർത്തിയായിരുന്ന മാർകസ് ഔറേലിയൂസിൻെറ (Marcus Aurelius 161-180) ഭരണകാലത്ത് ലയോൺസിലെ ദേവാലയത്തിൻെറ ഭരണഭാരം ഇദ്ദേഹത്തിൻെറ ചുമലിൽ നിക്ഷിപ്തമായി. മോൺടാനിസം (Montanism) എന്ന പാഷാണ്ഡത പ്രബലമായിരുന്ന അവസരത്തിൽ ഒരു ദൗത്യവാഹകനായി 177—ൽ ഇറനേവൂസ് റോമിലേക്ക് അയയ്ക്കപ്പെട്ടു. പിന്നീട് രക്തസാക്ഷിത്വം വരിച്ച ഫൊത്തീനൂസിൻെറ (Photinus) പിൻഗാമിയെന്ന നിലയിൽ മെത്രാനായി. ജ്ഞാനവാദത്തെ ഉന്മൂലനം ചെയ്യാൻ തൻെറ ഔദ്യോഗിക സ്ഥാനവും കഴിവുകളും അദ്ദേഹം വിനിയോഗിച്ചു. ഉയിർപ്പു തിരുനാളിനെക്കുറിച്ചുണ്ടായ വിവാദത്തെ തുടർന്ന് ഏഷ്യയിലെ ഏതാനും മെത്രാന്മാരെ വിക്ടർ ഒന്നാമൻ മാർപ്പാപ്പ (Pope Victor I 189-199) സഭാഭ്രഷ്ടരാക്കി. ഇത് സഭയിൽ വമ്പിച്ച കോളിളക്കം സൃഷ്ടിച്ചു. ഇറനേവൂസ് ഇവരെയെല്ലാം രമ്യപ്പെടുത്തുവാനും, സഭാന്തരീക്ഷം സമാധാനപൂരിതമാക്കുവാനും അക്ഷീണം യത്നിച്ചു. അദ്ദേഹത്തിൻെറ അന്ത്യനാളുകൾ സംബന്ധിച്ച് നമുക്ക് കാര്യമായ അറിവില്ല. എ. ഡി. 202—നോടടുത്ത് ഇറനേവൂസ് നിര്യാതനായെന്നു വിശ്വസിക്കപ്പെടുന്നു. ഇദ്ദേഹം രക്തസാക്ഷിത്വം വരിച്ചുവെന്നാണ് ടൂർസിലെ വി. ഗ്രിഗരി (St. Gregory of Tours 538-594) യുടെ അഭിപ്രായം.[5]

---

4 Cfr. Eusebius, The Ecclesiastical History, 4,21;22,1;8,2.
5 Gregory of Tours, Historia Francorum, 1, 27.

www.malankaralibrary.com

ഇറനേവൂസ് രചിച്ച മുഖ്യ കൃതികളിൽ രണ്ടെണ്ണം മാത്രമെ പൂർണ്ണമായി ഇന്ന് സൂക്ഷിക്കപ്പെടുന്നുള്ളു. അവ യഥാക്രമം 'പാഷണ്ഡതകൾക്ക് എതിരെ' (Against Heresies), 'അപ്പസ്തോല പ്രബോധന വിശദീകരണം' (Explanation of Teachings of Apostles) എന്നിവയാണ്. അഞ്ചുഭാഗങ്ങളുണ്ട് 'പാഷണ്ഡതകൾക്ക് എതിരെ' എന്ന ഗ്രന്ഥത്തിൽ. പാഷാണ്ഡതകളുടെ വിശദീകരണമാണ് ഒന്നാം ഭാഗം. പിന്നീടുള്ള ഭാഗങ്ങൾ അവയുടെ തിരസ്കരണവും. പാഷാണ്ഡതയ്ക്കെതിരെ യുക്തി (രണ്ടാംഭാഗം), അപ്പസ്തോല പ്രബോധനങ്ങൾ (മൂന്നാംഭാഗം), ക്രിസ്തുവിന്റെയും പ്രവാചകന്മാരുടേയും പ്രബോധനങ്ങൾ (നാലാം ഭാഗം) എന്നിവയെ ഇറനേവൂസ് ആശ്രയിച്ചിട്ടുണ്ട്. ശരീരത്തിന്റെ ഉയിർപ്പിനെക്കുറിച്ചാണ് അഞ്ചാം ഭാഗത്തിൽ പ്രതിപാദിക്കുന്നത്. ഈ കൃതികൾക്ക് സാഹിത്യപരമായ ആകർഷണീയത കുറവാണെന്നു സമ്മതിക്കാതെ തരമില്ല. ഈ കൃതിയുടെ യഥാർത്ഥ ശീർഷകം 'കപട വിജ്ഞാനത്തിന്റെ അനാവരണവും ഖണ്ഡനവും' (The False Gnosis Unmasked and Refuted)എന്നത്രെ.[6]

ക്രിസ്തീയ വിശ്വാസ സംഹിതയാണ് 'അപ്പസ്തോല പാഠങ്ങളുടെ വിശദീകരണം' (The Demonstration of the Apostolic Teachings) എന്ന ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതിലെ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ, എഴുതുന്നതിനുള്ള കാരണവും, 4 മുതൽ 42 വരെ അദ്ധ്യായങ്ങളിൽ പരിശുദ്ധ ത്രിത്വം, സൃഷ്ടി, മനുഷ്യാവതാരം എന്നിവ സംബന്ധിച്ച ക്രൈസ്തവാശയങ്ങളും 42 മുതൽ 97 വരെയുള്ള അദ്ധ്യായങ്ങളിൽ ക്രിസ്തുമതത്തിന്റെ വാസ്തവികതയ്ക്കുള്ള തെളിവുമാണ് ഇറനേവൂസ് ചർച്ച ചെയ്തിട്ടുള്ളത്. ക്രൈസ്തവോചിതമായി ജീവിക്കാനുള്ള ആഹ്വാനത്തോടെ അദ്ദേഹം ഈ കൃതി ഉപസംഹരിക്കുന്നു.

6 H. Howitt (trans), Manual of Patrology and History of Theology Vol. I, Belgium, 1935, P. 142.

www.malankaralibrary.com

പാഷണ്ഡതകളുടെ നശീകരണത്തിനു് ഇറനേവൂസി ന്റെ കൃതികൾ സഹായകമായി. കൂടാതെ ദൈവശാസ്ത്ര ത്തെ വ്യവസ്ഥാപിതമായി അവതരിപ്പിക്കുന്ന രീതി സമാരംഭിച്ചതും പ്രചരിപ്പിച്ചതും ഇറനേവൂസ് ആണെന്നു് പറയേണ്ടിയിരിക്കുന്നു.

## III പരിശുദ്ധ ത്രിത്വ സംബന്ധമായ പാഷണ്ഡതകൾ

സഭയ്ക്കു് മതസ്വാതന്ത്ര്യം കൈവന്ന അന്നു മുതൽ (എ. ഡി. 313) വിശ്വാസസത്യങ്ങൾ വ്യവസ്ഥാപിത മായി വിശദീകരിക്കുവാനുള്ള ഒരു സംരംഭം സഭയിലുണ്ടാ യി. ഈ പരിശ്രമത്തിൽ ഭിന്നാഭിപ്രായങ്ങളും വാദപ്ര തിവാദങ്ങളും ഉടലെടുത്തു. ഏററവും വിവാദ വിഷയമാ യതു് പരിശുദ്ധ ത്രിത്വമെന്ന മഹാ രഹസ്യമാണു്. ദൈ വം ഏകനാണെങ്കിൽ പരിശുദ്ധ ത്രിത്വമെന്ന രഹസ്യത്തി ന്റെ സാദ്ധ്യതയും അർത്ഥവുമെന്താണു്? പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരുപോലെ ദൈവികതയു ണ്ടോ? എന്താണു് അവരുടെ പരസ്പര ബന്ധം? ഈ വിധ വിഷയങ്ങളോടു് ബന്ധപ്പെട്ട പാഷണ്ഡതകളെ കുറിച്ചാണു് ഇനി പ്രതിപാദിക്കുക.

### a) മൊണാർക്കിയനിസം (Monarchianism)

പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ വിശദീകരണത്തിൽനിന്നും ഉടലെടുത്ത ഒരു പാഷണ്ഡത യാണിതു്. ഏക ദൈവമേ ഉള്ളുവെങ്കിൽ ക്രിസ്തു ദൈവ മാകുന്നതെങ്ങനെ? ക്രിസ്തുവിന്റെ യഥാർത്ഥ വ്യക്തിത്വം ദൈവികമാണോ? മാനുഷികമാണോ? എന്നിവയാണു് ഇതിലെ വിവാദ വിഷയങ്ങൾ. മൊണാർക്കിയനിസ ത്തിന്റെ ചരിത്രത്തിൽ വ്യത്യസ്തങ്ങളായ രണ്ടു ചിന്താ രീതികൾ കാണാവുന്നതാണു്. i) ഡൈനാമിക് മൊ ണാർക്കിയനിസം (Dynamic Monarchianism) ii) മോഡ ലിസ്റ്റു് മൊണാർക്കിയനിസം (Modelist Monarchianism)

#### i ഡൈനാമിക് മൊണാർക്കിയനിസം

ഈ ചിന്താഗതിക്കു് തുടക്കം കുറിച്ചതു് തെയോ ഡോട്ടസ് (Theodotus) എന്ന ഒരാളാണു്. പുത്രന്റേയും

www.malankaralibrary.com

പരിശുദ്ധാത്മാവിന്റെയും വ്യക്തിത്വവും ദൈവിക സ്വഭാവവും ഇദ്ദേഹം നിഷേധിച്ചു. ക്രിസ്തു ഒരു മനുഷ്യവ്യക്തി മാത്രമാണ്; പിതാവായ ദൈവം ക്രിസ്തുവിനെ സ്വസുതനായി ദത്തെടുത്തു. അതിനാൽ ഈ വാദത്തെ 'ദത്തെടുപ്പു സിദ്ധാന്തം'(Adoptionism) എന്നും വിളിക്കാറുണ്ട്. ക്ലേപ്പിയോഡോട്ടസ് (Clepiodotus), തെയോഡോട്ടസ്, സാമോസാട്ടായാലെ മെത്രാനായിരുന്ന പൗലോസ് (Paul of Samosata 260-268), എന്നിവർ ഡൈനാമിക് മൊണാക്കിയനിസത്തെ വിപുലീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.

## ii മോഡലിസ്റ്റ് മൊണാക്കിയനിസം (Modelist Monarchianism)

സ്മിർണായിലെ നൊയേത്തുസ് (Noetus of Smyrna) ആണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. പുറപ്പാട് 3:6; ഏശ. 44:6; യോഹ. 10:30; 14:8; റോമ. 9:5 തുടങ്ങിയ വിശുദ്ധ ഗ്രന്ഥ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഏക ദൈവമേയുള്ളവെന്ന് മോഡലിസ്റ്റ് മൊണാക്കിയനിസം പഠിപ്പിക്കുന്നു. മനുഷ്യാവതാരം ചെയ്തതും കുരിശിൽ മരിച്ചതുമെല്ലാം ആ ഏക ദൈവം തന്നെയാണ്. കുരിശുമരണം വരിച്ചത് പിതാവാണെന്ന് വിശ്വസിച്ചതിനാൽ ഇവർക്ക് 'പാട്രിപസ്സിയനിസ്റ്റുകൾ' (Patripassianists) എന്ന പേരു ലഭിച്ചു. ഇതേ ആശയം റോമിൽ പ്രചരിപ്പിച്ചത് പ്രാക്സെയാസ് (Praxeas) എന്നൊരു പണ്ഡിതനാണ്. ഒരേ ദൈവം തന്നെ വിവിധ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതാണ് ക്രിസ്തുവും, പരിശുദ്ധാത്മാവുമെന്ന് സബെല്ലിയൂസ് (Sabellius) പഠിപ്പിച്ചു. രൂപങ്ങൾ (Modes) എന്ന ആശയത്തിനു പ്രാധാന്യം നല്കിയതിനാൽ സബെല്ലിയൂസിന്റെ ചിന്താഗതി സബെല്ലിയനിസം (Sabellianiam) അല്ലെങ്കിൽ മോഡലിസം (Modelism) എന്ന് അറിയപ്പെടുന്നു.

## b) സബോർഡിനേഷനിസം (Sabordinationism)

പരിശുദ്ധ ത്രിത്വത്തിലെ അംഗങ്ങൾ തമ്മിലുള്ള സ്ഥാനക്രമമാണ് ഈ സിദ്ധാന്തത്തിലെ ചർച്ചാവിഷയം.

www.malankaralibrary.com

വചനം ദൈവത്തിൻെറ ആദ്യ സൃഷ്ടിയും ലോക സൃഷ്ടി കളുള്ള മാദ്ധ്യമവുമാണെന്നു് ഈ പാഷണ്ഡത പഠിപ്പിച്ചു. ഇതു് ക്രിസ്തുവിൻെറ ദൈവികതയുടേയും, നിത്യതയുടേയും നിഷേധമാണു്. സബോർഡിനേഷനിസമനുസരിച്ചു് പിതാവിനേക്കാൾ കുറഞ്ഞ ഒരു സ്ഥാനമാണു് പുത്രനുള്ളതു്. അതുപോലെ പുത്രനേക്കാളും കുറഞ്ഞ സ്ഥാനമേ പരിശുദ്ധാത്മാവിനുള്ളു. ഏക ദൈവവിശ്വാസം (Monotheism) സംരക്ഷിക്കാനും ജ്ഞാനവാദങ്ങളെ എതിർക്കാനും ചില സഭാപിതാക്കന്മാർ പ്രകടിപ്പിച്ച അമിതമായ വ്യഗ്രതയാണു് ഈ അബദ്ധസിദ്ധാന്തത്തിൻെറ ആവിർഭാവത്തിനു് കാരണം. ഹെർമസ്(Hermes 2ndC.), ജസ്റ്റിൻ (+C. 165), ഇറനേവൂസ് (C. 450), അലക്സാന്ത്രിയായിലെ വി. ക്ലമൻറ് (+444), ഒരിജൻ (184/5-253/4) എന്നിവരുടെ കൃതികളിൽപോലും സബോർഡിനേഷനിസത്തിൻെറ സൂചനകൾ അടങ്ങിയിട്ടുണ്ടു് എന്നു് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

## c) മാസിഡോണിയനിസം (Macedonianism)

മാസിഡോണിയസ് (Macedonius) ആണ് ഈ പാഷണ്ഡതയുടെ ഉപജ്ഞാതാവു്. ഇദ്ദേഹം ഒരു സെമി–ആര്യൻ മെത്രാനായിരുന്നു. പിതാവിൻേറയും, പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും തുല്യത മാസിഡോണിയസിൻെറ അനുയായികൾ നിഷേധിച്ചു. അവർ പരിശുദ്ധാത്മാവിനെ ഒരു മാലാഖയായി പരിഗണിച്ചു. അവരുടെ അഭിപ്രായത്തിൽ പരിശുദ്ധാത്മാവും ഇതര മാലാഖാമാരും തമ്മിലുള്ള വ്യത്യാസം സ്ഥാനക്രമത്തിൽ മാത്രമാണു്. പിതാവു് പുത്രനെ സൃഷ്ടിച്ചതുപോലെ പുത്രൻ സൃഷ്ടിച്ചതാണു് പരിശുദ്ധാത്മാമെന്നു് മാസിഡോണിയനിസം പഠിപ്പിച്ചു.

മേല്പറഞ്ഞ പാഷണ്ഡതകൾക്കെതിരെ സഭാപിതാക്കന്മാർ അവസരോചിതമായി തങ്ങളുടെ പ്രബോധനങ്ങളും പ്രസംഗങ്ങളും മുഖേന പോരാടിയിട്ടുണ്ടു്. വിക്ടർ മാർപ്പാപ്പാ (Pope Victor I 189—199) പാശ്ചാത്യ സഭയിൽ

www.malankaralibrary.com

ഡൈനാമിക് മൊണാർക്കിയനിസത്തെ ശപിക്കുകയുണ്ടായി. ഹിപ്പോളിററസ് (Hyppolytus C. 170—235/6)മോഡലിസ്റ്റ് മൊണാർക്കിയനിസത്തിനെതിരെ പ്രസംഗിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. ഈ സിദ്ധാന്തങ്ങളെല്ലാം അബദ്ധങ്ങളും, അസ്വീകാര്യങ്ങളുമാണെന്ന് നിക്യാസൂനഹദോസ് (325) പ്രഖ്യാപിക്കുകയുണ്ടായി. അത്തനാസിയൂസ് (Athanasius C 295—373), അലക്സാണ്ടറിയായിലെഅന്ധനായ ദിദിമൂസ്(Didimus the Blind C.313-C.398) കപ്പദോസിയായിലെ പിതാക്കന്മാർ (Cappadocian Fathers) തുടങ്ങിയവർ മാസിഡോണിയനിസത്തിനെതിരെ തൂലിക ചലിപ്പിച്ചിട്ടുള്ളവരാണ്. കൂടാതെ കോൺസ്റ്റാൻറിനോപ്പിളിൽകൂടിയ സാർവ്വത്രിക സൂനഹദോസ്(381) ഈ പാഷണ്ഡതയെ ശപിച്ചു തള്ളുകയും ചെയ്തു.

## IV ക്രിസ്തുഭാഷ്യം സംബന്ധിച്ചുണ്ടായ പാഷണ്ഡതകൾ

ഇക്കാലയളവിൽ തന്നെ ക്രിസ്തുവിൻെറ വ്യക്തിത്വത്തെപററിയുള്ള വിവിധങ്ങളായ വാദഗതികറം സഭയിൽ രൂപം കൊണ്ടു. അവയിൽ പ്രധാനപ്പെട്ടവയെക്കുറിച്ചാണ് താഴെ പ്രതിപാദിക്കുന്നത്.

### a) ആര്യനിസം(Arianism)

ആര്യനിസത്തിൻെറ ഉപജ്ഞാതാവ് ആരിയൂസ് ആണ്. ആരിയൂസിൻെറ കാലഘട്ടം ഏകദേശം 250 മുതൽ 336 വരെയാണെന്ന് കരുതപ്പെടുന്നു. ലിബിയായിൽ ജനിച്ച ഇദ്ദേഹം അലക്സാണ്ഡ്രിയായിൽ ഒരു വൈദികനായിത്തീർന്നു. തൻെറ പുരോഗമനാത്മകമായ ആശയങ്ങറം നിമിത്തം തൻെറ മെത്രാനായ അലക്സാണ്ടറുമായി തെററിപ്പിരിയുകയും പാരമ്പര്യ വാദികളുടെ സമ്മർദ്ദം മൂലം സ്ഥലം വിടുവാൻ നിർബന്ധിതനാവുകയും ചെയ്തു. ആരിയൂസ് ആദ്യം അലക്സാണ്ഡ്രിയായിലും, പിന്നീട് പലസ്തീനായിലെ കേസറിയ, ബിത്തീനിയ, ടയർ, നിക്കോമേഡിയ എന്നിവിടങ്ങളിലും തൻെറ പ്രബോധനം പ്രചരിപ്പിച്ചു. ആരിയൂസിൻെറ പ്രബോധനങ്ങളെ ഇപ്രകാരം സംക്ഷേപിക്കാം:ദൈവം അസൃഷ്ടനും നിത്യന

www.malankaralibrary.com

മാണ്. വചനം അവിടുത്തെ പ്രഥമവും ശ്രേഷ്ഠവുമായ സൃഷ്ടിമാത്രമാണ്. ആകയാൽ സുവിശേഷങ്ങൾ ചിത്രീകരിക്കുന്ന ക്രിസ്തുവിൽ ദൈവികവ്യക്തിത്വമില്ല. ദൈവമല്ലാത്ത ക്രിസ്തുവിനു് ദൈവപുത്രസ്ഥാനം നല്കുന്നതു് പ്രസാദവരത്തിലുള്ള ഭാഗഭാഗിത്വവും ദത്തുപുത്രസ്ഥാനവുമാണ്. ക്രിസ്തു പ്രകൃത്യാ പാപവിധേയനായിരുന്നുവെന്നും ആരിയൂസ് അഭിപ്രായപ്പെട്ടു. പുത്രൻ പിതാവിനും പരിശുദ്ധാത്മാവ് പിതാവിനും പുത്രനും അധീനരായി കഴിയുകയാണ്. സുഭാഷി. 8:22; യോഹ. 14:28 തുടങ്ങിയ വിശുദ്ധഗ്രന്ഥവാക്യങ്ങൾ തന്റെ പഠനങ്ങൾക്ക് ഉപോൽബലകമായി ആരിയൂസ് ഉദ്ധരിച്ചു. സബോർഡിനേഷനിസം അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. തന്റെ സിദ്ധാന്തങ്ങളെല്ലാം പ്രതിപാദിച്ചുകൊണ്ടു് ആരിയൂസ് പ്രസിദ്ധീകരിച്ച കൃതിയാണ് 'താലിയ' (Thalia). ഇതിന്റെ ഏതാനും ഭാഗങ്ങളും ആരിയൂസിന്റെ മൂന്നു കത്തുകളും ഇന്നും സൂക്ഷിച്ചിട്ടുണ്ട്. കേസറിയായിലെ എവുസേബിയൂസ് (Eusebius of Caesaerea C.260 – C.332) നിക്കോമേഡിയായിലെ എവുസേബിയൂസ് (Eusebius of Nicomedia +C.134)എന്നിവർ ആര്യനിസത്തെ പ്രചരിപ്പിച്ചു. ഏതാനും മെത്രാന്മാരും ആര്യനിസത്തെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആരിയൂസിന്റെ അനുയായികളും സഭയുടെ പരമ്പരാഗതമായ പഠനങ്ങളിൽ ഉറച്ചുനിന്നവരും തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായി. രാജ്യത്തു് സമാധാനവും ഐക്യവും നിലനിർത്തണമെന്നാഗ്രഹിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തി 325—ൽ നിഖ്യായിൽ വച്ചു് ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടി. പ്രസ്തുത സമ്മേളനം ആര്യനിസത്തെ ശപിച്ചുതള്ളുകയും ക്രിസ്തു ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു് തുല്യനും സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകലത്തിന്റെയും സ്രഷ്ടാവുമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തു.

www.malankaralibrary.com

324—ൽ കോർഡോവായിലെ ഹോസിയൂസി (Hosius of Cordova C. 256–357) ന്റെ അദ്ധ്യക്ഷതയിൽ അന്ത്യോക്യായിൽവച്ചു കൂടിയ ഒരു സമ്മേളനം ആര്യനിസത്തെ നേരത്തേതന്നെ ശപിച്ചിരുന്നു.

നിക്യാ വിശ്വാസപ്രമാണംവഴി കൈവന്ന സമാധാനം താൽക്കാലികം മാത്രമായിരുന്നു. കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ സഹോദരിയായ കോൺസ്റ്റൻൻറീന ആരിയൂസിന്റെ അനുകൂലിയായിരുന്നു. അവരുടെ സമ്മർദ്ദത്താൽ ആരിയൂസിന്റെ അനുയായികൾ വീണ്ടും ഒത്തൊരുമിക്കുന്നതിനും സംഘടിതമായി പ്രവർത്തിക്കുന്നതിനും അവസരമുണ്ടായി. കോൺസ്റ്റാൻസിയൂസ് II, വാലെൻസ് എന്നീ ചക്രവർത്തിമാർ ആര്യനിസത്തെ തുടർന്നും പ്രോത്സാഹിപ്പിക്കുകയുണ്ടായി. അസ്വാസ്ഥതകൾ വീണ്ടും തലപൊക്കി.

ആര്യനിസത്തിന്റെ അധഃപതനത്തിനു മുഖ്യകാരണക്കാരൻ തെയഡോസിയൂസ് ചക്രവർത്തി (397–393) ആണ്. നിഖ്യാ വിശ്വാസപ്രമാണം എല്ലാവരും സ്വീകരിക്കണമെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമായിരുന്നു. കപ്പദോസിയായിലെ പിതാക്കന്മാർ (ബേസിൽ, ഗ്രിഗരിനസിയാൻസൻ, നീസ്സായിലെ ഗ്രിഗരി) സഭയുടെ യഥാർത്ഥപ്രബോധനങ്ങൾ തങ്ങളുടെ പ്രസംഗവും ഗ്രന്ഥരചനയും വഴി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. വി. ഹിലാരി (St. Hilary 315–367) ഫ്രാൻസിലും വി. അംബ്രോസ് (St. Ambrose C. 339-397) ഇററലിയിലും ആര്യനിസത്തെ എതിർക്കുന്നതിനു നേതൃത്വം നല്കി. ക്രമേണ ആര്യനിസം അപ്രത്യക്ഷമായി.

## b) അപ്പോള്ളിനാരിസം

## (Apollinarism)

ഈ പാഷണ്ഡത ആവിഷ്ക്കരിച്ചത് ലവോദിച്ചിയായിലെ മെത്രാനായിരുന്ന അപ്പൊള്ളിനാരിസ് (310-390) ആണ്. ഇദ്ദേഹം ഒരു ഗ്രന്ഥകാരനായിരു

www.malankaralibrary.com

ന്നുവെന്നു് വി. ജറോം സാക്ഷ്യപ്പെടുത്തുന്നു.[7] നിക്യാസൂനഹദോസിന്റെ വിശ്വാസപ്രമാണങ്ങളെ വിശദീകരിക്കുവാനും സംരക്ഷിക്കുവാനുമുള്ള പരിശ്രമത്തിൽ ക്രിസ്തുവിന്റെ മാനുഷികസ്വഭാവം ഇദ്ദേഹം നിഷേധിക്കുവാനിടയായി. അപ്പൊള്ളിനാരിസ് പറയുകയാണു് ഒരു മനുഷ്യനിൽ ബൗദ്ധികാത്മാവു്, ഐന്ദ്രിയാത്മാവു്, ശരീരം എന്നീ ത്രിവിധ ഘടകങ്ങളുണ്ടു്. ദൈവപുത്രനായ ക്രിസ്തു മനുഷ്യാവതാരത്തിൽ ഐന്ദ്രിയാത്മാവും മനുഷ്യശരീരവും സ്വീകരിച്ചു. ബൗദ്ധികാത്മാവു് പാപത്തിന്റെ ഉറവിടമാണു്. പാപത്തിനു് അതീതനായ ക്രിസ്തുവിൽ ഈ ഘടകം ഇല്ലാതിരുന്നതിനാൽ അവിടത്തെ മനുഷ്യത്വം അപൂർണ്ണമാണു്.[8] ദൈവത്തിന്റെ ഏകത്വം, ക്രിസ്തുവിന്റെ ദൈവികത്വം എന്നിവയിലുള്ള അടിയുറച്ച വിശ്വാസവും ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു പറയുന്നതു് രണ്ടു വ്യക്തികളുണ്ടെന്നു പറന്നതിനു തുല്യമാണു് എന്ന ധാരണയുമാണു് ക്രിസ്തുവിന്റെ മനുഷ്യത്വം നിഷേധിക്കുവാൻ അപ്പൊള്ളിനാരിസ്സിനെ പ്രേരിപ്പിച്ചതു്. ഇദ്ദേഹത്തിന്റെ പ്രബോധനങ്ങളുടെയെല്ലാം സംഗ്രഹമാണു് 'അവതരിച്ച വചനമായദൈവം'(On the Incarnation of theWord of God) എന്ന ഇദ്ദേഹത്തിന്റെ കൃതി.

നീസ്സായിലെ ഗ്രിഗരി (Gregory of Nyssa C.335–C. 394), അന്ത്യോക്യായിലെ സഭാപിതാക്കന്മാർ തുടങ്ങിയവരും പല സൂനഹദോസുകളും അപ്പൊള്ളിനാരിസത്തെ ശപിച്ചുതള്ളി. 388—ൽ തെയഡോസിയൂസ് ചക്രവർത്തി ഈ സിദ്ധാന്തം സ്വീകരിക്കുന്നവരെ രാജ്യഭ്രഷ്ടരാക്കുമെന്നു് വിളംബരം ചെയ്തു. ക്രമേണ ഈ പാഷണ്ഡികർ നിർവീര്യരായി.

### c) നെസ്തോറിയനിസം (Nestorianism)

ക്രിസ്തുവിന്റെ ദൈവമനുഷ്യസ്വഭാവങ്ങൾക്കു് ആധാരമായി, രണ്ടു വ്യത്യസ്ത വ്യക്തികൾ (Persons)

7 Cfr. Jerome, De viris Illistribus, 104.
8 Cfr. Maurice Wiles, The Christian Fathers, London, 1977, pp. 67-71.

www.malankaralibrary.com

ക്രിസ്തുവിലുണ്ടെന്നും അവർതമ്മിൽ വെറുമൊരു ധാർമ്മികയോജിപ്പ് (Moral union) മാത്രമേയുള്ളുവെന്നും, അവരിൽ മനുഷ്യവ്യക്തിയുടെ അമ്മയാണ് കന്യകാമറിയം (Christotokos) എന്നും മററും നെസ്തോറിയനിസം പഠിപ്പിക്കുന്നു.

നെസ്തോറിയുസ് എന്നൊരു സന്യാസിയുടെ പേരിലാണ് ഈ പാഷണ്ഡത അറിയപ്പെടുന്നത്. ഇദ്ദേഹത്തെക്കുറിച്ചും ഇദ്ദേഹത്തിന്റെ മുഖ്യപ്രബോധനങ്ങളെക്കുറിച്ചും അവയെ എതിർത്ത പ്രമുഖനായ സഭാപിതാവിനെക്കുറിച്ചും താഴെ പ്രതിപാദിക്കാം.

## നെസ്തോറിയുസ് (Nestorius 380–457)

അജപാലകനും കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാർക്കീസുമായിരുന്ന നെസ്തോറിയുസിന്റെ പേരിൽ നെസ്തോറിയനിസം അറിയപ്പെടുന്നു. ഇദ്ദേഹം 380–നോടടുത്തു പേർഷ്യാക്കാരായ മാതാപിതാക്കളിൽനിന്ന് ജർമാനിഷ്യാ (Germanicia) യിൽ ജനിച്ചു. അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിൽനിന്ന് തെയദോറിന്റെ കീഴിൽ ദൈവശാസ്ത്രശിക്ഷണം സ്വീകരിച്ചതിനുശേഷം നെസ്തോറിയുസ് എവുപ്രെപിയോസിലെ (Euprepios) സന്യാസാശ്രമത്തിൽ ചേർന്നു. ഏറെ താമസിയാതെ തെയഡോസിയുസ് ദ്വിതീയൻ (Theodosius II 401–458) ഇദ്ദേഹത്തെ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായി തിരഞ്ഞെടുക്കുകയും ചെയ്തു.[9]

ആര്യനിസം, പെലാജിയനിസം എന്നിവയ്ക്കെതിരെ നെസ്തോറിയുസ് സുധീരം പോരാടി. ക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഇദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ, ഈ രണ്ടു സ്വഭാവങ്ങൾ എപ്രകാരമാണ് ക്രിസ്തുവിൽ യോജിച്ചിരിക്കുന്നത് എന്നു വിശദീകരിക്കുന്നതിൽ നെസ്തോറിയുസിനു തെററുപററി. ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങൾക്ക

9 Gennadius, De vir. ill. 53.

www.malankaralibrary.com

നപാതമായി രണ്ടാളുകരം ക്രിസ്തുവിലുണ്ടെന്നും അവർ തമ്മിൽ ധാർമ്മികൈക്യ (Moral union) മേ ഉള്ളവെന്നും, ഇരുവ്യക്തികളിൽ മനുഷ്യവ്യക്തിയുടെ അമ്മയാണു് കന്യ കാമറിയമെന്നും, മറിയത്തെ ക്രിസ്തുവിൻെറ അമ്മ (Christotokos) എന്നാണു് വിളിക്കേണ്ടതെന്നും, നെസ്തോറിയൂസ് ഉപദേശിച്ചു എന്നു് പൊതുവെ പറയപ്പെടുന്നു.

നെസ്തോറിയൂസിനെ എതിർത്തുകൊണ്ടു ഡൊറിലേവുമിലെ എവുസേബിയൂസ് (Eusebius of Dorylaeum C.400–455), അലക്സാണ്ട്റിയായിലെ വി. സിറിൽ (St. Cyril of Alexandria+444) എന്നിവർ അന്നത്തെ മാർപ്പാപ്പയായിരുന്ന സെലസ്റ്റിൻ ഒന്നാമനു് (Pope Celestin I 422-432) എഴുതി. നെസ്തോറിയൂസിനെ സ്വാധീനിക്കാനുള്ള സർവ്വ ശ്രമങ്ങളും പരാജയപ്പെട്ടപ്പോരം തെയഡോസിയൂസ് രണ്ടാമൻ (Theodosius II 401-458) എഫേസൂസിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. 431-ൽ വി. സിറിലിൻെറ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത സമ്മേളനം നെസ്തോറിയൂസിൻെറ സിദ്ധാന്തങ്ങരം പാഷണ്ഡതയാണെന്നു പ്രഖ്യാപിക്കുകയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. നെസ്തോറിയൂസിൻെറ കൃതികരം മുഴുവൻ നശിപ്പിച്ചുകളയുവാൻ 435—ൽ ചക്രവർത്തി കല്പന പുറപ്പെടുവിക്കുകയുണ്ടായി. ആദ്യം അറേബ്യായിലേയ്ക്കും പിന്നീടു് ലിബിയായിലേയ്ക്കും, ഉത്തരഈജിപ്തിലെ ഒരു മരുഭൂമിയിലേക്കുമാണു് നെസ്തോറിയൂസിനെ നാടുകടത്തിയതു്. ഈജിപ്തിലെ വിപ്രവാസത്തിൽവച്ചു് 451—ൽ അദ്ദേഹം മരണമടഞ്ഞു.

മൊപ്സുവേസ്ത്യായിലെ തെയദോർ (Theodore of Mopsuestia C. 350-458) നെസ്തോറിയൂസിൻെറ ഗുരുവും താർസൂസിലെ ദിയദോർ (Diodore of Tarsus C. +395) തെയദോറിൻെറ ഗുരുവും, സൈറസിലെ തെയദൊറെറ്റു് (Theodret of Cyrus C. 386–458) നെസ്തോറിയൂസിൻെറ സ്നേഹിതനും ആയിരുന്നു.



www.malankaralibrary.com

## മുഖ്യകൃതികൾ

നെസ്തോറിയുസിന്റെ കൃതികളിൽ സിംഹഭാഗവും അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ നശിപ്പിക്കപ്പെട്ടുകയുണ്ടായി. ചക്രവർത്തിയുടെ 435–ലെ വിളംബരത്തെക്കുറിച്ച് മുമ്പു സൂചിപ്പിച്ചല്ലോ. നാശത്തെ അതിജീവിച്ച 15 എഴുത്തുകളുടേയും 30 പ്രസംഗങ്ങളുടേയും ഏതാനും ഭാഗങ്ങൾ ഇന്ന് സൂക്ഷിക്കപ്പെടുന്നുണ്ട്. നെസ്തോറിയുസ് രചിച്ച 'ബസാർ ഓഫ് ഹെരാക്ലീദസ്' (Bazaar of Heraclides)[10] എന്ന ഗ്രന്ഥത്തിന്റെ സുറിയാനി വിവർത്തനം 1895-ൽ കണ്ടെടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രബോധനങ്ങളുടെ വിശദീകരണവും ന്യായീകരണവുമാണ് പ്രസ്തുത കൃതി.

നെസ്തോറിയുസിന്റെ പ്രബോധനങ്ങൾക്കെതിരായി വാദിച്ചവർ അലക്സാണ്ട്റിയായിലെ സിറിൽ (St. cyril of Alexandria + 444), ബിസാൻറിയത്തിലെ ലയോൺസിയുസ് (Leonsius of Byzantium 485–543), അനസ്താസിയസ് സെനയ്ത്താ (+700), ഡമാസ്കസിലെ ജോൺ (John of Damascus C. 675-750), എന്നിവരാണ്. ഇവരിൽ ഏററവും പ്രധാനി സിറിൽ അത്രേ.

## അലക്സാണ്ട്റിയായിലെ വി. സിറിൽ (St. Cyril of Alexandria +444)

നാലാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഈജിപ്റ്റിൽ ഇദ്ദേഹം ഭൂജാതനായി. അലക്സാണ്ട്റിയായിലെ പാത്രിയാർക്കീസായിരുന്ന തെയോഫിലസ് (Theophilus 385–428) സിറിലിനു വൈദികപട്ടം നല്കി. ഔദ്യോഗികജീവിതം ആരംഭിക്കുന്നതുവരെയുള്ള സിറിലിന്റെ ജീവിതത്തെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. പുരോഹിതനായതിനു ശേഷം കുറച്ചുനാൾ മരുഭൂമിയിൽ സന്യാസ ജീവിതം നയിച്ചതായി പറയപ്പെടുന്നു.[11]

10 Cfr. Henry Bettenson (Ed. and Trans), The Latter Christian Fathers, London, 1974, P 29.

11 Cfr. St. Isidore of Pelusium, Epistles, 1, 25, 310, 370 etc.

www.malankaralibrary.com

തെയോഫീലസിന്റെ കാലശേഷം 412—ൽ ഇദ്ദേഹം മെത്രാനായി. ക്ലേശപൂർണ്ണമായിരുന്നു സിറിലിന്റെ ഭരണകാലം[12]. യഹൂദന്മാരെ അലക്സാണ്ട്റിയായിൽ നിന്നു് ഇദ്ദേഹം ആട്ടിയോടിച്ചു. ഈ പ്രവൃത്തി ഈജിപ്റ്റിലെ പ്രീഫെക്ടായിരുന്ന ഒറെസ്റ്റസിനെ (Orestus) നെ രോഷാകുലനാക്കി. കൂടാതെ സഭാപിതാക്കന്മാരുടെ പട്ടികയിൽ ജോൺ ക്രിസോസ്റ്റോം (John Chrisostom 344–407) മിന്റെ പേരു ചേർക്കുവാൻ ആദ്യമൊന്നും സിറിൽ സമ്മതിച്ചില്ല. ഇതും ഇദ്ദേഹത്തിനു ശത്രുക്കളെ നേടിക്കൊടുത്തു. ഇതേ കാലയളവിൽ തന്നെയാണു് നെസ്തോറിയനിസവും പൊട്ടി പുറപ്പെട്ടതു്.

എ. ഡി. 427ൽ നെസ്തോറിയൂസ് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാക്കീസായി. ആര്യനിസം, പെലാജിയനിസം എന്നിവക്കെതിരെ സഭക്കു വേണ്ടി പോരാടിയ ധീര പടയാളിയായിരുന്നു നെസ്തോറിയൂസ്. എന്നാൽ പിന്നീടു് നിഖ്യാവിശ്വാസ പ്രമാണത്തിനു വിരുദ്ധമായ ചില പ്രബോധനങ്ങൾ ഇദ്ദേഹം പ്രചരിപ്പിച്ചു. ബോധനങ്ങൾക്കു് എതിരായി സിറിൽ സ്വരമുയർത്തുകയും, സ്ഥിതിഗതികൾ അന്നത്തെ മാപ്പാപ്പാ ആയിരുന്ന സെലസ്റ്റിന്റെ (Pope Celestin I 422–432) ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. എ. ഡി. 430ൽ റോമിൽ വച്ചു കൂടിയ ഒരു പ്രാദേശിക സൂനഹദോസ് നെസ്തോറിയൂസിന്റെ സിദ്ധാന്തങ്ങൾ നിഷിദ്ധങ്ങളാണെന്നു പ്രഖ്യാപിച്ചു. കൂടാതെ എ.ഡി. 431—ൽ വിളിച്ചു കൂട്ടിയ എഫേസൂസ് സൂനഹദോസിൽവച്ചു് സിറിലിന്റെ അദ്ധ്യക്ഷതയിൽ നെസ്തോറിയൂസിനെ സ്ഥാനഭ്രഷ്ടനാക്കുകയും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ ശപിക്കുകയും ചെയ്തു. മാപ്പാപ്പായുടെ പ്രതിനിധികളും ഈ തീരുമാനങ്ങൾ ശരിവക്കുകയുണ്ടായി. ഈ സമയത്താണു് അന്ത്യോക്യായിലെ ജോണും സഹപ്രവർത്തകരും, രംഗത്തെത്തിയതു്. ഇവർ ഒരു പ്രത്യേക യോഗം ചേരുകയും സിറിലും എഫേസൂസിലെ മെത്രാനായിരുന്ന മെമ്നോനും (Memnon) പാഷണ്ഡകരാ

12 Cfr. Socrates, The Eeclesiastical History, 7, 15.

www.malankaralibrary.com

ണെന്നു പ്രഖ്യാപിക്കുകയും അവരെ ശപിക്കുകയും ചെയ്തു. ഈ നിർണ്ണായക ഘട്ടത്തിൽ തെയഡോസിയുസ് ചക്രവർത്തി സിറിൽ, ജോൺ, മെമ്നോൺ എന്നിവരെയെല്ലാം തടങ്കലിലാക്കി. എന്നാൽ ഏറെ താമസിയാതെ സിറിലിനെ സഭാഭരണം തിരിച്ചേല്പിക്കുകയുണ്ടായി. 32 വർഷത്തോളം സഭാസേവനം അനുഷ്ഠിച്ച ശേഷം 444—ൽ അലക്സാണ്ട്റിയായിൽവച്ച് സിറിൽ നിര്യാതനായി.

## മുഖ്യകൃതികൾ[13]

428 വരെയുള്ള കാലഘട്ടത്തിൽ പ്രധാനമായും ആര്യനിസത്തിനെതിരെയും പിന്നീട് നെസ്തോറിയസത്തിനെതിരെയുമാണ് സിറിൽ തൂലിക ചലിപ്പിച്ചതു്. സിറിലിൻെറ ജീവിതകാലത്തുതന്നെ അദ്ദേഹത്തിൻെറ കൃതികൾ ലത്തീൻ, സുറിയാനി മുതലായ ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. വിശുദ്ധഗ്രന്ഥ വ്യാഖ്യാനങ്ങളും സൈദ്ധാന്തികങ്ങളായ കൃതികളും സിറിൽ രചിച്ചിട്ടുണ്ടു്.

## വിശ്വാസ സമർത്ഥനപരവും സൈദ്ധാന്തികവുമായ കൃതികൾ

'ജൂലിയനെതിരായ വിശ്വാസ സമർത്ഥനം' (Apology Against Julian) എന്ന പേരിൽ സിറിൽ രചിച്ച കൃതി വളരെ പ്രസിദ്ധമാണു്. ഇതു് തെയഡോസിയുസ് രണ്ടാമൻ ചക്രവർത്തിക്കാണു് സമർപ്പിച്ചിരിക്കുന്നതു്. ഗ്രീക്കു സഭയെ നെയോപ്ലറ്റോനീസത്തിനു വിധേയമാക്കാനുള്ള ചക്രവർത്തിയുടെ ശ്രമങ്ങളെ ഈ ഗ്രന്ഥത്തിൽ അപലപിച്ചിട്ടുണ്ടു്. 'പരിശുദ്ധവും ഏക സാരാംശവുമായ ത്രിത്വത്തെക്കുറിച്ചുള്ള വിദ്യാകോശം' (Tresurus on Holy and Consubstantial Trinity) എന്ന കൃതിക്കു് 35 അദ്ധ്യായങ്ങളാണു് ഉള്ളതു്. അബദ്ധ സിദ്ധാന്തങ്ങളെ എതിർക്കുകയും ശരിയായ വിശ്വാസ സത്യങ്ങൾ പ്രചരിപ്പിക്കുകയുമാണു് സിറിൽ ഈ കൃതിയിലൂടെ ആര്യനസിത്തിനെതിരായുള്ള ആശയങ്ങളെല്ലാം ഏഴു സംവാദങ്ങളിലായി ക്രമീകരിച്ചിരിക്കുന്നതാണു് സിറിലിൻെറ 'വിശുദ്ധവും ഏക സാരാംശ

13 Migne, Patrologia Graeca, 68-67.

www.malankaralibrary.com

വുമായ ത്രിത്വത്തെ കുറിച്ച്'' (On Holy and Consusbtantial Trinity), സിറിൽ എഴുതിയ വിശ്വാസ സമർത്ഥനപരവും സൈദ്ധാന്തികവുമായ ഇതര കൃതികളിൽ പ്രധാനപ്പെട്ടവ, 'നെസ്തോറിയൂസിന്റെ ദൈവ ദൂഷണങ്ങൾക്കെതിരെ അഞ്ചു ബൃഹദ്ഗ്രന്ഥങ്ങൾ' (Five Tomes Against the Blasphemies of Nestorius) 'ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസത്തെ കുറിച്ച്'(On the Correct Belief in Christ) 'ചക്രവർത്തിക്കുള്ള വിശ്വാസസമർത്ഥനം'(Apology to the Emperor), 'പരിശുദ്ധ കന്യകയെ ദൈവ മാതാവായി അംഗീകരിക്കാത്തവർക്കെതിരെ' (Against Those Who refuse to Acknowledge the Holy Virgin as the Mother of god) എന്നിവയാണ്. അബദ്ധ സിദ്ധാന്തങ്ങൾക്കുപകരം ശരിയായ ക്രിസ്തീയ തത്ത്വങ്ങൾ അവതരിപ്പിക്കുന്നതാണ് ഈ ഓരോ കൃതിയും.

## വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങൾ

പഴയനിയമത്തിൽനിന്നു ചില ഭാഗങ്ങൾ തെരഞ്ഞെടുത്ത് അവയ്ക്കു നല്കിയിട്ടുള്ള വിശദീകരണങ്ങളാണ്, സിറിൽ രചിച്ച ''ആത്മാവിലും സത്യത്തിലുമുള്ള ആരാധനയേയും വണക്കത്തേയും കുറിച്ച്'' (on Adoration and Worship in Spirit and Truth), എന്ന കൃതിയുടെ ഉള്ളടക്കം. 17 ലഘുഗ്രന്ഥങ്ങളുടെ സമാഹാരമായ പ്രസ്തുതകൃതി സംഭാഷണശൈലിയിലാണ് എഴുതിയിട്ടുള്ളത്. പഞ്ചഗ്രന്ഥിയിലെ ഏതാനും ഭാഗങ്ങളുടെ വിശദീകരണമാണ് സിറിലിന്റെ 'ഗ്ലാഫീറ' (Glaphyra) എന്ന കൃതി. മേൽ പറഞ്ഞ രണ്ടു കൃതികളും 429 ലാണ് സിറിൽ രചിച്ചത്. കൂടാതെ ഏശയ്യാ, ലഘുപ്രവാചകന്മാർ, സങ്കീർത്തനങ്ങൾ രാജാക്കന്മാർ, സാമുവേൽ, സുഭാഷിതങ്ങൾ എന്നീ ഗ്രന്ഥങ്ങൾക്കെല്ലാം ഇദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. വിശുദ്ധമത്തായിയുടെ സുവിശേഷം, റോമാക്കാർ, കൊറിന്തോസുകാർ, ഹെബ്രായർ, എന്നിവർക്കെഴുതിയ ലേഖനങ്ങൾ തുടങ്ങിയ പുതിയ നിയമഗ്രന്ഥങ്ങൾക്കും സിറിൽവ്യാഖ്യനങ്ങൾ രചിക്കുകയുണ്ടായി. എന്നാൽ ഇവയുടെ ഏതാനും ഭാഗങ്ങൾ മാത്രമേ ഇന്ന് ലഭ്യമായിട്ടുള്ളു. കൂടാതെ വിശുദ്ധലൂക്കായുടെ സുവിശേഷത്തെ ആസ്പദമാക്കി സിറിൽ 16 പ്രസംഗങ്ങളും രചിച്ചിട്ടുണ്ട്.

www.malankaralibrary.com

## പ്രഭാഷണങ്ങളും കത്തുകളും

ഒരനുഗ്രഹീത വാഗ്മിയായിരുന്നു സിറിൽ. ഇദ്ദേഹത്തിന്റെ അനേകം പ്രസംഗങ്ങളിൽ 22 എണ്ണം മാത്രമാണ് ഭാഗികമായിട്ടെങ്കിലും ഇന്നുള്ളതു്. സിറിൽ നിരവധി ഇടയലേഖനങ്ങളും എഴുതിയിട്ടുണ്ട്. എന്നാൽ അവയിൽ 29 എണ്ണമേ ഇന്നു് സൂക്ഷിക്കപ്പെട്ടുന്നുള്ളു. സിറിൽ എഴുതിയ കത്തുകളിൽ 70 എണ്ണത്തോളം ഇന്നും ലഭ്യമാണു്. ഇദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും കത്തുകളിലും ഉന്നതമായ ദൈവശാസ്ത്രചിന്തകളും ക്രിസ്തീയജീവിതത്തെ സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങളും പ്രതിഫലിക്കുന്നതു കാണാം.

## മുഖ്യപ്രബോധനങ്ങൾ:

സൃഷ്ടി, പാപം, സഭ, കൂദാശകൾ, യുഗാന്ത്യോന്മുഖത, വിശ്വാസം തുടങ്ങി ദൈവശാസ്ത്രത്തോടു ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും ആധികാരികമായ പ്രബോധനങ്ങൾ നല്കിയിട്ടുള്ള വ്യക്തിയാണു് അലക്സാണ്ഡ്രിയായിലെ സിറിൽ. എങ്കിലും പരിശുദ്ധത്രിത്വം, മനുഷ്യാവതാരം എന്നിവയെക്കുറിച്ചാണു് ഇദ്ദേഹത്തിന്റെ മിക്കകൃതികളും പ്രതിപാദിക്കുന്നതു്. സിറിലിന്റെ ദൈവശാസ്ത്രത്തിലെ പ്രധാന ആശയങ്ങൾ താഴെ ചേർക്കുന്നു:

## ക്രിസ്തുവിജ്ഞാനീയം

സിറിലിന്റെ ക്രിസ്തുവിജ്ഞാനീയം ''വചനം മാംസമായി'' എന്ന സുവിശേഷവാക്യ (യോഹ. 1:14)ത്തെ കേന്ദ്രീകരിച്ചുള്ളതാണു്. ദൈവത്തിന്റെ 'നിത്യവചനം' മനുഷ്യശരീരം സ്വീകരിച്ചു് അതിനെ സ്വകീയമാക്കിത്തീർത്തെന്നും വചനവും മനുഷ്യത്വവും തമ്മിലുള്ള ബന്ധം യഥാർത്ഥവും സത്താപരവും ആണെന്നും സിറിൽ പഠിപ്പിച്ചു. 'വചന'ത്തിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമാംവിധം സംയോജിച്ചിരിക്കുന്നതിനാൽ അവിടുന്നു് ഏകവ്യക്തിത്വത്തിന്റെ ഉടമയാണെന്നും ആ

www.malankaralibrary.com

ചെയ്യുന്നു. മനുഷ്യൻെറ ദൈവിക ജീവനിലുള്ള ഭാഗഭാഗിത്വത്തിൻെറ അഥവാ ദൈവപുത്രത്വത്തിൻെറ ഏററം ബാഹ്യപ്രകടനമായാണ് വിശുദ്ധ കുർബ്ബാനയെ സിറിൽ പരിഗണിച്ചത്. ഇപ്രകാരം ക്രിസ്തുവിലൂടെയും ക്രിസ്തുവഴിയും മനുഷ്യരക്ഷ അഥവാ ദൈവവുമായുള്ള ഐക്യം സംജാതമാകുന്നുവെന്ന് സിറിൽ പഠിപ്പിച്ചു.

### ആദ്ധ്യാത്മികത

ക്രിസ്തു കേന്ദ്രീകൃതമാണ് സിറിലിൻെറ ആദ്ധ്യാത്മികത. സിറിലിൻെറ അഭിപ്രായത്തിൽ പിതാവായ ദൈവത്തിൻെറ പ്രതിച്ഛായ തന്നെയായ ക്രിസ്തുവിനോട് ഉത്തരോത്തരം അനുരൂപപ്പെടുകയാണ് ആദ്ധ്യാത്മികജീവിതമെന്നതിൻെറ അർത്ഥം. ക്രിസ്തുവിനോട് അനുരൂപപ്പെടുന്നതു വഴി സ്വാഭാവികമായി പിതാവായ ദൈവത്തോടും ക്രൈസ്തവർ അനുരൂപരാകും. ബുദ്ധി, സ്വാതന്ത്ര്യം, ആധിപത്യം, പരിശുദ്ധി, അക്ഷയത്വം, ദൈവപുത്രത്വം എന്നിവയോടു കൂടിയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചതെന്നും പാപം ചെയ്യുക വഴി ഈ വിശേഷ ദാനങ്ങളുടെ അളവിൽ കുറവു സംഭവിച്ചെന്നും മനുഷ്യൻ പീഡകൾക്കും നാശത്തിനും വിധേയനായെന്നും സിറിൽ പഠിപ്പിച്ചു. മനുഷ്യന് അവൻെറ ആദ്യ സ്ഥിതിയിലുണ്ടായിരുന്ന മേല്പറഞ്ഞ ഗുണങ്ങൾ തിരിച്ചു നല്കുകയായിരുന്നു ക്രിസ്തുവിൻെറ മനുഷ്യാവതാരം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയുടെ ലക്ഷ്യം. മാമോദീസായിൽ ക്രിസ്തുവിൻെറ തന്നെ ആത്മാവിനെ സ്വീകരിക്കുന്ന ക്രൈസ്തവൻ ക്രിസ്തു നേടിയെടുത്ത രക്ഷ സ്വായത്തമാക്കുകയും ദൈവികജീവനിൽ വളരുകയും ചെയ്യണമെന്നും, അതിലാണ് വ്യക്തിപരമായ ആദ്ധ്യാത്മികത അടങ്ങിയിരിക്കുന്നതെന്നും സിറിൽ ഉപദേശിച്ചിട്ടുണ്ട്.

## d) ഏകസ്വഭാവവാദം (Monophysitism)

ദൈവപുത്രനായ ക്രിസ്തുവിൽ ദൈവികസ്വഭാവത്തോടൊപ്പം പൂർണ്ണവും യഥാർത്ഥവുമായ മനുഷ്യസ്വഭാവവും ഉണ്ടെന്ന് അംഗീകരിക്കാത്തതാണ് ഏകസ്വഭാവവാദം.

www.malankaralibrary.com

മനുഷ്യാവതാരത്തോടുകൂടി ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചു; തന്നിമിത്തം മനുഷ്യപ്രകൃതിക്ക് അതിന്റെ ആത്മഭാവം നഷ്ടപ്പെട്ടു് വ്യതിരിക്തമായ അസ്തിത്വം ഇല്ലാതായി, അഥവാ അവിടുത്തെ മനുഷ്യസ്വഭാവം ദൈവികമായിത്തീർന്നുവെന്നു് ഏകസ്വഭാവവാദം പഠിപ്പിക്കുന്നു.

അപ്പൊള്ളിനാരിയൂസ്, നെസ്തോറിയൂസ്, സിറിൽ തുടങ്ങിയവർ 'സ്വഭാവം' (Physis) എന്ന പദത്തെ വ്യത്യസ്ത അർത്ഥത്തിൽ മനസ്സിലാക്കിയതാണു് ഈ പാഷണ്ഡത ആവിർഭവിക്കുന്നതിനുള്ള മുഖ്യകാരണം. ക്രിസ്തുവിന്റെ ഏകവ്യക്തിത്വം സ്ഥാപിക്കുകയെന്നുള്ള ലക്ഷ്യത്തോടെ 'അവതാരം ചെയ്ത ദൈവവചന'ത്തിനു് (The Word Incarnate) 'ഏകസ്വഭാവം' (Mia Physis) ആണുള്ളതെന്നു് സിറിൽ പഠിപ്പിച്ചു. എന്നാൽ അതുകൊണ്ടു് അദ്ദേഹം അർത്ഥമാക്കിയിരുന്നതു്, വചനത്തിൽ ഏകവ്യക്തി സനാതനമായി ജീവിക്കുകയും മനുഷ്യാവതാരം വഴി തന്റെ ജീവിതവൃത്തി മനുഷ്യശരീരത്തിലേക്കു വ്യാപിപ്പിക്കുകയും ചെയ്തുവെന്നാണു്. പക്ഷേ, അതു് ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം അപൂർണ്ണമാണെന്നും ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേ യാഥാർത്ഥ്യമായുള്ളവെന്നും ചിന്തിക്കുവാൻ മററു ചില പിതാക്കന്മാരെ പ്രേരിപ്പിച്ചു. അങ്ങനെയാണു് ഏകസ്വഭാവവാദത്തിന്റെ ആരംഭം. ഏകസ്വഭാവവാദത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നതു് എവുത്തിക്കസ് എന്നൊരു സന്യാസിയാണു്.

## എവുത്തിക്കസ് (Eutychus 375–454)

എവുത്തിക്കസ് 375—ൽ ജനിച്ചുവെന്നാണു് കണക്കാക്കപ്പെടുന്നതു്. ഇദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലെ ഒരു ആശ്രമത്തിന്റെ അധിപനായിരുന്നു. എവുത്തിക്കസിന്റെ ആദ്യകാല ജീവിതത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ക്രിസ്തുവിൽ ഒരു സ്വഭാവമേയുള്ളു എന്നു പഠിപ്പിച്ചതിനാൽ ഡോറിലേവുമിലെ എവുസേബിയൂസ് (Eusebius of Doryleum G.400—C. 455) ഇദ്ദേ

www.malankaralibrary.com

ഹത്തെ പാഷണ്ഡകനായി മുദ്രകുത്തി. പാത്രിയർക്കീസായിരുന്ന ഫ്ളാവിയന്റെ (Flavian 446-449) മുമ്പിലും ക്രിസ്തുവിന്റെ ദൈ്വതസ്വഭാവം എവുത്തിക്കസ് നിഷേധിച്ചു. ഇതിനെ തുടർന്ന് 448—ൽ കൂടിയ ഒരു പ്രാദേശിക സൂനഹദോസ് ഇദ്ദേഹത്തെ ശപിക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. 449—ലെ തസ്കരസിനഡ് (Robber Council) എവുത്തിക്കസിനെ തിരിച്ചുവിളിച്ചെങ്കിലും 451—ൽ കാൽസിഡോണിൽ കൂടിയ സാർവ്വത്രിക സൂനഹദോസ് ഇദ്ദേഹത്തെ അന്തിമമായി ശപിക്കുകയും നാടുകടത്തുകയുമാണ് ചെയ്തത്. എവുത്തിക്കസിന്റെ പിന്നീടുള്ള ജീവിതത്തെപ്പറ്റി അറിവൊന്നുമില്ല. 454—നോടു കൂടി ഇദ്ദേഹം മരണമടഞ്ഞുവെന്നു കരുതപ്പെടുന്നു.

നെസ്തോറിയനിസത്തോടുള്ള കടുത്ത വിരോധവും അലക്സാണ്ഡ്രിയായിലെ സിറിലിന്റെ പ്രബോധനങ്ങളോടുള്ള അതിരററ വിശ്വാസ്തതയുമാണ് എവുത്തിക്കസിനെ ഏകസ്വഭാവവാദിയാക്കിയതെന്നു പറയാം. എവുത്തിക്കസിന്റെ സിദ്ധാന്തത്തെ ഇപ്രകാരം സംഗ്രഹിക്കാം. ദൈവപുത്രനായ ക്രിസ്തുവിൽ മനുഷ്യാവതാരത്തിനുമുമ്പ് രണ്ടു സ്വഭാവങ്ങളുണ്ടായിരുന്നു; എന്നാൽ മനുഷ്യാവതാരത്തിനുശേഷം ഒരു സ്വഭാവം മാത്രമേ ഉള്ളു. തന്നിമിത്തം മൂർത്തവും വ്യതിരിക്തവുമായ അസ്തിത്വത്തോടുകൂടിയ ഒരു മനുഷ്യസ്വഭവത്തിന് ക്രിസ്തുവിൽ സാദ്ധ്യതയില്ല; ക്രിസ്തുവിന്റെ മനുഷ്യ സ്വഭാവത്തെ ദൈവിക സ്വഭാവം പൂർണ്ണമായും സ്വാംശീകരിച്ചതിനാൽ ക്രിസ്തുവിന്റെ ശരീരത്തിനും സാധാരണ മനുഷ്യന്റെ ശരീരത്തിനും തമ്മിൽ സത്താപരമായ ഐക്യമൊന്നുമില്ല.

ഏകസ്വഭാവവാദത്തെ എതിർത്ത എഴുത്തുകാരിൽ പ്രമുഖനാണ് ബിസാൻറിയത്തിലെ ലെയോൺസിയുസ്.

## ബിസാൻറിയത്തിലെ ലെയോൺസിയുസ്
## (Leontius of Byzantium 485—C. 543)

ലെയോൺസിയുസ് 485—ാം ആണ്ടിൽ കോൺസ്റ്റാൻറിനോപ്പിളിൽ ജനിച്ചു. ഇദ്ദേഹം കുറച്ചുനാൾ പലസ്തീ

www.malankaralibrary.com

നായിൽ സന്യാസജീവിതം നയിക്കുകയും തദനന്തരം വീണ്ടും കോൺസ്റ്റാൻറിനോപ്പിളിലേക്കു തിരിച്ചുവരിക യും ചെയ്തു. ഏകസ്വഭാവവാദത്തിനെതിരെ പോരാടുന്ന തിനായിട്ടാണ് ലെയോൺസിയൂസ് തൻെറ ജീവിതകാ ലം ചെലവഴിച്ചത്. ഏ. ഡി. 543-ൽ ഇദ്ദേഹം നിര്യാത നായെന്ന് വിശ്വസിക്കപ്പെടുന്നു.

ഗ്രീക്കുസഭയിലെ പ്രസിദ്ധനായൊരു ദൈവശാസ്ത്ര ജ്ഞനാണ് ലെയോൺസിയൂസ്. ഇദ്ദേഹം എഴുതിയ മൂന്നു കൃതികൾ ഇന്നും സൂക്ഷിക്കപ്പെടുന്നുണ്ട്. അവ യഥാക്രമം 1) നെസ്തോറിയൂസിൻേറയും എവുത്തിക്കൂസിൻേറയും അ നുയായികൾക്കെതിരേ മൂന്നു ഗ്രന്ഥങ്ങൾ' (Three Books Against Nestorians and Eutychians), 2) അന്ത്യോക്യായിലെ 'സെവരുസ് ഉന്നയിച്ച വാദങ്ങൾക്കുള്ള മറുപടി' (Solution to the Arguments Proposed by Severes of Antioch) 3) 'സെവരുസിനെതിരെ മുപ്പതു് അദ്ധ്യായങ്ങൾ' (Thirty Chapters Against Severus) എന്നിവയാണ്. 'അപ്പോള്ളിനാരിയൂസിൻെറ അനുയായികളുടെവഞ്ചനകൾക്കെതിരെ' (Against the Frauds of Appollinarians), 'ഏകസ്വഭാവവാദികൾക്കെതിരെ' (Against the monophysites), 'നെസ്തോറിയർക്കെതിരെ' (Against the Nestorians) തുടങ്ങിയ ഏതാനും കൃതികൾകൂടി ലെയോൺസിയൂസിൻെറ പേരിൽ അറിയപ്പെടുന്നുണ്ടെങ്കിലും ഇദ്ദേഹമാണ് ഈ ഗ്രന്ഥങ്ങളുടെ യഥാർത്ഥ കർത്താവെന്ന് ആധികാരികമായി ഇതുവരെയും തെളിയിക്കപ്പെട്ടിട്ടില്ല.

ലെയോൺസിയൂസിൻെറ ബുദ്ധിപരമായ കഴിവുകളും ദൈവശാസ്ത്ര ചിന്തകളും വെളിപ്പെടുത്തുന്നവയാണ് മേൽ പ്രസ്താവിച്ച ഓരോ കൃതികളും. പാഷണ്ഡതകളെ എതിർക്കുക എന്നതായിരുന്നു ഇദ്ദേഹത്തിൻെറ പ്രഖ്യാപിതലക്ഷ്യം. നേരായ ക്രിസ്തീയ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാൻ ലെയോൺസിയൂസ് സദാ പ്രതിജ്ഞാബദ്ധനായിരുന്നു. ക്രിസ്തു എന്ന ഏകവ്യക്തിയിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സംയോജിച്ചിരിക്കുന്നുവെന്ന് ഇദ്ദേഹം പഠിപ്പിച്ചു. ലെയോൺസിയൂസിൻെറ

www.malankaralibrary.com

ക്രിസ്തു വിജ്ഞാനീയമാണ് പില്ക്കാലത്ത് മാക്സിമുസ് ദ കൺഫസ്സർ (Maximus the Confessor C. 580-662) ജോൺ ഡാമസീൻ (John Damascene C. 675-749) തുടങ്ങിയവർ വികസിപ്പിച്ചെടുത്തത്. ഏകസ്വഭാവവാദികളുടെ ശക്തി ക്ഷയിപ്പിക്കുന്നതിൽ ലെയോൺസിയൂസ് വഹിച്ച പങ്ക് പ്രശംസാർഹമാണ്.

## e) ഏകമാനസവാദം (Monothelitism)

ക്രിസ്തുവിൽ ദൈവികവും മാനുഷികവുമായ രണ്ടു വ്യത്യസ്ത മനസുകളുണ്ട് എന്നതിൻെറ നിഷേധനമാണ് ഏകമാനസവാദത്തിൻെറ രത്നച്ചുരുക്കം. ക്രിസ്തുവിനു ഒരു സംയുക്ത മനസ്സാണ് (composite will) ഉണ്ടായിരുന്നതെന്ന് ഈ പാഷണ്ഡത പഠിപ്പിക്കുന്നു. ഏഴാം നൂററാണ്ടിലാണ് ഈ അബദ്ധ സിദ്ധാന്തം ആവിർഭവിച്ചത്. ഏകസ്വഭാവവാദികളെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിനുവേണ്ടി കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തിയായിരുന്ന ഹെറാക്ലിയൂസ് (Heraclius 610-641) ഒരു പുതിയ സിദ്ധാന്തം പ്രചരിപ്പിച്ചു; ക്രിസ്തുവിനു ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടെങ്കിലും അവിടുന്ന് ഒരു വ്യക്തിയായതിനാൽ ക്രിസ്തുവിൽ ഒരു മനസ്സും ഒരു പ്രവർത്തനവും മാത്രമേയുള്ളുവെന്ന്. ഈജിപ്റ്റിലേയും സിറിയായിലേയും ഏകസ്വഭാവവാദികളെ സഭയിലേക്കു തിരിച്ചുകൊണ്ടുവരുവാൻ ഈ പുതിയ ചിന്താഗതി ഇടയാകുമെന്ന് കോൺസ്റ്റാൻറിനോപ്പിളിലെ സർജിയൂസ് ഒന്നാമൻ പാത്രിയാർക്കീസ് (Sergius I 610-639) ചക്രവർത്തിയെ ബോധ്യപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് 631—ൽ ചക്രവർത്തി സൈറസിനെ അലക്സാണ്ഡ്രിയായിലെ പാത്രിയാർക്കീസായി അവരോധിച്ചത്. എന്നാൽ ഇദ്ദേഹമാണ് പിന്നീട് ഏകമാനസവാദികളുടെ അനിഷേധ്യ നേതാവായിത്തീർന്നത്.

ഏകമാനസവാദത്തിന് ദൈവശാസ്ത്രപരമായ പ്രചോദനം നല്കിയത് അന്ത്യോകൃായിലെ മെത്രാനായിരുന്ന സെവേരൂസ് (Severus of Antioch 512-518) ആണ്. ക്രിസ്തുവിൽ ഒരു മനസ്സും (One will) ഒരു പ്രവർത്തനവും

www.malankaralibrary.com

(One action) മാത്രമേ ഉള്ളൂ എന്നു പറയുവാൻ തക്കവണ്ണം അത്രക്കും സംയോജിച്ചിരിക്കുകയാണ് അവിടുത്തെ ദൈവിക മാനുഷിക സ്വഭാവങ്ങൾ എന്ന് ഇദ്ദേഹം പഠിപ്പിച്ചു. ക്രിസ്തുവിന്റെ ദൈവിക മാനുഷിക പ്രവർത്തനങ്ങൾക്കെല്ലാം നിദാനം അവിടുത്തെ ഏക വ്യക്തിത്വമാണെന്ന് സഭാപിതാക്കന്മാരുടെയും സുന്നഹദോസുകളുടെയും പ്രബോധനങ്ങളുടെ വെളിച്ചത്തിൽ അലക്സാണ്ട്റിയായിലെ ഒരു സന്യാസിയായിരുന്ന സഫ്രോണിയൂസ് (Saphronius of Alexandria) നേരത്തെ തന്നെ സമർത്ഥിച്ചിട്ടുണ്ടായിരുന്നു. ഈ പഠനമാണ് ക്രിസ്തുവിനു് ഒരു മനസ്സേ ഉള്ളൂ എന്നു ചിന്തിക്കുവാൻ സെവേരുസിനെ പ്രേരിപ്പിച്ചത്. ഹെരാക്ലിയൂസ് ചക്രവർത്തി 638—ൽ എഴുതിയ 'എക്തേസിസ്' (Ekthesis)എന്ന ഗ്രന്ഥത്തിൽ ക്രിസ്തു ഏകമാനസനാണെന്ന ആശയം അന്തർഭവിച്ചിരുന്നു. പ്രസ്തുത ഗ്രന്ഥവും വളരെയേറെ സഹായിച്ചിട്ടുണ്ട് ഈ പാഷണ്ഡതയുടെ വളർച്ചക്ക്.

ക്രിസ്തു ദ്വിമാനസനാണെന്ന് ശാസ്ത്രീയമായ രീതിയിൽ ആദ്യമായി പഠിപ്പിച്ച വ്യക്തി അലക്സാണ്ട്റിയായിലെ എവുളോജിയൂസ് (Eulogius of Alexandria 580-607) ആണെന്നു കരുതപ്പെടുന്നു. 641ൽ റോമിൽവച്ചു കൂടിയ ഒരു പ്രാദേശിക സുന്നഹദോസിൽവച്ച് നാലാം യോഹന്നാൻ മാർപ്പാപ്പ (Pope John IV 640-642) 'എക്തേസിസ്' എന്ന ഗ്രന്ഥത്തെ നിഷേധിക്കുകയുണ്ടായി. ഒന്നാം തെയദോർ മാർപ്പാപ്പ (Pope Theodore I 642-649), മാക്സിമുസ് ദ കൺഫസ്സർ (Maximus the Confessor 580-662) തുടങ്ങിയവർ ഏകമാനസവാദത്തെ ഖണ്ഡിച്ചവരുടെ കൂട്ടത്തിൽ പെടുന്നു. ഏകമാനസവാദികളെ ശപിക്കുവാൻ വിസമ്മതിച്ച കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന പൗലോസിനെ തെയദോർ മാർപ്പാപ്പ 643—ൽ സ്ഥാനഭ്രഷ്ടനാക്കി. 649—ൽ കൂടിയ ലാററൻ സുന്നഹദോസിൽവച്ച് ഒന്നാം മാർട്ടിൻ മാർപ്പാപ്പാ (Pope Martin I 649-655)യും ഈ പാഷണ്ഡതയെ ശപിച്ചു തള്ളുകയുണ്ടായി. 681—ൽ അഗാത്തോ മാർപ്പാപ്പ (Pope

www.malankaralibrary.com

Agatho 678-681) വിളിച്ചുകൂട്ടിയ മൂന്നാം കോൺസ്റ്റാൻറി നോപ്പിൾ സൂനഹദോസ് ഏകമാനസവാദികളെ അന്തിമമായി ശപിക്കുകയും ക്രിസ്തുവിൽ സ്വതന്ത്രങ്ങളും അവിഭക്തങ്ങളുമായ രണ്ടു മനസ്സുകളുണ്ടെന്നു് (Divine and Human will) പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനെ തുടന്നു് ഈ പാഷണ്ഡകർ നിർവീര്യരായി.

ഏകമാനസവാദികൾക്കെതിരെ പോരാടിയവരിൽ ഏററവും പ്രസിദ്ധരാണു് സോഫ്രോണിയൂസും (Sophronius C. 560-638) മാക്സിമൂസ് ദ കൺഫസറും (Maximus the Confessor C. 580-662). ഇവരെക്കുറിച്ചു ചുരുക്കമായി താഴെ ചേക്കുന്നു.

## 1 സോഫ്രോണിയൂസ് (Sophronius C. 560-638)

ഏകമാനസവാദികളുടെ ബദ്ധശത്രുവായിരുന്ന ഇദ്ദേഹം 560നോടടുത്തു ഡമാസ്കസിൽ ജനിച്ചു. ഈജിപ്ത്, ജോർദ്ദാൻ, ജറുസലേം തുടങ്ങിയ സ്ഥലങ്ങളിൽ സോഫ്രോണിയൂസ് ഒരു സന്യാസിയായി ജീവിച്ചു. 633—ൽ കോൺസ്റ്റാൻറിനോപ്പിൾ, അലക്സാണ്ട്റിയ എന്നിവിടങ്ങളിൽ ഏകമാനസവാദികളെ എതിത്തു തോല്പിക്കാൻ ഇദ്ദേഹം നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. 634—ൽ സോഫ്രോണിയൂസ് ജറുസലേമിലെ പാത്രിയാക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. പിറെറ വഷംതന്നെ കാലിഫ് ഒമാർ, ജറുസലേം ആക്രമിച്ചു കീഴടക്കി. ഇതു് സോഫ്രോണിയൂസിനു വദ്ധിച്ച മനോവേദനക്കു കാരണമാവുകയും അദ്ദേഹത്തിൻെറ മരണത്തെ ത്വരിതപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹം 638—ൽ നാര്യാതനായി.

സോഫ്രോണിയൂസിൻെറ പ്രധാന കൃതികളെല്ലാം തന്നെ ഏകമാനസവാദത്തെ എതിത്തുകൊണ്ടുള്ളവയാണു്. സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നു് ക്രിസ്തു ഏകമാനസനല്ല എന്ന ആശയത്തിനു് ഉപോൽബലകമായ 600 പാഠങ്ങൾ ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം രചിച്ചതാണു് 'ഫ്ളൊറിലേജിയും' (Florilegium) എന്ന കൃതി. ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളുവെങ്കിലും ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടെന്നു് യുക്തിപൂവ്വം സമ

www.malankaralibrary.com

ർത്ഥിച്ചിട്ടുണ്ട് ഈ ഗ്രന്ഥത്തിൽ. സോഫ്രോണിയൂസിന്റെ വളരെ പ്രാധാന്യമർഹിക്കുന്ന മറെറാരു കൃതിയാണ് 'സൂനഹദോസിനെക്കുറിച്ചുള്ള എഴുത്ത്'' (Synodal letter). ക്രിസ്തുവിന്റെ വ്യക്തിത്വം സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ആശയങ്ങൾ ഇതര പാത്രിയാക്കീസുമാരെ അറിയിക്കുവാനാണ്' സോഫ്രോണിയൂസ് ഈ കൃതി തയ്യാറാക്കിയിട്ടുള്ളത്. ഏകമാനസവാദികളുടെ തെററുകൾ ചൂണ്ടിക്കാട്ടുകയും യഥാർത്ഥ ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുകയും ചെയ്യുന്ന ഒരു വിശിഷ്ട കൃതിയായി ഇതു് പരിഗണിക്കപ്പെടുന്നു. ചുരുക്കത്തിൽ ഏകമാനസവാദികളെ എതിർത്തു തോല്പിക്കുന്നതിൽ നിസ്തുലമായ പങ്കു വഹിച്ചിട്ടുള്ള സഭാപിതാവാണ് സോഫ്രോണിയൂസ്.

## 2 മാക്സിമുസ് ദ കൺഫസ്സർ

## (Maximus the Confessor C. 580-662)

ദൈവശാസ്ത്രവിശാരദനും ഉജ്ജ്വല വാഗ്മിയും സമർത്ഥനായ ഗ്രന്ഥകാരനുമായിരുന്ന മാക്സിമുസ് 580നോടു കൂടി കോൺസ്റ്റാൻറിനോപ്പിളിൽ ഒരുന്നത കുടുംബത്തിൽ ഭൂജാതനായി. വിദ്യാഭ്യാസകാലത്തിനുശേഷം ഏറെ താമസിയാതെ ഇദ്ദേഹം ഹെരാക്ലിയസ് ചക്രവർത്തി (Heraclius 610–641) യുടെ സെക്രട്ടറിയായി നിയമിതനായെങ്കിലും 613–ൽ ക്രിസോപോളിസി (Crisopolis)ലുണ്ടായിരുന്ന ഒരു ആശ്രമത്തിൽ പ്രവേശിക്കുകയാണ് ചെയ്തതു്. ക്രീററ്, സൈപ്രസ്, ആഫ്രിക്ക എന്നീ സ്ഥലങ്ങളിൽ ഇദ്ദേഹം സഞ്ചരിക്കുകയും യഥാർത്ഥ ക്രിസ്തീയ സിദ്ധാന്തങ്ങൾ പ്രസ്തുത സ്ഥലങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏകമാനസവാദികളെ ശപിച്ചു തള്ളിയ ലാററൻ സൂനഹദോസിൽ (649) മാർട്ടിൻ ഒന്നാമൻ മാർപ്പാപ്പ (Pope Martin I 649-655)യുടെ ക്ഷണപ്രകാരം ഇദ്ദേഹവും സംബന്ധിക്കുകയുണ്ടായി. 653–ൽ കോൺസ്റ്റൻസ് ചക്രവർത്തി (641–668), മാർപ്പാപ്പയേയും മാക്സിമുസിനേയും ബന്ധനസ്ഥരാക്കുകയും മാക്സിമുസിനെ രാജ്യദ്രോഹ കുററം ചുമത്തി നാടുകടത്തുകയും ചെയ്തു. ക്രിസ്തുവിന്റെ വ്യക്തിത്വം, സ്വഭാവം, മനസ് എന്നിവയെപ്പററിയുള്ള എല്ലാ

www.malankaralibrary.com

വിവാദങ്ങളും നിരോധിച്ചുകൊണ്ടു് 647—ൽ ചക്രവത്തി ഒരു 'വിശ്വാസനിയമം' (Typos) വിളംബരം ചെയ്യുകയുണ്ടായി. ഈ നിയമത്തെ ലംഘിച്ചുവെന്നതിൻെറ പേരിൽ ചക്രവത്തി മാക്സിമുസിൻെറ നാവും വലത്തുകരവും ഛേദിക്കുകയും അദ്ദേഹത്തെ ലാസിക്കാ (Lazika)യിലേക്കു് നാടുകടത്തുകയും ചെയ്തു. അവിടെവച്ചു് 662—ാം ആണ്ടിൽ മാക്സിമുസ് മരണമടഞ്ഞു.

## മുഖ്യകൃതികൾ:

### വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങൾ:

മാക്സിമുസിൻെറ ആദ്യകാലകൃതികളെല്ലാം വിശുദ്ധഗ്രന്ഥത്തെ ആസ്പദമാക്കിയുള്ളതാണു്. വിശുദ്ധ ഗ്രന്ഥത്തിലെ മനസ്സിലാക്കുവാൻ പ്രയാസമുള്ള ഭാഗങ്ങളെ വിശദീകരിക്കുവാനാണു് പ്രസ്തുത കൃതികളിൽ ഇദ്ദേഹം പരിശ്രമിച്ചിട്ടുള്ളതു്. ഇപ്രകാരം പ്രശ്നസങ്കീർണ്ണങ്ങളായ വിശുദ്ധഗ്രന്ഥഭാഗങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു് ചോദ്യോത്തര രീതിയിൽ മാക്സിമുസ് രചിച്ചിട്ടുള്ളതാണു് 'ചോദ്യങ്ങളും സംശയങ്ങളും' (Questions and Doubts) എന്ന കൃതി. ഈ ഗണത്തിൽ ഉൾപ്പെടുത്താവുന്ന മറെറാരു കൃതിയാണു് 'വിജ്ഞാനിയായ തെയോപെംപ്തൂസിനോടുള്ള ചോദ്യങ്ങൾ' (Questions to the Wise Theopemptus) എന്ന കൃതി തെയോപെംപ്തൂസിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ കൃതിയിൽ 51—ാം സങ്കീത്തനം, കർത്തൃപ്രാത്ഥന തുടങ്ങിയ ഏതാനും വിശുദ്ധഗ്രന്ഥഭാഗങ്ങളെ വിശദീകരിച്ചിരിക്കുകയാണു് മാക്സിമുസ്.

### വിശ്വാസസമത്ഥനപരമായ കൃതികൾ:

ഏകസ്വഭാവവാദം, ഏകമാനസവാദം തുടങ്ങിയ പാഷണ്ഡതകൾക്കെതിരെ മുപ്പതോളം കൃതികൾ മാക്സിമുസ് എഴുതിയിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. അബദ്ധസിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും ശരിയായ ക്രിസ്തീയ വിശ്വാസസത്യങ്ങൾ അവതരിപ്പിക്കുകയുമാണു് ഈ കൃതികളിലൂടെ മാക്സിമുസ് ചെയ്തിട്ടുള്ളതു്. 'ആത്മാവിനെ

www.malankaralibrary.com

ക്കുറിച്ച്'' (On the Soul), 624നും 634നും മദ്ധ്യേ എഴുതപ്പെട്ടതും ക്രിസ്തുവിന്റെ ദൈവ—മനുഷ്യസ്വഭാവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതുമായ 'ഒപ്പൂസ്കുള' (Opuscula), 'മാരിനൂസിനുള്ള ബൃഹദ്ഗ്രന്ഥം' (Tome to Marinus), മുതലായവയാണ് ഈ ഗണത്തിലെ കൃതികളിൽ പ്രധാനപ്പെട്ടവ.

## ആദ്ധ്യാത്മികവും ധാർമ്മികവുമായ കൃതികൾ:

ആദ്ധ്യാത്മികചിന്തകളേയും ധാർമ്മികോപദേശങ്ങളേയും കുറിച്ച് പ്രതിപാദിക്കുന്ന കൃതികളും മാക്സിമൂസ് രചിച്ചിട്ടുണ്ട്. 'ആദ്ധ്യാത്മികഗ്രന്ഥം' (Ascetical Book) 'പരസ്നേഹത്തെക്കുറിച്ചുള്ള 400 അദ്ധ്യായങ്ങൾ' (400 (Chapters on Charity) 'ദൈവശാസ്ത്രത്തെയും ധനതത്വശാസ്ത്രത്തെയും കുറിച്ചുള്ള 200 അദ്ധ്യായങ്ങൾ' (200 Chapters on Theology and Economics), 'ദൈവശാസ്ത്രപരവും ധനതത്വശാസ്ത്രപരവുമായ വിഷയങ്ങൾ പ്രതിപാദിക്കുന്ന 500 വിവിധ അദ്ധ്യായങ്ങൾ' (500 Different Chapters Regarding Theology and Economics) എന്നിവയാണ് ഈ ഗണത്തിൽപെട്ട മുഖ്യകൃതികൾ.

## ആരാധനക്രമപരമായ കൃതികൾ:

ആരാധനാക്രമത്തിന്റെ ആന്തരികാത്ഥവും പ്രാധാന്യവും വിശദീകരിച്ചുകൊണ്ട് മാക്സിമൂസ് രചിച്ച കൃതികളിൽ ഏററവും വിഖ്യാതമായതു് 'മിസ്റ്റഗോജിയ' (Mystagogia) എന്ന കൃതി ആണ്. കൂടാതെ ഒരു സഭാപഞ്ചാംഗവും ഇദ്ദേഹത്തിന്റെ പേരിലുണ്ട്. ഇതും ആരാധനാക്രമത്തെ സംബന്ധിച്ചിടത്തോളം ഒരു അമൂല്യസംഭാവനയായി പരിഗണിച്ചുവരുന്നു'.

## ഇതര കൃതികൾ:

ഗ്രിഗരി നസിയാൻസൺ (Gregory of Nazyansus C. 330–C.390), സ്യൂഡോ ഡയനീഷ്യസ് (Pseudo Dionysius) എന്നിവരുടെ പ്രസംഗങ്ങൾക്ക് വ്യാഖ്യാനങ്ങൾ നല്കിക്കൊണ്ടുള്ള ഗ്രന്ഥങ്ങളും മാക്സിമൂസിന്റെ പേരിൽ



www.malankaralibrary.com

അറിയപ്പെടുന്നുണ്ട്. എന്നാൽ ഇവയുടെയെല്ലാം യഥാർത്ഥ കർത്താവ് മാക്സിമുസ് ദ കൺഫസ്സർ തന്നെയാണോ എന്നതു് സംശയാസ്പദമാണ്. കൂടാതെ 140–ഓളം എഴുത്തുകളും മാക്സിമുസ് രചിച്ചതായി വിശ്വസിക്കപ്പെട്ടുവരുന്നു.

## മുഖ്യപ്രബോധനങ്ങൾ:

അരിസ്റ്റോട്ടലിയനിസം, നെയോപ്ലറ്റോനിസം, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ, എന്നിവയുടെ സ്വാധീനം മാക്സിമുസിന്റെ പ്രബോധനങ്ങളിൽ പ്രകടമാണ്. ക്രിസ്തുകേന്ദ്രീകൃതമായിരുന്നു മാക്സിമുസിന്റെ പ്രബോധനങ്ങളെല്ലാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ചരിത്രത്തിന്റെ കേന്ദ്രബിന്ദുവും ക്രിസ്തു തന്നെയാണ്. ക്രിസ്തുവെന്ന ഏകവ്യക്തിയിൽ സമ്പൂർണ്ണവും വ്യത്യസ്തവുമായ രണ്ടു സ്വഭാവങ്ങൾ ഉണ്ടു്, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും. അതുപോലെതന്നെ ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ ക്രിസ്തുവിൽ ദൈവികമനസ്സിനടുത്ത പ്രവർത്തനവും മാനുഷികമനസ്സിനടുത്ത പ്രവർത്തനവുമുണ്ടു്. മാക്സിമുസിന്റെ പല കൃതികളിലും തെളിഞ്ഞുകാണുന്ന ഈദൃശ ആശയങ്ങളാണ് ഏകമാനസവാദം കെട്ടടങ്ങുന്നതിനു് പ്രധാന കാരണമായിത്തീർന്നതു്.

സ്നേഹനിധിയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് അവൻ ദൈവവുമായി ഐക്യപ്പെടുവാൻ വേണ്ടിയാണെന്നും അതിനാൽ എല്ലാ മനുഷ്യരും സ്വാഭാവികമായി തന്നെ ദൈവോന്മുഖരാണെന്നും മാക്സിമുസ് മനസ്സിലാക്കി. ഉത്ഭവപാപം ഉടലെടുത്തതു് മനുഷ്യന്റെ സ്വേച്ഛയിൽ നിന്നാണെന്നും അതുവഴി അവന്റെ ബുദ്ധിക്കു് ഇന്ദ്രിയങ്ങളുടെ മേലുള്ള ആധിപത്യം അവസാനിച്ചുവെങ്കിലും ദൈവവുമായി ഐക്യപ്പെടുവാനുള്ള അവന്റെ ജന്മവാസന ഒരിക്കലും അവസാനിക്കുകയില്ലെന്നും മാക്സിമുസ് ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

മാക്സിമുസിന്റെ അഭിപ്രായത്തിൽ ക്രിസ്തുവാണ് ലോകചരിത്രത്തിന്റെ കേന്ദ്രബിന്ദു[15]. ക്രിസ്തുവിന്റെ മനു

15 Hilda C. Graff (trans), Patrology, Freiburg 1960, First Edition, p. 236.

www.malankaralibrary.com

ഷ്യാവതാരം വരെ മനുഷ്യനാകാനുള്ള ദൈവത്തിൻെറ പരിശ്രമങ്ങളും, ക്രിസ്തുവിൻെറ ആഗമനം മുതൽ ദൈവമായിത്തിരാനുള്ള മനുഷ്യൻെറ പരിശ്രമങ്ങളുമാണ് നടക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. സ്വന്തം വ്യക്തിത്വത്തിൽ ദൈവീകരണം സാധിക്കുന്നതിനാണ് മനുഷ്യജീവിതം നല്കപ്പെട്ടിരിക്കുന്നതെന്നും മാമോദീസാസ്വീകരണം മുതലാണ് ഈ ദൈവീകരണപ്രക്രിയ ആരംഭിക്കുന്നതെന്നും മാക്സിമുസ് തൻെറ കൃതികളിൽ വിശദീകരിച്ചിട്ടുണ്ട്. ദൈവീകരണം സാധിക്കുന്നതിന്, പുണ്യപരിപൂർണ്ണത ആർജ്ജിക്കുന്നതിന് മൂന്നു മാർഗ്ഗങ്ങൾ അഥവാ ഘട്ടങ്ങൾ അദ്ദേഹം നിർദ്ദേശിക്കുന്നു[16]. അവ യഥാക്രമം '1) പ്രാക്സീസ്'' (Praxis), 2) 'തെയോറിയ' (Theoria), 3) 'തെയോളൊജിയ' (Theologia) എന്നിവയാണ് ക്രൈസ്തവർ സ്വാർത്ഥത പരിത്യജിക്കുകയും സ്നേഹപ്രചോദിതമായ പ്രവൃത്തികളിൽ വ്യാപൃതരാകുകയും സുകൃതങ്ങൾ അഭ്യസിച്ചുകൊണ്ട് ആത്മനിയന്ത്രണം പാലിക്കുകയും ചെയ്യണമെന്നാണ് 'പ്രാക്സീസ്'' എന്നതുകൊണ്ട് മാക്സിമുസ് അർത്ഥമാക്കുന്നത്. നിത്യസത്യങ്ങളെക്കുറിച്ചുള്ള നിരന്തരമായ ധ്യാനവും തജ്ജന്യമായ ദൈവദർശനവുമാണ് 'തെയോറിയ' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തേയും ആ ബന്ധത്തെക്കുറിച്ചുള്ള അറിവിനേയും സൂചിപ്പിക്കുന്നതാണ് 'തെയോളൊജിയ'. ഇങ്ങനെ നോക്കുമ്പോൾ മാക്സിമുസിൻെറ ചിന്തയിൽ ആദ്ധ്യാത്മികതക്കും ധാർമ്മികതക്കും ഉന്നതമായ സ്ഥാനമുണ്ടെന്നു കാണാം. മാക്സിമുസിൻെറ പ്രബോധനങ്ങൾ പില്ക്കാലത്ത് ദൈവശാസ്ത്രജ്ഞന്മാരെ വളരെയേറെ സ്വാധീനിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്.

**ഉപസംഹാരം**

സഭാപിതാക്കന്മാരുടെ കാലത്ത് ഉടലെടുത്ത പ്രധാനപ്പെട്ട പാഷണ്ഡതകളെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ

16 Cfr. Polycarp Sherwood, O. S. B. (tran) Ancient Christian Writers St. Maximus the Confessor 21, London, 1955, pp. 87, 92, 98.

www.malankaralibrary.com

പ്രതിപാദിച്ചതു്. സ്നേഹത്തിൻേറയും ഐക്യത്തിൻേറയും കൂദാശയായി സ്ഥാപിക്കപ്പെട്ട സഭയുടെ അംഗങ്ങൾ പരസ്പരം കലഹിക്കുന്നതിനും തദ്വാരാ സഭാഗാത്രം ശിഥിലമാകുന്നതിനും മേൽപറഞ്ഞ പാഷണ്ഡതകളുടെ ആവിർഭാവം കാരണമായി. ഇതിൻെറ തുടർച്ചയാണു് ഇന്നും സഭയിൽ നിലവിലിരിക്കുന്ന ചേരിതിരിവുകൾ.

ദൈവിക സത്യങ്ങളെ മനുഷ്യബുദ്ധികൊണ്ടു് അപഗ്രഥിക്കുവാനുള്ള പരിശ്രമത്തിൽനിന്നാണു് അബദ്ധസിദ്ധാന്തങ്ങൾ പൊട്ടിപ്പുറപ്പെടുന്നതു്. ദൈവം മനുഷ്യനു നല്കിയിട്ടുള്ള വലിയൊരു അനുഗ്രഹവും കഴിവുമാണു് ബുദ്ധിശക്തി. ഈ കഴിവു് യഥോചിതം ഉപയോഗപ്പെടുത്തണമെന്നു തന്നെയാണു് ദൈവഹിതം. എന്നാൽ മനുഷ്യബുദ്ധിയുടെ പരിമിതികളെക്കുറിച്ചുള്ള അവബോധത്തോടും സഭാ നേതൃത്വത്തോടും പരമ്പരാഗതമായ പ്രബോധനങ്ങളോടുമുള്ള വിശ്വസ്തതയോടുംകൂടി വേണം പ്രസ്തുത കഴിവു വിനിയോഗിക്കുവാൻ. പക്ഷേ, ഈ വിധേയത്വ മനഃസ്ഥിതിക്കു പകരം സ്വാത്മജന്യമായ അധികാരപ്രമത്തതയും സങ്കുചിതചിന്തയും ബൗദ്ധികൗദ്ധത്യവുമാണു് പാഷണ്ഡതകളുടെ ഉപജ്ഞാതാക്കളിൽ ദർശിക്കുക.

ഇങ്ങനെയൊക്കെയാണെങ്കിലും, മേല്പറഞ്ഞ അബദ്ധസിദ്ധാന്തങ്ങൾ, വിശ്വാസ രഹസ്യങ്ങളുടെ വിശദാംശങ്ങളിലേക്കു് ഇറങ്ങിച്ചെല്ലുന്നതിനും അവ കൂടുതൽ അന്യൂനമായി വിശദീകരിക്കുന്നതിനും അതതുകാലങ്ങളിലെ ദൈവശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിക്കുകയും നിർബ്ബന്ധിക്കുകയും ചെയ്തിട്ടുണ്ടു്. ഈ വിധത്തിൽ നോക്കുമ്പോൾ സഭയിൽഉണ്ടായിട്ടുള്ള ദൈവശാസ്ത്രപുരോഗതിക്കു് പാഷണ്ഡതകളുടെ ആവിർഭാവവും സഹായിച്ചിട്ടുണ്ടെന്നു് വേണമെങ്കിൽ പറയാം.

www.malankaralibrary.com

## അദ്ധ്യായം എട്ട്

# വിശുദ്ധ ജോൺ ഡാമസീൻ

(St. John Damascene C. 675-C. 740)

പൗരസ്ത്യ സഭാപിതാക്കന്മാരിൽ വച്ച് അവസാനത്തെ ആളായി മഹാനായ ജോൺ ഡമാസീൻ പരിഗണിക്കപ്പെടുന്നു. ഏ. ഡി. 660 ൽ അന്തരിച്ച അലി (Ali) എന്ന കാലിഫിന്റെ പിൻഗാമിയായി ഭരണം നടത്തിയിരുന്ന സാരസൺ (Sarasan) കാലിഫിന്റെ ഭരണകാലത്ത് ഏ. ഡി. 675 നോട്ടു കൂടി ജോൺ ഭൂജാതനായി.[1] ഡമാസ്കസിലെ ഉന്നതയും കുലീനയുമായ മൻസൂർ (Mansur) കുടുംബത്തിലാണ് ജോൺ ജനിച്ചത്. ഇദ്ദേഹത്തിന്റെ പിതാവ് രാജാവിന്റെ പ്രധാനോപദേഷ്ടാവും ആഢ്യസമ്പന്നനുമായിരുന്നു. തന്റെ അരുമസന്താനമായ ജോണിനെ മാതൃകാപരമായി വളർത്തിക്കൊണ്ടുവരുന്നതിൽ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. ചെറുപ്പത്തിൽതന്നെ അനിതരസാധാരണമായ ധിഷണാവിലാസവും മതാനുഷ്ഠാനങ്ങളിൽ തീക്ഷ്ണതയും ജോണിൽ വിളങ്ങി ശോഭിച്ചിരുന്നു. സ്വപുത്രന്റെ ആദ്ധ്യാത്മികവും ബൗദ്ധികവുമായ ശിക്ഷണത്തിനു വേണ്ടി സിസിലിയക്കാരനായ കോസ്മസ് (Cosmas) എന്ന പുണ്യപരിചരിതനും പണ്ഡിതവരേണ്യനുമായ ഒരു സന്യാസിയെ ചുമതലപ്പെടുത്തി. ബാല്യത്തിൽ തന്നെ ജോണിനുണ്ടായിരുന്ന വിജ്ഞാനതൃഷ്ണയും ആദ്ധ്യാത്മികജീവിതത്തോടുള്ള ആഗ്രഹവും പാലൂട്ടിവളർത്തുവാൻ ഈ പരിശീലനം വളരെയേറെ ഉപകരിച്ചിട്ടുണ്ട്.

ജോണിന്റെ സുകൃതജീവിതത്തിലും ബുദ്ധിസാമർത്ഥ്യത്തിലും സംപ്രീതനായ രാജാവ് അദ്ദേഹത്തെ തന്റെ തലസ്ഥാനനഗരമായ ഡമാസ്കസിലെ ഗവർണ്ണ

---

1 A. Butter, The Lives of Saints, Vol. 5; St. John Demascene, London P. 114.

www.malankaralibrary.com

റായി നിയമിച്ചു. തന്നിൽ നിക്ഷിപ്തമായിരുന്ന ഔദ്യോഗികജോലി സ്തുത്യർഹമായ വിധം നിർവ്വഹിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു ജോൺ. എന്നാൽ പ്രശസ്തിയും പ്രതാപവുമെല്ലാം പരിത്യജിച്ച് ഒരു സന്യാസിയാകാനാണ് ദൈവം തന്നെ വിളിച്ചിരിക്കുന്നതെന്ന ബോദ്ധ്യത്തിൽ ഇദ്ദേഹം ജോലി രാജി വക്കുകയും ജറുസലേമിലുണ്ടായിരുന്ന വിശുദ്ധ സബാസി (Saint Sabas)ന്റെ സന്യാസാശ്രമത്തിൽ ഏ. ഡി. 706 ൽപ്രവേശിക്കുകയും ചെയ്തു. വിശുദ്ധിയിലും വിജ്ഞാനത്തിലും ഒരുപോലെ പുരോഗമിച്ചുകൊണ്ടിരുന്ന ജോണിനെ ജറുസലേമിലെ പാത്രിയക്കീസായിരുന്ന ജോൺ അഞ്ചാമൻ ഏ. ഡി. 726 ൽ വൈദികനായി അഭിഷേകം ചെയ്തു.

ഇക്കാലയളവിലാണ് വിഗ്രഹനിർമ്മാജ്ജനം എന്ന പ്രസ്ഥാനം (Iconclastic Movement) സഭയിൽ പൊട്ടിപ്പുറപ്പെട്ടതു്. തന്റെ സാമ്രാജ്യത്തിൽ അസ്വസ്ഥതകളും ചേരിതിരിവുകളും അവമൂലം ഉണ്ടാകുന്നുവെന്നു കണ്ട ലെയോ മൂന്നാമൻ ചക്രവർത്തി വിഗ്രഹങ്ങളെല്ലാം നശിപ്പിക്കേണ്ടതാണെന്ന് ഏ. ഡി. 725 ൽ ഒരു വിളംബരം ചെയ്തു[2]. ഇതിനെത്തുടന്ന് ആശ്രമങ്ങളിലും ദേവാലയങ്ങളിലുമുണ്ടായിരുന്ന അമൂല്യങ്ങളായ വിഗ്രഹങ്ങളെല്ലാം നശിപ്പിക്കപ്പെടുകയുണ്ടായി. വിശുദ്ധസ്ഥലങ്ങൾ അശുദ്ധമാക്കപ്പെടുകയും വിശുദ്ധരോടുള്ള ബഹുമാനാദരവുകൾ സാരമായി കുറയുകയും ചെയ്യുന്നതു കണ്ട ജോൺ, തന്റെ തൂലികയും വാഗ്വിലാസവും വിഗ്രഹനിർമ്മാജ്ജന പ്രസ്ഥാനത്തിനെതിരെ പ്രയോഗിച്ചു. പിന്നീട് ഇദ്ദേഹം പലസ്തീനായുടെ വിവിധഭാഗങ്ങളിലും കോൺസ്റ്റാൻറിനോപ്പിളിലും ചുററിസഞ്ചരിച്ച് വിശ്വാസികളിൽ വിശുദ്ധരോടുള്ള ഭക്ത്യാദരവുകൾ അങ്കുരിപ്പിക്കുന്നതിനും ഉജ്ജ്വലമാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്. ഏ. ഡി. 1750–നോടു കൂടി വി. സബാസിന്റെ ആശ്രമത്തിൽ വച്ചു ഈ പുണ്യപുരുഷൻ പരലോകപ്രാപ്തനായി.

---

2 Robert Payne, The Holy Fire, London, 1958, P. 283.

www.malankaralibrary.com

1890 ൽ ലെയോ പതിമൂന്നാമൻ മാപ്പാപ്പാ (Leo XIII 1878–1903) സഭയുടെ വേദപാരംഗതന്മാരുടെ സമുന്നത പദവിയിലേക്കു് വിശുദ്ധ ജോണിനെ ഉയൎത്തി.

## a. മുഖ്യകൃതികൾ

ജോൺ രചിച്ച സൈദ്ധാന്തികങ്ങളായ കൃതികളിൽ വച്ചു ഏററവും വിഖ്യാതമായതു ''വിജ്ഞാനത്തിൻെറ ഉറവിടം' (Fount of Wisdom) എന്ന ഗ്രന്ഥം ആണു്. കോസ്മസിനു സമൎപ്പിതമായിരിക്കുന്ന ഈ കൃതിയെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

68 അദ്ധ്യായങ്ങളുള്ള ഒന്നാംഭാഗത്തിൽ വിശ്വാസ സ്വീകരണത്തിനുള്ള ഒരുക്കത്തെ കുറിച്ചാണു് പ്രതിപാദിക്കുന്നതു്. സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നു് ധാരാളം ഉദ്ധരണികൾ ഈ ഭാഗത്തു് ജോൺ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പൂൎവ്വപിതാക്കന്മാരുടെ, പ്രത്യേകിച്ചും കോൺസ്റ്റാൻസിയാക്കാരനായ എപ്പിഫാനിയൂസി (Epiphanius of Constantia) ൻെറ, കൃതികളെ ആസ്പദമാക്കി പാഷണ്ഡതകളുടെ ചരിത്രം വിവരിക്കുകയാണു് രണ്ടാംഭാഗത്തിൽ. ഇതിലെ ചില അദ്ധ്യായങ്ങൾ (ഉദാ. 100, 102, 103 തുടങ്ങിയവ) യഥാൎത്ഥത്തിൽ ജോൺ രചിച്ചിട്ടുള്ളവയല്ലെന്നു് കരുതുന്നവരുണ്ടു്. 100 അദ്ധ്യായങ്ങളുടെ സമാഹാരമായ മൂന്നാംഭാഗം 'സത്യവിശ്വാസത്തിൻെറ വിശദീകരണം' (An Exposition of the Orthodox Faith) എന്ന പേരിലറിയപ്പെടുന്നു. ഇതിനു നാലു ഉപവിഭാഗങ്ങളുണ്ടു്. ആദ്യത്തേതിൽ ദൈവത്തിൻെറ അസ്തിത്വം, പരിശുദ്ധ ത്രിത്വം, സ്വഭാവം എന്നിവയെക്കുറിച്ചാണു് പ്രതിപാദിച്ചിട്ടുള്ളതു്. സൃഷ്ടി, മാലാഖമാർ, മനുഷ്യൻ, മനുഷ്യൻെറ വിവിധാനുഭവങ്ങൾ മുതലായവയാണു് രണ്ടാംഭാഗത്തിലെ പ്രതിപാദ്യം. മൂന്നാമത്തേതിൽ ക്രിസ്തുവിൻെറ മനുഷ്യാവതാരം, അവിടുത്തെ സ്വഭാവം, പാഷണ്ഡതകൾ തുടങ്ങിയ വിഷയങ്ങളാണു് വിശദീകരിക്കുന്നതു്. ക്രിസ്തുവിൻെറ ഉത്ഥാനവും സ്വൎഗ്ഗാരോഹണവും, വിശുദ്ധരോടുള്ള വണക്കം, അവരുടെ പ്രതിമകളോടു കാണിക്കുന്ന

www.malankaralibrary.com

ബഹുമാനം എന്നിവയെക്കുറിച്ചു പ്രതിപാദിക്കുകയാണ് അവസാന ഭാഗത്തിൽ. ജോണിന്റെ ദൈവശാസ്ത്രചിന്തകളുടെയെല്ലാം സമാഹാരമാണ് 'വിജ്ഞാനത്തിന്റെ ഉറവിടം' എന്ന പ്രസ്തുത കൃതി. പീററർ ലൊമ്പാഡ് (Peter Lombard), വി. തോമസ് അക്വിനാസ് (St. Thomas Aquinas), തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ പോലും ഈ കൃതിയിൽ നിന്ന് ഉത്തേജനം സ്വീകരിച്ചിട്ടുണ്ട്.

വിശ്വാസസമർത്ഥനപരമായ നിരവധി ഗ്രന്ഥങ്ങളും ജോൺ രചിച്ചിട്ടുണ്ട്. 'സത്യ വിശ്വാസസംബന്ധമായ ഒരു ലഘുഗ്രന്ഥം' (A Small Book on the Orthodox Faith) 'വിശ്വാസസത്യത്തിനാമുഖം' (An Elementary Introduction to Dogmas), 'പരിശുദ്ധ ത്രിത്വത്തെക്കുറിച്ച്' (On the Holy Trinity), 'നെസ്തോറിയൻ പാഷണ്ഡതയ്ക്കെതിരെ' (Against the heresy of Nestorians), 'ഏകസ്വഭാവവാദികൾക്കെതിരെ' (Against the Monophysites), 'ക്രിസ്തുവിലുള്ള രണ്ടു മനസ്സുകളെക്കുറിച്ച്' (On the Two Wills in Christ,) 'പ്രതിമാനിഷേധകർക്കെതിരെ' (Aganinst Those Who Reject Images), തുടങ്ങിയവയാണ് ഈ ഗണത്തിൽപ്പെടുന്ന പ്രധാനപ്പെട്ട കൃതികൾ. ഇവ ഓരോന്നിലും യഥാർത്ഥ ക്രിസ്തീയവിശ്വാസത്തെ ഉയർത്തിപ്പിടിക്കുന്നതിനും അബദ്ധസിദ്ധാന്തങ്ങളെ എതിർക്കുന്നതിനുമാണ് ജോൺ പരിശ്രമിച്ചിരിക്കുന്നത്.

ധാർമ്മികവും ആദ്ധ്യാത്മികവുമായ വിഷയങ്ങൾ പുരസ്കരിച്ചും ജോൺ കൃതികൾ എഴുതിയിട്ടുണ്ട്. ഇവയിൽ ഏററവും പ്രധാനപ്പെട്ടത് 'പരിശുദ്ധസമാന്തരങ്ങൾ' (Sacred Parellels) എന്ന കൃതിയാണ്. വിശുദ്ധഗ്രന്ഥത്തിൽനിന്നും സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നുമുള്ള ധാരാളം സമാന്തര ഉദ്ധരണികൾ ഉൾക്കൊള്ളുന്ന ഈ കൃതി യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് വിശദീകരിക്കുന്നു. ഈ ഗണത്തിൽ പെടുന്ന ഇതരകൃതികൾ: 'വിശുദ്ധ ഉപവാസത്തെക്കുറിച്ച്' (On the Sacred Fasts) 'എട്ട് ദുഷ്പ്രവൃത്തികളെക്കുറിച്ച്' (On the

www.malankaralibrary.com

Eight Spirits of Iniquity), 'സുകൃതദുഷ്കൃതങ്ങൾ' (On the Virtues and Vices) എന്നിവയാണ്.

'വി. പൗലോസിന്റെ ലേഖനവ്യാഖ്യാനങ്ങൾ' Commentaries on the Epistles of St. Paul) എന്ന പേരിൽ ജോൺ രചിച്ച കൃതി, വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തെ സം ബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയതാണ്. ക്രിസ്തുവിന്റെ തിരുനാളുകൾ, മറിയത്തിന്റെ മരണവും സ്വർഗ്ഗാരോപണവും, തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ജോണിന്റെ ഏതാനും പ്രസംഗങ്ങളും ഇന്ന് സൂക്ഷിക്കപ്പെടുന്നുണ്ട്. കൂടാതെ പൗരസ്ത്യആരാധനാക്രമങ്ങളിൽ ജോൺ രചിച്ചിട്ടുള്ള പല കീർത്തനങ്ങളും കാണാം. ക്രിസ്തുവിന്റെയും മറിയത്തിന്റെയും ജീവിതത്തിലെ സുപ്രധാന സംഭവങ്ങളാണ് മുഖ്യമായും പ്രസ്തുത കീർത്തനങ്ങളിലെ പ്രതിപാദ്യവിഷയം.

ജോൺ ഡാമസീന്റെ മൂലഗ്രന്ഥങ്ങളിൽ ചിലത് ഭാഗികമായും ചിലത് പൂർണ്ണമായും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ ഇന്ന് അറിയപ്പെടുന്ന ചില ഗ്രന്ഥങ്ങളുടെ യഥാർത്ഥ കർത്താവ് ജോൺ ഡാമസീൻ തന്നെയാണോ എന്നതിനെപ്പററി പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ജോൺ ജീവിച്ചിരുന്നത് ഗ്രന്ഥരചനയ്ക്ക് അനുകൂലമായ ഒരു കാലഘട്ടത്തിലല്ലായിരുന്നു. എന്നിട്ടും ഇത്രയേറെ കൃതികൾ സഭയ്ക്കു സംഭാവന ചെയ്ത അദ്ദേഹം ഒരു മഹാനായ ദൈവശാസ്ത്രജ്ഞനും അനുഗൃഹീതനായ ഗ്രന്ഥകാരനുമായിരുന്നുവെന്നതിൽ സംശയമില്ല. പാശ്ചാത്യപൗരസ്ത്യഭേദമെന്യേ എല്ലായിടത്തും ജോൺ ഡാമസീന്റെ കൃതികൾ വിവിധ ഭാഷകളിൽ ഇന്ന് പ്രചരിച്ചിട്ടുണ്ട്. വിശുദ്ധരെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും[3] അവരുടെ പ്രതിമകളെ തകർത്തിരുന്നവരെ എതിർക്കുകയും ചെയ്ത ഇദ്ദേഹം 'പ്രതിമകളുടെ സംരക്ഷകൻ' എന്നപേരിലും അറിയപ്പെടുന്നു.

---

3 H. Howitt (trans), Manual of Patrology and History of Theology, Vol. II, Belgium, 1940, P. 328.

www.malankaralibrary.com

### b. മുഖ്യപ്രബോധനങ്ങൾ:

തന്റെ കൃതികളിലൂടേയും പ്രസംഗങ്ങളിലൂടേയും സനാതനങ്ങളായ ഒട്ടനേകം പ്രബോധനങ്ങൾ ലോകത്തിനു സംഭാവന ചെയ്തിട്ടുള്ള മഹാനാണ് വി. ജോൺ ഡാമസീൻ. അലക്സാണ്ട്റിയായിലെ വി. സിറിൽ (St. Cyril of Alexandria), വി. ജോൺ ക്രിസോസ്റ്റോം (St. John Chrisostom), വിശുദ്ധ ഗ്രിഗരി നസിയാൻസൻ തുടങ്ങിയ സഭാപിതാക്കന്മാരുടെ സ്വാധീനം ഇദ്ദേഹത്തിന്റെ പ്രബോധനങ്ങളിൽ പ്രകടമായികാണാം.

### പരിശുദ്ധ ത്രിത്വം[4]

പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളും പരസ്പരം വിഭിന്നരല്ലെന്നും അതിനാൽ അവരെ വേർതിരിക്കുക അസാദ്ധ്യമാണെന്നും ജോൺ വിശ്വസിച്ചു. 'പിതാവ്', 'പുത്രൻ', 'പരിശുദ്ധാത്മാവ്' എന്നീ സംജ്ഞകൾ ഓരോരുത്തരുടേയും വ്യത്യസ്തമായ അന്തഃസത്തയെയല്ല അവർ തമ്മിലുള്ള ബന്ധത്തെയത്രേ വെളിവാക്കുന്നത്. പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിലൂടേയും പുറപ്പെടുന്നുവെന്നും ഇദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്.

### ക്രിസ്തുവിജ്ഞാനീയം[5]

അവതാരം ചെയ്ത ദൈവവചനം പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമാണെന്ന് ജോൺ പഠിപ്പിച്ചു. നെസ്തോറിയനിസം, ഏകസ്വഭാവവാദം, ഏകമാനസവാദം തുടങ്ങിയ അബദ്ധസിദ്ധാന്തങ്ങളെ ഇദ്ദേഹം ഖണ്ഡിക്കുകയുണ്ടായി. മനുഷ്യാവതാരത്തിനുശേഷം ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടിച്ചേർന്ന സമ്മിശ്ര സ്വഭാവമാണുള്ളതെന്ന അബദ്ധപ്രബോധനത്തെ ജോൺ നിഷേധിച്ചു. ക്രിസ്തുവിന്റെ 'സ്വഭാവവും' 'വ്യക്തിത്വവും' ഒന്നുതന്നെയെന്നുള്ള തെററിദ്ധാരണയിൽ നിന്നാണ് പാഷണ്ഡതകൾ ഉടലെടുത്തതെന്ന് ഇദ്ദേഹം

---

4 John Damascene, An Exposition of the Orthodox Faith, 1, 1, 8, 10 etc.

5 Ibid., 1, 17; 13, 12, 3, 19, 22 etc.

www.malankaralibrary.com

ചൂണ്ടിക്കാട്ടുകയും, മേല്പറഞ്ഞ പദങ്ങളെ ശരിയായ വിധത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും സംയോജിച്ചിട്ടുണ്ടെന്ന് ജോൺ വിശ്വസിച്ചു എന്നാൽ, പാഷണ്ഡകർ പഠിപ്പിച്ചിരുന്നതുപോലെ ഈ ഐക്യം 'കൂട്ടിക്കലർത്തൽ വഴിയോ' (Mixing), 'സമ്മിശ്രമാക്കൽ വഴിയോ' (Mingling), 'സങ്കലനം വഴിയോ' (Blending) ഉള്ളതല്ല, പിന്നെയോ, ഏകവ്യക്തിത്വത്തിലുള്ള ഐക്യം (Hypostatic Union) വഴിയാണെന്നും ഈ ഐക്യത്തിൽ യാതൊരു വ്യത്യാസമോ (Change) കൂട്ടിക്കലർത്തലോ (Mixing) വ്യതിയാനമോ (Alteration), വിഭജനമോ (Division), വേർപെടുത്തലോ (Separation) ഉണ്ടായിട്ടില്ലെന്നും ഇദ്ദേഹം ഊന്നി പറയുകയുണ്ടായി. ക്രിസ്തുവിലെ ദൈവ–മനുഷ്യ സ്വഭാവങ്ങളുടെ ഒന്നുചേരൽ ഓരോ സ്വഭാവത്തിന്റേയും സത്താപരമായ വ്യത്യാസങ്ങൾക്ക് യാതൊരു ഭംഗവും സംഭവിക്കാതെ കാത്തുസൂക്ഷിച്ചിട്ടുണ്ട്; ക്രിസ്തു ജീവിതകാലം മുഴുവനും പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായിരുന്നുവെന്ന് ജോൺ ഡമാസീൻ സമർത്ഥിക്കുന്നു

## മറിയിവിജ്ഞാനീയം

അനാദിമുതൽ പിതാവിനോടുകൂടി ആയിരുന്ന ദൈവവചനത്തിനു ജനനം കൊടുത്ത മറിയം ദൈവമാതാവ് (Theotokos) ആണെന്ന് ജോൺ സംശയലേശമെന്യേ പഠിപ്പിച്ചു. ദൈവപുത്രൻ തന്റെ മനുഷ്യ ശരീരം സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവന്നതല്ല എന്നും[6] മറിയത്തിൽ നിന്നും സ്വീകരിച്ചതാണെന്നും മറിയത്തിന്റെ ഉദരത്തിൽ കുറച്ചുനാൾ വസിച്ചതുകൊണ്ട് ദൈവവചനത്തിന്റെ ദൈവികത നഷ്ടപ്പെടുത്തിയിട്ടില്ലെന്നുമാണ് ഇദ്ദേഹത്തിന്റെ സിദ്ധാന്തം. നിത്യവചനം മറിയത്തിന്റെ ഉദരത്തിൽ മനുഷ്യനായി ജന്മമെടുത്തപ്പോൾ മാതാവിന്റെ കന്യാത്വം കാത്തു സൂക്ഷിച്ചതുപോലെ അവിടുത്തെ ജനന

6 Philip Schaf and H. Wace Michigan (ed), The Nicean Fathers, Series two, Vol. 9; 1963, P. 56,

www.malankaralibrary.com

ത്തിലും ആ കന്യാത്വം കാത്തുസൂക്ഷിക്കുകയുണ്ടായി.[7] ക്രിസ്തുവിൻെറ ജനനത്തിനുമുമ്പും, അതിനുശേഷവും വി. യൗസേപ്പും മറിയവും ശാരീരിക ബന്ധത്തിലേർപ്പെട്ടിട്ടില്ലെന്നും അതിനാൽ മറിയം നിത്യകന്യകയായി നിലകൊള്ളുന്നുവെന്നും ജോൺ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ജോൺ ഡാമസീൻെറ പ്രബോധനമനുസരിച്ച് മറിയം ദൈവമാതാവും നിത്യകന്യകയുമാണ്. ക്രൈസ്തവർ പുരാതനകാലം മുതൽതന്നെ മാതാവിൻെറ ശരീരത്തോടുകൂടിയ സ്വർഗ്ഗാരോപണത്തിൽ ഉറച്ചു വിശ്വസിച്ചിരുന്നുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## സഭയും കൂദാശകളും

ജോൺ ഡാമസീൻെറ സഭാവിജ്ഞാനീയ പരമായ ആശയങ്ങൾ അദ്ദേഹത്തിൻെറ വിവിധ കൃതികളിലും രൂപാന്തരീകരണത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. തിരുസഭ രാഷ്ട്രീയാധികാര പരിധിയിൽനിന്ന് സ്വതന്ത്രമാണെന്നും അത് ഒരു ഏകാധിപത്യ സമൂഹ (Monarchical Society) മാണെന്നും അദ്ദേഹം പഠിപ്പിക്കുന്നു. ഏകാധിപത്യ വ്യവസ്ഥിതിക്കുമാത്രമേ സമാധാനവും ക്രമവും പുരോഗതിയും ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളുവെന്നും ഇതര ഭരണ സമ്പ്രദായങ്ങൾ യുദ്ധം, ചേരിതിരിവുകൾ, അരാജകത്വം എന്നിവയിലേക്കാണ് നയിക്കുകയെന്നും ഡാമസീൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ക്രിസ്തുനാഥൻ പത്രോസിന് സഭ മുഴുവൻേറയും മേൽ അധികാരം നല്കിയിട്ടുണ്ടെന്നും[8] പ്രസ്തുത സാർവ്വത്രികാധികാരം തുടർന്നു കൊണ്ടുപോകേണ്ടത് റോമിലെ സിംഹാസനമാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

മാമോദീസായേയും വിശുദ്ധ കുർബ്ബാനയേയും[9] കുറിച്ചാണ് ഡാമസീൻ കൂടുതലായും പ്രതിപാദിച്ചിട്ടുള്ളത്.

---

7 John Damascene, Exposition of the Orthodox Faith, 4, 14.

8 John Damascene, Homilies on Transfiguration, 2,6,16.

9 John Damascene, The Orthodox Faith, 4, 13.

www.malankaralibrary.com

വിവാഹം, രോഗീലേപനം എന്നിവ സംബന്ധിച്ച് അദ്ദേഹം യാതൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശുദ്ധ കുർബാനയിൽ ക്രിസ്തു യഥാർത്ഥത്തിൽ സന്നിഹിതനാണെന്നും മലാക്കി ദീർഘദർശി പ്രവചിച്ചിരുന്ന രക്തരഹിതവും സാർവ്വത്രികവുമായ ബലിയാണ് ഈ കുദാശയെന്നും അദ്ദേഹം പഠിപ്പിച്ചിരിക്കുന്നു. വിശുദ്ധ കുർബാനയുടെ സമയത്ത് ക്രിസ്തു സ്വർഗ്ഗത്തിൽനിന്നിറങ്ങിവരികയല്ലെന്നും അപ്പം ക്രിസ്തുവായിത്തീരുകയാണ് ചെയ്യുന്നതെന്നുമായിരുന്നു ഡമാസീൻെറ വിശ്വാസം. ഇത് എപ്രകാരം സംഭവിക്കുന്നു എന്ന നിഗൂഢ രഹസ്യത്തെ കുറിച്ച് അദ്ദേഹം മൗനം ദീക്ഷിക്കുകയാണ്.

## ആദ്ധ്യാത്മികോപദേശങ്ങൾ

പുണ്യപരിപൂർണ്ണതക്കായി അനവരതം യത്നിക്കുകയും തത്ഫലമായി ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ച് ആധികാരികമായി ഉപദേശിക്കുവാൻ യോഗ്യത സമ്പാദിക്കയും ചെയ്ത ഒരു ആത്മീയ ഗുരുവാണ് ജോൺ ഡമാസീൻ. ഇദ്ദേഹം എപ്പോഴും ഊന്നിപ്പറഞ്ഞിരുന്ന ഒരു കാര്യമാണ് സന്തോഷാനുഭവത്തിൽ മിതത്വം പാലിക്കണമെന്നത്. സന്തോഷത്തെ ആത്മാവിൻേറതെന്നും ശരീരത്തിൻേറതെന്നും ഇദ്ദേഹം രണ്ടായി തരംതിരിച്ചിട്ടുണ്ട്. ധ്യാനം, പഠനം, പ്രാർത്ഥന മുതലായവയിൽ ആത്മാവ് സന്തോഷം കണ്ടെത്തുമ്പോൾ ഭക്ഷണ പാനീയങ്ങൾ, ജഡിക പ്രവൃത്തികൾ എന്നിവയിലാണ് ശരീരം സന്തോഷം കണ്ടെത്തുക. ശാരീരിക സന്തോഷങ്ങളെ പ്രകൃത്യാ ഉള്ളതും അത്യാവശ്യമായവയെന്നും രണ്ടായി ജോൺ വിഭജിച്ചിട്ടുണ്ട്. ഭക്ഷിക്കുന്നതിലും വസ്ത്രം ധരിക്കുന്നതിലുമുള്ള സന്തോഷം പ്രകൃത്യാ ഉള്ളതും മനുഷ്യന് ആവശ്യമായതുമാണ്; മദ്യപാനം, ധനാസക്തി, ദുരാശകളുടെ പൂർത്തീകരണം തുടങ്ങിയവയിലുള്ള സന്തോഷം പ്രകൃത്യായുള്ളതാണെങ്കിലും ആവശ്യമില്ലാത്തതാണ്. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുന്ന വ്യക്തി പ്രകൃത്യാ ഉള്ളതും ആവശ്യമില്ലാത്തതുമായ സന്തോഷങ്ങൾ പരി

www.malankaralibrary.com

വർജ്ജിച്ച് മരണാനന്തരമുള്ള നിത്യമായ ജീവിത[10]ത്തെ ലക്ഷ്യമാക്കി ജീവിക്കേണ്ടതാണെന്ന് ജോൺ ഉപദേശിച്ചിരിക്കുന്നു. ലൗകിക സ്ഥാനമാനങ്ങളും പദവികളും വലിച്ചെറിഞ്ഞു സന്യാസിയായി ജീവിച്ച ജോൺ ഡാമസീൻ ഈ ഉപദേശത്തിന്റെ ഉത്തമദൃഷ്ടാന്തമത്രേ.

പുണ്യസമ്പാദനത്തിന് അനപേക്ഷണീയമായി ജോൺ നിർദ്ദേശിക്കുന്ന മറ്റൊരു പ്രധാന സുകൃതം എളിമയാണ്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിധേയത്വ പൂർണ്ണമായ ഒരു ജീവിതം ക്രൈസ്തവൻ നയിക്കണമെന്ന് ഇദ്ദേഹം അനുശാസിച്ചിട്ടുണ്ട്. പ്രസംഗങ്ങൾ വഴിയും കൃതികൾ മൂലവും എന്നതിനേക്കാൾ സ്വന്തം ജീവിത മാതൃകവഴിയാണ് ജോൺ ഈ സുകൃതാഭ്യാസത്തെക്കുറിച്ചു ഉപദേശിക്കുക.

പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ഗ്രീക്കു ദാർശനികരുടേയും സഭാപിതാക്കന്മാരുടേയും കൃതികളിൽനിന്ന് പ്രചോദനം സ്വീകരിച്ച് സൃഷ്ടിപരവും വിജ്ഞാനദായകവും പ്രായോഗികവുമായ അനേകം പ്രബോധനങ്ങൾ നല്കി തിരുസഭയെ ധന്യമാക്കിയ ഉജ്ജ്വല പ്രതിഭയാണ് ജോൺ ഡാമസീൻ.[11] അവിരാമമായ പ്രാർത്ഥനയുടേയും പഠനത്തിന്റേയും ഫലമായി സ്വമനസ്സിൽ രൂപംകൊണ്ട ആശയങ്ങളാണ് ഇദ്ദേഹം കൃതികളും പ്രസംഗങ്ങളുംവഴി പ്രചരിപ്പിച്ചത്. അവ പില്ക്കാലത്തുള്ള ദൈവ ശാസ്ത്രജ്ഞന്മാർക്കും സാധാരണ ക്രൈസ്തവർക്കും ഒരുപോലെ മാർഗ്ഗദർശകങ്ങളായിത്തീർന്നു; എക്കാലവും അപ്രകാരമായിരിക്കുകയും ചെയ്യും.

---

10 John Damascene, An Ex. of. Or. Faith, 4,27

11 H. Daniel-Rops, The Church in the Dark Ages, London, reprinted in 1969, P. 366.

www.malankaralibrary.com

# വിഷയസൂചിക

അകാമത്, 178
അകചീല, 50
അകചിലായിലെ റൂഫിനസ്, 29, 105
അച്ചില്ലാസ്, 112
അത്തനാദോറസ്, 58
അത്തനാസിയൂസ്, 29, 97, 112, 114–124, 187
അനസ്താത്തിയൂസ് സെനസ്താ, 193
അനിച്ചേത്തുസ്, 25
അൻസീറ, 100
അൻസീറായിലെ മാർസെല്ലസ്, 115
അന്തിമസ്, 145
അന്തോണിയൂസ് പിയൂസ്, 35, 38
അന്നസി, 134
അപ്പസ്തോലന്മാർ, 22, 52, 56, 80
അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണം, 19
അപ്പസ്തോല പിതാക്കന്മാർ, 17–28
അപ്പസ്തോല പ്രബോധനങ്ങൾ, 173
അപ്പസ്തോലിക രേഖകൾ, 28–32
അപ്പെല്ലസ്, 176
അമ്മോണിയൂസ്, 104
അഫ്റാത്തസ്, 155–157
അർകാഡിയൂസ്, 105
അർമേനിയ, 111, 159
അരിസ്റ്റോട്ടിൽ, 45, 67, 109
അലക്സാണ്ട്റിയായിലെ മതാധ്യാപനാലയം, 66–95, 142, 190, 191

www.malankaralibrary.com

അലക്സാണ്ട്റിയായിലെ അലക്സാണ്ടർ, 104, 112–114
,, ഗ്രിഗരി, 116
,, ഡയനീഷ്യസ്, 120
,, ദിദിമൂസ്, 187
,, ദിയസ്ക്കോറസ്, 71
,, പത്രോസ്, 62, 64, 112
,, സിറിൽ, 131, 192, 194—199
അന്ത്യോക്യാ, 19, 22, 40, 43, 64, 66, 111, 152, 180, 189
അന്ത്യോക്യായിലെ ഇഗ്നേഷ്യസ്, 19, 21–25
,, എവുസ്ഥാത്തിയൂസ്, 64–124
,, ഫ്ലാച്ചില്ലിയൂസ്, 100
,, മെലീത്തിയൂസ്, 70, 72, 73
,, ജോൺ, 194
,, തെയോഫിലസ്, 40–41, 74, 180
,, ദിയദോർ, 72
,, സെറാപ്പിയോൺ, 181
അസ്സീറിയ, 152
അംബ്രോസ്, 189
ആതൻസ്, 34, 46, 70, 134, 144
ആതൻസിലെ അത്തനാഗോറസ്, 34, 36–37
ആതൻസിലെ അരിസ്റ്റീദസ്, 35–36, 56
ആപിയോൺ, 180
ആൻഡ്രാഗാത്തിയൂസ്, 72
ആരിയൂസ്, 68, 69, 187, 188
ആര്യനിസം, 64, 65, 78, 112, 113, 119, 125, 134, 146, 187–189, 194
ആർകോൺനസ്, 178
ആർലസ് സൂനഹദോസ്, 116
ഇറനേവൂസ്, 19, 21, 27, 31, 176, 181, 182, 183, 186


www.malankaralibrary.com

ഇററലി, 116, 189
ഇൻഡ്യ, 46, 154
ഇസിദോർ, 176
ഈജിപ്ത്, 113, 119, 176, 192, 193
എപ്പിഫാനിയൂസ്, 106, 113, 130, 214
എഫേസൂസിലെ സഭ, 22
എഫേസൂസ് സൂനഹദോസ്, 63, 110, 149, 192
എബിയോണൈററ്സ്, 172
എമേസായിലെ എവുസേബിയൂസ്, 70
എവുപ്രെവിയോസ്, 190
എവുഫ്രാസിയോൺ, 104
എവുത്തിക്കസ്, 71, 200–201
എവുസ്താത്തിയൂസ്, 43, 68, 97
എവുനോമിയസ്, 136, 140
എദേസ, 43, 68, 97
എദേസായിലെ റാബൂള, 87
എൽക്കൈസെററ്സ്, 174
എസ്സീൻ എബിയോണൈററ്സ്, 172
ഏകമാനസവാദം, 203–205, 207, 217
ഏകസ്വഭാവവാദം, 71, 199–201, 207, 217
ഒറെസ്റ്റസ്, 194
ഒളിമ്പസിലെ മെത്തോഡിയൂസ്, 60–62, 102
ഒരിജൻ, 48–54, 57, 58, 61 ,64, 87, 102, 186
ഒരിജനിസം, 65
കപ്പദോസിയ, 46, 132
കപ്പദോസിയൻ പിതാക്കന്മാർ, 132–150
കപ്പദോസിയായിലെ ജോർജ്ജ്, 116
കാൽസിഡോൺ സൂനഹദോസ്, 71, 110, 148
കാൽവരി, 97
കായിയൂസ്, 175

www.malankaralibrary.com 14

കേസറിയ, 49, 97, 134, 135, 139, 144, 187
കേസറിയായിലെ അക്കാസിയൂസ്, 125
,, എവുസേബിയൂസ്, 19, 21, 27, 29, 34, 35, 40, 41, 45, 49, 57, 63, 69, 97, 104, 105, 113, 134, 187
,, പാംഫീലിയൂസ്, 49, 57
ക്ലേപ്പിയോഡോട്ടസ്, 185
കുക്കഡ്സ്, 76
കൊമ്മോദസ്, 36
കോൺസ്റ്റാൻറിനോപ്പിൾ, 97, 104, 105, 113, 115, 187, 189
കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ്, 104, 105, 106, 107, 131, 139, 145, 194, 200, 201, 202, 205, 213
കോൺസ്റ്റാൻറിനോപ്പിളിലെ പത്രോസ്. 204
,, സർജിയൂസ്, 203
കോൺസ്റ്റാൻസിയൂസ് ദ്വിതീയൻ, 105, 116, 126, 189
കോർഡോബായിലെ ഹോസിയൂസ, 113, 189
ക്രിസാപ്പിസ്, 206
ക്രീററ്, 206
കപദ്രാത്തസ്, 34–35
ഗാസ, 106
ഗ്രിഗരി തൗമാത്തുർ ഗസ്, 49, 52, 58, 60
ഗ്രിഗരി നസിയാൻസൻ, 105, 120, 132, 133, 134, 139, 144, 150, 208
ഗ്രീസ്, 22, 46
ചെൽസൂസ്, 15
ജർമാനീഷ്യ, 190
ജറുസലേം, 49, 55, 130, 204, 213
ജറുസലേമിലെ മക്കാരിയൂസ്, 125
ജറുസലേമിലെ മാക്സിമൂസ്, 125
ജറുസലേമിലെ വി. സിറിൽ, 124–130
ജറുസലേം സൂനഹദോസ്, 125


www.malankaralibrary.com

ജറോം, 27, 29, 41, 49, 58, 60, 130, 150, 190
ജസ്റ്റിൻ, 36, 37–40, 43, 131, 152, 186
ജസ്റ്റീനിയൻ, 50
ജൂലിയൻ, 105, 116, 117, 195
ജൂലിയസ് ആഫ്രിക്കാന്തസ്, 52, 55, 56, 175,179
ജെ. ആർ. ഹാർവീസ്, 35
ജെ. എ. റോബിൻസൺ, 35
ജെ. ബി. കൊത്തേലിയർ, 18
ജോൺ ക്രിസോസ്തോം, 68, 70, 71–86, 217
ജോൺഡമസീൻ, 203, 212–223
ജോർജിയ, 111
ജ്ഞാനവാദം, 61, 154, 175–179, 182
ടയർ, 97, 103–115
ടിപ്പോസ്, 207
ടൂർസിലെ വി. ഗ്രിഗരി, 182
ടോളമി, 44
ട്രാജൻ ചക്രവർത്തി, 19, 22
ട്രാജനോപോളിസ്, 65
ട്രാല്ലസ്, 22
ട്രിഫോ, 38
ട്രിവസ്, 115
ട്രൂള്ളോ സുനഹദോസ്, 63
ട്യാനായിലെ അപ്പോള്ളിനിയൂസ്, 102
ഡമാസ്കസ്, 204, 212
ഡമാസ്കസിലെ ജോൺ, 193
ഡയക്ലീഷൻ, 57, 63, 100
ഡയനീററസിനുള്ള ലേഖനം, 28–30, 31
ഡിഡാക്കെ, 19, 28–29, 30
ഡെമത്രിയൂസ്, 49
ഡൊമീഷ്യൻ, 22, 65
ഡൊറിലേവുമിയിലെ എവുസേബിയൂസ്, 192, 200
ഡൊറേത്തേവൂസ്, 68, 69
ഡൈനാമിക് മൊണാർക്കിയനിസം, 185–189

www.malankaralibrary.com

തസ്കരസിനഡ്, 201
തസ്സിദോറുസ്, 106
താർസൂസിലെ ദിയദോറസ്, 68, 69, 70,131,192
താർസൂസിലെ സിൽവാനൂസ്, 70
താസിയൻ, 40, 43, 152, 153, 159
തിയോസോബെ, 139
തുക്കികം, 132
തെയഡോർ മാപ്പ്വാപ്പ, 204
തെയദോറെററ്, 22, 125
തെയഡോട്ടസ്, 184, 185
തെയോക്തിസ്റ്റസ്, 49
തെയോഡോസിയൻ, 50
തെയോദോസിയൂസ് ദ്വിതീയൻ, 76, 105,106, 195
തെയോപെംപ്റ്റസ്, 207
തെയോനാസ്, 62
ത്രെന്തോസ് സൂനഹദോസ്, 34
ദിയസ്കോറസ്, 71
ദെമോസ്തനിസ്, 150
ദേച്ചിയൂസ്, 49
നിക്കോമേഡിയ, 68
നിക്കോഡേമിയായിലെ എവുസേബിയൂസ്, 130,186, 187, 189
നിഖ്യാവിശ്വാസപ്രമാണം, 118, 121, 123, 125, 126, 189
നിഖ്യാസൂനഹദോസ്, 65, 130, 104, 110
നിസ്സായിലെ വി. ഗ്രിഗരി, 132, 138, 144
നിസിബിസ്, 157, 158
നിസിബസിലെ യാക്കോബ്, 152, 155
നെയോകേസറിയ, 58
നെയോ പൈത്തഗോറിയനിസം, 176, 209
നെയോ പ്ലെറ്റോനിസം, 176, 195, 209
നെയോ പ്ലെറ്റോനിക്, 61, 101
നെയോസ്റ്റോയിസിസം, 176

www.malankaralibrary.com

നെക്ടാരിയൂസ്, 73
നെസ്തോറിയൻ, 70
നെസ്തോറിയനിസം, 190, 191, 195, 201
നെസ്തോറിയൂസ്, 191, 193, 196, 200
പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം, 28
പന്തേനൂസ്, 43, 45, 46
പലസ്തീന, 130, 131
പാട്രിപസ്സിയാനിസ്റ്റുകൾ, 185
പാംഫീലിയ, 64, 130
പാംഫീലിയൂസ്, 97, 100, 102
പിസ്തൂസ്, 115
പിയേരിയൂസ്, 57
പീയൂസ് അഞ്ചാമൻ, 117
പീയൂസ് ഒന്നാമൻ, 32
പേർഷ്യ, 132
പ്ലേറ്റോ, 45, 46, 60, 62, 68, 143
പൊർഫീരി, 61, 101
പോന്തസ്, 132, 134
പ്രാക്സെയാസ്, 185
പ്രൊസ്തോപിയൂസ്, 100
ഫരിസേയിക് എബിയോണൈറ്റ്സ്, 172
ഫിനീഷ്യ, 57, 97
ഫിലാഡെൽഫിയ, 22
ഫൊത്തിനൂസ്, 182, 49, 59, 117
ഫ്രാൻസ്, 116, 189
ഫ്ളാവിയൻ, 68, 70, 71, 73
ബതേലിയ, 106
ബയ്റൂട്ട്, 106
ബറോയീയാ, 75
ബർണാബാസിന്റെ ലേഖനം, 28, 29, 30
ബാർദൈസൻ, 153, 155, 157
ബിത്തീനിയ, 75
ബിസാൻറിയത്തിലെ ലയോൺസിയൂസ്, 160, 193,

www.malankaralibrary.com

ബെറിത്തൂസ്, 57, 58
മക്രീന, 139, 140 141
മഹാനായ വിശുദ്ധ ബേസിൽ, 132, 134, 138, 139
മാനിക്കേയനിസം, 78
മാർസിയോണിസം, 179
മാക്സിമസ്, 145
മാക്സിമിനസ്, 57,100
മാമോദീസാ, 23, 24, 29, 32, 34, 40
മാസിഡോണിയനിസം, 146, 186, 187
മാസിഡോണിയൂസ്, 140, 186
മാരിനസ്, 208
മാർ ഇസഹാക്ക്, 164
മാർ അപ്രേം, 100, 153, 155, 157
മാർസിയോണിസം, 179
മെക്കിററൈററ് സന്യാസികരം, 35
മെൽററിയാഡെസ് 175
മെലേത്തിയൂസ്, 63, 64, 113, 119
മിലാൻ സൂനഹദോസ്, 116
മിസ്റ്റിസിസം,68, 111
മൊപ്സുവെസ്റ്റ്യായിലെ തെയദോർ, 68, 70, 86, 89, 132
മൊൺടാനിസം, 182, 174, 175
മൊണാക്കിയനിസം 184
മോഡലിസ്റ്റ് മൊണാർക്കിയനിസം,184, 185, 187
യവനപാഷണ്ഡതകരം, 174, 186
യഹൂദപാഷണ്ഡതകരം, 172, 174
യുഗാന്ത്യോന്മുഖത 54, 55
യൂഫ്രേട്ടീസ്, 40
യോവിയൻ, 105, 117, 158
യോഹന്നാൻ നാലാമൻ, 204

www.malankaralibrary.com

ലാവോദിച്ച്യെയായിലെ അപ്പൊള്ളിനാരിയൂസ്, 60, 189, 190
ലാസിക്കാ, 207
ലാററൻ സൂനഹദോസ്, 204, 206
ലിബിയ, 116, 192
ലിബിയാനൂസ്, 72
ലിബേരിയൂസ് മാർപ്പാപ്പ 115
ലൂസിയൻ, 43
ലെയോ പതിമൂന്നാമൻ, 214
ലെയോനിദാസ്, 49
ലെയോ ഒന്നാമൻ മാർപ്പാപ്പ, 71
വായനക്കാരനായ തെയദോർ, 106
വാലൻസ്, 105, 117, 125, 139, 189
വിക്ടർ മാപ്പാപ്പ, 182, 186
വി. അന്തോനീസ് 114
വി. പൗലോസ്, 26, 28, 53, 80
വി. ക്ലമൻറിൻെറ രണ്ടാംലേഖനം, 19
വി. പത്രോസ്, 27, 132
വി. കാതറീൻ, 35
വിശ്വാസസംരക്ഷകർ, 32, 42
വി. സബാസ്, 213
വി. ഹിലാരി, 189
ശെമയോൻ ദെസ്റ്റുനി 167
സത്തുർണിനൂസ്, 176
സബെല്ലിയൂസ്, 100, 185
സബെല്ലിയിനിസം, 134
സബോർഡിനേഷനിസം, 134
സഭയും കുദാശകളും, 39
സഭാനേതൃത്വം, 21
സാമോസാട്ടായിലെ ലൂസിയൻ, 68, 69, 100, 185
സിമാക്കൂസ്, 50
സിസിലിക്കാരനായ കോസ്മസ്, 212, 214
സിറിയ, 133, 153, 174, 203,

www.malankaralibrary.com

സുറിയാനിസഭ, 22, 111
സുറിയാനിസഭാപിതാക്കന്മാർ, 151, 171
സെപ്ത്വജിന്ത്, 50
സെപ്റ്റിമൂസ് സെവേരുസ്, 46, 55
സെബെസ്ത്യായിലെ വി. പത്രോസ്, 134
സെബെസ്ത്യായിലെ എവുസ്താത്തിയൂസ്, 137
സെലസ്റ്റിൻ ഒന്നാമൻ, 192
സെലൂസിയൻ കൗൺസിൽ, 125
സെറിന്തൂസ്, 172
സൈപ്രസ്, 130
സൈമൺ മാഗ്നസ്, 176
സൈറസിലെ തെയോദെററ്, 68, 57, 108
സൊഫ്രോണിയൂസ്, 204, 205, 206
സോക്രട്ടീസ്, 97, 104, 106, 107, 125
സോസോമൻ, 97, 106, 108, 125, 127
സ്മിർണായിലെ വി. പോളിക്കാർപ്പ്, 22, 27, 182,
സ്മിർണായിലെ നൊയേത്തൂസ്, 185
സ്ട്രാസ്ബർഗ് ലൈബ്രറി, 31
സ്റ്റോയിക്, 47, 62
ഹാഡ്രിയൻ, 34
ഹാർമോണിയൂസ്, 154
ഹിയറപ്പോളിസിലെ പപ്പിയാസ്, 19, 27, 28
ഹിപ്പോളിററസ്, 31, 131, 186
ഹിറെററുകാർ, 132
ഹീറോക്ലസ്, 101
ഹെറാക്ലസ്, 55, 203, 204, 206
ഹെറാക്ലിദസ്, 193
ഹെർമസിലെ ഇടയൻ, 19, 82–31, 32, 186
ഹെല്ലാദിയൂസ്, 104
റോഡോ, 180
റോമാസഭ, 20, 24
റോമിലെ വി. ക്ലമൻറ്, 19, 21, 43
റോം, 132, 152, 182

www.malankaralibrary.com

## Selected Bibliography


1 A. Baumstark, Die Christlichen Literaturen des Orients.
2 A. Casamassa, Patrologia, Rome, 1939.
3 A. Cayre, Precis de Patrologie, Paris, 1927-30.
4 A. Ehrhard, Die kirche der Martyrer, Munchen, 1932.
5 Albert Dufourcq, Sant' Ireno' Roma, 1906.
6 Aloys Dirksen, Elementary Patrology, New York, 1959.
7 B. Altaner, Patrology, Freiburg in Breisgraw, 1958.
8 Bardy G., Greek Literature of the Early Christian Church, English Trans. by M. Reginald, London, 1929.
9 C.T. Cruttwell, A Literary History of Early Christianity, London, 1893.
10 E. Leigh-Bennett, Handbook of the Early Christian Fathers, London, 1920.
11 F. Cayre, Manual of Patrology and History of Theology, translated by H. Howitt, Rome, 1936.
12 F. L. Csoss (Ed.), The Oxford Dictionary of the Christian Church, London, 1957.
13 Francis X. Murphy, Moral Teaching in the Primitive Church, New york, 1968.
14 I. Guidi, storia della letteratura etiopica, Roma, 1932.
15 I. Ortis De Urbina, Patrologia syriaca, Roma, 1958.
16 J. M. Compbell, The Greek Fathers, London, 1929.
17 J. N. S. Kelly, Early Christian Creeds, London 1950,
18 Johannes Quasten, Patrology vol. I, 1950; vol. II, 1953; vol. III, 1960 Utrecht, Brussels.
19 John R. Wills(Ed), The Teachings of the Church Fathers New york, 1966.
20 J. Tixeront, A Hand book of Patrology, Trans. by S.A. Raemers, London, 1947.
21 O. Bardenhewer, Geschichte der Altkirchlichen Literatur, Freiburg.
22 Patrick J. Hamel, Introduction to Patrology, Cork 1968.
23 R. A. Norrts Jr; Manhood and Christ. A study in the Christology of Theodore of Mopsuestia, London, 1963.
24 N. Rouet De Jowrnel et J. Dutilleul, Enchirdion Asceticum, Romae, 1947.


www.malankaralibrary.com

# പൗരസ്ത്യ സഭാപിതാക്കന്മാർ

**ഡോ. ലൂയിസ് മൂലവീട്ടിൽ, ഒ.ഐ.സി. (എഡിറ്റർ)**

പൗരസ്ത്യ സഭാപിതാക്കന്മാരെക്കുറിച്ച് ആധികാരികമായി മലയാള ഭാഷയിൽ അവതരിപ്പിക്കുന്ന ആദ്യത്തെ ഗ്രന്ഥമാണ് 'പൗരസ്ത്യ സഭാപിതാക്കന്മാർ'. സഭയുടെ ആദ്യത്തെ എട്ടു നൂററാണ്ടുകളിൽ ജീവിച്ച അറുപതിലധികം പിതാക്കന്മാരുടെ ജീവചരിത്രം, പ്രബോധനങ്ങൾ എന്നിവ ലളിതഭാഷയിൽ സമ്യക്കായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. പൗരസ്ത്യ ആദ്ധ്യാത്മിക ശാസ്ത്രത്തിനു് ഈടുററ മുതൽക്കൂട്ടായ ഈ ഗ്രന്ഥം ഏവരും വായിച്ചിരിക്കേണ്ടതാണു്. ആദിമസഭയുടെ ദൈവശാസ്ത്ര പുരോഗതിയിലെ നാഴികക്കല്ലുകളായിരുന്ന മതാദ്ധ്യാപനാലയങ്ങളെക്കുറിച്ചും അവയ്ക്കു നേതൃത്വം നല്കിയ പ്രഗൽഭമതികളെപ്പററിയും പ്രത്യേകം പ്രതിപാദിക്കുന്നുണ്ടിതിൽ. പ്രമുഖ സുറിയാനി പിതാക്കന്മാരായ അഫ്രാത്തസ്, മാർ അപ്രേം, മാർ ഇസഹാക്കു്, മാർ ശെമഓൻ ദെസ്തൂനി തുടങ്ങിയവരുടെ സഭാസേവനവും, അവർ പ്രദാനം ചെയ്ത ആദ്ധ്യാത്മിക സമ്പത്തും വെളിച്ചത്തു കൊണ്ടുവരുന്നുണ്ടിതിൽ. കൂടാതെ വിജ്ഞാനപ്രദമായ അടിക്കുറിപ്പുകളും പണ്ഡിതോചിതമായ വിഷയസൂചികയും ഇതിൽ ഉൾക്കൊള്ളുന്നു.

---

**Oriental Institute of Religious Studies,**
**Ap. Seminary; Kottayam-10.**

www.malankaralibrary.com